ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ഒക്ടോബർ-നവംബർ-ഡിസംബർ 2021 പുസ്തകം 2 ലക്കം 10-11-12

**കേരളത്തിന്റെ ജി എസ് ടി വരുമാനത്തിലെ ആശയകുഴപ്പം: ധനകാര്യ ഫെഡറൽ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിലയിരുത്തൽ**

**സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനവും ഐ ജി എസ് ടിയിലെ അവ്യക്തതയും**

**നിയമത്തിലെ അവ്യക്തതയും സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തിനുണ്ടാകുന്ന ആഘാതവും**

**ജി എസ് ടി വരുമാനത്തിലെ കേരളത്തിന്റെ പ്രകടനം: ഒരു താരതമ്യ പഠനം**

**നിലവിലെ ജി എസ് ടി നിരക്കുകളും ഭാവിയിലെ മാറ്റവും അതിന്റെ പ്രത്യാഘാതവും**

**ജി എസ് ടിയും സംസ്ഥാനങ്ങളുടെ കടബാധ്യതയും**

**ജി എസ് ടി പണപ്പെരുപ്പത്തിൽ ഉളവാക്കിയ ആഘാതം**

**കേരള സമ്പദ്ഘടനയുടെ വീണ്ടെടുപ്പ്**

**കൈത്തറിയുടെ നാദം നിലയ്ക്കുമ്പോൾ: മേഖലയുടെ വികാസ, പരിണാമത്തെക്കുറിച്ച് ഒരു വീക്ഷണം**

**ഉപഭോക്തൃ സംരക്ഷണം ഡയറക്റ്റ് സെല്ലിംഗ് മേഖലയിൽ**

**ദാരിദ്ര്യരേഖ നിർണ്ണയത്തിൽ കലോറി ഘടകത്തിന്റെ പ്രാധാന്യം**

**കോവിഡ് ഘട്ടത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വായ്പാ - നിക്ഷേപ അനുപാതത്തിലെ പ്രവണതകൾ**

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

**ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം**
**ഒക്ടോബർ-നവംബർ-ഡിസംബർ 2021 പുസ്തകം 2 ലക്കം 10-11 £ 12**

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

ഉപദേശക സമിതി

| | |
|---|---|
| എ വി ജോസ് | സി ബാലഗോപാൽ |
| ഡി നാരായണ | ഡി ഷൈജൻ |
| കെ എൻ ഹരിലാൽ | സിദ്ദിഖ് റാബിയാത്ത് |
| കെ രവിരാമൻ | എൻ രാമലിംഗം |
| തങ്കം അരുൺ | എൽ അനിതാകുമാരി |
| രാജേശ്വരി എസ് റൈന | സക്കറിയാ സിദ്ദിഖി |
| താരാ എസ് നായർ | അനൂപ് എസ് കുമാർ |

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

എഡിറ്റിംഗ് അസിസ്റ്റന്റ്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Disclaimer: The views expressed in this work are those of the authors and do not reflect the official policy or views of GIFT

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

# Contents

**പേജ് നമ്പർ**

*എഡിറ്റോറിയൽ*
*ജി എസ് ടി വിഷയത്തിൽ ഗിഫ്റ്റിലെ ഫാക്കൽറ്റി നടത്തിയ പഠനം* *3*

**ജി എസ് ടി യെക്കുറിച്ചുള്ള പ്രത്യേക വിഭാഗം**

**1. കേരളത്തിന്റെ ജി എസ് ടി വരുമാനത്തിലെ ആശയകുഴപ്പം : ധനകാര്യ ഫെഡറൽ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിലയിരുത്തൽ** *7*
കെ ജെ ജോസഫ്, എൽ അനിതകുമാരി

**2. സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനവും ഐ ജി എസ് ടിയിലെ അവ്യക്തതയും** *18*
എൻ. രാമലിംഗം

**3. നിയമത്തിലെ അവ്യക്തതയും സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തിനുണ്ടാകുന്ന ആഘാതവും** *26*
ജെന്നി തെക്കേക്കര

**4. ജി എസ് ടി വരുമാനത്തിലെ കേരളത്തിന്റെ പ്രകടനം : ഒരു താരതമ്യ പഠനം** *35*
സന്തോഷ് കുമാർ ഡാഷ്, കിരൺകുമാർ കക്കർലപുടി

**5. നിലവിലെ ജി എസ് ടി നിരക്കുകളും ഭാവിയിലെ മാറ്റവും അതിന്റെ പ്രത്യാഘാതവും** *43*
പാർമ ചക്രവർത്തി

**6. ജി എസ് ടിയും സംസ്ഥാനങ്ങളുടെ കടബാധ്യതയും** *48*
പി എസ് രഞ്ജിത്ത്

7. **ജി എസ് ടി പണപ്പെരുപ്പത്തിൽ ഉളവാക്കിയ ആഘാതം** *56*
അനൂപ് എസ് കുമാർ, സന്തോഷ് കുമാർ ഡാഷ്

**പൊതുവായ ലേഖനങ്ങൾ**

8. **കേരള സമ്പദ്ഘടനയുടെ വീണ്ടെടുപ്പ്** *63*
ജോസഫ് കെ വി

9. **കൈത്തറിയുടെ നാദം നിലയ്ക്കുമ്പോൾ : മേഖലയുടെ വികാസ, പരിണാമത്തെക്കുറിച്ച് ഒരു വീക്ഷണം** *67*
എ സി കെ നമ്പ്യാർ

10. **ഉപഭോക്തൃ സംരക്ഷണം ഡയറക്റ്റ് സെല്ലിംഗ് മേഖലയിൽ** *80*
ഐഷ ഇബ്രാഹിം മുഹമ്മദ്, തോമസ് ജോസഫ് തൂങ്കുഴി

11. **ദാരിദ്ര്യരേഖ നിർണ്ണയത്തിൽ കലോറി ഘടകത്തിന്റെ പ്രാധാന്യം** *90*
മുഹമ്മദ് സക്കറിയ സിദ്ദിഖി, ആതിര കരുണാകരൻ, വിപാഷ റേ ഹജോങ്

12. **കോവിഡ് ഘട്ടത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വായ്പാ - നിക്ഷേപ അനുപാതത്തിലെ പ്രവണതകൾ** *97*
ലക്ഷ്മി പ്രസാദ്, കിരൺ കുമാർ കക്കർലപുടി

13. **GST updates** *103*
Relfi Paul

14. **New studies on Kerala** *122*
Young scholars' forum, GIFT.

15. **What is new(s) from GIFT** *128*

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

## എഡിറ്റോറിയൽ

# ജി എസ് ടി വിഷയത്തിൽ ഗിഫ്റ്റിലെ ഫാക്കൽറ്റി നടത്തിയ പഠനങ്ങൾ

വില നിലവാരം, തൊഴിൽ, നികുതി വരുമാനം, ഉത്പാദനം തുടങ്ങിയ കേരള സമ്പദ്ഘടനയുടെ വിവിധങ്ങളായ ഘടകങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ച് വായനക്കാർക്ക് യഥാസമയം വിവരങ്ങൾ നൽകുക എന്നതാണ് '*കേരള ഇക്കണോമി*യുടെ' പ്രധാന ദൗത്യം. ഇത്തരം വിവരങ്ങൾ ലഭിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വാർഷിക സാമ്പത്തിക റിവ്യൂ വരുന്നത് വരെയുള്ള കാത്തിരിപ്പ് ഒരു പരിധിവരെ ഒഴിവാക്കുക എന്നതാണ് ഇതിന് അടിസ്ഥാനം. ഇക്കാര്യത്തിൽ ചില വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവിൽ ഈ ദൗത്യം നിർവഹിക്കുന്നതിന് കഴിവിന്റെ പരമാവധി ഞങ്ങൾ യത്നിച്ചിട്ടുണ്ട്. കാലിക പ്രസക്തമായ വിഷയങ്ങൾ ഉൾപ്പെടുത്തി ചില പ്രത്യേക പതിപ്പുകളും പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഇക്കാര്യം ബഹുമാന്യരായ വായനക്കാർ അംഗീകരിക്കുന്നുണ്ടെങ്കിലും ഒരു പ്രസിദ്ധീകരണം അതിന്റെ മുന്നോട്ടുള്ള പോക്കിൽ തുടർച്ചയായി പരിവർത്തനം ചെയ്യപ്പെടേണ്ടതുണ്ട്. അതനുസരിച്ച് '*കേരള ഇക്കോണമി*യെ' റഫറൻസിന് പര്യാപ്തമായ മികച്ച ഒരു പ്രഫഷണൽ പ്രസിദ്ധീകരണം എന്ന നിലയിലേക്ക് മാറ്റുന്നതിനുള്ള കൃത്യമായ ഒരു തയാറെടുപ്പിലാണ് ഞങ്ങൾ. ഇതിനായി പ്രസിദ്ധീകരണ തവണകൾ കുറയ്ക്കുക എന്നതാണ് ആദ്യമായി ഉദ്ദേശിക്കുന്നത്. ഒരു ത്രൈമാസ പ്രസിദ്ധീകരണം എന്ന രീതിയിലേക്ക് മാറ്റുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ, അങ്ങനെ ചെയ്യുമ്പോൾ '*കേരള ഇക്കോണമി*' അതിന്റെ അടിസ്ഥാന ദൗത്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യില്ല എന്ന് എടുത്ത് പറയാൻ ആഗ്രഹിക്കുന്നു.

ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ (ഗിഫ്റ്റ്) ഒരു ആഭ്യന്തര പ്രസിദ്ധീകരണം എന്ന നിലയിൽ ഇതിലെ കൂടുതൽ ലേഖനങ്ങളും തയാറാക്കുന്നത് ഗിഫ്റ്റിലെ ഫാക്കൽറ്റി അംഗങ്ങളാണ്. എന്നാൽ പരിവർത്തനത്തിന്റെ ഭാഗമായി, പുറമെ നിന്നുള്ള പണ്ഡിതരുടെ ലേഖനങ്ങൾ കൂടി ഉൾപ്പെടുത്തുമെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. ഇത്തരത്തിലുള്ള രണ്ട് ലേഖനങ്ങൾ, ഡോ. കെ വി ജോസഫ്, ഡോ. എ സി കെ നമ്പ്യാർ എന്നിവർ തയാറാക്കിയത്, ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഗിഫ്റ്റിലെ ഫാക്കൽറ്റി അംഗങ്ങൾ ജി എസ് ടിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ നടത്തിയ പഠനത്തിലെ കണ്ടെത്തലുകളാണ് ഈ ലക്കത്തിന്റെ ഉള്ളടക്കത്തിന്റെ കാതൽ. ഗിഫ്റ്റിന്റെ ഓണററി ഡിസ്റ്റിംഗ്യൂഷ്ഡ് ഫെലോയും മുൻ ധനമന്ത്രിയുമായ പ്രഫസർ ടി. എം തോമസ് ഐസക്ക്, എൻ ഐ പി എഫ് പിയുടെ മുൻ ഡയറക്ടർ പ്രഫസർ എം. ഗോവിന്ദറാവു എന്നിവരുടെ മേൽനോട്ടത്തിൽ കഴിഞ്ഞ ഒരു വർഷക്കാലമായി ജി എസ് ടിയുമായി ബന്ധപ്പെട്ട

വിഷയങ്ങളിലെ ഗവേഷണ പ്രവർത്തനങ്ങളിൽ വ്യാപൃതരാണ് ഗിഫ്റ്റിലെ മുഴുവൻ ഫാക്കൽറ്റി അംഗങ്ങളും. കോവിഡ് മഹാമാരി കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങളെ കുറിച്ച് നടത്തിയ പഠനമുൾപ്പടെയുള്ള നിരവധി പഠനങ്ങൾക്ക് പുറമെയാണ് ജി എസ് ടിയെ കുറിച്ചുള്ള പ്രത്യേക പഠനം. ഇതിന്റെ റിപ്പോർട്ടുകൾ സംസ്ഥാന സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്.

ജി എസ് ടി വിഷയത്തിൽ ഫാക്കൽറ്റി നടത്തിയ പഠനങ്ങളുടെ ഫലമായി നിരവധി റിസർച്ച് പേപ്പറുകൾ തയാറാക്കാൻ കഴിഞ്ഞു. ഇതെല്ലാം ഡിസ്‌ക്കഷൻ പേപ്പറുകളായും പ്രഫഷണൽ ജേണലിന്റെ ഒരു പ്രത്യേക പതിപ്പായും പ്രസിദ്ധപ്പെടുത്തുകയാണ്. 2021 നവംബർ 12,13 തീയതികളിൽ 'ചരക്ക് സേവന നികുതി രംഗത്തെ ഇന്ത്യൻ അനുഭവങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഗിഫ്റ്റ് സംഘടിപ്പിച്ച ഒരു രാജ്യാന്തര സെമിനാറിൽ ഈ പഠനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഞങ്ങൾ പങ്കുവച്ചിരുന്നു. ബഹുമാനപ്പെട്ട ധനമന്ത്രി ശ്രീ. കെ. എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്ത ഈ സെമിനാറിൽ ഇന്ത്യക്ക് പുറമെ ആസ്‌ട്രേലിയ, ന്യൂസീലൻഡ്, മലേഷ്യ, ദക്ഷിണാഫ്രിക്ക, ബ്രസീൽ, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങളിൽ നിന്നും യൂറോപ്യൻ കമ്മീഷനിൽ നിന്നുമുള്ള വിദഗ്ദർ പങ്കെടുത്തു.

നമുക്കറിയാവുന്നതുപോലെ, നികുതി കാര്യത്തിലെ അധികാരങ്ങളിൽ പ്രകടമായ കുറവ് വരുന്നുണ്ടെങ്കിലും ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം ജി എസ് ടി സമ്പ്രദായത്തെ സ്വാഗതം ചെയ്തിരുന്നു. കാരണം, 'ഒരു രാജ്യം, ഒരു നികുതി' എന്ന അടിസ്ഥാന ഘടന ഉണ്ടാകുന്നതോടെ നികുതി വരുമാനം നല്ലതോതിൽ വർധിക്കുമെന്നും ഉത്പന്നങ്ങളുടെ വില കുറയുമെന്നും പൊതുവെ പ്രതീക്ഷിച്ചിരുന്നു. അന്താരാഷ്ട്ര തലത്തിൽ മത്സരക്ഷമത ഉയർത്തുന്നതിന് പുറമെ മറ്റു നിരവധി നേട്ടങ്ങൾ കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങൾ പ്രതീക്ഷിച്ചു. എന്നാൽ അനുഭവം നേരെ മറിച്ചായിരുന്നു. ഇതിലേക്ക് നയിച്ച ഘടകങ്ങളെ കുറിച്ചായിരുന്നു ഗിഫ്റ്റിലെ ഫാക്കൽറ്റി നടത്തിയ പഠനങ്ങളുടെ കേന്ദ്രബിന്ദു. ഇതിനു പുറമെ സാധനങ്ങളുടെ വിലയിൽ ഉണ്ടായ മാറ്റം തുടങ്ങിയ പലകാര്യങ്ങളിലും പഠനം ഊന്നൽ നൽകിയിരുന്നു. ഇത്തരം വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഈ ലക്കത്തിലെ ലേഖനങ്ങൾ വായനക്കാർക്ക് പ്രയോജനകരമാകുമെന്നും തുടർന്നും ശക്തമായ പിന്തുണ ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

കെ ജെ ജോസഫ്

# ജി എസ് ടി യെക്കുറിച്ചുള്ള പ്രത്യേക വിഭാഗം

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021



# കേരളത്തിന്റെ ജി എസ് ടി വരുമാനത്തിലെ ആശയകുഴപ്പം : ധനകാര്യ ഫെഡറൽ തത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിലയിരുത്തൽ

കെ ജെ ജോസഫ്, എൽ അനിതകുമാരി

ഇന്ത്യൻ സംസ്ഥാനങ്ങളുടെ നികുതി – ജി എസ് ഡി പി അനുപാതം കുറഞ്ഞു വരുന്നതായി സമീപകാലത്ത് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാവുകയാണ്. താരതമ്യേന ഉയർന്ന പ്രതിശീർഷ വരുമാനമുള്ള കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളുടെ കാര്യത്തിൽ കുറഞ്ഞതോതിലുള്ള നികുതി വരുമാന – ജി എസ് ഡി പി അനുപാതം ഒരു ആശങ്കയായി വളരുന്ന സ്ഥിതിയുണ്ട്. ഇത് ഈ സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയാണ്. സംസ്ഥാനങ്ങൾ സാമ്പത്തിക സ്വയംഭരണം വലിയൊരളവോളം ബലികഴിച്ചുകൊണ്ടാണ് ഇന്ത്യയിൽ ജി എസ് ടി സമ്പ്രദായം നിലവിൽ വന്നത് (ജോസഫ്, രാമലിംഗം – 2020). പ്രതീക്ഷകൾ വാനോളം ഉയർത്തി നടപ്പാക്കിയ ഇത് പക്ഷെ, പ്രകടമായ നേട്ടത്തിലേക്ക് നയിച്ചുവെന്ന് പറയാൻ കഴിയില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ കപ്പിനും ചുണ്ടിനും ഇടയിൽ നഷ്ടമാകുന്ന സ്ഥിതിയുണ്ടായി.

വാറ്റിന്റെ ഘട്ടത്തിലും അതിനു ശേഷവുമുള്ള വരുമാനത്തിലെ വളർച്ചയുടെ താരതമ്യ പഠനം പട്ടിക ഒന്നിൽ നൽകിയിരിക്കുന്നു. കേരളത്തിന്റെ വാറ്റ് / ജി എസ് ടി വരുമാനത്തിന്റെ വിവരങ്ങളാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ആദ്യ ആറ് വർഷത്തെ കണക്കുകൾ വാറ്റ് കാലഘട്ടത്തിലേതും തുടർന്ന് വരുന്ന നാല് വർഷത്തെ കണക്കുകൾ ജി എസ് ടി നടപ്പാക്കിയ ഘട്ടത്തിലുള്ളതുമാണ്. വാറ്റ് ഘട്ടത്തിലെ (2011 –12, 2016–17) ശരാശരി നികുതി വരുമാന വളർച്ച നിരക്ക് 13 ശതമാനമാണ്. ജി എസ് ടി നഷ്ടപരിഹാരത്തിന് നിശ്ചയിച്ച പരിധിയിൽ നിന്ന് നേരിയ തോതിൽ മാത്രം താഴെയായിരുന്നു ഇത്. എന്നാൽ ജി എസ് ടി ഘട്ടത്തിലേക്ക് കടക്കുമ്പോൾ ഇത് വാറ്റ് ഘട്ടത്തേക്കാൾ ഏറെ താഴെയാണെന്ന് കാണാം. ജി എസ് ടി നടപ്പാക്കിയ ശേഷമുണ്ടായ ചില പ്രതിസന്ധികൾ കണക്കിലെടുത്താലും ഒരു സാധാരണ വർഷം എന്ന് വിലയിരുത്താൻ കഴിയുന്ന 2018–19 ൽ 12.3 ശതമാനം വളർച്ചയാണ് ഉണ്ടായത്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി കാര്യമായ വിധത്തിൽ ആശ്രയിക്കുന്നത് ജി എസ് ടി നഷ്ടപരിഹാരത്തെയാണ്. നഷ്ടപരിഹാരം സംബന്ധിച്ച ആശങ്ക സജീവമായി തുടരുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക അനിശ്ചിതാവസ്ഥ കനക്കുകയാണ്. അതുകൊണ്ട് ഈ പഠനത്തിന്റെ കേന്ദ്രബിന്ദു ജി എസ് ടി ഘട്ടത്തിൽ

***ജി എസ് ടി യിൽ ഉൾപ്പെടുത്തിയിട്ടുള്ള ചരക്കുകളിൽ നിന്ന് വാറ്റ് കാലഘട്ടത്തിൽ മൊത്തം നികുതി വരുമാനത്തിന്റെ ശരാശരി 13 ശതമാനം ലഭ്യമായിരുന്നപ്പോൾ ജി എസ് ടി ഘട്ടത്തിൽ അത് 3 ശതമാനത്തിലേക്ക് താഴ്ന്നു.***

**Table 1.** Trend in VAT and GST collection in Kerala

| Year | VAT / GST collection (in crore) | Growth rate (%) |
|---|---|---|
| 2011-12 | 9803 | |
| 2012-13 | 12171 | 24.16 |
| 2013-14 | 13513 | 11.03 |
| 2014-15 | 14605 | 8.08 |
| 2015-16 | 16131 | 10.45 |
| 2016-17 | 18474 | 14.52 |
| 2017-18* | 19020 | 3.0 |
| 2018-19 | 21366 | 12.3 |
| 2019-20 | 20316 | -4.9 |
| 2020-21 | 20255 | -0.3 |

Source: Commercial Taxes Dept/ SGST Dept, Govt of Kerala,
Compensation amount is not included in GST collection.
*In 2017-18 data includes VAT and GST collection

കേരളത്തിന്റെ നികുതി വരുമാന വളർച്ചയിൽ സംഭവിച്ച മോശം പ്രകടനത്തിന്റെ കാരണങ്ങൾ തേടുക എന്നതാണ്. കേരളത്തിന്റെ സാമ്പത്തിക ആരോഗ്യം കേന്ദ്രത്തിന്റെ ധനപരമായ നിലപാടുകളുമായി കാര്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇതിന് സവിശേഷമായ പ്രാധാന്യം കൈവരുന്നുണ്ട്. (പട്ടിക - 1 - കേരളത്തിന്റെ വാറ്റ്, ജി എസ് ടി വരുമാനത്തിലെ പ്രവണതകൾ)

പകുതി മാത്രം വേവിച്ച അപ്പം എന്ന നിലയിലാണ് ജി എസ് ടി ഇന്ത്യൻ ജനതക്ക് മുമ്പിൽ വിളമ്പി നൽകിയത്. നടപ്പാക്കിയ ശേഷം മാറ്റങ്ങൾ വരുത്തിക്കൊണ്ട് 650 ൽ പരം ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചു എന്നത് ഇത് കൂടുതൽ വ്യക്തമാക്കുന്നുണ്ട്. ഇത്തരത്തിൽ ഇടയ്ക്കിടെ വരുത്തിയ മാറ്റങ്ങൾ ജി എസ് ടി സമ്പ്രദായത്തിന്റെ സുഗമമായ നടത്തിപ്പിന് വിഘ്നം വരുത്തി. സാങ്കേതികമായ പ്രശ്നങ്ങൾ സ്ഥിതി കൂടുതൽ വഷളാക്കുകയും ചെയ്തു. ഇതിൽ പല പ്രശ്നങ്ങളും കാലക്രമേണ പരിഹരിക്കപ്പെട്ടുവെങ്കിലും സാമ്പത്തിക രംഗത്തെ ഫെഡറൽ ബന്ധങ്ങളിൽ കാര്യമായ മുന്നേറ്റം ഉണ്ടായില്ല എന്നതാണ് വസ്തുത. അതുകൊണ്ട് സാമ്പത്തിക ഫെഡറൽ ബന്ധങ്ങളുടെ കാര്യത്തിനാണ് ഈ ലേഖനത്തിൽ ഊന്നൽ നൽകിയിരിക്കുന്നത്. എന്നാൽ അതുകൊണ്ട് മാത്രം ജി എസ് ടി വരുമാനം അടക്കമുള്ള അനുബന്ധ വിഷയങ്ങൾ തഴയപ്പെട്ടിട്ടില്ല.

**വിശകലന പശ്ചാത്തലം**

ഫെഡറൽ ഭരണഘടനാ സംവിധാനമുള്ള രാജ്യങ്ങളിൽ ചരക്ക് സേവന നികുതി ആവിഷ്കരിക്കുന്നതും നടപ്പാക്കുന്നതും കനത്ത വെല്ലുവിളിയാണ് (ഡ്യു - 1990, ടെയ്റ്റ് - 1988). വികസ്വര രാജ്യങ്ങളിലാകട്ടെ ഇതിന്റെ പ്രശ്നങ്ങൾ ശതഗുണീഭവിക്കുകയും ചെയ്യുന്നു (ബേർഡ്, ജെൻഡ്രോൺ - 2007, ഗില്ലിസ് - 1990). ഇന്ത്യയുടെ കാര്യവും വ്യത്യസ്തമല്ല. അതുകൊണ്ടാണ് സ്വതന്ത്ര ഇന്ത്യയുടെ നികുതി പരിഷ്കരണ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായി ജി എസ് ടി നടപ്പാക്കിയതിനെ കാണുന്നത്. വികസ്വര രാജ്യങ്ങളുടെ കാര്യത്തിൽ വലിയ പ്രതീക്ഷകൾ ജി എസ് ടിയുടെ കാര്യത്തിൽ

***മൊത്തം ജി എസ് ടി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതത്തിൽ 4.5 ശതമാനം വളർച്ച രേഖപ്പെടുത്തിയപ്പോൾ (38.7 ശതമാനത്തിൽ നിന്ന് 43.2 ശതമാനം) കേന്ദ്രത്തിന്റെ കാര്യത്തിൽ ഉണ്ടായ വർധന 6.5 ശതമാനമാണ് (30.7 ശതമാനത്തിൽ നിന്ന് 37.2 ശതമാനം). കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ വരുമാനം പങ്കുവയ്ക്കുന്ന കാര്യത്തിലെ അസന്തുലിതാവസ്ഥയാണ് ഇത് കാണിക്കുന്നത്.***

കാണാം (റാവു ആർ. കെ, മുഖർജി എസ്, ബാഗ്ചി എ - 2019). എന്നാൽ 17 വർഷം നീണ്ട ചർച്ചകൾക്കൊടുവിലാണ് ഇന്ത്യയിൽ ജി എസ് ടി നടപ്പാക്കിയത്. ഇന്ത്യയിൽ മൊത്തം സർക്കാർ ചെലവുകളുടെ 60 ശതമാനം നിർവഹിക്കുന്നത് സംസ്ഥാനങ്ങളാണ്. മൊത്തം വരുമാനത്തിന്റെ 40 ശതമാനം ശേഖരിക്കുന്നത് സംസ്ഥാനങ്ങളാണ് (ഐസക് -2019). ഇക്കാര്യങ്ങളിലുള്ള അവകാശങ്ങൾ നഷ്ടമാകുമോ എന്ന ആശങ്കയാണ് ജി എസ് ടി നടപ്പാകുന്നത് നീണ്ടു പോകാൻ കാരണമായത്. ഗോവിന്ദ റാവു പറയുന്നത്, ' ഏറ്റവും മികച്ചത് എന്ന് പറയാവുന്ന തരത്തിലുള്ള ഒരു ജി എസ് ടി സമ്പ്രദായമില്ല. രാഷ്ട്രീയമായ സ്വീകാര്യതയുടെ അടിസ്ഥാനത്തിൽ പല രാജ്യങ്ങളിലും ഇതിന്റെ വിവിധ മാതൃകകൾ കാണാം.' (റാവു 2011).

ഇതിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തതലത്തിലുള്ള അടിസ്ഥാനത്തിൽ 'ഇരട്ട ജി എസ് ടി' സമ്പ്രദായത്തിന് രൂപം നൽകി. ജി എസ് ടി സമ്പ്രദായത്തിനുള്ള സ്വതസിദ്ധമായ വഴക്കം (ബേർഡ്, ജെൻഡ്രോൺ - 2007) പ്രയോജനപ്പെടുത്തി 2017 ജൂലൈ മാസത്തിൽ ഇതിന്റെ ഇന്ത്യൻ രൂപമാണ് അവതരിപ്പിക്കപ്പെട്ടത്. അന്തിമ വില്പന കേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന ഒരു ഉപഭോക്തൃ നികുതി രീതിയാണ് തത്വത്തിൽ ജി എസ് ടി. ഇത് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന് സീമാതീതമായ അവസരങ്ങൾ നൽകുന്നു. വാറ്റ്, കേന്ദ്ര എക്സൈസ് തീരുവ എന്ന് തുടങ്ങി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയിരുന്ന നിരവധി നികുതികൾ ഇതിൽ ലയിപ്പിച്ചരിക്കുന്നു. റവന്യൂ ന്യൂട്രാലിറ്റിയാണ് ജി എസ് ടി രീതിയുടെ കാതൽ.

നടപ്പാക്കുന്നതിന് മുൻപും പിൻപും റവന്യു വരുമാനം മാറ്റമില്ലാതെ തുടരുന്ന സ്ഥിതിയാണ് റവന്യു ന്യൂട്രാലിറ്റി. ഒരു നികുതി പരിഷ്കരണത്തെ ഏറ്റവും സ്വീകാര്യമാക്കുന്ന വശവും ഇത് തന്നെയാണ്. കേന്ദ്രത്തിന്റെ കാര്യത്തിൽ റവന്യു ന്യൂട്രൽ അനുമാന നിരക്ക് (ആർ എൻ ആർ) 13.3 ശതമാനമാണ്. സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് 14.8 ശതമാനവുമാണ് (എൻ ഐ പി എഫ് പി -2014). എന്നാൽ ഇതിനെ കുറിച്ച് പഠനം നടത്തിയ സുബ്രമണ്യൻ കമ്മിറ്റി നിർദേശിച്ചത് 15 മുതൽ 15.5 ശതമാനം വരെ വർധനയാണ്. നികുതി അടിത്തറയുടെ കാര്യത്തിൽ വലിയ തോതിലുള്ള മാറ്റം ആവശ്യമില്ലെന്നാണ് ഈ സമിതി നിർദ്ദശിച്ചത്. മൊത്തത്തിൽ നഷ്ടപരിഹാരം വലിയ തോതിൽ ഉയരുകയില്ലെന്നാണ് ഇതിനർത്ഥം. ജി എസ് ടി കൗൺസിൽ നിയോഗിച്ച റേറ്റ് ഫിറ്റ്മെന്റ് കമ്മറ്റി, ജി എസ് ടിക്ക് മുൻപുള്ള നികുതി ആഘാതം കണക്കിലെടുത്താണ് ജി എസ് ടി നിരക്കുകൾ ശുപാർശ ചെയ്തത്. കേന്ദ്ര വില്പന നികുതി, സർവീസ് ടാക്സ്, വാറ്റ്, ഒക്ട്രോയി, പ്രവേശന നികുതി തുടങ്ങിയ നികുതി ഘടകങ്ങളാണ് ഇതിനായി അവർ പരിഗണിച്ചത് (2017 മെയ് 18, 19 തീയതികളിൽ ചേർന്ന പതിനാലാമത് ജി എസ് ടി കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ). അതുകൊണ്ട് റവന്യു ന്യൂട്രാലിറ്റി സംരക്ഷിക്കുന്നതിന് ഫിറ്റ്മെന്റ് കമ്മറ്റി കണക്കിലെടുത്തത് ജി എസ് ടിക്ക് മുൻപുള്ള നികുതി ആഘാതമാണ്. കേന്ദ്രവും

സംസ്ഥാനങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളുടെ രണ്ട് പ്രധാന വശങ്ങളുടെ പരിശോധനക്കാണ് ഈ ലേഖനത്തിൽ ഊന്നൽ നൽകിയിരിക്കുന്നത്. ജി എസ് ടിക്ക് കീഴിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നികുതി വരുമാന വിഭജനവും റവന്യൂ ന്യൂട്രാലിറ്റി നഷ്ടമാകുന്നതുമാണ് അവ.

### ജി എസ് ടിയിലെ നികുതി വരുമാന വിഭജനം

ചരക്കുകളുടെ ഉത്പാദനത്തെ കേന്ദ്രീകരിച്ചുള്ളതോ അല്ലെങ്കിൽ സാധനങ്ങളുടെ വില്പന കേന്ദ്രീകരിച്ചുള്ളതോ ആയ നികുതി എന്ന ആശയത്തിന് ബദലായി ചരക്കുകളുടെയും സേവനങ്ങളുടെയും 'സപ്ലൈ' അടിസ്ഥാനമാക്കിയാണ് ഇന്ത്യയിൽ ജി എസ് ടി കണക്കാക്കുന്നത്. അന്തിമ വില്പന കേന്ദ്രീകരിച്ചുള്ള ഉപഭോക്തൃ നികുതി എന്ന ആശയത്തെയാണ് ജി എസ് ടി അടിസ്ഥാനമാക്കിയിരിക്കുന്നത്. കേന്ദ്രവും സംസ്ഥാനങ്ങളും ഒരേ സമയം നികുതി ഈടാക്കുന്ന 'ഇരട്ട' ജി എസ് ടിയാണ് ഇന്ത്യയിലേത്. ഇതിന്റെ രൂപകൽപന അനുസരിച്ച് മൂന്ന് വിഭാഗങ്ങൾ കാണാം. കേന്ദ്രം പിരിക്കുന്ന നികുതിയെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (ഐ ജി എസ് ടി) എന്നും സംസ്ഥാനങ്ങൾ ഈടാക്കുന്ന നികുതിയെ സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (സി ജി എസ് ടി) എന്നും പറയുന്നു. നിയമസഭകൾ ഇല്ലാത്ത കേന്ദ്ര ഭരണപ്രദേശങ്ങളിൽ യൂണിയൻ ടെറിട്ടറി ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (യു ടി ജി എസ് ടി) എന്ന പേരിലാണ് ഈ നികുതി പിരിക്കുന്നത്. അന്തർ സംസ്ഥാന ചരക്ക് നീക്കത്തിൽ ഇന്റെഗ്രിറ്റഡ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് (ഐ ജി എസ് ടി) ചുമത്തുന്നു. പുറമെ നിന്നും ഇറക്കുമതിയായി എത്തുന്ന ചരക്കുകളുടെ കാര്യത്തിൽ അതിനെ അന്തർ സംസ്ഥാന ചരക്ക് നീക്കമായി പരിഗണിച്ച് കസ്റ്റംസ് ഡ്യൂട്ടിക്ക് പുറമെ ഐ ജി എസ് ടി ചുമത്തുന്നു. ഇറക്കുമതി ചെയ്യുന്ന സേവനങ്ങളുടെ കാര്യത്തിലും ഇത്

**Table2.** GST collection in India during 2017-18 to 2020-21: A disaggregated picture (Rs. Crore)

| Category | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|
| CGST | 118900.7 (18.1) | 202418.2 (18.7) | 227444.5 (20.2) | 209659.4 (20.0) |
| SGST | 171850.2 (26.1) | 278788 (25.8) | 309233.1 (27.5) | 272513.4 (26.0) |
| IGST including imports | 366450.3 (55.8) | 598746.4 (55.4) | 586698.8 (52.2) | 565514.8 (54.0) |
| **Total GST** | **657201.2** | **1079953** | **1123376** | **1047688** |
| States' share in GST (Rs. Crore) | 254453.2 | 418897.6 | 501742.7 | 452397.5 |
| Centre's share GST (Rs. Crore) | 201503.6 | 342527.8 | 419954.1 | 389543.5 |
| Share of States in GST (%) | 38.72 | 38.79 | 44.66 | 43.18 |
| Share of Centre in GST (%) | 30.66 | 31.72 | 37.38 | 37.18 |
| Percentage of Balance in IGST account (%) | 30.62 | 29.49 | 17.95 | 19.64 |

Note: states share of GST is the sum of SGST and states share in IGST settlement.
Source: Author's calculation based on GSTN data

***മൊത്തം ജി എസ് ടി വരുമാനത്തിന്റെ സിംഹഭാഗവും വരുന്നത് (55 ശതമാനം) ഐ ജി എസ് ടി വഴിയാണ്. ഇതിൽ തന്നെ പകുതിയും വിദേശത്തുനിന്നും ഇറക്കുമതിയായി എത്തുന്ന സാധനങ്ങളിലൂടെയാണ്. എന്നാൽ, ഐ ജി എസ് ടി വരുമാനം പങ്ക് വയ്ക്കുന്നത് സംബന്ധിച്ച് ഇനിയും വ്യക്തതയില്ലാത്തത് ഒരു പ്രശ്നമാണ്.***

ബാധകമാണ്. എല്ലാ വിഭാഗം ഇടപാടുകളിലും ജി എസ് ടി കൗൺസിലിന്റെ ചുമതലയിൽ കേന്ദ്രവും സംസ്ഥാനങ്ങളും പരസ്പര സമ്മതത്തോടെ നികുതി നിരക്കുകൾ ചുമത്തുന്നു. മനുഷ്യോപയോഗത്തിന് ആവശ്യമായ ആൽക്കഹോൾ, പെട്രോളിയം ഉത്പന്നങ്ങൾ എന്നിവ ഒഴികെയുള്ള എല്ലാ ഉത്പന്നങ്ങളും സേവനങ്ങളും ജി എസ് ടിയുടെ പരിധിയിൽ വരുന്നുണ്ട്.

കേന്ദ്രം പിരിച്ചു വന്നിരുന്ന സെൻട്രൽ എക്സൈസ് ഡ്യൂട്ടി, ഡ്യൂട്ടീസ് ഓഫ് എക്സൈസ് (മരുന്നുകൾ, ടോയ്‌ലെറ്റ് ഉത്പന്നങ്ങൾ), അഡിഷണൽ എക്സൈസ് ഡ്യൂട്ടി (പ്രത്യേക പ്രാധാന്യമുള്ള ഉത്പന്നങ്ങൾ), അഡിഷണൽ എക്സൈസ് ഡ്യൂട്ടി (ടെക്സ്റ്റൈൽ, ടെക്സ്റ്റൈൽ ഉത്പന്നങ്ങൾ), അഡിഷണൽ കസ്റ്റംസ് ഡ്യൂട്ടി (സി വി ഡി എന്ന് പരക്കെ അറിയപ്പെടുന്നവ), സ്പെഷ്യൽ അഡിഷണൽ കസ്റ്റംസ് ഡ്യൂട്ടി, സർവീസ് ടാക്സ്, സെസ്സ് സർചാർജ് മുതലായവ ഇതോടെ ഇല്ലാതാവുകയാണുണ്ടായത്.

ജി എസ് ടിയിൽ ലയിക്കുന്ന സംസ്ഥാന നികുതികൾ, സ്റ്റേറ്റ് വാറ്റ്, സെൻട്രൽ സെയിൽസ് ടാക്സ്, പർച്ചേസ് ടാക്സ്, ലക്ഷുറി ടാക്സ്, എല്ലാ തരത്തിലുമുള്ള പ്രവേശന നികുതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്നത് ഒഴികെയുള്ള വിനോദ നികുതി, പരസ്യങ്ങൾക്കുള്ള നികുതികൾ, ലോട്ടറി, ബെറ്റ് വയ്ക്കൽ, ചൂതാട്ടം തുങ്ങിയ വയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതികൾ, സംസ്ഥാന സെസ്സ്, സർചാർജ് തുടങ്ങിയവയാണ്. 2017 ജൂലൈ മാസത്തിൽ ജി എസ് ടി നടപ്പാക്കിയത് മുതൽ ജി എസ് ടിയുടെ മൂന്ന് വിഭാഗങ്ങളിലുമായി പിരിച്ചെടുത്തതിന്റെ കണക്കുകൾ രണ്ടാം പട്ടികയിൽ കൊടുത്തിരിക്കുന്നു. ഈ നാല് വർഷത്തിൽ 2017-18 ൽ എട്ട് മാസത്തെ കണക്കുകൾ മാത്രമാണ് ഉൾപ്പെടുത്തിയിരിയ്ക്കുന്നത്. നാലാം വർഷം കോവിഡ് മഹാമാരി മൂലം കെടുതിയിലായിരുന്നു. അതുകൊണ്ട് രണ്ടു വർഷത്തെ മാത്രമാണ് സാധാരണ വർഷം എന്ന നിലയിൽ പരിഗണിക്കാൻ കഴിയൂ. ഈ ഘട്ടത്തിൽ, 2018-19 ലെ മൊത്തം വരവായിരുന്ന 10.5 ലക്ഷം കോടിയിൽ നിന്ന് വരുമാനം 2019-20 ൽ 11.2 ലക്ഷം കോടിയായി ഉയർന്നു. 3.7 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. തൊട്ടടുത്ത വർഷം ഇത് 6.3 ശതമാനം കുറഞ്ഞ 10.5 ലക്ഷം കോടിയായി. ആ വർഷം ജി ഡി പി 7.4 ശതമാനം നെഗറ്റീവ് വളർച്ച രേഖപ്പെടുത്തിയിരുന്നു. എന്നാൽ ജി എസ് ടി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം (എസ് ജി എസ് ടി, ഐ ജി എസ് ടി വിഹിതം എന്നിവ) 2019-20 സാമ്പത്തിക വർഷത്തിൽ 19.8 ശതമാനം ആയിരുന്നു വിഹിതം. കേന്ദ്രം 22.5 ശതമാനം വിഹിതം രേഖപ്പെടുത്തി. രണ്ടാമത്തെ പട്ടികയിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നുണ്ട്, പരിഗണിച്ചിരിക്കുന്ന വർഷങ്ങളിൽ സംസ്ഥാനങ്ങളുടെ വിഹിതത്തിൽ ഉണ്ടായിരിക്കുന്ന വളർച്ച കേവലം 4.5 ശതമാനം മാത്രമാണ്. അതായത് 38.7 ശതമാനത്തിൽ നിന്നും 43.2 ശതമാനമായി വിഹിതം ഉയർന്നു. കേന്ദ്രത്തിന്റേത് 6.5 ശതമാനം (30.7 ശതമാനത്തിൽ നിന്ന് 37.2 ശതമാനമായി) ഉയർന്നു. ഇക്കാര്യത്തിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അസന്തുലിതാവസ്ഥ ഇതിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

**Table 3.** Comparison of VAT and GST rates and tax collection changes for selected commodities in Kerala (in crore)

| Sl.No | Item | VAT collection 2016-17 | Rate of Tax under VAT (in per cent) | SGST Rate of Tax (in per cent) as on 01/ 07/2017 | SGST Rate of Tax (in per cent) from 15/11/2017 | Decline in tax collection as on 0/ 07/2017 (crore) | Decline in tax collection as on 15/ 11/2017 (crore) |
|---|---|---|---|---|---|---|---|
| 1 | Motor vehicle | 2638.33 | 14.5 | 14 | 14 | 91 | 91 |
| 2 | Cement | 1057.03 | 14.5 | 14 | 14 | 36 | 36 |
| 3 | Tobacco products | 879.13 | 14.5 | 14 | 14 | 30 | 30 |
| 4 | Medicine | 635.3 | 5 | 2.5 | 2.5 | 318 | 318 |
| 5 | Gold* | 629.65 | 5 | 1.5 | 1.5 | 101 | 101 |
| 6 | White Goods | 456.56 | 14.5 | 14 | 9 | 16 | 173 |
| 7 | Iron & Steel | 387.6 | 5 | 2.5 | 2.5 | 194 | 194 |
| 8 | Electrical Goods | 386.29 | 14.5 | 14 | 9 | 13 | 147 |
| 9 | Paint | 378.64 | 14.5 | 14 | 9 | 13 | 144 |
| 10 | Tiles | 337.43 | 14.5 | 14 | 9 | 12 | 128 |
| 11 | Readymade garments | 301.91 | 5 | 2.5/6 | 2.5/6 | 100 | 100 |
| 12 | Electronic Goods | 259.75 | 14.5 | 14 | 9 | 9 | 99 |
| 13 | Rubber | 202.02 | 5 | 2.5 | 2.5 | 101 | 101 |
| 14 | Marble & Granites | 159.62 | 14.5 | 14 | 9 | 6 | 61 |
| 15 | Chicken | 128.71 | 14.5 | 0 | 0 | 129 | 129 |
| 16 | Hill Produce | 124.78 | 5 | 2.5 | 2.5 | 62 | 62 |
| 17 | Plywood | 123.66 | 14.5 | 14 | 9 | 4 | 47 |
| 18 | Timber | 123.27 | 14.5 | 14 | 9 | 4 | 47 |
| 19 | Glass | 73.28 | 14.5 | 14 | 9 | 3 | 28 |
| | | 9282.96 | | | | 1242 | 2034 |

*Compounding. Revenue loss for 40 per cent of turnover
Author's calculation based on the data of Commercial Taxes Dept/ SGST Dept, Govt of Kerala

***സംസ്ഥാനങ്ങളുടെ കാര്യത്തിൽ ജി എസ് ടി വരുമാനം പ്രതീക്ഷക്കനുസരിച്ച് ഉയരാതിരുന്നതിന്റെ കാരണം അന്വേഷിക്കുമ്പോൾ റവന്യു ന്യുട്രാലിറ്റി നഷ്ടമായ സ്ഥിതിയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ജി എസ് ടി നഷ്ടപരിഹാരത്തെ വല്ലാതെ ആശ്രയിക്കേണ്ട അവസ്ഥയിലേക്ക് ഇത് കേരളത്തെക്കൊണ്ട് ചെന്നെത്തിച്ചു.***

ജി എസ് ടി വരുമാനത്തിന്റെ സിംഹഭാഗവും ഐ ജി എസ് ടി വഴിയാണ് വരുന്നത്. മൊത്തം വരുമാനത്തിന്റെ ഏതാണ്ട് 55 ശതമാനം വരുമിത്. എന്നാൽ 2019-20 ൽ ഇത് 52 ശതമാനമായി കുറഞ്ഞിരുന്നു (പട്ടിക 2 കാണുക). ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ഐ ജി എസ് ടി വരുമാനത്തിന്റെ പകുതിയോളം വരുന്നത് മറ്റു രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിൽ നിന്നുമാണ്. എന്നാൽ ഐ ജി എസ് ടി പങ്ക് വയ്ക്കുന്ന കാര്യം വരുമ്പോൾ ഇത് ഒരു പ്രഹേളികയായി മാറുകയാണ്. കാരണം, ഇറക്കുമതി വഴി ലഭ്യമാകുന്ന ഐ ജി എസ് ടി സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കണമോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഇത്തരത്തിലുള്ള വരുമാനം പ്രത്യേകമായി ലഭ്യമല്ല എന്നത് ഒരു പ്രശ്നമാണ്. ഐ ജി എസ് ടി സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കുന്ന കാര്യത്തിൽ, കൂടുതൽ വിവരങ്ങൾ വിശകലനം ചെയ്ത് കൃത്യമായ ഒരു ധാരണ ഇനിയും ഉരുത്തിരിഞ്ഞിട്ടില്ല.

ജി എസ് ടി നെറ്റ്‌വർക്ക് നിയന്ത്രിക്കുന്ന ഒരു ക്ലിയറിങ് ഹൗസ് സംവിധാനം വഴിയാണ് ഐ ജി എസ് ടി വരുമാനം പങ്ക് വയ്ക്കുന്നത് എന്നത് ഒരു പ്രധാന പ്രശ്നമാണ്. പട്ടിക നോക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നുണ്ട്, പങ്ക് വയ്ക്കപ്പെടാത്ത ഐ ജി എസ് ടി വരുമാനം 2017 -18 സാമ്പത്തിക വർഷത്തിൽ 30 ശതമാനമായിരുന്നത് 2020-21 ൽ 19.6 ശതമാനമായി കുറഞ്ഞുവെന്നതാണ് അത്. എന്നിരുന്നാലും, ഐ ജി എസ് ടി വരുമാനത്തിന്റെ ഒരു നല്ല ഭാഗം പങ്ക് വയ്ക്കപ്പെടാതെ കിടക്കുന്നു എന്നത് നിസാരമായ കാര്യമല്ല. ജി എസ് ടി നടപ്പാക്കുമ്പോൾ നൽകിയിരുന്ന ഉറപ്പ്, ഐ ജി എസ് ടി ഇനത്തിലെ വരുമാനം പൂർണ്ണമായും എസ് ജി എസ് ടി, സി ജി എസ് ടി ഇനങ്ങളിലായി വീതം വയ്ക്കുമെന്നാണ്. എന്നാൽ അനുഭവം നേരെ മറിച്ചാവുകയാണ്. ഇത് ഫണ്ടിന്റെ കാര്യത്തിൽ പരിമിതി നേരിടുന്ന സംസ്ഥാനങ്ങളെ വളരെ ഗുരുതരമായി ബാധിക്കുന്ന ഒന്നാണ്. (പട്ടിക - 2)

### ജി എസ് ടി നിരക്കുകളിലെ ഇളവുകളും വരുമാന ന്യുട്രാലിറ്റിയും

ജി എസ് ടിയിലെ റവന്യു ന്യുട്രൽ റേറ്റ് (ആർ എൻ ആർ) എന്നാൽ നിലവിൽ സംസ്ഥാനങ്ങൾക്ക് ഉണ്ടായിരുന്ന വരുമാനത്തെ സംരക്ഷിക്കുന്ന തരത്തിലുള്ള നിരക്കുകൾ എന്നാണ്. ജി എസ് ടി ക്കു മുൻപുണ്ടായിരുന്ന നികുതി ആഘാതം കൂടി കണക്കിലെടുത്താണ് ജി എസ് ടി കൗൺസിൽ നിയോഗിച്ച റേറ്റ് ഫിറ്റ്മെന്റ് കമ്മറ്റി പുതിയ നിരക്കുകൾ ശുപാർശ ചെയ്തത് (2017 മെയ് 19 ണ് ചേർന്ന് പത്തനാലാമത് ജി എസ് ടി കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ).

റവന്യു ന്യുട്രാലിറ്റി തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ജി എസ് ടി നിരക്കുകളിൽ തീരുമനമായത്. നാലു നിരക്കുകൾ, 5 ശതമാനം, 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നിങ്ങനെയാണ് അത്. ഇതനുസരിച്ച് ചരക്കുകളുടെയും സേവനങ്ങളുടെയും പട്ടിക നിർണ്ണയിച്ച ഉത്തരവ് പുറത്ത് വന്നു. ചില ഉത്പന്നങ്ങളെ നികുതി പരിധിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. ഫ്രഷായ പച്ചക്കറികൾ, മൽസ്യം, ഇറച്ചി, ജീവനുള്ള മൃഗങ്ങൾ, പാൽ, തൈര്, ലസ്സി, മോര്

***പല ഉത്പന്നങ്ങളുടെയും നികുതി നിരക്കിൽ കുറവ് വരുത്തിയെങ്കിലും (28 ശതമാനത്തിൽ നിന്ന് 18, 12 ശതമാനമായി) അത് അവയുടെ വിലയിൽ പ്രതിഫലിച്ചില്ലെന്ന് കാണാം. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഉപഭോക്താക്കൾക്കും ഇത് ഒരുപോലെ നഷ്ടം വരുത്തി വച്ചപ്പോൾ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന വാണിജ്യ മേഖലക്കാണ് അതുകൊണ്ട് നേട്ടമുണ്ടായത്.***

തുടങ്ങിയവ ഉദാഹരണങ്ങളാണ്. സ്വർണ്ണം ഉൾപ്പടെയുള്ള മൂല്യമേറിയ ലോഹങ്ങളുടെ കാര്യത്തിൽ മൂന്ന് ശതമാനമെന്ന പ്രത്യേക നിരക്ക് ഏർപ്പെടുത്തി. അന്തിമ ഉല്പന്നമാകാത്ത വജ്രങ്ങൾ, മൂല്യമേറിയ കല്ലുകൾ തുടങ്ങിയ സാധനങ്ങൾക്ക് 0.25 ശതമാനം എന്ന പ്രത്യേക നിരക്കും കൊണ്ടുവന്നു. പുകയില, പുകയില ഉത്പന്നങ്ങൾ, പാൻ മസാല, സോഡാ പോലുള്ള, വാതകം കലർത്തിയ പാനീയങ്ങൾ, മോട്ടോർ വാഹനങ്ങൾ തുടങ്ങിയ ഉത്പന്നങ്ങൾക്ക് പരമാവധി നികുതിയായി 28 ശതമാനത്തിന് മുകളിൽ സെസ്സ് ഏർപ്പെടുത്തി. സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടത്തിന് പരിഹാരം കണ്ടെത്തുന്നതിനാണ് ഇത് ഏർപ്പെടുത്തിയത്.

ജി എസ് ടി നടപ്പാക്കി നാല് മാസം പിന്നിട്ടപ്പോൾ വ്യാപാര സമൂഹം ആവശ്യപെട്ടതനുസരിച്ച് 200 ഓളം ഉത്പന്നങ്ങളുടെ നികുതി 28 ൽ നിന്നും 18 ശതമാനമായി കുറച്ചു. ജി എസ് ടി കൗൺസിലിന്റെ ശുപാർശ അനുസരിച്ചാണ് ഇപ്രകാരം ചെയ്തത് (ഉത്തരവ് നമ്പർ 41 /2017). പല സംസ്ഥാനങ്ങളുടെയും നികുതി വരുമാനത്തെ ഇത് പ്രതികൂലമായി ബാധിച്ചു. റവന്യു ന്യൂട്രാലിറ്റി തത്വത്തെ നിരാകരിക്കുന്ന ഒന്നായി ഇത് മാറി. ഇതനുസരിച്ച് കേവലം 32 സാധനങ്ങൾക്ക് മാത്രമാണ് നിലവിൽ 28 ശതമാനം നികുതി ബാധകമാകുന്നത്. ജി എസ് ടി നടപ്പാക്കിയ വേളയിൽ ഇത് 229 എണ്ണമായിരുന്നുവെന്നോർക്കണം.

ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വാറ്റ് നടപ്പാക്കിയിരുന്ന ഘട്ടത്തിൽ 70 ശതമാനത്തോളം ഉത്പന്നങ്ങൾക്ക് 14.5 ശതമാനമായിരുന്നു നികുതി. എന്നാൽ എസ് ജി എസ് ടിയിൽ ഇത് 9 ശതമാനമെന്ന നിരക്കിലേക്ക് താഴ്ന്നപ്പോൾ സംസ്ഥാനത്തിന്റെ വരുമാനത്തെ അത് ഏറെ ദോഷകരമായി ബാധിച്ചു. പട്ടിക മൂന്നിൽ ഇതിന്റെ വിശദമായ കണക്കുകൾ നൽകിയിരിക്കുന്നത് കാണാം. ജി എസ് ടിക്ക് മുൻപ് ഭൂരിഭാഗം ഉത്പന്നങ്ങൾക്കും 12 ശതമാനം എക്സൈസ് തീരുവയും 14.5 ശതമാനം വാറ്റും ഉണ്ടായിരുന്നു. എന്നാൽ റവന്യു ന്യൂട്രാലിറ്റി കണക്കിലെടുത്ത് ജി എസ് ടി വന്നപ്പോൾ ഇതിൽ മിക്കതിന്റെയും നികുതി നിരക്ക് 28 ശതമാനമാക്കി. ജി എസ് ടി യിലെയും വാറ്റിലെയും നികുതി ഇളവുകൾ പരിഗണിക്കുമ്പോൾ നികുതി നിരക്കുകളിൽ ഉണ്ടായ കുറവ് ഏകദേശം 40 ശതമാനമാണ്. വില്പനയിൽ കാര്യമായ വർധനയുണ്ടായെങ്കിലും വരുമാനത്തിൽ സമാനമായ ഉയർച്ച ഉണ്ടായില്ലെന്ന് മാത്രമല്ല, ഇടിവ് പ്രകടമാവുകയും ചെയ്തു.

പട്ടിക മൂന്നിൽ കൊടുത്തിരിക്കുന്ന 19 ഉത്പന്നങ്ങളിൽ 13 എണ്ണത്തിനും ജി എസ് ടിക്ക് മുൻപുള്ള ഘട്ടത്തിൽ, അതായത് 2015 -16 ൽ, 14.5 ശതമാനമായിരുന്നു നികുതി. ജി എസ് ടിക്ക് മുൻപുള്ള ഘട്ടത്തിൽ കൂടുതൽ ഉത്പന്നങ്ങൾക്കും 14.5 ശതമാനമായിരുന്നു വാറ്റ്. അന്നത്തെ ജി എസ് ടി കൗൺസിൽ യോഗത്തിൽ കേരളത്തിന്റെ ധനമന്ത്രി പ്രസ്താവിച്ചത് വാറ്റിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 70 ശതമാനവും കിട്ടിയിരുന്നത് 14.5 ശതമാനം നികുതി നിരക്ക് വരുന്ന ഉത്പന്നങ്ങൾ വഴിയാണ് എന്നാണ്. അതുകൊണ്ട് ഈ തോത് ലഭ്യമാകണമെങ്കിൽ 28 ശതമാനം നികുതി ആവശ്യമാണ്. എന്നാൽ 20 ശതമാനം മാത്രമാണ് ലഭ്യമായ വെയ്റ്റേജ്

(2017 മെയ് 18,19 തീയതികളിൽ ചേർന്ന ജി എസ് ടി കൗൺസിൽ യോഗത്തിന്റെ തീരുമാനങ്ങൾ). കേരളത്തിന്റെ ഈ ആശങ്ക പക്ഷെ കാര്യമായി പരിഗണിക്കപ്പെടുകയുണ്ടായില്ല. കാരണം, 21 ശതമാനം ഉത്പന്നങ്ങൾ മാത്രമാണ് 28 ശതമാനം നികുതി പരിധിയിൽ ഉൾപ്പെട്ടത്. ജി എസ് ടിക്ക് മുൻപുള്ള ഘട്ടത്തിൽ 19 ഉത്പന്നങ്ങളിൽ നിന്ന് മാത്രം കേരളത്തിന് ലഭ്യമായ വരുമാനം 9282.86 കോടി രൂപയാണെന്ന് പട്ടിക മൂന്നിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ജി എസ് ടി നടപ്പിലായതോടെ വരുമാനത്തിൽ 1242 കോടി രൂപയുടെ ഇടിവുണ്ടായി. നിരക്കുകൾ 28 ൽ നിന്നും പന്ത്രണ്ടും പതിനെട്ടുമായി കുറച്ചതോടെ ഈ 19 ഉത്പന്നങ്ങളുടെ കാര്യത്തിൽ മാത്രം സംഭവിച്ച വരുമാന നഷ്ടം 2034 കോടി രൂപയാണ് (പട്ടിക-3). ഇക്കാര്യത്തിൽ കേരളത്തിന് കാര്യമായ ഒരു നിയന്ത്രണമില്ല. കാരണം, ജി എസ് ടി കൗൺസിലാണ് നിരക്കുകളുടെ കാര്യത്തിൽ തീരുമാനങ്ങളെടുക്കുന്നത്. നിരക്കുകൾ കുറയുന്നത് മൂലം റവന്യൂ ന്യൂട്രാലിറ്റിയിൽ ഇടിവുണ്ടാകുന്നുവെന്നതിന്റെ ശക്തമായ തെളിവുകളാണ് ഇത്. അതുകൊണ്ട് സംസ്ഥാനത്തിന്റെ ജി എസ് ടി വരുമാനം പ്രതീക്ഷിച്ച തോതിലേക്ക് ഉയരാതിരുന്നതിന്റെ കാരണമന്വേഷിച്ചു ചെല്ലുമ്പോൾ റവന്യൂ ന്യൂട്രാലിറ്റി നഷ്ടപെടുന്നതുകൊണ്ട് എന്ന ഉത്തരത്തിലേക്കാണ് എത്തുന്നത്. സാമ്പത്തികാരോഗ്യത്തിന്റെ കാര്യത്തിൽ ജി എസ് ടി നഷ്ടപരിഹാരത്തെ കാര്യമായി ആശ്രയിക്കേണ്ടി വരുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം മാറുന്നതിൽ അതിശയിക്കേണ്ട ആവശ്യം വരുന്നില്ല.

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്, 28 ശതമാനത്തിൽ നിന്നും നികുതി 18 അല്ലെങ്കിൽ 12 ശതമാനമായി കുറഞ്ഞിട്ടും ഈ ഉത്പന്നങ്ങളുടെ വിലയിൽ സമാനമായ കുറവുണ്ടായില്ല. നിരക്കുകൾ കുറയ്ക്കുന്നതിന്റെ ഒരു പ്രധാന ലക്ഷ്യം ഉപഭോക്താക്കൾക്ക് നേട്ടമുണ്ടാകുന്ന തരത്തിൽ വില കുറയുക എന്നതാണ്. നികുതി നിരക്കുകൾ ഉയർത്തുമ്പോൾ വില പൊടുന്നനെ ഉയരാറുണ്ടെങ്കിലും മറിച്ചു സംഭവിക്കുമ്പോൾ വിലകൾ പാറപോലെ ഉറച്ചു നിൽക്കുക യാണ് പതിവ്. ഇവിടെ കേന്ദ്രവും സംസ്ഥാനങ്ങളും ഉപഭോക്താക്കളും ഒരുപോലെ നഷ്ടം നേരിടുമ്പോൾ നേട്ടം ലാഭക്കണ്ണോടെ മാത്രം പ്രവർത്തിക്കുന്ന ബിസിനസ് രംഗത്തുവർക്ക് മാത്രമാണ്. അതുകൊണ്ട് ജി എസ് ടിയുടെ ആദ്യഘട്ടത്തിലേതുപോലെ നികുതി 28 ശതമാനമായി ഉയർത്തുന്ന തിനുള്ള നീക്കം ഉണ്ടാകേണ്ടതുണ്ട്. ഇത് വരുമാന വളർച്ചയിലേക്കും അതുവഴി റവന്യൂ ന്യൂട്രാലിറ്റിയിലേക്കും നയിക്കും. സംസ്ഥാനങ്ങൾ ജി എസ് ടി നഷ്ടപരിഹാരത്തെ ആശ്രയിക്കേണ്ടി വരുന്നത് വലിയൊരളവോളം കുറയ്ക്കാനും കഴിയും. (പട്ടിക - 3)

**ഉപസംഹാരം**

ജി എസ് ടി നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന കേരളത്തിന്റെ നികുതി വരുമാന വളർച്ച ജി എസ് ടി വന്നതോടെ എങ്ങനെ മന്ദഗതിയിലായി എന്നതിന്റെ പ്രാഥമികമായ ഒരു അന്വേഷണമാണ് ഈ ലേഖനം. കേന്ദ്ര - സംസ്ഥാന ഫെഡറൽ ബന്ധങ്ങൾ ഈ അന്വേഷണത്തിന്റെ പ്രധാനപ്പെട്ട ഒരു ഫോക്കസ് പോയിന്റാണ്. ഐ ജി എസ് ടി വിഭാഗത്തിൽ വലിയൊരു പങ്ക് വരുമാനം ഇനിയും പങ്കുവയ്ക്കുവാനുണ്ടെന്ന് നിരീക്ഷിക്കാൻ കഴിയും. ജി എസ് ടി നടപ്പിൽ വരുമ്പോൾ ഐ ജി എസ് ടി ഇനത്തിൽ വരുന്ന മൊത്തം വരുമാനവും എസ് ജി എസ് ടി, സി ജി എസ് ടി ഇനങ്ങളിലായി പങ്ക് വയ്ക്കും എന്നായിരുന്നു നൽകിയിരുന്ന ഉറപ്പ്. എന്നാൽ പ്രായോഗിക അനുഭവത്തിൽ ഇത് പാലിക്കാൻ കഴിയാതെ പോവുകയായിരുന്നു. ഐ ജി എസ് ടി ഇനത്തിൽ വലിയ തുക കേന്ദ്രത്തിനോ, സംസ്ഥാനങ്ങൾക്കോ യാതൊരു നേട്ടവും നൽകാതെ ഇനിയും പങ്ക്

വയ്ക്കാതെ കിടക്കുകയാണ്. ദേശീയതലത്തിൽ ജി എസ് ടി വരുമാനം ഉയരുകയും അതേസമയം സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനം കുറയുകയും ചെയ്യുന്നതിന്റെ ഒരു പ്രധാന കാരണം ഇതായിരിക്കാം. ഐ ടി അധിഷ്ഠിതമായ ജി എസ് ടി നെറ്റ് വർക്കിന്റെ അപര്യാപ്തതയുടെ ഒരു പ്രത്യക്ഷ തെളിവായും ഇത് മാറുകയാണ്.

ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം വാറ്റ് ഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ വരുമാന സ്ഥിതി കാര്യമായി മെച്ചപ്പെട്ടിട്ടില്ല എന്നാണ്. അതുകൊണ്ട് ജി എസ് ടി നഷ്ടപരിഹാരത്തെ സംസ്ഥാനത്തിന് കാര്യമായി ആശ്രയിക്കേണ്ടതായി വരുന്നു. ഇത് നേരത്തെ ഉറപ്പ് നൽകിയിരുന്ന റവന്യു ന്യൂട്രാലിറ്റി, സംസ്ഥാനങ്ങളുടെ വരുമാനം തുടങ്ങിയ ഉറപ്പുകൾക്ക് കടകവിരുദ്ധമാണ്. ആദ്യഘട്ടത്തിൽ നികുതി നിരക്കുകൾ നിശ്ചയിക്കപ്പെട്ടപ്പോൾ റവന്യു ന്യൂട്രാലിറ്റി ഉറപ്പ് വരുത്തിയിരുന്നു. എന്നാൽ പിന്നീട് നികുതി നിരക്കുകളിൽ ഇളവുകൾ വരുത്തിയത് റവന്യു ന്യൂട്രാലിറ്റി നഷ്ടമാകുന്നതിനും കേരളം പോലുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിൽ വലിയ തോതിൽ വരുമാനം നഷ്ടമാകുന്നതിനും ഇടയാക്കി. നികുതി നിരക്കുകളിലെ ഇളവുകൾ വിലയിലെ കുറവായി ഉപഭോക്താക്കൾക്ക് കൈമാറ്റം ചെയ്തതുമില്ല. ലാഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വ്യാപാര മേഖലക്കാണ് ഇതുകൊണ്ട് നേട്ടമുണ്ടായതെന്ന് കാണാൻ കഴിയും. അതുകൊണ്ട് കേരളത്തിന്റെ വരുമാന നഷ്ടത്തിന്റെ മുഖ്യ കാരണം റവന്യു ന്യൂട്രാലിറ്റി ഇല്ലാതായതാണ് എന്ന് വിലയിരുത്താൻ കഴിയും. അത് നഷ്ടപരിഹാരത്തെ വല്ലാതെ ആശ്രയിക്കേണ്ടി വരുന്ന സ്ഥിതിയിലേക്ക് സംസ്ഥാനത്തെ കൊണ്ട് ചെന്നെത്തിച്ചു. അതുകൊണ്ട് ജി എസ് ടി നടപ്പാക്കുന്നതിന്റെ ആദ്യ ഘട്ടത്തിൽ 28 ശതമാനം നികുതി ഏർപ്പെടുത്തിയിരുന്ന ഉത്പന്നങ്ങൾക്ക് അതേ നികുതി പുനഃസ്ഥാപിക്കണം എന്ന നിർദേശമാണ് മുന്നോട്ട് വയ്ക്കാനുള്ളത്. ഇത് സംസ്ഥാനങ്ങളുടെ വരുമാനം കാര്യമായി ഉയർത്തുകയും നഷ്ടപരിഹാരത്തെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സഹായകമാവുകയും ചെയ്തു. ഇത്തരമൊരു സാഹചര്യത്തിൽ റവന്യു ന്യൂട്രാലിറ്റി ഉറപ്പ് വരുത്താതെ നഷ്ടപരിഹാരം നൽകുന്നതിൽനിന്ന് പിന്നോക്കം പോകുന്നതിനെ ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയില്ല.

■

(ഗിഫ്റ്റിന്റെ ഡയറക്റ്ററാണ് പ്രൊഫസർ കെ. ജെ ജോസഫ്, അസോസിയേറ്റ് പ്രൊഫസറാണ് എൽ. അനിതകുമാരി)

References

Anitha Kumary L and Mathew Shency (2019) *Revenue performance of Value Added Tax (VAT) and Goods and Services Tax (GST): An interstate comparison with special reference to Kerala,* WP No.1, GIFT

Bird Richard M and Gendron Pierre Pascal (2017) *The VAT in Developing and Transitional Countries,* Cambridge University Press

EPW (2019) *Difficulty of Goods and Services Tax is the central government circumventing structural crisis of GST in the name of compliance?,* Economic and Political Weekly (Editorial), Vol LIV No.35

Due John F (1990) *Some Unresolved Issues in Design and Implementation of Value Added Taxes,* National Tax Journal, Vol 43, issue 4, 383-94

GoI (2014) Empowered Committee of State Finance Ministers, *Report of the Committee of Revenue Neutral Rates for States GST and*

*Central GST and place of Supply rules in GST Regime*

Gillis et al.(1990) *Value Added Taxation in Developing Countries*: A World Bank Symposium, The World bank, Washington D C

Isaac Thomas T M, Mohan R and Chakraborty Lekha (2019) *Challenges to Indian Fiscal Federalism*, Vol 54, Economic & Political Weekly, Issue No.9, 02

Joseph K J and Ramalingam N (2020) *Why the states shall not compromise on GST compensation?* Kerala Economy; Vol 1 No.2, GIFT

Rao Govinda M (2011) *Goods and Services Tax: A Gorilla, Chimpanzee or a Genus Like 'Primates' ?*, Economic and Political Weekly, Vol 46, Issue No.07

Mohan R and D Shyjan (2021) *Tax performance of 15 Indian states-1990-91 to 2018-19: Five questions for further research,* Kerala Economy; Vol 2 No.8-9, GIFT

NIPFP (2014), *Revenue Implications of GST and Estimation of Revenue Neutral Rate: Estimates for 2011-12*, New Delhi

Rao R K, Mukherjee, S & Bagchi, A (2019) *Goods and Services Tax in India*, Cambridge University Press

Subramanian Arvind (2015) *Report on the Revenue Neutral Rate and Structure of Rates for the Goods and Services Tax (GST)*, Ministry of Finance, Government of India

Tait Alan A (1988) *Value Added Tax: International practice and problems*, IMF, Washington D C

Websites of CBIC, GST Council, GSTN and SGST Department Kerala. https://www.gst.gov.in/download/gststatistics

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനവും ഐ ജി എസ് ടിയിലെ അവ്യക്തതയും

എൻ. രാമലിംഗം

'ഉൽപ്പന്നത്തിന്റെ ലക്ഷ്യസ്ഥാനം' എന്ന തത്വത്തെ ആധാരമാക്കി പ്രവർത്തിക്കുന്ന ഒരു നിയമം എന്ന അടിസ്ഥാനത്തിൽ ജി എസ് ടി കൂടുതലായി സമാഹരിക്കപ്പെടുന്നത് ഉൽപാദനത്തേക്കാൾ ഉപഭോഗത്തെ ആസ്പദമാക്കിയാണ്. അന്തർസംസ്ഥാന വ്യാപാരത്തിന്റ കാര്യത്തിൽ ഉത്പന്നങ്ങളും സേവനങ്ങളും സപ്ളൈ ചെയ്യപ്പെടുന്ന സ്ഥലമാണ് നികുതി ശേഖരിക്കുന്നതിൽ ഏറ്റവും നിർണ്ണായകമാകുന്നത്. എന്നാൽ കഴിഞ്ഞ നാലു വർഷത്തെ അനുഭവം നേരെ തിരിച്ചുള്ള ചിത്രമാണ് നൽകുന്നത്. പ്രത്യേകിച്ച്, ഉപഭോക്തൃ സംസ്ഥാനം എന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിന്റെ കാര്യത്തിൽ.

എൻ എസ് എസ് ഒയുടെ കണക്കുകൾ പ്രകാരം ഏറ്റവും ഉയർന്ന പ്രതിശീർഷ ഉപഭോഗമുള്ള സംസ്ഥാനമായ കേരളം എന്തുകൊണ്ട് അതിനനുസൃതമായ ജി എസ് ടി സമാഹരിക്കുന്നില്ല എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്.

നടപ്പാക്കിയിട്ട് നാല് വർഷം പിന്നിടുമ്പോഴും എന്തുകൊണ്ട് ജി എസ് ടി നിയമത്തിന്റെ ആശയവും സ്പിരിറ്റും സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിന്റെ വർധനയുടെ കാര്യത്തിൽ പ്രതിഫലിക്കുന്നില്ല? പ്രത്യേകിച്ച്, കേരളത്തിനാവശ്യമായ 80 ശതമാനം ഉത്പന്നങ്ങളും സേവനങ്ങളും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന സാഹചര്യത്തിൽ.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും പൊതുവെ ഉപഭോക്തൃ കേന്ദ്രീകൃതമാണ്. ചുരുക്കം ചില സംസ്ഥാനങ്ങളിൽ മാത്രമാണ് ഉല്പാദനവും ഉപഭോഗവും തുല്യനിലയിലോ, അല്ലെങ്കിൽ ഉത്പാദനം കൂടുതലായോ ഉള്ളത്. ഉപഭോഗം ഉൽപാദനത്തേക്കാൾ കൂടുതലായുള്ള സംസ്ഥാനങ്ങളെയാണ് 'ഉപഭോക്തൃ സംസ്ഥാനം' എന്ന് പറയുന്നത്. ഈ സംസ്ഥാനങ്ങൾ ഉപയോഗിക്കുന്ന ഉത്പന്നങ്ങളുടെ അധികപങ്കും ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതോ, അല്ലെങ്കിൽ മറ്റ് രാജ്യങ്ങളിൽ നിന്ന് ഇറക്കുമതിയായി എത്തുന്നതോ ആണ്.

അന്തർ സംസ്ഥാന വ്യാപാരത്തിൽ നിന്നും ഉണ്ടാകുന്ന ജി എസ് ടി വരുമാനം സംബന്ധിച്ച ഒരു അന്വേഷണമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. 2017 ലെ ഐ ജി എസ് ടി നിയമത്തിന്റെ 17, 18 വകുപ്പുകളുടെ അടിസ്ഥാനത്തിലുള്ള ഐ ജി എസ് ടി റവന്യു സെറ്റിൽമെന്റ് പ്രകാരമാണ് ഇത് തയ്യാറാക്കിയത്.

## 1. സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തിലെ ഘടകങ്ങൾ

എ) സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് ( എസ് ജി എസ് ടി ) സ്റ്റേറ്റ് ജി എസ് ടി - ഒരു സംസ്ഥാനത്തിനകത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വ്യക്തി എസ് ജി എസ് ടി പ്രകാരം തനിക്ക് അവകാശപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടുത്തി നട

ത്തുന്ന വ്യാപാരത്തിൽ ലഭ്യമാകുന്ന നികുതിയാണ് ഇത്. (2017 ലെ കേരള ജി എസ് ടി നിയമം).

ബി) (1) സംയോജിത ഉത്പന്ന, സേവന നികുതി (ഐ ജി എസ് ടി) - രജിസ്റ്റേർഡ് വ്യക്തി രജിസ്റ്റേർഡ് വ്യക്തിയുമായി നടത്തുന്ന അന്തർ സംസ്ഥാന ഇടപാടുകളിൽ നിന്നുള്ള നികുതി. കേന്ദ്ര സർക്കാരാണ് ഇത് സെറ്റിൽ ചെയ്യുന്നത്. രജിസ്റ്റർ ചെയ്ത വ്യക്തി ഐ ജി എസ് ടി ക്രെഡിറ്റ് പ്രയോജനപ്പെടുത്തിയ ശേഷം ഇത്തരം എല്ലാ ഇടപാടുകൾക്കും എസ് ജി എസ് ടി ഔട്ട്പുട്ട് ടാക്സ് വരുന്നു. അന്തർ സംസ്ഥാന വ്യാപാരത്തിൽ വരുന്ന ഔട്ട്പുട്ട് ഇത്തരത്തിൽ പ്രയോജനപ്പെടുത്തുന്ന ഐ ജി എസ് ടി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്ര സർക്കാർ കൈമാറ്റം ചെയ്യുന്നു.

(2) അന്തർ സംസ്ഥാന ബി 2 ബി ഇടപാടിന് പുറമെ വരുന്ന, കേന്ദ്രം സെറ്റിൽ ചെയ്യുന്ന ഐ ജി എസ് ടി. ഐ ജി എസ് ടീയുടെ 50 ശതമാനം. ഇത് ആദ്യം താത്കാലികമായി സെറ്റിൽ ചെയ്യുകയും പിന്നീട് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്തിമ സെറ്റിൽമെന്റ് നടത്തുകയും ചെയ്യുന്നു.

സി) നഷ്ടപരിഹാര സെസ്സ് - മേൽപ്പറഞ്ഞ എ, ബി എന്നിവയിൽ നിന്നുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് നികുതി വരുമാനത്തിൽ 14 ശതമാനം വാർഷിക വളർച്ച ഉറപ്പ് വരുത്താൻ കഴിയുന്നില്ലെങ്കിൽ അത് 2017 ലെ നിയമ പ്രകാരം അടുത്ത അഞ്ചു വർഷത്തേക്ക്, അതായത് 2022 ജൂൺ വരെ കേന്ദ്ര സർക്കാർ നികത്തി നൽകുന്നു. ഇത് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ഇൻ എയിഡ് ആയാണ് നൽകുന്നത്.

**2. അന്തർ സംസ്ഥാന വിൽപനയിൽ നികുതിയുടെ നീക്കം ( ഐ ജി എസ് ടി)**

താഴെ കൊടുത്തിരിക്കുന്ന മൂന്ന് പട്ടികകളിൽ കേരളത്തിന്റെയും തമിഴ്നാടിന്റേയും ഉദാഹരണത്തിന്റെ അടിസ്ഥാനത്തിൽ അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന്റെ കാര്യത്തിൽ എപ്രകാരമാണ് ജി എസ് ടി സംവിധാനം പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. (പട്ടിക - 1, 2, 3)

ഈ മൂന്ന് പട്ടികകൾ തമിഴ്നാട്ടിൽ ഉല്പാദിപ്പിച്ച അസംസ്കൃത സാധനങ്ങൾ, ഉത്പാദിത വസ്തുക്കൾ മുതലായവ കേരളത്തിൽ വിൽക്കുമ്പോൾ കേരളത്തിന്റെ നികുതി വരുമാനം ഉയർത്തുന്നത് എങ്ങനെ എന്ന് വ്യക്തമാക്കുന്നു. അതായത്, ഈ സാധനങ്ങളിൽ നിന്ന് ശേഖരിക്കുന്ന നികുതി തമിഴ്നാട് ഐ ജി എസ് ടി അക്കൗണ്ടിലേക്ക് വകയിരുത്തണം. ഇതുവഴിയായി ശേഖരിച്ച എസ് ജി എസ് ടി കേരളത്തിനുള്ള ഐ ജി എസ് ടി സെറ്റിൽമെന്റിലേക്ക് കൈമാറുകയാണ് ചെയ്യുന്നത്.

**3. അന്തർസംസ്ഥാന നികുതി സമ്പ്രദായം- ജി എസ് ടിക്ക് മുൻപും ശേഷവുമുള്ള സ്ഥിതി**

ജി എസ് ടി സമ്പ്രദായം നടപ്പാക്കുന്നതിന് മുൻപ് കേന്ദ്ര വില്പന നികുതി (സി എസ് ടി) ശേഖരിക്കുന്നത് വിൽപ്പന നടത്തുന്ന സംസ്ഥാനമാണ് (തമിഴ്നാട്). വാങ്ങുന്ന സംസ്ഥാനത്തെ (കേരളം) രജിസ്റ്റർ ചെയ്ത ഉപഭോക്താവിൽ നിന്നാണ് ഇത് ഈടാക്കിയിരുന്നത്. 1956 ലെ കേന്ദ്ര വില്പന നികുതി നിയമത്തിന്റെ അടിസ്ഥാനത്തിൽ 2 ശതമാനം നികുതിയാണ് ഇങ്ങനെ ഈടാക്കിയിരുന്നത്. വാങ്ങുന്ന സംസ്ഥാനത്ത് ഉൽപ്പന്നം എത്തുമ്പോഴുള്ള ആകെ ചെലവ് എന്നത് അതിന്റെ വില, ഗതാഗത ചെലവ്, സി എസ് ടി എന്നിവ ചേർന്നതാണ്. നാലാം പട്ടികയിലെ ഉദാഹരണമെടുത്താൽ ഇങ്ങനെ എത്തുന്ന ഉൽപന്നത്തിന്റെ ചെലവും ലാഭവും ചേർത്ത്

| **Table 1.** Tamil Nadu | |
|---|---|
| **1.Raw material supplier (first registered person** | |
| **Particulars** | **Rs.** |
| Raw materials | 500 |
| Expenses & Profits / losses | 300 |
| **Total** | **800** |
| Central GST (2.5 %)*(Output Tax)* | 20 |
| State GST (2.5 %) *(Output Tax)* | 20 |
| Sale Value | 840 |
| Remittance to Central Govt. –CGST (cash) | 20 |
| Remittance to TN Govt. SGST (Cash) | 20 |

| **Table 2.** Tamil Nadu | |
|---|---|
| **2. Manufacturer (Second Registered Person)** | |
| **Particulars** | **Rs.** |
| Purchases (Basic Price) | 800 |
| Central GST (2.5%) *(Input Tax)* | 20 |
| State GST (2.5 %) *(Input Tax)* | 20 |
| Purchase Value *(without tax)* | 800 |
| Expenses & Profits / losses | 500 |
| Total | 1300 |
| IGST 18 % *(output tax)* | 234 |
| **Sale Value to Kerala** | 1534 |
| Remittance to IGST A/C (cash) | 194 |
| Remittance to IGST A/c (Credit) (from CGST A/c and TNGST A/c) | 20 + 20 |

| **Table 3.** Kerala | |
|---|---|
| **3. Registered Person** | |
| **Particulars** | **Rs.** |
| Purchases (Basic Price) | 1300 |
| IGST 18 % (Input Tax) | 234 |
| Purchase value | 1300 |
| Expenses & Profits / losses | 200 |
| Total | 1500 |
| Central GST (9 % )(Output Tax) | 135 |
| State GST (9%) (Output Tax) | 135 |
| Sale Value [6+7+ 8] | 1770 |
| Remittance to Central GST A/c (Credit) from IGST A/C | 135 |
| Remittance to Central GST A/c (cash) | 0 |
| Remittance to State GST A/c (Credit)from IGST A/C | 99 |
| Remittance to Kerala GST A/c (cash) | 36 |

| **Table 4.** Pre-GST period up to 30 June 2017 | | |
|---|---|---|
| **Inter-state purchase from Tamil Nadu** | | |
| Purchase from TN | | 1,00,000 |
| CST Paid to TN RP | **2%** | 2,000 |
| Total Purchase Value | | 1,02,000 |
| **Sale in Kerala** | | |
| Purchase Value (incl. CST) | | 1,02,000 |
| Profit Margin | | 28,000 |
| Sale Value in Kerala | | 1,30,000 |
| Kerala VAT | **14.5%** | 18,850 |
| Total Sale Value in Kerala | | 1,48,850 |
| **Tax remitted to Government of Kerala** | | |
| KVAT | **14.5%** | 18850 |

| **Table 5.** GST Period - From 1-7-2017 | | |
|---|---|---|
| **Inter- State purchase from Tamil Nadu** | | |
| Purchase from TN | | 1,00,000 |
| IGST paid to TN RP | 18% | 18,000 |
| Total Purchase Value | | 1,18,000 |
| **Sale in Kerala** | | |
| Purchase Value (excl. GST) | | 1,00,000 |
| Profit Margin | | 25,000 |
| Sale Value in Kerala | | 1,25,000 |
| Central GST | 9% | 11,250 |
| State GST | 9% | 11,250 |
| Total Sale Price | | 1,47,500 |
| **Tax remitted to Govt. of India & Kerala** | | |
| **Method 1** | | |
| CGST Rs.11250 paid fully as credit by utilising IGST input tax (i.e. from Rs.18000) SGST Rs.11250 paid partially by credit Rs 6750 by utilising the balance amount available in IGST input tax credit (Rs. 18000 - Rs.11250 used as credit for CGST) and partially by Cash Rs. 4500 | | |
| **Method 2** | | |
| CGST Rs.11250 paid partially by credit Rs. 9000 by utilising the 50% amount of IGST input tax credit ( ie., 50% of Rs. 18000) and partially by Cash Rs. 2250 CGST Rs.11250 paid partially by credit Rs. 9000 by utilising the 50% amount of IGST input tax credit ( ie., 50% of Rs. 18000) and partially by Cash Rs. 2250 | | |

സംസ്ഥാനത്തിനകത്ത് വിൽക്കുമ്പോൾ അതിന് സംസ്ഥാന വാറ്റ് ഈടാക്കുന്നു. ഇത് പൂർണ്ണമായും കേരളത്തിനാണ് ലഭിക്കുക.

ഇനി ഇതേ കാര്യം ജി എസ് ടി സമ്പ്രദായത്തിൽ ഒന്ന് നോക്കാം. വാങ്ങുന്ന സംസ്ഥാനത്ത് അത് സ്വീകരിക്കുന്ന ആൾ, വിൽക്കുന്ന സംസ്ഥാനത്തെ ഐ ജി എസ് ടി പൂർണ്ണമായും നൽകണം. (ഇക്കാര്യത്തിൽ ജി എസ് ടിക്ക് മുൻപുള്ള ഘട്ടത്തിലെ പോലെ നികുതി ഇളവുകൾ ലഭ്യമാവുകയില്ല.) കേരളത്തിൽ ഉത്പന്നം/സേവനം സ്വീകരിക്കുന്ന വ്യക്തി ഐ ജി എസ് ടി ക്രെഡിറ്റ് ഉപയോഗിക്കുന്നു. കേരളത്തിനകത്ത് വിൽക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. അപ്രകാരം സി ജി എസ് ടി/ എസ് ജി എസ് ടി എന്നിവയിലെ അറ്റ നികുതി അടയ്ക്കുന്നു. എസ് ജി എസ് ടി നല്കുന്നതിനായുള്ള ഐ ജി എസ് ടി ഇൻപുട്ട് ടാക്സ് അതത് സംസ്ഥാനങ്ങളിലേക്ക് പോകുന്നു.ഇത് ജി എസ് ടി നിയമത്തിലെ ക്രെഡിറ്റ് ഉപയോഗിക്കുന്നതിനായുള്ള വകുപ്പുകൾ പ്രകാരം കേന്ദ്ര സർക്കാർ കൈകാര്യം ചെയ്യുന്ന ഐ ജി എസ് ടി അക്കൗണ്ടിൽ നിന്നാണ് കൈമാറ്റം ചെയ്യപ്പെടുന്നത്. ഇത് രണ്ടു വിധത്തിൽ പ്രയോജനപ്പെടുത്താം. ഒന്നാമത്തെ രീതിയിൽ, കേരളത്തിലെ രജിസ്റ്റർ ചെയ്ത വ്യക്തി ഐ ജി എസ് ടി ക്രെഡിറ്റ് പൂർണ്ണമായും സി ജി എസ് ടി നൽകുന്നതിനായി പ്രയോജനപ്പെടുത്തുന്നു. ഇതിന്റെ ബാലൻസ് തുക എസ് ജി എസ് ടി ആയും നൽകുന്നു. രണ്ടാമത്തെ രീതിയിൽ ഇത് സി ജി എസ് ടി, എസ് ജി എസ് ടി എന്നിവ തുല്യമായി നൽകുന്നതിനായി പ്രയോജനപ്പെടുത്തുന്നു. (പട്ടിക - 4, 5 ).

### 4. കേരളത്തിന്റെ നികുതി വരുമാനത്തിന്റെ അനുപാതം - സ്റ്റേറ്റ് ജി എസ് ടിയും ഇന്റഗ്രേറ്റഡ് ജി എസ് ടിയും

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിന് ചില പ്രത്യേകതകളുണ്ട്.

എ) ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉപഭോഗമുള്ള സംസ്ഥാനം ( എൻ എസ് എസ് ഒ സാമ്പിൾ സർവെ പ്രകാരം).

ബി) 80 ശതമാനത്തിൽ കുറയാത്ത ഉത്പന്നങ്ങൾ / സേവനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നോ ഇറക്കുമതിയായോ എത്തുന്നു.

സി ) ഇവയിൽ 25 ശതമാനത്തിൽ കുറയാത്ത ഉത്പന്നങ്ങളിൽ ഉണ്ടാകുന്ന മൂല്യ വർദ്ധന കേരളത്തിൽ എസ് ജി എസ് ടി പിരിവിന് വിധേയമാകുന്നു. അതായത് 75 ശതമാനം ഉത്പന്നങ്ങളും കേരളത്തിലേക്ക് വരുന്നത് ഐ ജി എസ് ടിക്ക് വിധേയമായി മാത്രമാണ്. ഇൻപുട്ട് ക്രെഡിറ്റ് സംവിധാനം വഴിയായി ഐ ജി എസ് ടിയിൽ നിന്നുള്ള സംസ്ഥാന വിഹിതം കേന്ദ്രത്തിൽ നിന്നും അതത് സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നു.

എന്നാൽ കേരളത്തിന്റെ സവിശേഷ പ്രത്യേകത മൂലം നികുതിയൊഴിവ് സംഭവിക്കുന്നത് ഏറ്റവും കുറഞ്ഞ അളവിലാണ് എന്നത് കണക്കാക്കി, യാഥാർത്ഥ്യതലത്തിലുള്ള എസ് ജി എസ് ടി - ഐ ജി എസ് ടി അനുപാതമാണ് കണക്കിലെടുത്തിരിക്കുന്നത് (പട്ടിക - 6).

### 5. കേരളത്തിന്റെ ഐ ജി എസ് ടി വരുമാനത്തിലെ വിടവ്

കഴിഞ്ഞ നാലു വർഷക്കാലത്ത് എസ് ജി എസ് ടി, ഐ ജി എസ് ടി എന്നിവ ചേർത്തുള്ള കേരളത്തിന്റെ മൊത്തം ജി എസ് ടി വരുമാനം സംബന്ധിച്ച കണക്കുകൾ ഏഴാം പട്ടികയിൽ ചേർത്തിരിക്കുന്നു. 2021 മാർച്ച് 31 വരെയുള്ള എസ് ജി എസ് ടി വരുമാനം 31459. 3 കോടി രൂപയും ഐ ജി എസ് ടി വരുമാനം 38903.8 കോടി രൂപയുമാണ്. എന്നാൽ എസ് ജി എസ് ടി - ഐ ജി എസ് ടി അനുപാതം 2 : 3 എന്ന് കണക്കാക്കിയാൽ ഐ ജി എസ് ടിയിൽ നിന്ന് യഥാർത്ഥത്തിൽ

**Table 6.** State/central revenue vis-a-vis IGST revenues for Kerala

| Particulars | % | Value (Rs.) (for example | CGST (9%) (Rs.) | SGST (9%) (Rs.) | IGST share to Central Govt (9%) (Rs) | IGST share to State Govt (9%) (Rs) |
|---|---|---|---|---|---|---|
| 1. Final Value of Goods & Services consumed in a State. eg. Kerala | 100 | 1,00,000 | | | | |
| 1A. Out of which, the Goods & Services having exclusive Intra-State Supply | 20 | 20,000 | 1,800 | 1,800 | | |
| 1B. Out of which, the Goods & Services having Inter-State and subsequent Intra-State Supply | 80 | 80,000 | | | | |
| 1Ba. Out of which, value component of Inter-State inward supply | 75 | 60,000 | | | 5,400 | 5,400 |
| 1Bb. Out of which, subsequent value component within Kerala on the Inter-State inward supply | 25 | 20,000 | 1,800 | 1,800 | | |
| Tax Amount (Rs.) | | | 3,600 | 3,600 | 5,400 | 5,400 |
| Share – State/Central GST revenue: IGST revenue from Kerala= 2:3 | | | 2 | **2** | 3 | **3** |

**Table 7.** Kerala - GST collections for four years (Rupees in Crore) (period 1-7-2017 to 31-3-2021)

| Year | SGST | IGST | Adhoc settlement | IGST settlement Total | Total SGST plus IGST Settlement | Compensa-tion | Total |
|---|---|---|---|---|---|---|---|
| 2017-18 | 5399.1 | 6065.0 | 736 | 6801.0 | 12200.11 | 2102 | 14302.1 |
| 2018-19 | 8269.6 | 10115.0 | 2734.37 | 12849.3 | 21118.91 | 3532 | 24650.9 |
| 2019-20 | 9453.2 | 9926.2 | -15.83 | 9910.4 | 19363.57 | 8111 | 27474.6 |
| 2020-21 | 8337.4 | 9343.1 | | 9343.1 | 17680.42 | 914.63 | 18595.1 |
| Total | 31459.3 | 35449.2 | 3454.54 | 38903.8 | 70363.01 | 14659.63 | 85022.6 |

*Source*: Compiled from the date of keralataxes.gov.in

**Table 8.** IGST revenue gap

| Details | SGST collection | IGST settlement |
|---|---|---|
| Revenue (Actual) | 31459 | 38904 |
| Ratio - SGST:IGST | 2 | 3 |
| If SGST is 2 what is IGST? | 31459 | 47189 |
| IGST Gap | | 8285 |

Source: Table 7

**Table 9.** Different categories of inter-state supply inwards of goods and services to states for IGST revenue transfer to appropriate states as apportionment, transfer and settlement

| No. | Category | Type of Apportionment, Transferand Settlement to States |
|---|---|---|
| 1 | IGST Input Tax (eligible only) utilised to pay the SGST Output Tax due on intra State supply outwards | by the Registered Person for the IGST paid on Inter-State Supplyinward *[Section 18(c) of IGST Act 2017 ]* |
| 2 | | by the Registered Person for the IGST paid on Import *[ Section 18(c) of IGST Act 2017 ]* |
| 3 | Inter- State Supply Inwards of Goods and Services to Kerala made | by the Unregistered Person [Section 17 (1)(a) of IGST Act 2017 ] |
| 4 | | by the Registered Person under Section 10 of CGST/ SGST Act 2017(Composition Scheme) *[Section 17 (1)(a) of IGST Act 2017 ]* |
| 5 | | by the Registered Person not eligible for Input Tax Credit*[Section 17(1)(b) of IGST Act 2017 ]* |
| 6 | | by the Registered Person who does not avail the eligible Input Tax Credit within a Specified Period and expires after the prescribedtime limit *[Section 17(1)(c) of IGST Act 2017 ]* |
| 7 | Import of Goods or Services or both made | by the Unregistered Person *[Section 17(1)(d) of IGST Act 2017 ]* |
| 8 | | by the Registered Person under Section 10 of CGST/ SGST Act 2017(Composition Scheme) *[Section 17(1)(d) of IGST Act 2017 ]* |
| 9 | | by the Registered Person not eligible for Input Tax Credit*[Section 17(1)(e) of IGST Act 2017 ]* |
| 10 | | by the Registered Person who does not avail the eligible Input TaxCredit within a Specified Period and expires after the prescribed time limit *[Section 17(1)(f) of IGST Act 2017 ]* |
| 11 | Supplier (Taxable person) (Origin State) are identifiable but Place of Supply (Destination state) are not identifiable | State's IGST portion transferred to appropriate State/ Union Territory based on proportion of the supply made by the supplier of the origin state to the appropriate destination state (s) in a financial year*[First Proviso of Section 17(2) of IGST Act 2017 ]* |
| 12 | Supplier (Taxable person) (Origin State) are are not identifiable | State's IGST portion transferred to all based on proportion taxes collected by the States as SGST during the immediately preceeding financial year*[Second Proviso of Section 17(2) of IGST Act 2017 ]* |

ലഭിക്കേണ്ടിയിരുന്ന വരുമാനം 47189 കോടി രൂപയാണ്. അതായത് 8285 കോടി രൂപയുടെ കുറവ് ഉണ്ടായിരിക്കുന്നു എന്നർത്ഥം ( പട്ടിക – 7, 8 ).

**6. ഐ ജി എസ് ടി വരുമാനത്തിലെ ഇടിവും മുന്നോട്ടുള്ള ഗതിയും**

2017 ലെ ഐ ജി എസ് ടി നിയമത്തിലെ 17, 18 വകുപ്പുകൾ പ്രകാരം ഐ ജി എസ് ടി റവന്യു സെറ്റിൽമെന്റിന് 12 ഘടകങ്ങളാണ് ഉള്ളത്. ഇത് ഒൻപതാമത്തെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പട്ടിക – 9

ഐ ജി എസ് ടി വരുമാനത്തിലെ മെല്ലെപ്പോക്കിന് നിരവധി കാരണങ്ങളുണ്ട്.

1. കണക്കിൽപ്പെടുത്താതെയുള്ള വാങ്ങൽ/ അന്തർ സംസ്ഥാന വ്യാപാരത്തിൽ വില കുറച്ച് കാണിച്ചുള്ള ബിൽ നൽകൽ എന്നിവയ്ക്ക് പുറമെ, ചെക്ക് പോസ്റ്റുകൾ ഒഴിവാക്കിയതുമൂലം സംസ്ഥാനത്തിനകത്തെ സമാന്തര വ്യാപാരം. ജി എസ് ടിക്ക് മുൻപ് നികുതി വരുമാനം സംരക്ഷിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചിരുന്നത് ചെക്ക് പോസ്റ്റ് സംവിധാനമാണ് എന്ന് കാണാം.

2. അന്തർ സംസ്ഥാന വ്യാപാരത്തെ അടിസ്ഥാനമാക്കിയുള്ള ബി 2 സി/ കോമ്പോസിഷൻ പദ്ധതി ഭാഗികമായോ, പൂർണ്ണമായോ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്നു.

3. അന്തിമ ഉപഭോക്താക്കൾ ഇൻവോയ്സ് ഇല്ലാതെയോ കൃത്രിമ ഇൻവോയ്സ് വഴിയോ നടത്തുന്ന ബൾക്കായുള്ള വാങ്ങൽ.

നിർഭാഗ്യവശാൽ ഈ 12 ഘടകങ്ങളുടെ കാര്യത്തിലുള്ള വിവരങ്ങൾ പൊതു ഇടങ്ങളിൽ ലഭ്യമല്ല.

ഐ ജി എസ് ടി സംബന്ധമായ വിവരങ്ങൾ, അന്വേഷണം, വിശകലനം എന്നീ ആവശ്യങ്ങൾക്കായി പോലും സംസ്ഥാനങ്ങൾക്ക് ഇത് ലഭ്യമാകുന്നില്ല എന്നാണ് മനസിലാകുന്നത്. എന്നാൽ എം ഐ എസ് ഡേറ്റ റിട്ടേൺ, ഇ – വേ ബിൽ എന്നിവയിൽ നിന്ന് ഒരു പരിധിവരെ ഇത് ലഭ്യമാക്കാൻ കഴിയും.

അതുകൊണ്ട് ജി എസ് ടി കൗൺസിലും കേന്ദ്ര സർക്കാരും അംഗീകരിച്ച ജി എസ് ടി ഐ എൻ പ്രസിദ്ധപ്പെടുത്തണം. ഐ ജി എസ് ടീയിലെ 12 ഘടകങ്ങളും (പട്ടിക – 9 ) ഹാർമണൈസ്ഡ് സിസ്റ്റം ഓഫ് നൊമാൺകളേച്ചർ (എച്ച് എസ് എൻ)/ സർവീസ് അക്കൗണ്ടിംഗ് കോഡ് (എസ് എ സി) അടിസ്ഥാനത്തിലുള്ള ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും തരംതിരിച്ച വിവരങ്ങളും ലഭ്യമാക്കണം. ഓരോ സംസ്ഥാനത്തിന്റെയും ജി എസ് ടി വകുപ്പുകളിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങളുടെ വിശദമായ വിശകലനം വരുമാനത്തിലെ ഈ മെല്ലെപോക്കിന്റെ കാരണങ്ങൾ പുറത്ത് കൊണ്ടുവരുന്നതിന് സഹായകമാകും. അതിർത്തി ചെക്ക് പോസ്റ്റുകൾ ഇല്ലാതായതിന് ശേഷം അന്തർ സംസ്ഥാന വ്യാപാരങ്ങളിൽ ഉണ്ടായ നികുതി വെട്ടിപ്പിന്റെ കൃത്യമായ വിവരങ്ങളിലേക്ക് ഇത് വെളിച്ചം വീശുകയും ചെയ്യും.

■

(ഗിഫ്റ്റിലെ അസോസിയേറ്റ് പ്രഫസറാണ് ലേഖകൻ)

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# നിയമത്തിലെ അവ്യക്തതയും സംസ്ഥാനങ്ങളുടെ ജി എസ് ടി വരുമാനത്തിനുണ്ടാകുന്ന ആഘാതവും

ജെന്നി തെക്കേക്കര

ഉപഭോക്തൃ കേന്ദ്രീകൃതമായ ഒരു നികുതിയാണ് ചരക്ക് സേവന നികുതി അഥവാ ജി എസ് ടി. അതുകൊണ്ട് ചരക്കുകളും സേവനങ്ങളും അന്തിമമായി വിപണനം ചെയ്യപ്പെടുന്ന സംസ്ഥാനത്താണ് ഈ നികുതി സമാഹരിക്കപ്പെടുന്നത്. എന്നാൽ 2017 ലെ സംയോജിത ചരക്ക് സേവന നികുതി നിയമത്തിലും (ഐ ജി എസ് ടി നിയമം), 2017 ലെ തന്നെ കേന്ദ്ര ചരക്ക് സേവന നികുതിയിലെ (സി ജി എസ് ടി) ചട്ടങ്ങളിലും സംസ്ഥാന ചരക്ക് സേവന നികുതി (എസ് ജി എസ് ടി) ചട്ടങ്ങളിലും ചില അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്. ഇത് ജി എസ് ടി നികുതി സമ്പ്രദായത്തിന്റെ ലക്ഷ്യങ്ങൾക്ക് എതിരായി വരുന്ന സ്ഥിതിയുണ്ട്. അതുകൊണ്ട് ഇത്തരത്തിലുള്ള അവ്യക്തതകൾ ഒഴിവാക്കുന്നതിന് 2017 ലെ ഐ ജി എസ് ടി നിയമത്തിന്റെ പത്താം വകുപ്പിൽ ഭേദഗതി നിർദ്ദേശിക്കുകയാണ്.

പല രീതിയിലുള്ള നികുതികൾ ഈടാക്കുന്നതിന് ഇന്ത്യൻ ഭരണഘടന കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും അധികാരം നൽകുന്നുണ്ട്. ഭരണഘടനയുടെ 265 വകുപ്പ് ഇപ്രകാരം പറയുന്നു–'നിയമപരമായ അധികാരത്തിന്റെ അടിസ്ഥാനത്തിലല്ലാതെ ഒരു തരത്തിലുള്ള നികുതിയും ഈടാക്കാൻ പാടുള്ളതല്ല '. നികുതികൾ നിശ്ചയിക്കുന്നതിന്റെയും സമാഹരിക്കുന്നതിന്റെയും പരമമായ തത്വം ഉൾക്കൊള്ളുന്നതാണ് ഈ വകുപ്പ്. 'നിയമം' എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് അധികാരപ്പെട്ട ഒരു നിയമ നിർമ്മാണസഭ പാസ്സാക്കുന്ന നിയമം എന്നാണ്. അതുകൊണ്ടുതന്നെ, ഭരണപരമായ ഉത്തരവ് വഴിയോ, നിയമ നിർമ്മാണസഭ പാസാക്കുന്ന ഏതെങ്കിലും പ്രമേയം മുഖേനയോ ഒരു തരത്തിലുള്ള നികുതിയും ഈടാക്കാനാകില്ല. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നിയമനിർമ്മാണം വഴി മാത്രമേ ഒരു നികുതി നടപ്പാക്കാൻ കഴിയുകയുള്ളു. ഇത് ഭരണഘടനയുടെ വിവിധ വകുപ്പുകൾ മുന്നോട്ട് വയ്ക്കുന്ന നിബന്ധനകൾക്ക് വിധേയമായിരിക്കുകയും വേണം.

താഴെ പറയുന്ന നിബന്ധനകൾ പാലിക്കപ്പെട്ടാൽ മാത്രമേ ഒരു നികുതി നിയമം സാധുവായി തീരുകയുള്ളു.

1. നിയമ നിർമ്മാണസഭയുടെ അധികാര പരിധിയിൽ വരുന്നതായിരിക്കണം ഈ നിയമം. ഇത് ഭരണഘടനയുടെ ഏഴാം പട്ടികയിൽ വരുന്ന ആർട്ടിക്കിൾ 246 എ , 269 എ എന്നിങ്ങനെയുള്ള നിയമനിർമ്മാണം സംബന്ധിച്ച വകുപ്പുകൾക്ക് അനുസൃതമായിരിക്കണം.

2. ഭരണഘടനയുടെ ഏതെങ്കിലും വകുപ്പ് നിരാകരിക്കുന്ന ഒന്നായിരിക്കരുത് ഈ നിയമം.

3. നിയമമോ അതിലെ പ്രസക്തമായ ഭാഗങ്ങളോ ഭരണഘടന അനുശാസി

ക്കുന്ന മൗലിക അവകാശങ്ങൾക്ക് വിരുദ്ധമാകുന്നത് ആവുകയും ചെയ്യരുത്.

ഇത് ഒരു കാര്യം വ്യക്തമാക്കുന്നു, നികുതി പിരിക്കുക എന്നതിന് പുറമെ ഇതുമായി ബന്ധപ്പെടുന്ന എല്ലാ കാര്യങ്ങളും പൂർണ്ണ മായും നിയമ വിധേയമായിരിക്കുകയും വേണം എന്നതാണത്. അതായത്, നിയമ വിധേയമായല്ലാതെ ഒരു നികുതിയും നിശ്ചയി ക്കാനും ഈടാക്കാനും പാടുള്ളതല്ല എന്ന് സാരം. 'നികുതി നിർണ്ണയം', 'ഈടാക്കൽ' എന്നീ വാക്കുകൾ സമഗ്രതയിൽ തന്നെയാണ് ഈ വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്നത്. അത് നികുതി നിർണ്ണയിക്കുന്നത് മുതൽ സമാഹരി ക്കുന്നത് വരെയുള്ള ഓരോ ഘട്ടത്തെയും കൃത്യമായി നിർവചിക്കുകയും ചെയ്യുന്നു. ഭരണഘടനയുടെ ഈ വകുപ്പ് അനുശാസി ക്കുന്നത് ഈ പ്രവർത്തനത്തിന്റെ എല്ലാ ഘട്ടവും നിയമം അനുശാസിക്കുന്ന വിധത്തി ലായിരിക്കണം എന്നാണ്.

നികുതി ചുമത്തുക എന്ന് പറഞ്ഞാൽ നിയമ പ്രകാരം നികുതി ചുമത്തുകയോ, ചുമത്തുന്ന തിനായി കണക്കെടുപ്പ് നടത്തുകയോ, ശേഖരിക്കുകയോ ചെയ്യുക എന്നാണർത്ഥമാ ക്കുന്നത്. നികുതി ചുമത്തപ്പെടുന്ന സാധന ങ്ങൾ നിർണ്ണയിക്കുകയും നിരക്കുകൾ നിശ്ച യിക്കുകയും ചെയ്യുക എന്നത് നിയമനിർ മ്മാണ അധികാര സ്ഥാപനങ്ങളുടെ ഏകപ ക്ഷീയമായ നടപടിയാണ്. നികുതി ചുമത്തുക എന്നത് പൊതുവെ പറഞ്ഞാൽ നിയമ നിർമ്മാണപരമായ ഒരു പ്രവർത്തനമാണ്. ഇതിനായി കണക്കെടുപ്പ് നടത്തുക എന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തനവുമാണ്. ചുമത്തൽ, കണക്കെടുപ്പ്, ശേഖരണം എന്നിവ വിശാലാടിസ്ഥാനത്തിൽ നികുതി സമാഹ രണ പ്രക്രിയയുടെ പരസ്പര സഹവർത്തി തമായ പ്രവർത്തനമാണ്. ഇതാകട്ടെ, നികുതി ചുമത്തുന്നതിനുള്ള അധികാരം വഴിയായി നടത്തുന്ന ധനസമാഹരണമാണ്.

ചുമത്തപ്പെടുകയോ ശേഖരിക്കുകയോ ചെയ്യുന്ന ഓരോ നികുതിയും പാർലമെന്റോ , സംസ്ഥാന നിയമസഭയോ പാസാക്കുന്ന നിയമത്തിന്റെ പിൻബലമുള്ളതായിരിക്കണം എന്നർത്ഥം. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ ആർട്ടിക്ക്ൾ 265, ജി എസ് ടി നിയമം പ്രാബല്യത്തിൽ വരുത്തുന്നതി നുള്ള അധികാരം നൽകുന്നു. ഈയടിസ്ഥാന ത്തിൽ മൂന്ന് നിയമങ്ങളാണ് പാസാക്കപ്പെട്ടത്. രണ്ടെണ്ണം പാർലമെന്റും ഒരെണ്ണം അതാത് സംസ്ഥാന നിയമസഭകളുമാണ് പാസാ ക്കിയത്.

**ജി എസ് ടി നടപ്പാക്കുന്നതിനുള്ള ഭരണഘടന ഭേദഗതി**

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നിയമ നിർമ്മാണ അധികാരങ്ങൾ ഫെഡറൽ ഭരണഘടന വ്യക്തമായി വേർതിരിക്കുന്നു. നിയമനിർമ്മാണം നടത്തുന്നതിന് അധികാര മുള്ള വിവിധ വിഷയങ്ങൾ നിർണ്ണയിക്കു കയും ഓരോരുത്തരും അവരവർക്ക് നൽകിയിട്ടുള്ള പരിധികകൾക്കകത്ത് നിന്ന് പ്രവർത്തിക്കുകയും വേണമെന്ന് ഇത് നിഷ്കർഷിക്കുന്നു. ഇതിനായുള്ള അതിർത്തി കൾ ഭരണഘടനയിൽ വ്യക്തമായി വേർതിരി ക്കപ്പെട്ടിരിക്കുന്നു. നിയമ നിർമാണ അധികാര ങ്ങൾ എപ്രകാരം വിനിയോഗിക്കണമെന്ന കാര്യവും വ്യക്തമായി നിർവചിച്ചിരിക്കുന്നു. പാർലമെന്റിനും സംസ്ഥാന നിയമസഭ കൾക്കും ഇത് സംബന്ധിച്ച അധികാരങ്ങൾ ഭരണഘടനയുടെ 245 മുതൽ 255 വരെയുള്ള ആർട്ടിക്കിളുകളിലും ആർട്ടിക്കിൾ 269 എ യിലും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ഓരോ സഭകൾക്കും നിയമ നിർമ്മാണം നടത്തുന്നതിന് നിശ്ചയിക്കപ്പെട്ട വിഷയങ്ങളും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. വിഷയങ്ങൾ, പരിധി എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ അധികാര വികേന്ദ്രീകരണം നടത്തിയിട്ടുള്ളത്.

ഭരണഘടനയുടെ നൂറ്റിയൊന്നാം ഭേദഗതിക്ക് മുൻപ്, പാർലമെന്റും സംസ്ഥാന നിയമനിർ

മ്മാണ സഭകളും പാസാക്കുന്ന നിയമങ്ങളുടെ വിഷയങ്ങൾ നിർണയിക്കുന്നതിനുള്ള വ്യവസ്ഥകൾ ആർട്ടിക്കിൾ 246 ലാണ് പ്രതിപാദിച്ചിരുന്നത്. ഭരണഘടനയുടെ ഏഴാം പട്ടികയിൽ മൂന്ന് ലിസ്റ്റുകളായാണ് ഇത് ഉൾപ്പെടുത്തിയിരുന്നത്. ഒന്നാമത്തെ പട്ടിക അഥവാ യൂണിയൻ ലിസ്റ്റ്, രണ്ടാമത്തെ പട്ടിക അഥവാ സംസ്ഥാന ലിസ്റ്റ്, മൂന്നാം പട്ടിക അഥവാ കൺകറന്റ് ലിസ്റ്റ് എന്നിവയാണ് അവ. ഒന്ന്, രണ്ട് പട്ടികകളിലെ വിഷയങ്ങളിൽ നിയമങ്ങൾ കൊണ്ടുവരുന്നതിന് യഥാക്രമം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും പൂർണ മായ അധികാരമാണ് ഉള്ളത്. എന്നാൽ മൂന്നാമത്തെ പട്ടികയിൽപെടുന്ന വിഷയ ങ്ങളിൽ നിയമങ്ങൾ പാസാക്കുന്നതിന് കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാ രമുണ്ട്.

ജി എസ് ടി നടപ്പാക്കുന്നതിന് വേണ്ടി 2016 സെപ്റ്റംബർ എട്ടിനാണ് നൂറ്റിയൊന്നാം ഭരണ ഘടനാ ഭേദഗതി പാർലമെന്റ് പാസാക്കിയത്. ചരക്കുകളുടെയും സേവനങ്ങളുടെയും നികുതികളിലെ ബാഹുല്യം ഒഴിവാക്കുക എന്നതായിരുന്നു ഇതിന്റെ പ്രാഥമികമായ ലക്ഷ്യം. നികുതികളുടെ ഇരട്ടിപ്പ് അടക്കമുള്ള അനന്തര ഫലങ്ങൾ ഒഴിവാക്കുക, നികുതി ക്കായുള്ള ചെലവുകൾ കുറയ്ക്കുക എന്നതും ലക്ഷ്യത്തിൽ ഉൾപ്പെടുന്നുണ്ട്. ജി എസ് ടി നികുതി സംവിധാനത്തിന്റെ അടിസ്ഥാനം സപ്ളൈയാണ്. സാധനങ്ങ ളുടെയും സേവനങ്ങളുടെയും പ്രദാനത്തി ന്മേലാണ് (സപ്ലൈ) നികുതി ചുമത്തപ്പെടു ന്നത്.

ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തെ വില്പനയിന്മേൽ കേന്ദ്രം കേന്ദ്ര ജി എസ് ടിയും (സി ജി എസ് ടി) സംസ്ഥാനം, സംസ്ഥാന ജി എസ് ടിയും (എസ് ജി എസ് ടി) ചുമത്തുന്നു. ചരക്കുക ളുടെയും സേവനങ്ങളുടെയും അന്തർ സംസ്ഥാന നീക്കങ്ങൾക്ക് സംയോജിത ജി എസ് ടിയും (ഐ ജി എസ് ടി) ചുമത്തുന്നു.

### കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും നിയമനിർമ്മാണത്തിനുള്ള കൺകറന്റ് അധികാരങ്ങൾ – ആർട്ടിക്കിൾ 246 എ

നൂറ്റിയൊന്നാം ഭരണഘടനാ ഭേദഗതി നിലവിൽ വരുന്നതുവരെ നിയമനിർമ്മാണ അധികാരങ്ങളുടെ കാര്യത്തിൽ കൃത്യമായ അതിർവരമ്പുകൾ ഉണ്ടായിരുന്നു. ആർട്ടി ക്കിൾ 246, ഏഴാം പട്ടിക എന്നിവയുടെ പിൻ ബലത്തോടെയുള്ള ഭരണഘടനയുടെ ഫെഡറൽ രീതിയുടെ അടിസ്ഥാനത്തിലുള്ള തായിരുന്നു ഇത്. എന്നാൽ നൂറ്റിയൊന്നാം ഭരണഘടനാ ഭേദഗതി വഴി കൊണ്ട് വന്ന ആർട്ടിക്കിൾ 246 എ, ജി എസ് ടിയുടെ മേഖലയിൽ സംസ്ഥാനത്തിനകത്തെ വ്യാപാ രങ്ങളുടെ കാര്യത്തിൽ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നിയമ നിർമ്മാണം നടത്താമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

അന്തർ സംസ്ഥാന ചരക്ക്, സേവന നീക്ക ത്തിന്റെ കാര്യത്തിൽ ജി എസ് ടി സംബന്ധ മായ നിയമങ്ങൾ പാസാക്കുന്നതിന് ആർട്ടിക്കിൾ 269 എ പാർലമെന്റിന് പൂർണ്ണ മായ അധികാരം നൽകുന്നു.

### സി ജി എസ് ടി, എസ് ജി എസ് ടി, ഐ ജി എസ് ടി നിയമ വ്യവസ്ഥകളിലെ അവ്യ ക്തത

പാർലമെന്റ് പാസാക്കിയ സി ജി എസ് ടി, ഐ ജി എസ് ടി നിയമങ്ങളും വിവിധ സംസ്ഥാന നിയമസഭകൾ പാസാക്കിയ എസ് ജി എസ് ടി നിയമങ്ങളും സമഗ്രമല്ല. മാത്രവുമല്ല, വിവിധ ഇടപാടുകൾക്ക് നികുതി ചുമത്തുന്നതിൽ അവ്യക്തതയുണ്ട്. അവ ജുഡീഷ്യൽ അവലോകനത്തിനും വ്യാഖ്യാന ത്തിനും വിധേയമാകുന്നുണ്ട്. ഈ നിയമ ങ്ങളിൽ പഴുതുകൾ ഉണ്ട്, അവ ഇല്ലാതാ ക്കാൻ ഉടനടി നിയമനിർമ്മാണ നടപടികൾ ആവശ്യമാണ്. അല്ലാത്തപക്ഷം, ലക്ഷ്യ സ്ഥാന അധിഷ്ഠിത സംസ്ഥാനങ്ങൾക്ക് അർഹതയുള്ള നികുതിയുടെ വിഹിതം ലഭിക്കാതെ ജിഎസ് ടിയുടെ ഉദ്ദേശ്യം തന്നെ

അസാധുവാകുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചേക്കാം. നിയമനിർമ്മാണത്തിലെ അവ്യക്തത നിമിത്തം ചില പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടം സംഭവിക്കുന്ന സ്ഥിതിയുണ്ട്.

കോടതികൾ നിലവിലുള്ള നിയമ വ്യവസ്ഥകൾ വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്. നിയമനിർമ്മാണത്തിൽ അവയ്ക്ക് പങ്ക് വഹിക്കാൻ കഴിയില്ല. നികുതി ചുമത്തുന്നതിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ, കോടതികൾ അത് പരിഹരിക്കുന്നില്ല. അത് പരിഹരിക്കാൻ നിയമനിർമ്മാണ സഭകളാണ് പ്രവർത്തിക്കേണ്ടത്.

ചരക്ക് സേവന നികുതി നിയമത്തിന്റെ ഉദ്ദേശ്യം, ലക്ഷ്യസ്ഥാനത്തെ സംസ്ഥാനത്തെ ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അല്ലെങ്കിൽ രണ്ടു കാര്യങ്ങളുടെയും നികുതി സ്വീകരിക്കാൻ പ്രാപ്തമാക്കുക എന്നതാണ്. എന്നാൽ സംയോജിത ചരക്ക് സേവന നികുതി നിയമം, 2017 (ഐ ജി എസ് ടി നിയമം), കേന്ദ്ര ചരക്ക് സേവന നികുതി, ചട്ടങ്ങൾ 2017, സംസ്ഥാന ചരക്ക് സേവന നികുതി ചട്ടങ്ങൾ 2017 (സി ജി എസ് ടി/ എസ് ജി എസ് ടി നിയമങ്ങൾ) എന്നിവയുടെ വ്യവസ്ഥകളിൽ ചില അവ്യക്തതകളുണ്ട്. ഇത് നിയമങ്ങളുടെ ലക്ഷ്യത്തിന് വിരുദ്ധമാവുകയും ചെയ്യുന്നു. കെ യു എൻ മോട്ടോഴ്സ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് Vs സംസ്ഥാന സർക്കാർ എന്ന കേസ് കേരള ഹൈക്കോടതി തീർപ്പാക്കിയത് അത്തരത്തിലുള്ള ഒരു ഉദാഹരണമാണ്. (2019) 27 കെ ടി ആർ 301(Ker).

ഇതിലെ പരാതിക്കാരനായ ഒന്നാം കക്ഷി കെ യു എൻ മോട്ടോർ കമ്പനി ലിമിറ്റഡ് പുതുച്ചേരിയിലെ ഒരു മോട്ടോർ വെഹിക്കിൾ ഡീലറും രണ്ടാം കക്ഷി , പുതുച്ചേരി ഡീലറിൽ നിന്ന് ഒരു ആഡംബര കാർ വാങ്ങിയ തിരുവനന്തപുരം സ്വദേശിയുമാണ്. ഇൻഷുറൻസ് പരിരക്ഷയ്ക്കൊപ്പം, രണ്ടാമത്തെ പരാതിക്കാരൻ പുതുച്ചേരിയിലെ മോട്ടോർ വാഹന വകുപ്പിൽ നിന്ന് വാഹനത്തിന് താൽക്കാലിക രജിസ്ട്രേഷൻ എടുത്തു. കാർ കേരളത്തിലേക്ക് കൊണ്ടുപോകുന്നതിന് അയാൾ ഡീലറുടെ ലോജിസ്റ്റിക് വിഭാഗത്തെ ഏല്പിക്കുകയും ചെയ്തു.

കാർ വാങ്ങിയ ആൾക്ക് ഡീലർ നൽകിയ ഇൻവോയ്സ് ഒരു ഐ ജി എസ് ടി ഇൻവോയ്സ് ആയിരുന്നു. സി ജി എസ് ടി, എസ് ജി എസ് ടി ചട്ടങ്ങളിലെ റൂൾ 59 അനുസരിച്ചാണ് ഡീലർ ഇപ്രകാരം ഐ ജി എസ് ടി ഇൻവോയ്സ് നൽകിയത്. ഇതനുസരിച്ചു രണ്ടര ലക്ഷം രൂപക്ക് മുകളിൽ വരുന്ന അന്തർ സംസ്ഥാന ഇടപാടുകൾക്ക് ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ഇൻവോയ്സിൽ നൽകേണ്ടതുണ്ട് - (ചട്ടം 59 (4) (a) (ii)) ഇതിന്റെ സാധുതയാണ് കേരള ഹൈക്കോടതി പരിശോധിച്ച ഈ കേസിലെ ഒരു പ്രധാന ചോദ്യമായി ഉയർന്നു വന്നത്.

കാറിന്റെ കടത്ത് ചെലവിന്റെ കാര്യത്തിൽ ഐ ജി എസ് ടി ഈടാക്കിയതിന് മറ്റൊരു ഇൻവോയ്സും ഡീലർ നൽകിയിരുന്നു. ജി എസ് ടി നിയമപ്രകാരം ഇത് ക്രമപ്രകാരമായതിനാൽ ഇക്കാര്യം ഹൈക്കോടതിയുടെ പരിഗണനയ്ക്ക് വിഷയമായിരുന്നില്ല.

**നിയമം ഉയർത്തുന്ന പ്രധാന ചോദ്യം**

കാർ ഡീലർ ഉപഭോക്താവിന് നൽകിയ ഐ ജി എസ് ടി ഇൻവോയ്സ് നിയമപരമായി സാധുതയുള്ള ഒന്നാണോ എന്നതാണ് ആ ചോദ്യം.

**കോടതിയുടെ കണ്ടെത്തൽ**

ഒരു സംസ്ഥാനത്ത് സ്ഥിരതാമസക്കാരനായ ഒരു വ്യക്തി മറ്റൊരു സംസ്ഥാനത്ത് നിന്ന് സ്വന്തം ഉപയോഗത്തിനായി ഒരു ഉത്പന്നം വാങ്ങിയാൽ ആ വ്യക്തി സാധനം ഏറ്റുവാങ്ങുന്നതോടെ ഇടപാട് പൂർണ്ണമാകുന്നു.

ഐ ജി എസ് ടി നിയമത്തിന്റെ 10 (1) (എ) വകുപ്പ് പ്രകാരം 'വിതരണക്കാരനോ സ്വീകർത്താവോ മറ്റാരെങ്കിലുമോ ഉൾപ്പെടുന്ന ഒരു ചരക്ക് നീക്കത്തിൽ ആ സാധനത്തിന്റെ വിതരണ സ്ഥലം എന്നത് അത് സ്ഥിതി ചെയ്യുന്ന ഇടമാകുന്നു. സ്വീകർത്താവിന് ഡെലിവറി നൽകുന്നതോടെ ചരക്കിന്റെ നീക്കം പൂർണ്ണമാകുന്നു.

മേൽപറഞ്ഞ കേസിൽ കാറിന്റെ വില്പന പുതുച്ചേരിയിൽ തന്നെ പൂർണ്ണമാകുന്നു എന്ന നിഗമനമാണ് കോടതിക്കുള്ളത്. കാരണം, കാർ വാങ്ങിയ രണ്ടാം കക്ഷി ജി എസ് ടി നിയമം അനുസരിച്ച് രജിസ്ട്രേഷൻ എടുക്കേണ്ട വ്യക്തിയല്ല എന്നതാണ്.

അന്തർ സംസ്ഥാന, സംസ്ഥാനതല വിതരണത്തെ കുറിച്ച് പ്രതിപാദിക്കുന്ന ഐ ജി എസ് ടി നിയമത്തിന്റെ ഏഴ്, എട്ട് വകുപ്പുകൾ, 2017 ലെ ഐ ജി എസ് ടി നിയമത്തിന്റെ പത്താം വകുപ്പിന് വിധേയമാണ്.

ഇതനുസരിച്ച് ഒരു ഇടപാട് പൂർണമായാൽ ചരക്ക് ഡെലിവറി നൽകുന്നത് ഒരു സംസ്ഥാനത്തിനകത്തെ ഇടപാട് മാത്രമാണ്. അത് സംസ്ഥാനത്തിനകത്തേക്കോ, പുറത്തേക്കോ കൊണ്ടുപോകുന്നുവെന്നത് പ്രസക്തമല്ല എന്നാണ് കോടതി വ്യക്തമാക്കിയത്. അതിനാൽ പിന്നീടുള്ള ചരക്കിന്റെ നീക്കം ഉപഭോക്താവിന്റെ അവകാശമാണ്. അതായത് പ്രസ്തുത ചരക്കിന്റെ ഇടപാട് പൂർണമായ ശേഷമുള്ള നീക്കത്തെ, തുടർന്നുള്ള വിതരണം എന്ന നിലയിൽ വ്യാഖ്യാനിക്കാൻ കഴിയില്ല എന്നാണ് കോടതി വ്യക്തമാക്കിയിട്ടുള്ളത്.

ഈ കേസിൽ ഐ ജി എസ് ടി നിയമത്തിന്റെ ഏഴ്, എട്ട് എന്നീ വകുപ്പുകൾ പത്താം വകുപ്പിന്റെ അടിസ്ഥാനത്തിൽ കോടതി പരിശോധിക്കുകയുണ്ടായി. ഐ ജി എസ് ടി നിയമത്തിന്റെ പത്താം വകുപ്പ്, ചരക്കുകളുടെ വിതരണത്തിന്റെ സ്ഥലത്തെ നിർണ്ണയിക്കുന്നു. ഇതേ നിയമത്തിന്റെ 7, 8, 10 എന്നീ വകുപ്പുകൾ വിതരണത്തിന്റെ രീതിയെ, അത് അന്തർ സംസ്ഥാന തലത്തിലുള്ളതാണോ, സംസ്ഥാനത്തിനകത്താണോ എന്നത് നിർണ്ണയിക്കുന്നു.

**അന്തർ സംസ്ഥാന വിതരണം Vs സംസ്ഥാനത്തിനകത്തെ വിതരണം**

ഒരു സാധനത്തിന്റെ വിതരണത്തെ , അത് സംസ്ഥാനത്തിനകത്തുള്ളതാകട്ടെ അന്തർ സംസ്ഥാനതലത്തിലാകട്ടെ, നിർണ്ണയിക്കുന്നത് ഐ ജി എസ് ടി നിയമത്തിന്റെ ഏഴ്, എട്ട് വകുപ്പുകളിലായാണ്. വിതരണത്തിന്റെ സ്ഥിതി വസ്തുതാപരമായ ഒരു പ്രശ്നമല്ല. മറിച്ച് അത് വസ്തുതാപരമായ ഒരു സാഹചര്യത്തിലെ നിയമത്തിന്റെ ഇടപെടലാണ്. ശരിയായ രീതിയിലുള്ള നികുതി നിർണയിക്കുന്നതിനുള്ള ഒരു ഉപാധിയാണ് ഇത്. അതുകൊണ്ട് ഏഴാം വകുപ്പാണ് അന്തർ സംസ്ഥാന വിതരണത്തെ നിർണയിക്കുന്നത്.

ഐ ജി എസ് ടി നിയമത്തിന്റെ ഏഴാം വകുപ്പാണ് അന്തർ സംസ്ഥാന വ്യാപാരവുമായി ബന്ധപ്പെട്ടിരിക്കുന്നത്. ഇതാകട്ടെ, പത്താം വകുപ്പിലെ വിവിധ നിർദ്ദേശങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. കാരണം, ഏഴാം വകുപ്പിന്റെ ഏതെങ്കിലും വിധത്തിലുള്ള വ്യഖ്യാനവും നടപ്പാക്കലും പത്താം വകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്ന സാധനങ്ങളുടെ വിതരണത്തിന്റെ സ്ഥലത്തിന് വിരുദ്ധമാകുന്ന രീതിയിലുള്ളതാകരുത്. വിതരണ സ്ഥലം എന്നത് ചരക്ക്, സേവന നികുതി നിർണ്ണയിക്കുന്നതിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്.

വിതരണം ചെയ്യുന്ന വ്യകതി ഒരു സംസ്ഥാനത്തും സ്വീകർത്താവ് മറ്റൊരു സംസ്ഥാനത്തുമാണെങ്കിൽ അത് ഒരു അന്തർ സംസ്ഥാന വ്യാപാരമാണ്. ഇവിടെ ഐ ജി എസ് ടി നിയമമാണ് ബാധകമാവുക.

ഈ നിയമത്തിന്റെ എട്ടാം വകുപ്പിൽ പറയുന്നത്, വിതരണക്കാരനും സ്വീകർ

ത്താവും ഒരേ സംസ്ഥാനത്ത് തന്നെയാണെങ്കിൽ അത് സംസ്ഥാനതല വ്യാപാരമാവുകയും അതിന് സി ജി എസ് ടി / എസ് ജി എസ് ടി നിയമങ്ങൾ ബാധകമാവുകയും ചെയ്യും. വിതരണം ചെയ്യുന്ന സ്ഥലം എന്നത് ഒരു നിയമപരമായ സംജ്ഞയാണ്. അതിനാൽ ഐ ജി എസ് ടി നിയമത്തിന്റെ പത്താം വകുപ്പിൽ ഇതിന് പറയുന്ന അർത്ഥം എല്ലാകാര്യങ്ങളിലും സ്വീകരിക്കേണ്ടതാണ്.

കെ യു എൻ മോട്ടോഴ്സിന്റെ കേസിൽ കോടതി വ്യക്തമാക്കിയത്, ഒരു ഇടപാടിന്റെ സ്വഭാവം, അത് അന്തർ സംസ്ഥാനമാണോ, സംസ്ഥാനത്തിനകത്തുള്ളതാണോ എന്ന് നിശ്ചയിക്കേണ്ടത് നിയമത്തിൽ പറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാകണം എന്നാണ്. അത് ഇടപാടിന്റെ ഉദ്ദേശം, പാർട്ടികൾ തമ്മിലുള്ള ധാരണ എന്നിവയുടെ അടിസ്ഥാനത്തിലുള്ളതാകരുത്.

അതായത് വിതരണ സ്ഥലം നിർണ്ണയിക്കുന്നതിലെ നിയമപരമായ നിലപാട് ചരക്കിന്റെ നീക്കം വിതരണവുമായി പൊരുത്തപ്പെടുന്നതാകണം എന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ വിതരണ സ്ഥലം എന്നത് ചരക്ക് സ്ഥിതി ചെയ്യുന്ന സ്ഥലമാണ്. വാങ്ങുന്നയാൾക്ക് ഡെലിവറി നല്കാൻ വിതരണക്കാരൻ അവസാനമായി ചരക്ക് എത്തിച്ചിരി ക്കുന്ന സ്ഥലം എന്ന് വിവക്ഷ. ചരക്ക് ഡെലി വറി നൽകുന്ന സ്ഥലമാണ് വിതരണ കേന്ദ്രവുമെന്ന് സാരം. ഇവിടെ 2017 ലെ ഐ ജി എസ് ടി നിയമത്തിലെ ഏഴ്, എട്ട് വകുപ്പുകളാണ് ബാധകമാവുക.

സംസ്ഥാനത്തിനകത്ത് വിതരണം പൂർത്തിയാകുന്ന ഒരു ഇടപാട് സംസ്ഥാനതല വിതരണമാണ് എന്നതാണ് കെ യു എൻ മോട്ടോഴ്സ് കേസിൽ കോടതിയുടെ നിലപാട്. അതിനാൽ ഇവിടെ സി ജി എസ് ടി, എസ് ജി എസ് ടി നിയമങ്ങളാണ് ബാധകമാവുക. ഈ കേസിൽ ഡീലർ നൽകിയ ഐ ജി എസ് ടി ഇൻവോയ്സ് നിയമപരമായി നിലനിൽക്കുന്ന ഒന്നല്ല. ജി എസ് ടി നിയമ പ്രകാരം ഡീലർക്ക് അത്തരത്തിലുള്ള നിയമപരമായ ബാധ്യത ഇല്ല.

2017 ലെ സി ജി എസ് ടി / ഐ ജി എസ് ടി ചട്ടങ്ങൾ പ്രകാരമുള്ള 59 (4) (a) (ii) ചട്ടമനുസരിച്ചാണ് ഡീലർ ഐ ജി എസ് ടി അനുസരിച്ചുള്ള ഇൻവോയ്സ് നൽകിയതെന്ന് അനുമാനിക്കാനാണ് കഴിയുക. രണ്ടര ലക്ഷം രൂപക്ക് മുകളിൽ വരുന്ന രജിസ്റ്റർ ചെയ്യാത്ത വ്യക്തിയുമായി നടത്തുന്ന അന്തർ സംസ്ഥാന ഇടപാടുകൾക്ക് വിശദമായ വിവരങ്ങൾ അടങ്ങുന്ന ഇൻവോയ്സ് നൽകണമെന്നാണ് വ്യവസ്ഥ (ജി എസ് ടി ആർ ഫോം 1 – പുറമേക്കുള്ള വിതരണം).

അന്തർ സംസ്ഥാന ഇടപാടുകളിൽ ജി എസ് ടി നിയമം നിലവിൽ വരുന്നതിന് മുൻപുള്ള നിയമങ്ങൾ പ്രകാരമാണ് ഇത്തരത്തിലുള്ള കൂടുതൽ കേസുകളിലും തീർപ്പ് കല്പിക്കപെടുന്നത്. ജി എസ് ടി നിയമത്തിൽ ഇതിനായി പ്രത്യേകമായ വകുപ്പുകൾ ഇല്ലാതെ പോയതാണ് ഇതിന് കാരണം.

മറ്റൊരു കേസാണ് ടി ബാപ്പുട്ടി Vs കേരള സർക്കാർ (1961) 12 എസ് ടി സി 722 (Ker) എന്നത്. അന്തർ സംസ്ഥാന ചരക്ക് നീക്കം എന്നത് സാധനത്തിന്റെ വിൽപ്പനയുമായി ബന്ധപെട്ടതാകണം എന്നാണ് ഈ കേസിൽ കോടതി നിരീക്ഷിച്ചത്. ചരക്കിന്റെ പിന്നീടുള്ള നീക്കവുമായി ബന്ധപെട്ടതാകരുത്. ചരക്കിന്റെ ഉടമസ്ഥൻ കൂടുതൽ ആസ്വാദനത്തിനായി അത് സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോവുകയാണെങ്കിൽ അത്തരം നീക്കത്തെ വ്യാപാരത്തിനു വേണ്ടി എന്ന് വിലയിരുത്താൻ കഴിയില്ല. അതുകൊണ്ട് തന്നെ അത് ഒരു അന്തർ സംസ്ഥാന വ്യാപാരമല്ല.

ഒരു വ്യാപാരി തന്റേത് സംസ്ഥാനത്തിനകത്തെ വ്യാപരമാണ് എന്ന് വാദിച്ചാൽ അതല്ല എന്ന് തെളിയിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിന്റേതാണ്. (വിൽപ്പന

നികുതി കമ്മീഷണർ Vs സുരേഷ് ചന്ദ് ജെയിൻ (1988) 70 എസ് ടി സി 45 (എസ് സി); 1988 എ ഐ ആർ 1197).

ഒരു വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ ചരക്ക് വാങ്ങിയ ആൾ അത് സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നുവെന്ന് കരുതുക. അത് അന്തർ സംസ്ഥാന വിൽപ്പന യാണ്. (ബീഹാർ സംസ്ഥാനം Vs ടാറ്റ എഞ്ചിനീറിംഗ് ആൻഡ് ലോക്കൊമൊട്ടീവ് കമ്പനി ലിമിറ്റഡ് (1971) 27 എസ് ടി സി 127 (SC).

വിൽപ്പന കരാറിന്റെ ഭാഗമല്ലാതെ വാങ്ങിയ ആൾ സംസ്ഥാനത്തിന് പുറത്ത് ചരക്ക് ഡെലിവറി എടുത്താൽ അത് സംസ്ഥാനതല വ്യാപാരമാണ്. കൊമേർഷ്യൽ ടാക്സ് ഓഫിസർ Vs പൊദ്ദാർ സ്പിന്നിംഗ് മിൽസ് (1987) 67 എസ് ടി സി 359 (Raj).

ചരക്ക് വാങ്ങിയ ആൾ അന്യസംസ്ഥാനത്ത് നിന്നുള്ള വ്യക്തിയാണ് എന്നതും ചരക്ക് സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോയി എന്നതും അന്തർ സംസ്ഥാന വ്യാപാരം എന്ന് വിവക്ഷിക്കാൻ പര്യാപ്തമായ ഒന്നല്ല. (വിൽപ്പന നികുതി കമ്മീഷണർ Vs പൊദ്ദാർ സ്പിന്നിംഗ് മിൽസ് (1987) 67 എസ് ടി സി 359 (Raj).

എക്സ് എന്ന സംസ്ഥാനത്തെ ഒരു വ്യാപാരി, അല്ലെങ്കിൽ ഉല്പാദകൻ വില്പനക്കോ അല്ലെങ്കിൽ ഉല്പാദനത്തിനോ വേണ്ടി അതേ സംസ്ഥാനത്ത് നിന്ന് തന്നെ വൈ എന്ന സംസ്ഥാനത്ത് നിന്ന് വരുന്ന ഒരു ഉത്പന്നം വാങ്ങുന്നുവെന്ന് കരുതുക. ഇത് അയാൾ എക്സ് എന്ന സംസ്ഥാനത്ത് തന്നെയുള്ള തന്റെ വില്പന/ ഉത്പാദന കേന്ദ്രത്തിലേക്ക് മാറ്റുമ്പോൾ ചരക്കിന്റെ നീക്കം ഉടലെടുക്കുന്നു. ഈ കേസിൽ വില്പനയുടെ പ്രാരംഭം വൈ എന്ന സംസ്ഥാനത്താണ്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്യപ്പെടുന്നത് എക്സ് എന്ന സംസ്ഥാനത്താണ്. അതുകൊണ്ട് ചരക്കിന്റെ നീക്കം വൈ എന്ന സംസ്ഥാനത്ത് നിന്നും എക്സ് എന്ന സംസ്ഥാനത്തേക്കാണ്. ചരക്ക് നീക്കത്തിന്റ ഉത്തരവാദിത്വം വില്പന ക്കാരനോ, വാങ്ങുന്നവനോ ആകാം. ഇത് ഒരു അന്തർ സംസ്ഥാന വിതരണമാണ്.

എന്നാൽ എക്സ് എന്ന സംസ്ഥാനത്ത് താമസിക്കുന്ന ഒരു വ്യക്തി വൈ എന്ന സംസ്ഥാനത്തേക്ക് പോവുകയും സ്വന്തം ഉപയോഗത്തിനായി ഒരു സാധനം വാങ്ങുന്നുവെന്ന് കരുതുക. ഇവിടെ വാങ്ങുന്നയാൾ ആ ഉത്പന്നം ഏറ്റെടുക്കുന്നതോടെ ചരക്കിന്റെ നീക്കം സമാപ്ത്തീകരിക്കപ്പെടുകയാണ്. വില്പനയുടെ ഭാഗമായുള്ള ചരക്ക് നീക്കം അവസാനിക്കുകയും ഡെലിവറി നടക്കുകയും ചെയ്യുന്നു. ഇത് വൈ എന്ന സംസ്ഥാനത്തിന് അകത്തെക്കോ പുറത്തേക്കോ എന്നത് പ്രശ്നമല്ല. ഇക്കാര്യം വാങ്ങുന്നയാളുടെ ഉത്തരവാദിത്വമാണ്. ഐ ജി എസ് ടി നിയമത്തിന്റെ 10 (1) (സി) വകുപ്പിൽ പ്രതിപാദിക്കുന്ന ഒരു സാഹചര്യമാണ് ഇത്. അത് ഇപ്രകാരം പറയുന്നു - വിതരണം എന്നതിൽ ചരക്കിന്റെ നീക്കം ഉൾപെടാതിരിക്കുമ്പോൾ അത്തരം ഉല്പന്നത്തിന്റെ കാര്യത്തിൽ ഡെലിവറി സമയത്തെ കേന്ദ്രമേതോ അതാണ് വിൽപ്പന സ്ഥലം.

വിവിധ കോടതികൾ ധനപരമായ നിയമങ്ങളുടെ കാര്യത്തിൽ നൽകിയിട്ടുള്ള വ്യാഖ്യാനങ്ങളുടെ അടിസ്ഥാനത്തിൽ പറയുന്നത്, നിയമത്തിന്റെ സ്പിരിറ്റിനല്ല, മറിച്ച് അതിലെ വാക്കുകൾക്ക് തന്നെയാണ് പ്രാധാന്യം നൽകേണ്ടത് എന്നാണ്. വാക്കുകൾക്ക് അസ്വാഭാവികവും വലിച്ചു നീട്ടിയുമുള്ള വാഖ്യാനങ്ങൾ നൽകുക എന്നതല്ല കോടതികളുടെ ചുമതല. നിയമത്തിന്റെ കർശനമായ പരിധിയിൽ വരുന്ന കാര്യമാണ് എന്ന് സർക്കാർ കോടതിയെ ശരിയാംവണ്ണം ബോധ്യപെടുത്തുന്നതായാൽ മാത്രമേ നികുതി ഈടാക്കാൻ കഴിയൂ. ഫിസ്കൽ (ധനപരമായ) നിയമങ്ങൾ

ശരിയായ വിധത്തിൽ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ കഴിയണം. അതിലെ വാക്കുകൾ നികുതി ദായകർക്ക് തങ്ങൾ നികുതി നല്കാൻ ബാധ്യസ്ഥരാണ് എന്ന് കൃത്യമായി തന്നെ ബോധ്യപെടുത്തുന്നതാകണം. നിയമത്തിൽ പഴുതുകളുണ്ടെങ്കിൽ അത് അടയ്ക്കലല്ല കോടതിയുടെ ചുമതല. ഇത്തരം കാര്യങ്ങളിൽ അവ്യക്തത പരിഹരിക്കാൻ മുന്നിട്ടിറങ്ങേണ്ടത് നിയമ നിർമ്മാണ സഭകൾ തന്നെയാണ്.

നികുതി സംബന്ധമായ നിയമങ്ങൾ കൃത്യമായി വ്യാഖ്യാനിക്കാൻ കഴിയുന്ന ഒന്നായിരിക്കണം എന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇവിടെ വാക്കുകളാണ് കോടതികൾ കാര്യമായി പരിഗണിക്കേണ്ടത്. നിയമത്തിലെ വാക്കുകളാൽ കൃത്യമായി നിർവചിക്കപ്പെടാതെ ഒരു നികുതിയും ഈടാക്കാൻ പാടുള്ളതല്ല.

2017 ലെ സി ജി എസ് ടി / എസ് ജി എസ് ടി ചട്ടങ്ങളിലെ ചട്ടം 59 (2) (എ) (ii), 2017 ലെ ഐ ജി എസ് ടി നിയമത്തിന്റെ പത്താം വകുപ്പിന് കടകവിരുദ്ധമാണ്.

മുകളിൽ പറഞ്ഞ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ 2017 ലെ സി ജി എസ് ടി / എസ് ജി എസ് ടി ചട്ടങ്ങളിലെ ചട്ടം 59 (2) (എ) (ii) 2017 ലെ ഐ ജി എസ് ടി നിയമത്തിന്റെ പത്താം വകുപ്പിന് കടകവിരുദ്ധമാണെന്ന് കാണാൻ കഴിയും. വിതരണം ചെയ്യുന്ന സംസ്ഥാനത്തിനകത്ത് തന്നെ ഡെലിവറി പൂർണ്ണമാകുന്നു എന്ന് കരുതുക. രജിസ്റ്റർ ചെയ്യാത്ത ഒരു വ്യക്തിയുമായി നടത്തുന്ന ഇടപാടിൽ ഇൻവോയ്സ് 2.5 ലക്ഷം രൂപക്ക് മുകളിലാണെന്നും കരുതുക. അങ്ങനെയെങ്കിൽ അതിനെ ഒരു അന്തർ സംസ്ഥാന വ്യാപാരമായി കണക്കാക്കി ഐ ജി എസ് ടി ഇൻവോയ്സ് നല്കാൻ വിതരണക്കാരൻ നിർബന്ധിതനാകുന്നു. അതായത് ജി എസ് ടി ആർ -1 ഫോമിൽ ഐ ജി എസ് ടി ഇൻവോയ്സ്തന്നെ ഈ കേസിൽ നൽകേണ്ടി വരുന്നു. എന്നാൽ ഐ ജി എസ് ടി നിയമത്തിലെ സെക്ഷൻ 10 (1) (എ) പ്രകാരം ഇത് ഒരു സംസ്ഥാനതല ഇടപാട് മാത്രമാണ്. അതുകൊണ്ടാണ് കെ യു എൻ മോട്ടോഴ്സിന്റെ കേസിൽ അത് ഒരു സംസ്ഥാനതല വ്യാപാരമാണ് എന്ന് കോടതി തീർപ്പ് കൽപ്പിച്ചത്.

ഇത്തരത്തിലുള്ള അവ്യക്തത കോടതി വ്യവഹാരങ്ങൾക്ക് വഴിയൊരുക്കുകയും നികുതി ലഭിക്കേണ്ട സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടവും ഉണ്ടാക്കുന്നു. ഇതിനായി ഐ ജി എസ് ടി നിയമത്തിലെ പത്താം വകുപ്പിൽ ഭേദഗതി വരുത്താവുന്നതാണ്. ഇതിനായി ഒരു ഭാഗം ഈ വകുപ്പിൽ പ്രത്യേകം കൂട്ടിച്ചേർക്കുകയാണ് വേണ്ടത്. വിതരണം നടന്ന സംസ്ഥാനത്തിന് പുറത്ത്, ഇൻവോയ്സിൽ മറ്റൊരു സംസ്ഥാനത്തെ മേൽവിലാസത്തിൽ ഒരു വ്യക്തി സാധനം വാങ്ങുമ്പോൾ വിതരണം അതേ സംസ്ഥാനത്തിനകത്ത് പൂർണ്ണമായാൽ പോലും അതിനെ അന്തർ സംസ്ഥാന വിൽപ്പനയായി പരിഗണിക്കണം.

ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം സി ജി എസ് ടി, എസ് ജി എസ് ടി , ഐ ജി എസ് ടി നിയമങ്ങളൊന്നും രജിസ്റ്റർ ചെയ്യാത്ത ഒരു ഉപഭോക്താവിന് ഐ ജി എസ് ടി ഇൻവോയ്സ് നൽകുന്നതിനെ വിലക്കുന്നില്ല എന്നതാണ്. 2017 ലെ സി ജി എസ് ടി /എസ് ജി എസ് ടി നിയമങ്ങളിലെ 59 (2) (എ) (ii) ചട്ടത്തിൽ പറയുന്ന നിബന്ധനകളാണ് മുകളിൽ പറഞ്ഞ കേസിൽ ഐ ജി എസ് ടി ഇൻവോയ്സ് നല്കാൻ ഡീലറെ നിർബന്ധിതമാക്കിയത്. ഇതനുസരിച്ച് അന്തർ സംസ്ഥാന വിതരണത്തിൽ വിശദമായ ഇൻവോയ്സ് നൽകുന്നതിന് അയാൾക്ക് ബാധ്യതയുണ്ട്. വിൽപ്പന രണ്ടര ലക്ഷം രൂപക്ക് മുകളിലും രജിസ്റ്റർ ചെയ്യാത്ത വ്യക്തിക്കുമാകുമ്പോൾ ഇത് നിർബന്ധവുമാണ്.

**രത്നച്ചുരുക്കം**

കാര്യങ്ങൾ ഇങ്ങനെയായിരിക്കെ കെ യു എൻ മോട്ടോർസ് Vs കേരള സർക്കാർ എന്ന കേസിലെ കേരള ഹൈക്കോടതി ഉത്തരവ്, സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും തമ്മിലുള്ള കേസുകളുടെ തള്ളിക്കയറ്റത്തിന് വഴിയൊരുക്കുന്നതാണ്. ജി എസ് ടി എന്നത് ഒരു ഡെസ്റ്റിനേഷൻ കേന്ദ്രീകൃത നികുതി യതിനാൽ സംസ്ഥാനങ്ങൾക്ക് സംഭവിക്കുന്ന വരുമാന നഷ്ടമാണ് ഇതിന് പിന്നിൽ. അതുകൊണ്ട് 2017 ലെ ഐ ജി എസ് ടി നിയമത്തിലെ പത്താം വകുപ്പിൽ ഇതിനാവശ്യമായ ഭേദഗതി കൊണ്ടുവരുന്നതിന് നിയമനിർമ്മാണ സഭകളിലെ അംഗങ്ങൾ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ഇതിനായി 'രജിസ്റ്റർ ചെയ്യാത്ത ഒരു വ്യക്തിക്ക് വിൽപ്പന നടത്തുമ്പോൾ ഇൻവോയ്സിലെ മേൽവിലാസം മറ്റൊരു സംസ്ഥാനത്തേതാണെങ്കിൽ അതിനെ അന്തർ സംസ്ഥാന വ്യാപാരമായി കണക്കാക്കണം' എന്ന ഭാഗം പ്രസ്തുത വകുപ്പിൽ ഉൾപ്പെടുത്താവുന്നതാണ്.

■

(ഗിഫ്റ്റിലെ അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക)

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

# ജി എസ് ടി വരുമാനത്തിലെ കേരളത്തിന്റെ പ്രകടനം : ഒരു താരതമ്യ പഠനം

സന്തോഷ് കുമാർ ഡാഷ്, കിരൺകുമാർ കക്കർലപുടി

## ആമുഖം

ഒരു ദശകക്കാലം നീണ്ടുനിന്ന ചർച്ചകൾക്ക് ശേഷം 2017 ജൂലൈ ഒന്നിന് ഇന്ത്യ മൂല്യവർധിത നികുതി (വാറ്റ്) സമ്പ്രദായത്തിൽ നിന്ന് ചരക്ക് സേവന നികുതി (ജി എസ് ടി) സമ്പ്രദായത്തിലേക്ക് മാറി. സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള ഏറ്റവും ശ്രദ്ധേയമായ നികുതി പരിഷ്കരണമായിരുന്നു ഇത്. കേന്ദ്രതലത്തിലും സംസ്ഥാനതലങ്ങളിലും നിലനിന്നിരുന്ന ബഹുവിധ നികുതികൾ ലയിപ്പിച്ച് കൂടുതൽ ലളിതമായ ഒരു ദേശീയ നികുതി ഘടന ആവിഷ്കരിക്കുകയായിരുന്നു ഇതുവഴി ചെയ്തത്. 'ഒരു രാജ്യം, ഒരു വിപണി, ഒരു നികുതി' എന്ന അടിസ്ഥാനത്തിലുള്ള ഈ മാറ്റം ഇന്ത്യയുടെ ഫെഡറൽ സഹകരണ രീതിക്കും സാമ്പത്തിക ഫെഡറലിസത്തിനും ഒരു മുതൽകൂട്ടായാണ് പരിഗണിക്കപ്പെട്ടത്. നിലവിലുണ്ടായിരുന്ന വാറ്റ് സമ്പ്രദായത്തിന്റെ ഒരു മെച്ചപ്പെട്ട രൂപം എന്ന നിലയിൽ ഇത് സംസ്ഥാനങ്ങളുടെ നികുതി വരുമാനം ഉയർത്തുന്ന കാര്യത്തിലും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിലും വിലകൾ കുറയുന്നതിനും അന്തർ സംസ്ഥാന വ്യാപാരം ഉയരുന്നതിനും കാരണമാകുമെന്നും, അതുവഴി സാമ്പത്തിക രംഗം കൂടുതൽ ചലനാത്മകമാകുമെന്നും പൊതുവെ പ്രതീക്ഷിച്ചിരുന്നു. നികുതി നിരക്കുകളുടെ ഏകീകരണം കൊണ്ടും അന്തർ സംസ്ഥാന വ്യാപാരതോത് ഉയരുകയും ചെയ്യുന്നത് വഴിയായും സംസ്ഥാനങ്ങൾക്കിടയിലെ സാമ്പത്തിക അസമത്വം കുറയുന്നതിനും ജി എസ് ടി ഇടയാക്കുമെന്നും വിലയിരുത്തപ്പെട്ടിരുന്നു. ഇത്തരം ശുഭപ്രതീക്ഷകൾ പൊതുവിൽ പങ്ക് വച്ചിരുന്നുവെങ്കിലും ജി എസ് ടിയിലേക്കുള്ള പരിണാമത്തിൽ ഉണ്ടാകാവുന്ന വെല്ലുവിളികളെ കുറിച്ച് സാമ്പത്തിക വിദഗ്ധരും പണ്ഡിതരും മുന്നറിയിപ്പ് നൽകിയിരുന്നു. ഉല്പാദന കേന്ദ്രങ്ങളെ ആധാരമാക്കിയുള്ള വാറ്റ് നികുതി സമ്പ്രദായത്തിൽ നിന്നും ഉപഭോക്തൃ കേന്ദ്രീകൃതമായ ജി എസ് ടി സമ്പ്രദായത്തിലേക്കുള്ള മാറ്റം എല്ലാ സംസ്ഥാനങ്ങൾക്കും ഒരു പോലെ നേട്ടമുണ്ടാക്കുന്നതല്ല. ജി എസ് ടി നടപ്പാക്കുന്നവേളയിൽ ഉല്പാദന സംസ്ഥാനങ്ങളും ഉപഭോക്തൃ സംസ്ഥാനങ്ങളും തമ്മിൽ നികുതി നിരക്കുകളുടെ കാര്യത്തിൽ വലിയ അന്തരം നിലനിന്നിരുന്നു. ഇത് ഉല്പാദന സംസ്ഥാനങ്ങളിൽ പുതിയ നിക്ഷേപങ്ങൾ വരുന്നതിന് പ്രചോദനം നല്കുന്നതല്ലെന്ന് മോറിസ് (2019) അഭിപ്രായപ്പെട്ടിരുന്നു. പല തട്ടുകളായുള്ള നികുതി നിരക്ക് ഘടനയും ഒപ്പം ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും തരംതിരിവിൽ ഉണ്ടാകുന്ന സങ്കീർണതകളും നികുതിയൊഴിവിനും അഴിമതിക്കും വഴിവയ്ക്കും. വിവരസാങ്കേതിക അടിത്തറയിലെ പ്രശ്നങ്ങൾ, വിവിധ നിരക്കുകൾക്കനുസരിച്ച് ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും തരംതിരിവിൽ ഉടലെടുക്കാവുന്ന പ്രശ്നങ്ങൾ,

ഇത് നടപ്പാക്കുന്നതിനുവേണ്ടി വരുന്ന ഉയർന്ന ചെലവുകൾ തുടങ്ങിയ പ്രശ്ങ്ങൾ ജി എസ് ടി യുടെ നേട്ടങ്ങളെ കുറയ്ക്കുമെന്ന് വിലയിരുത്തലുണ്ടായി (ബാനർജി, പ്രസാദ് -2017, കുമാർ -2019, റാവു-2019).

ജി എസ് ടിയുടെ കാര്യത്തിൽ സംസ്ഥാനങ്ങളുടെ പ്രകടനം സംബന്ധിച്ച പരിമിതമായ വിവരങ്ങൾ മാത്രമാണ് നിലവിൽ ലഭ്യമായുള്ളത്. അനിതകുമാരി, മാത്യു (2019) എന്നിവർ നടത്തിയ പഠനമനുസരിച്ച് ഈ രണ്ടു നികുതി സമ്പ്രദായങ്ങളിലും സംസ്ഥാനങ്ങളുടെ റാങ്കിങ്ങ് ഒരു പോലെയല്ല എന്ന് വ്യക്തമാകുന്നുണ്ട്. കേരളത്തിന്റെ കാര്യം പ്രത്യേകം എടുത്തു കാണിക്കാവുന്ന ഉദാഹരണമാണ്. വാറ്റ് സമ്പ്രദായത്തിൽ ഉയർന്ന റാങ്കിങ്ങ് ഉണ്ടായിരുന്നു കേരളം, ജി എസ് ടി വന്നപ്പോൾ പിന്നോട്ട് പോവുകയായിരുന്നു. പല സംസ്ഥാനങ്ങൾക്കും സംസ്ഥാന ജി എസ് ടി വരുമാനത്തിൽ (എസ് ജി എസ് ടി) പ്രതീക്ഷിച്ച വരുമാന വളർച്ച നേടാൻ കഴിഞ്ഞിട്ടില്ല. (മുഖർജി -2020). ധാതുക്കളുടെ കാര്യത്തിൽ സമ്പുഷ്ടമായ ജാർഖണ്ഡ്, ഒഡിഷ, ഛത്തീസ്ഗഢ്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളുടെ കാര്യത്തിൽ വരുമാന നഷ്ടം സംഭവിക്കുകയുണ്ടായി. ഈ സംസ്ഥാനങ്ങളിൽ ഉല്പാദന പ്രവർത്തനങ്ങളിൽ നിന്നുള്ള മൂല്യവർധന അതാത് സംസ്ഥാനങ്ങളിൽ മാത്രം ഒതുങ്ങി നിന്നില്ല. ഈ പശ്ചാത്തലത്തിൽ രണ്ടു കാര്യങ്ങളെയാണ് ഈ പഠനം വിശകലനം ചെയ്യുന്നത്. അന്തർ സംസ്ഥാന റവന്യു വരുമാനത്തിലെ പ്രവണതയാണ് ഒന്നാമത്തേത്. ജി എസ് ടി വരുമാനം നിർണ്ണയിക്കുന്ന ഘടകങ്ങളാണ് അടുത്തത്.

## 2. വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള സമീപനം

2017-18 മുതൽ 2020-21 വരെയുള്ള കാലഘട്ടത്തിലെ 21 സംസ്ഥാനങ്ങളുടെ വിവരങ്ങളാണ് ഇവിടെ വിശകലനം ചെയ്യുന്നത്. വിവിധ സ്രോതസ്സുകളിൽ നിന്നാണ് ഇതിനാവശ്യമായ വിവരങ്ങൾ ലഭ്യമായത്. ജി എസ് ടി വരുമാനം, റിട്ടേൺ ഫയൽ ചെയ്തതിന്റെ വിവരങ്ങൾ തുടങ്ങിയവ ജി എസ് ടി പോർട്ടലിൽ നിന്നാണ് ലഭിച്ചത്. ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്കിലി (ഇ പി ഡബ്ള്യു), ആർ എഫ് ഇന്ത്യ ടൈം സീരീസ് ഡേറ്റ ബേസിൽ നിന്നാണ് സംസ്ഥാന ആഭ്യന്തര ഉത്പാദനം (എസ് ഡി), പ്രതിശീർഷ വരുമാനം, മേഖല തിരിച്ചുള്ള വിവരങ്ങൾ, ജനസംഖ്യ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചത്. ഗ്രാമീണ, നഗര മേഖലകളിലെ ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ സെൻസസ് ഓഫ് ഇന്ത്യയുടെ പ്രൊജക്ഷൻ ഡേറ്റയിൽ നിന്നാണ് എടുത്തിരിക്കുന്നത്. മൊത്തം ഉപഭോഗ ചെലവിൽ ഭക്ഷ്യവസ്തുക്കൾക്കുള്ള ചെലവ് കണക്കാക്കുന്നതിന് എൻ എസ് എസിന്റെ കുടുംബ ഉപഭോഗ സർവേയുടെ അറുപത്തിയെട്ടാം റൗണ്ടിലെ വിവരങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. അസംഘടിത മേഖലയിലെ തൊഴിൽ സംബന്ധിച്ച വിവരങ്ങൾ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ റിപ്പോർട്ടുകളിൽ നിന്നാണ് എടുത്തിരിക്കുന്നത്. 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' സൂചിക സംബന്ധിച്ച വിശകലനത്തിന് ആശ്രയിച്ചരിക്കുന്നത് ഡിപ്പാർട്ടമെന്റ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ പോളിസിയുടെ (ഡി ഐ പി പി) വിവരങ്ങളെയാണ്.

## 3. ജി എസ് ടി വരുമാനത്തിലെ പ്രകടനം

ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ തമ്മിൽ വലിയ തോതിലുള്ള അന്തരം പ്രകടമാണ്. താരതമ്യേന വികസിത സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ഗോവ, ഡൽഹി, കർണ്ണാടക, തമിഴ്നാട്, ഹരിയാന, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ജി എസ് ഡി പി യിലെ നല്ലൊരു പങ്ക് ജി എസ് ടി യാണ്. വികസനം കുറവായ സംസ്ഥാനങ്ങളായ മധ്യപ്രദേശ്,

***വികസന രംഗത്ത് താരതമ്യേന മുന്നിട്ട് നിൽക്കുന്ന സംസ്ഥാനങ്ങളായ മഹാരാഷ്ട്ര, ഡൽഹി , ഗോവ, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളുടെ ജി എസ്ടി -ജി എസ് ഡി പി അനുപാതം വികസനത്തിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളേക്കാൾ കൂടുതലാണെന്ന് കാണാം.***




ബീഹാർ, ഒഡിഷ, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് കുറവായാണ് കാണുന്നത് (രേഖാചിത്രം -1). ജി എസ് ടി വരുമാനത്തിന്റെ കാര്യത്തിൽ മികച്ച പ്രകടനം കാഴ്ച വച്ച സംസ്ഥാനങ്ങൾ വാറ്റ് ഘട്ടത്തിലെ തങ്ങളുടെ മിന്നുന്ന പ്രകടനം മുന്നോട്ട് കൊണ്ടു പോയതായി കാണാം. ഉയർന്ന ജി എസ് ടി -ജി എസ് ഡി പി അനുപാതം രേഖപ്പെടുത്തിയ ഉത്തർപ്രദേശ് മാത്രമാണ് ഇതിന് ഒരു അപവാദമായുള്ളത്.

കൗതുകകരമായ കാര്യം കർണ്ണാടക, ഗുജറാത്ത്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഒഴിച്ച് നിർത്തിയാൽ താരതമ്യേന ഉയർന്ന ജി എസ് ടി-ജി എസ് ഡി പി അനുപാതം രേഖപ്പെടുത്തിയിട്ടുള്ള ബാക്കിയുള്ള സംസ്ഥാനങ്ങൾ 2019-20 ൽ 2017-18 നെ അപേക്ഷിച്ച് കുറയുന്ന പ്രവണത രേഖപ്പെടുത്തിയതായി കാണാം. ഉദാഹരണത്തിന് കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ ജി എസ് ടി-ജി എസ് ഡി പി അനുപാതം 2.4 ശതമാനത്തിൽ നിന്ന് യഥാക്രമം 2.2 ശതമാനമായും 2.1 ശതമാനമായും കുറഞ്ഞതായി കാണാം. എന്നാൽ കുറഞ്ഞ വരുമാനമുള്ള സംസ്ഥാനങ്ങൾ ഈ കാലഘട്ടത്തിൽ ജി എസ് ടി -ജി എസ് ഡി പി അനുപാതത്തിൽ വളർച്ച രേഖപ്പെടുത്തി

***വികസിത സംസ്ഥാനങ്ങളുടെ കാര്യത്തിൽ ജി എസ് ടി - ജി എസ് ഡി പി അനുപാതം കുറയുന്ന പ്രവണത പ്രകടമാക്കിയപ്പോൾ വികസനം താരതമ്യേന കുറഞ്ഞ സംസ്ഥാനങ്ങളുടെ കാര്യത്തിൽ നേരെ തിരിച്ചാണ് സംഭവിച്ചത്.***

***2017-2019 ഘട്ടത്തിൽ ജി എസ് ടി വരുമാനക്കാര്യത്തിൽ ഏറ്റവും കുറഞ്ഞ രണ്ടാമത്തെ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയ സംസ്ഥാനം കേരളമാണ് .***

Figure 2: GST Growth Rate 2017-18 to 2019-20 (in%)




യതായും കാണാം. ജാർഖണ്ഡ്, ഒഡിഷ, ബീഹാർ എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ചും. (രേഖാചിത്രം -1)

2017-18 നും 2019-20 നും ഇടയ്ക്കുള്ള ഘട്ടത്തിലെ ജി എസ് ടി വരുമാന വർധന കണക്കിൽ നിന്ന് ഇത് കൂടുതൽ വ്യക്തമാകുന്നുണ്ട്. കേരളം, ഡൽഹി എന്നീ സംസ്ഥാനങ്ങളാണ് ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. തമിഴ്നാട്, ഗുജറാത്ത്, മഹാരാഷ്ട്ര, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളാണ് തുടർന്ന് വരുന്നത്. വളർച്ചാ നിരക്കിൽ ബിഹാറാണ് മുൻനിരയിൽ. ജാർഖണ്ഡ്, ഒഡിഷ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾ തുടർന്ന് വരുന്നു (രേഖാചിത്രം -2). ഈ സംസ്ഥാനങ്ങളിലെ ജി എസ് ടി വരുമാനം 14 ശതമാനമെന്ന വരുമാന സംരക്ഷണ പരിധിക്ക് മുകളിലാണെന്ന് കാണാം. അതായത്, വളർച്ച കുറവായ സംസ്ഥാനങ്ങൾക്ക് ജി എസ് ടി നഷ്ടപരിഹാരത്തെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നു എന്ന് സാരം. (രേഖാചിത്രം -2)

### 4. ജി എസ് ടി വരുമാനത്തെ സ്വാധീനിച്ച ഘടകങ്ങൾ

സംസ്ഥാനങ്ങൾ തമ്മിലുള്ള വരുമാന അന്തരം കുറയ്ക്കുക എന്നതായിരുന്നു ജി എസ് ടിയുടെ ഒരു പ്രധാന ലക്ഷ്യമെങ്കിലും ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ വിടവ് നിലനിൽക്കുന്നതായി ഒന്നാമത്തെ രേഖാചിത്രം വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് ജി എസ് ടി വരുമാനത്തെ സ്വാധീനിക്കുന്ന മുഖ്യഘടകങ്ങളെയാണ് ഈ ലേഖനം വിശകലനം ചെയ്യുന്നത്. 'പാനൽ ഡേറ്റ റിഗ്രഷൻ മോഡൽ' എന്ന സങ്കേതമാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. സാമ്പത്തിക വികസനം, വിവിധ മേഖലകളുടെ ഘടന, നഗരവൽകരണം, അഴിമതി, ഭരണപരമായ മികവ് തുടങ്ങിയ ഘടനാപരമായ കാര്യങ്ങൾ

***നികുതി നിയമങ്ങളുടെ പാലനം, സേവന മേഖലയുടെ പങ്കാളിത്തം, നഗരവൽകരണം, 'ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്', ഉപഭോക്തൃ സംസ്ഥാനം എന്നിവ ജി എസ് ടി വരുമാനത്തെ പോസിറ്റീവായി സ്വാധീനിക്കുന്നു. അസംഘടിത മേഖലയുടെ ആധിക്യം, ഭക്ഷ്യ ഉപഭോഗം, പ്രതിശീർഷ വരുമാനം എന്നിവ നെഗറ്റീവായും സ്വാധീനം ചെലുത്തുന്നു.***




നികുതി വരുമാനത്തെ സ്വാധീനിക്കുന്നതായി രാജ്യാന്തര തലത്തിലും സംസ്ഥാന തലങ്ങളിലുമുള്ള പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ജി എസ് ടി സമ്പ്രദായത്തിന്റെ സവിശേഷതകൾ പരിഗണിക്കുമ്പോൾ ഈ പഠനം ആധാരമാക്കുന്നത് മൂന്ന് പ്രധാന തൂണുകളെയാണ്. ഒന്ന്, ചട്ടങ്ങൾ പാലിക്കുന്നതിലെ നിരക്കാണ് ജി എസ് ടി അനുബന്ധമായ ഘടകങ്ങളെ പ്രതിനിധീകരിക്കുന്നത്. രജിസ്റ്റർ ചെയ്ത മൊത്തം വ്യാപാരികളുടെ കൂട്ടത്തിൽ നിശ്ചിത സമയത്തിനുള്ളിൽ റിട്ടേൺ ഫയൽ ചെയ്യുന്നവരുടെ എണ്ണത്തിന്റെ അടിസ്ഥാന ത്തിലാണ് ഇത് കണക്കാക്കുന്നത്. അതായത്, റിട്ടേൺ ഫയൽ ചെയ്യുന്നത് പാലിക്കുന്നവരുടെ തോത് കൂടുതലുള്ള സംസ്ഥാനങ്ങളിൽ കുറവുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് വരുമാനം കൂടുതലായിരിക്കുമെന്ന അനുമാനത്തിലേക്ക് ഇത് നയിക്കുന്നു.

ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം അളക്കുന്നതിനുള്ള പ്രധാന ഘടകങ്ങൾ പ്രതിശീർഷ വരുമാനം, വിവിധ മേഖലകളുടെ സങ്കലനം, നഗരവൽകരണം തുടങ്ങിയവയാണ്. ഭക്ഷണ സാധനങ്ങൾ ജി എസ് ടീയുടെ പരിധിയിൽ വരാത്തത് മൂലം അത് നികുതി വരുമാനത്തെ ബാധിക്കുന്നു. ഉപഭോക്തൃ സംസ്ഥാനങ്ങളുടെ കാര്യത്തിൽ നികുതി വരുമാനത്തിൽ വളർച്ചയുണ്ടാകുമെന്നാണ് ഒരു വിഭാഗം വിദഗ്ധരുടെ അഭിപ്രായം. എന്നാൽ ഐ ജി എസ് ടി വരുമാനം, ഐ ജി എസ് ടി സെറ്റിൽമെന്റിന്റെ തോതിലുള്ള വ്യത്യാസത്തെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങളെ ഉപഭോക്തൃ

സംസ്ഥാനങ്ങൾ, ഉത്പാദന സംസ്ഥാനങ്ങൾ എന്നിങ്ങനെ ഈ പഠനം തരം തിരിക്കുന്നു. ഐ ജി എസ് ടി സെറ്റിൽമെന്റ്, ഐ ജി എസ് ടി വരുമാനത്തേക്കാൾ ഉയർന്ന സംസ്ഥാനങ്ങളെ ഉപഭോക്തൃ സംസ്ഥാനങ്ങൾ എന്നും മറ്റുള്ളവയെ ഉത്പാദക സംസ്ഥാനങ്ങൾ എന്നും തരം തിരിക്കാം. ഭരണപരമായ കാര്യങ്ങളിലുള്ള മികവ്, മികച്ച അടിസ്ഥാന സൗകര്യം എന്നിവ മൂന്നാമത്തെ ഘടകമാണ്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് ഇതിനെ പ്രതിനിധാനം ചെയ്യുന്നു.

നഗരവൽക്കരണം, മൊത്തം ഉപഭോഗത്തിൽ ഭക്ഷ്യവസ്തുക്കളുടെ പങ്ക്, അസംഘടിത സാഹചര്യം (ഇൻഫോർമലൈസേഷൻ) എന്നിവ ദേശീയ ശരാശരിയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ സംസ്ഥാനങ്ങളെ രണ്ടായി തരം തിരിക്കാം. പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇൻഫോർമലൈസേഷൻ കുറവായ സംസ്ഥാനങ്ങളിൽ ജി എസ് ഡി പിയുടെ ശതമാനം എന്ന നിലയിൽ ജി എസ് ടി കൂടുതലാണെന്ന് (2.3 ശതമാനം) കാണാം. ഇൻഫോർമലൈസേഷൻ ഉയർന്ന സംസ്ഥാനങ്ങളിൽ ഇത് കുറവാണ് (2.21 ശതമാനം). നഗരവൽകരണം ഉയർന്ന തോതിലുള്ള സംസ്ഥാനങ്ങളിൽ ജി എസ് ടി -ജി എസ് ഡി പി അനുപാതം താരതമ്യേന ഉയർന്നതാണ് (2.37 ശതമാനം). കുറഞ്ഞ തോതിൽ നഗരവൽകരണം നടന്ന സംസ്ഥാനങ്ങളിൽ ഇത് 2.18 ശതമാനമാണ്. ഉപഭോക്തൃ ചെലവുകൾ ജി എസ് ടി വരുമാനത്തെ കാര്യമായി സ്വാധീനിക്കുന്നു. ഭക്ഷ്യേതര സാധനങ്ങൾക്കായി കൂടുതൽ ചെലവഴിക്കുന്ന സംസ്ഥാനങ്ങളിൽ ജി എസ് ടി വരുമാനം ഉയർന്നതാണ് എന്ന് വ്യക്തമാകുന്നുണ്ട്. (രേഖാചിത്രം -3)

ഇക്കോണോമെട്രിക് വിശകലനം ഈ പ്രാഥമിക വിവരങ്ങളെ കൂടുതൽ സാധൂകരിക്കുന്നതാണ്. കുറഞ്ഞ അസംഘടിത മേഖലയുള്ള സംസ്ഥാനങ്ങളിൽ അല്പം ഉയർന്ന തോതിൽ അസംഘടിത മേഖലയുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജി എസ് ടി -ജി എസ് ഡി പി അനുപാതം 1.65 ശതമാനം കുറവാണ്. വളരെ ഉയർന്ന തോതിൽ അസംഘടിത മേഖലയുള്ള സംസ്ഥാനങ്ങളേക്കാൾ രണ്ടു ശതമാനവും കുറവാണ്. കാരണം, അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന വ്യാപാരികൾ പൊതുവെ ജി എസ് ടി എൻ എടുക്കാത്തതും അവർ അത്തരം വ്യാപാരികളുമായി കൂടുതൽ ഇടപാടുകൾ നടത്തുന്നതും ഇതിന് കാരണമാണ് (മൊഹന്തി -2017). ഇതിനു പുറമെ, ഇത്തരം മേഖലകളിൽ നികുതി തട്ടിപ്പ് അടക്കമുള്ള കാര്യങ്ങൾ കണ്ടെത്തുക ബുദ്ധിമുട്ടേറിയതും ഇതിനായി വരുന്ന ചെലവുകൾ ഉയർന്നതുമാണ് (മുഖർജി, റാവു -2019).

ഉയർന്ന തോതിൽ നഗരവൽകരണം നടന്ന സംസ്ഥാനങ്ങളിൽ കുറഞ്ഞ തോതിലുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജി എസ് ടിയുടെ സംഭാവന 0.65 ശതമാനം കൂടുതലാണ്. ഉയർന്ന തോതിലുള്ള നഗരവൽക്കരണം ഉയർന്ന തോതിലുള്ള ശരാശരി ഉപഭോഗത്തിന് ഇടയാക്കുന്നു എന്നതാണ് ഇതിന് കാരണം. നികുതി ഇൻവോയ്സുകൾ ഉപയോഗിച്ചുള്ള ഇടിപാടുകളുടെ തോത് ഈ സംസ്ഥാനങ്ങളിൽ കൂടുതലാണെന്നും കാണാം (മൊഹന്തി -2017). ഭക്ഷ്യ ഉപഭോഗം ഉയർന്ന തോതിലുള്ള സംസ്ഥാനങ്ങളിൽ റവന്യു വരുമാനം കുറവായാണ് കാണുന്നത്. ഭക്ഷ്യ സാധനങ്ങൾക്ക് നികുതി ഒഴിവാക്കിയിരിക്കുന്നതോ, അല്ലെങ്കിൽ നികുതി 5 ശതമാനം മാത്രമായതോ ആണ് ഇതിന് കാരണം.

മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ റിട്ടേൺ ഫയലിംഗ്, സേവന മേഖലയുടെ പങ്ക് എന്നിവ ജി എസ് ടി -ജി എസ് ഡി പി അനുപാതത്തെ കാര്യമായി സ്വാധീനിക്കുന്നുണ്ട്. അതായത്, റിട്ടേൺ ഫയലിംഗ്

കൂടുന്നത് ഉയർന്ന നികുതി വരുമാനത്തി ലേക്ക് നയിക്കുന്നു. സർവീസ് മേഖല ശക്തമായിരിക്കുന്ന സംസ്ഥാനങ്ങളിൽ വരുമാനം കൂടുതലാണ്. സാമ്പത്തിക രംഗത്തിന്റെ പൊതുവിലുള്ള ഘടന ജി എസ് ടി വരുമാനത്തെ നിർണ്ണായകമായി സ്വാധീനിക്കുന്നു എന്നാണ് ഇതിൽ നിന്ന് അനുമാനിക്കാൻ കഴിയുക. എന്നാൽ പ്രതിശീർഷ വരുമാനം നെഗറ്റീവായാണ് സ്വാധീനിക്കുന്നത്. ഉയർന്ന പ്രതിശീർഷ വരുമാനം ഉപഭോഗവുമായി കാര്യമായി ബന്ധപെടുന്നില്ല. അതുകൊണ്ട് നികുതി വരുമാനവും കുറവയായിരിക്കും. ജി എസ് ടി അന്തിമ വിൽപ്പനയെ ആധാരമാക്കിയുള്ള നികുതിയായതിനാൽ ദരിദ്ര സംസ്ഥാനങ്ങൾ (ഉപഭോക്തൃ സംസ്ഥാനങ്ങൾ) ഉയർന്ന വരുമാനമുള്ള സംസ്ഥാനങ്ങളേക്കാൾ നേട്ടമുണ്ടാക്കുന്നു. ഇക്കണോമെട്രിക് വിശകലനം അനുസരിച്ച് ഉപഭോക്തൃ സംസ്ഥാനങ്ങളുടെ ജി എസ് ടി -ജി എസ് ഡി പി അനുപാതം ഉത്പാദക സംസ്ഥാന ങ്ങളേക്കാൾ 0.76 ശതമാനം ഉയർന്നതാ ണെന്ന് കാണാം.

ഭരണപരമായ മികവ്, നികുതി പിരിവിനുള്ള മികച്ച പ്രവർത്തനങ്ങൾ, നല്ല ഗവേണൻസ്, തുടങ്ങിയ കാര്യങ്ങൾ കൂടുതൽ നികുതി പിരിവിന് സഹായകമാണ്. ലോക ബാങ്ക് സൂചികയെ ആധാരമാക്കി ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ (ഡി ഐ പി പി) 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' സൂചിക തയാറാ ക്കുന്നു. ഇത് മികച്ച ഗവേണൻസിനെ പ്രതിനിധീകരിക്കുന്നു. ഈസ് ഓഫ് ഡൂയിങ് ബിസിനസ് കുറഞ്ഞ തോതിലുള്ള സംസ്ഥാനങ്ങളിൽ നികുതി പിരിവിന്റെ സ്കോർ ഇക്കാര്യത്തിൽ മികച്ച സംസ്ഥാ നങ്ങളേക്കാൾ 1.37 ശതമാനം കുറവായാണ് കാണുന്നത്.

**5. ഉപസംഹാരം**

സംസ്ഥാനങ്ങൾ തമ്മിൽ ജി എസ് ടി വരു മാനത്തിന്റെ കാര്യത്തിൽ പ്രകടമായ അന്തര മുണ്ട്. വികസിതമായ സംസ്ഥാനങ്ങളിൽ ജി എസ് ടി -ജി എസ് ഡി പി അനുപാതം ഉയർന്ന തോതിലാണെങ്കിലും അവികസിത സംസ്ഥാനങ്ങളിൽ വരുമാന വളർച്ചയുടെ നിരക്ക് കൂടുതലാണ് എന്ന് കാണാൻ കഴിയും. ജി എസ് ടി വരുമാന വളർച്ചയുടെ കാര്യത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് കേരളത്തിന്റേതാണ്. ഇക്കണോമെട്രിക് വിശകലനം വ്യക്തമാക്കുന്ന കാര്യം നികുതി നിയമങ്ങളുടെ പാലനം, സർവീസ് മേഖല യുടെ പങ്ക്, നഗരവൽകരണം, ഈസ് ഓഫ് ഡൂയിങ് ബിസിനസ്, ഉപഭോഗം എന്നീ ഘടകങ്ങൾ ജി എസ് ടി വരുമാനത്തെ പോസിറ്റീവായി സ്വാധീനിക്കുന്നു എന്നാണ്. അസംഘടിത വ്യാപാരം, ഭക്ഷ്യ ഉപഭോഗം, പ്രതിശീർഷ വരുമാനം എന്നിവ നെഗറ്റീ വായും സ്വാധീനം ചെലുത്തുന്നു.

ജി എസ് ടി വരുമാനം ഉയർത്തുന്നതിന് നയ പരമായ തീരുമാനങ്ങൾ എടുക്കുന്ന വിദഗ്ധർക്ക് ഈ കണ്ടെത്തലുകൾ പ്രയോജനപ്രദമാകും. ഇതിനെ ഹൃസ്വകാല, ദീർഘകാല തന്ത്രങ്ങൾ എന്ന നിലയിൽ വേർതിരിക്കാം. റിട്ടേൺ ഫയലിംഗ്, ഈസ് ഓഫ് ഡൂയിങ് ബിസിനസ് എന്നിവ ആദ്യത്തെ ഗണത്തിൽ വരുന്നു. എന്നാൽ നഗരവൽകരണം, അസംഘടിത മേഖല യുടെ വൈപുല്യം, സേവന മേഖലയുടെ പങ്ക്, ഉപഭോഗ സ്വഭാവം തുടങ്ങിയവ ഘടനാപരമായ ദീർഘകാല മാറ്റങ്ങളാണ്. ഹൃസ്വകാലത്തിൽ നയരൂപീകരണ കർത്താ ക്കൾ ജി എസ് ടി വരുമാനം ഉയർത്തുന്ന കാര്യത്തിൽ ശ്രദ്ധയൂന്നണം. കേന്ദ്ര-സംസ്ഥാന ധനപരമായ ഇടപെടലുകളിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള ഘടനാ പരമായ മാറ്റങ്ങളുമാണ് വേണ്ടിവരുന്നത്.

■

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസർമാരാണ് ലേഖകർ)

## References

Anithakumary, L & Mathew, S (2019) *Revenue performance of Value Added Tax (VAT) and Goods and Services Tax (GST): An Interstate Comparison with Special Reference to Kerala*, mimeo, Gulati Institute of Finance and Taxation.

Banerjee, S. & Prasad, S. (2017). *Small Businesses in the GST Regime*, Economic & Political Weekly, Vol (LII), No (38), 18-22.

Bhaskar, V. (2021). *Sharing of Goods and Services Tax Revenues: A Case of Unequal Fiscal Federalism*, Economic & Political Weekly, Vol (LVI), No (30), 52-58.

Kumar, A. (2019). *The Structurally Flawed GST: Finding an Alternative*, Economic & Political Weekly, Vol (LIV), No (9), 29-32.

Mohanty, A. R., Kumar, S., & Patra, S. K. (2017). *Efficiency in value added tax in sub-national governments in India: An empirical analysis.* VISION: Journal of Indian Taxation, 4(2), 1-19.

Morris, S., Pandey, A., Agarwalla, S. K., & Agarwalla, A. (2019). *Does GST in India hurt producing regions? A new estimate of the tax base under GST of select states*.

Mukherjee, S. (2020). *Performance Assessment of Indian GST: State-level Analysis of Compliance Gap and Revenue Growth*, Working Paper No. 301 (No. 20/301).

Mukherjee, S., & Rao, R. K. (2019). *Value Added Tax and Informality: Determinants of Registration of Enterprises under State VAT in India*. Margin: The Journal of Applied Economic Research, 13(1), 21-48.

Rao, M. G. (2019). *Goods and Services Tax in India: Progress, Performance & Prospects*, Columbia University Working Paper No. 2019-02.

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# നിലവിലെ ജി എസ് ടി നിരക്കുകളും ഭാവിയിലെ മാറ്റവും അതിന്റെ പ്രത്യാഘാതവും

പാർമ ചക്രവർത്തി

2021 സെപ്റ്റംബർ 17 ന് ചേർന്ന നാൽപത്തിയഞ്ചാമത് ജി എസ് ടി കൗൺസിൽ യോഗം ചരക്ക് സേവന നികുതി (ജി എസ് ടി) നിരക്കുകൾ യുക്തിസഹമാക്കുക എന്ന കാര്യമാണ് മുഖ്യമായും ചർച്ച ചെയ്തത്. നികുതി നിരക്കുകൾ ലളിതമാക്കുകയും ജി എസ് ടി വരുമാനം ഉയർത്തുകയുമായിരുന്നു ഇതിന്റെ ലക്ഷ്യം. ഇതിനായി മന്ത്രിമാരുടെ ഒരു സമിതിക്ക് രൂപം നൽകി. മൂന്ന് കാര്യങ്ങളാണ് ഈ മന്ത്രിതല ഉപസമിതിയുടെ പരിഗണനാ വിഷയങ്ങളായി വന്നത്. 1) ജി എസ് ടിയിൽ നിന്ന് ഒഴിവാക്കപ്പെട്ട ചരക്കുകളുടെയും സേവനങ്ങളുടെയും പുനപരിശോധന. നികുതി അടിത്തറ വിപുലപ്പെടുത്തൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ കണ്ണികളിലെ തടസങ്ങൾ ഒഴിവാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.[1] 2) ഇൻവെർട്ടഡ് ഡ്യൂട്ടി ഘടന ഒഴിവാക്കുന്നതിന് ആവശ്യമായ നിരക്കുകൾ ശുപാർശ ചെയ്യുക. ഇതുമൂലം ഉണ്ടാകുന്ന റീഫണ്ട് സാഹചര്യങ്ങൾ പരമാവധി കുറയ്ക്കുക എന്നതാണ് ഇതിന് ആധാരം. 3) നിലവിലെ നിരക്കുകളും ഘടനയും പുനഃപരിശോധിക്കുകയും അവ യുക്തിസഹമാക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കുക. നികുതി നിരക്കുകൾ ലളിതമാക്കുന്നതിനായി നിരക്കുകളുടെ ഏകീകരണം, വരുമാനം ഉയർത്തൽ എന്നിവയാണ് ഈ പരിഗണനാ വിഷയങ്ങളുടെ പ്രധാന ലക്ഷ്യം.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ ഇതിന് പുറമെയുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ, നികുതി നിരക്കുകളിൽ ഇളവ് വരുത്തുന്ന തരത്തിലുള്ള നിരവധിയായ മാറ്റങ്ങൾ ജി എസ് ടീയുടെ റവന്യൂ ന്യൂട്രാലിറ്റിയിൽ ചില ഒത്തുതീർപ്പുകൾക്ക് കാരണമായി മാറി എന്ന് വ്യക്തമാക്കുന്നുണ്ട്. കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന റവന്യൂ ന്യൂട്രൽ റേറ്റ് (ആർ എൻ ആർ), 2015 ലെ ചരക്ക് സേവന നികുതി നിരക്കുകളുടെ ഘടന (ആർ ആർ എൻ ആർ & എസ് ആർ ജി എസ് ടി) എന്നിവയിൽ നിന്ന് വ്യതിയാനം വരുത്തിയത് കാരണമാണ് ഇങ്ങനെ സംഭവിച്ചത്. മൂന്ന് വിധത്തിലുള്ള റേറ്റുകളാണ്, കുറഞ്ഞ നിരക്ക്, സ്റ്റാൻഡേർഡ് നിരക്ക്, ഡിമെരിറ്റ് നിരക്ക്, ആർ ആർ എൻ ആർ & എസ് ആർ ജി എസ് ടി ശുപാർശ ചെയ്തത്. കുറഞ്ഞ നിരക്ക് 12 ശതമാനമാക്കണമെന്നായിരുന്നു ശുപാർശ.[2] സ്റ്റാൻഡേർഡ് നിരക്ക് 17-18 ശതമാനമായും ആഡംബര കാറുകൾ, പാൻ മസാല, പുകയില, പുകയില ഉത്പന്നങ്ങൾ തുടങ്ങിയവക്ക് 40 ശതമാനം നിരക്കുമാണ് ശുപാർശ ചെയ്തിരുന്നത്. റവന്യൂ ന്യൂട്രൽ നിരക്ക് നിലനിർത്തുന്നതിനായി മൂന്ന് ശുപാർശകളാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുന്നോട്ട് വച്ചത്. എ) മെറിറ്റ്, സ്റ്റാൻഡേർഡ്, ഡിമെറിറ്റ് എന്നിങ്ങനെ മൂന്ന് നികുതി നിരക്കുകൾ, ബി) 12 ശതമാനം, 18 ശതമാനം

നിരക്കുകൾ ഏകീകരിക്കുക, സി) നികുതി ഇളവുകൾ പരമാവധി കുറയ്ക്കുക. ജി എസ് ടിയിലെ ബഹുവിധ നികുതി ഘടന യുക്തിസഹമാക്കി ഇൻവെർട്ടഡ് ഡ്യൂട്ടി ഘടനയുടെ പ്രശ്നങ്ങൾ പരിഹരിക്കുക യെന്ന നിർദേശവും കമ്മീഷൻ മുന്നോട്ട് വച്ചു.

മുഖർജി (2021) നടത്തിയ പഠനം ജി എസ് ടി നിരക്കുകൾ റവന്യൂ വരുമാനത്തിൽ ഉളവാക്കുന്ന പ്രത്യാഘാതങ്ങളെ കുറിച്ചാ യിരുന്നു. മൂന്ന് നിരക്കുകൾ, 8 ശതമാനം, 15 ശതമാനം, 30 ശതമാനം, അടങ്ങുന്ന ഒരു നികുതി ഘടനയാണ് അദ്ദേഹം മുന്നോട്ട് വച്ചത്. 12,18 ശതമാനം നിരക്കുകൾ ഏകീക രിച്ചാണ് 15 ശതമാനം എന്ന നിരക്കിൽ എത്തിയത്. അദ്ദേഹത്തിന്റെ അഭിപ്രായ ത്തിൽ ഇപ്രകാരം ഏകീകരിക്കുന്നത് റവന്യൂ വരുമാന നഷ്ടത്തിന് ഇടയാക്കും. കാരണം, 18 ശതമാനം എന്ന നിരക്ക് മൊത്തം നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ട് (41 ശതമാനം) വരും. ഇതിന് പരിഹാരമായി അദ്ദേഹം നിർദേശിച്ചത് 5 ശതമാനം, 28 ശതമാനം എന്നീ നിരക്കുകൾ യഥാക്രമം 8, 30 ശതമാനമാക്കി ഉയർത്തുക എന്നതാണ്.

ചരക്കുകളും സേവനങ്ങളും കൃത്യമായി വേർതിരിച്ച് പട്ടികയാക്കിയില്ലെങ്കിൽ മൂന്ന് നിരക്കുകൾ അടങ്ങുന്ന നികുതി ഘടന വലിയ പ്രത്യാഘാതം ഉളവാക്കുന്ന ഒന്നായി രിക്കും. പട്ടിക ഒന്നിൽ കാണിച്ചിരിക്കു ന്നതുപോലെ 43 ശതമാനം ഉത്പന്നങ്ങളും സേവനങ്ങളും ഉൾപ്പെടുന്നത് 18 ശതമാനം നികുതിയുടെ പട്ടികയിലാണ്.

25 ശതമാനം ഉത്പന്നങ്ങളാണ് 5 ശതമാനം നികുതിയുടെ പട്ടികയിൽ ഉൾപ്പെടുന്നത്. 15 ശതമാനം സാധനങ്ങളും സേവനങ്ങളും 12 ശതമാനം നികുതി ഗണത്തിലും രണ്ടു ശതമാനം 28 ശതമാനം നികുതി സ്ലാബിലും ഉൾപ്പെടുന്നതായി കാണാം. ജി എസ് ടി കൗൺസിലിന്റെ വിവരങ്ങൾ അനുസരിച്ച് 15 ശതമാനം ഉത്പന്നങ്ങൾ വരുന്നത് 0 ശതമാനത്തിന്റെ പട്ടികയിലാണ്. സോപ്പ്, ഹെയർ ഓയിൽ, ഷാംപൂ, ഷേവിങ് കിറ്റ്, കണ്ണടകൾ, ഇലക്ട്രിക്ക് ബൾബുകൾ, ട്യൂബ് ലൈറ്റ്, ഗ്യാസ് സ്റ്റവ് ബർണർ, ഡിസ്ക്കുകൾ, സൗണ്ട് റെക്കോർഡിങ് ഉപകരണങ്ങൾ തുടങ്ങിയ അവശ്യ സാധനങ്ങളുടെ പരിഗണനയിൽ വരുന്ന മിക്കവാറും സാധനങ്ങൾ ഉൾപ്പെടുന്നത് 18 ശതമാനം എന്ന നിരക്കിലാണ് (പട്ടിക -1).

ഇന്റർനെറ്റ് സേവനം, മൊബൈൽ ഹാൻഡ് സെറ്റ്, കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ് തുടങ്ങിയ സാധനങ്ങളും ഈ കൂട്ടത്തിൽ വരുന്നു. 2020 ൽ കോവിഡ് മഹാമാരി പടർന്നതോടെ കുട്ടികൾ വിദ്യാഭ്യാസത്തിനായി കൂടുതൽ ആശ്രയിക്കുന്നത് ഓൺ ലൈൻ ക്ളാസു കളെയാണ്. അതുകൊണ്ട് ഇന്റർനെറ്റ് സേവനങ്ങൾക്കും മൊബൈൽ ഹാൻഡ് സെറ്റിനും ഏർപ്പെടുത്തിയിട്ടുള്ള നിരക്കു കൾ യുക്തിസഹമാണെന്ന് വിലയിരുത്താൻ കഴിയില്ല. ഇത് കുറഞ്ഞ വരുമാനക്കാരാ യവർക്ക് അമിതഭാരം ഉളവാക്കുന്നുണ്ട്. കാരണം, ഒന്നിലധികം കുട്ടികൾ പഠിക്കുന്ന കുടുംബങ്ങൾക്ക്മേൽ കൂടുതൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനുള്ള സമ്മർദ്ദം ശക്തമാണ്. എൻ എസ് എസ് ഒ യുടെ കുടുംബ ഉപഭോഗത്തെ കുറിച്ചുള്ള അറുപത്തിയെട്ടാം റൗണ്ട് കണക്കുകൾ

***നികുതി വിധേയമാകുന്ന ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും 43 ശതമാനം, 18 ശതമാനം ജി എസ് ടി പട്ടികയിൽ ഉൾപ്പെടുന്നവയാണ്. ഏറ്റവും കൂടുതൽ ഉത്പന്നങ്ങളും സേവനങ്ങളും ഉൾപ്പെടുന്നത് ഈ സ്ലാബിലാണ്.***

**Table1.** Present GST structure in India

| GST rate slab | No. of items | Percentage share of items under each slab | Major list of items |
|---|---|---|---|
| **0** | 183 | 15 | Agriculture produce |
| **5** | 308 | 25 | Packaged food items(cooked meals, cooked snacks, baby food),**cooking oil**, **tea, coffee**, **medicine and its salt, diagnostic test kits, kerosene(PDS)**, **LPG, match box, clothing, foot wear**[1], cooking spices, airfare, railway fare on AC and first class |
| **12** | 178 | 15 | Food items (like noodles, butter, ghee, sauce, jam and processed food items) furniture's, **drugs and medicines for personal use, hearing aids, contact lenses, essential items (tooth paste, tooth brush, bucket, umbrella)** |
| **18** | 517 | 43 | **Essential items soap, hair oil, shampoo, shaving kit, spectacles, electric bulb, tubelight, gas stove burner**, Discs, tapes, Sound recording or reproducing apparatus, **internet expenses**, stainless utensils, electric fan, pressure cooker, **mobile handset**, telephone instrument, computer, cable tv, Sugar confectionary, corn flakes, sports goods, toys |
| **28** | 28 | 2 | Cars, motor cycle, scooter, camera and photographic equipment, air conditioner, club fees, cement |

Source: GST council website, https://gstcouncil.gov.in/

Note: 3% slab consists of gold ornaments, silver, pearls and other semi-precious stones. 0.25% consists of diamond.

[1] There will be change in rate on footwear as per the 45th GST council meeting.

***12 ശതമാനം, 18 ശതമാനം എന്നീ നിരക്കുകൾ ഏകീകരിക്കുമ്പോൾ ജി എസ് ടിയിൽ മൂന്ന് സ്ലാബുകൾ നിലവിൽ വരും. 5 ശതമാനം, ഏകീകൃത നിരക്ക്, 28 ശതമാനം എന്നിവയാണ് അവ.***

***ജി എസ് ടി നിരക്കുകൾ യുക്തിസഹമാക്കുക എന്നതായിരുന്നു നാല്പത്തിയഞ്ചാമത് ജി എസ് ടി കൗൺസിൽ യോഗം മുൻതുക്കം നൽകിയിരുന്നത്. നിരക്കുകൾ ലളിതമാക്കുകയും ജി എസ് ടി വരുമാനം ഉയർത്തുകയുമായിരുന്നു ഇതിന്റെ അടിസ്ഥാന ലക്ഷ്യം.***

വ്യക്തമാക്കുന്ന ശ്രദ്ധേയമായ ചില കാര്യങ്ങളുണ്ട്. ഏറ്റവും താഴെ തട്ടിലുള്ള കുടുംബങ്ങൾ 18 ശതമാനം നികുതി വരുന്ന ഉത്പന്നങ്ങൾക്കുവേണ്ടി ചെലവഴിക്കേണ്ടി വരുന്നത് മുകൾ തട്ടിലുള്ളവരേക്കാൾ കൂടുതലാണ് എന്നതാണ് അതിൽ പ്രധാനം. ഇത് നികുതി ഘടനയുടെ പുരോഗമന പരമല്ലാത്ത വശത്തെ ചൂണ്ടികാണിക്കുന്നതാണ് (ചക്രവർത്തി, സിദ്ദിഖി - 2022).

ജി എസ് ടി കൗൺസിലിന്റെ നാല്പത്തിയഞ്ചാമത് യോഗത്തിന്റെ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവ് നൽകുന്നത് പരമാവധി പരിമിതപ്പെടുത്തുന്നതുവഴി നികുതി അടിത്തറ ഉയരുന്നതിന് സാധ്യതയുണ്ട്. ഇതിനുപുറമെ, മൂന്ന് തട്ടുകളുള്ള നികുതി ഘടന അധികം വൈകാതെ നടപ്പാക്കുന്നതിനുള്ള സാധ്യതയുണ്ട്. 12 ശതമാനം, 18 ശതമാനം എന്നീ നികുതി നിരക്കുകൾ ഏകീകരിക്കുമ്പോൾ ജി എസ് ടി നിരക്കുകൾ മൂന്ന് തട്ടുകളായി മാറും. 5 ശതമാനം, ഏകീകൃത നിരക്ക്, 28 ശതമാനം എന്നിവയാണ് അത്. എന്നാൽ ഏകീകൃത നിരക്ക് നിലവിൽ വരുമ്പോൾ നികുതി വരുമാനത്തിൽ ഉണ്ടാകുന്ന മാറ്റത്തെ അടിസ്ഥാനമാക്കിയായിരിക്കും പുതിയ നിരക്കുകൾ ഉയർന്നതായിരിക്കുമോ എന്ന് അറിയാൻ കഴിയൂ. ഏകീകൃത നിരക്ക് കാരണം വരുമാനം കുറഞ്ഞാൽ നിരക്കുകളിൽ വർധന ഉണ്ടാവുക സ്വാഭാവികമാണ്. 5 ശതമാനം നിരക്കിൽ വർധന വരുത്തിയാൽ ഭക്ഷ്യ എണ്ണകൾ, തേയില, കാപ്പി, മരുന്നുകൾ, അവ ഉണ്ടാക്കുന്ന രാസവസ്തുക്കൾ, പരിശോധനാ കിറ്റുകൾ, പൊതുവിതരണ സമ്പ്രദായത്തിലെ മണ്ണെണ്ണ, എൽ പി ജി , തീപ്പെട്ടി, തുണിത്തരങ്ങൾ, പാദരക്ഷകൾ തുടങ്ങിയ ഉത്പന്നങ്ങൾക്ക് കൂടുതൽ നികുതി വരും. ചക്രവർത്തി, സിദ്ദിഖി (2022) എന്നിവരുടെ പഠനപ്രകാരം 5 ശതമാനം നികുതി നിരക്ക് പുരോഗമനപരമല്ലാത്ത ഒന്നാണ്. രണ്ടു നിരക്കുകളുടെ ഏകീകരണം സംഭവിക്കുമ്പോൾ അത് 12 ശതമാനത്തിനും 18 ശതമാനത്തിനും ഇടയ്ക്കായിരിക്കും വരിക. ഇത് 18 ശതമാനത്തിൽ താഴെയാണെങ്കിൽ ആ നിരക്കിൽ ഉൾപ്പെടുന്ന സാധനങ്ങളുടെ ഉപഭോക്താക്കൾക്ക് അത് ആശ്വാസം നൽകും. ഇത് നേരത്തെ സൂചിപ്പിച്ച പുരോഗമനപരമല്ലാത്ത നികുതി ആധിക്യത്തെ കുറയ്ക്കുന്ന നീക്കമാകും. എന്നാൽ 12 ശതമാനത്തിന് മുകളിൽ നിരക്ക് വരുന്നതായാൽ ടൂത്ത് പേസ്റ്റ്, ടൂത്ത് ബ്രഷ്, ബക്കറ്റ്, കുട, മരുന്നുകൾ, കേൾവിക്കുള്ള ഉപകരണങ്ങൾ, കോൺടാക്റ്റ് ലെൻസ് തുടങ്ങിയ ഉത്പന്നങ്ങളുടെ വില ഉയരുന്നതിനും അത് കാരണമാകും.

സംശയലേശമെന്യേ ഒരു കാര്യം വ്യക്തമാണ്. നികുതിഘടനയുടെ പരിഷ്കരണം വരുമാനം ഉയർത്തും. എന്നാൽ ഇത് ഒട്ടും പുരോഗമനപരമല്ലാത്ത നികുതി ഘടനയിലേക്ക് നയിക്കാൻ സാധ്യതയുണ്ട്. ഇത് പരിഹരിക്കുന്നതിന് സബ്സിഡി അടക്കമുള്ള കാര്യങ്ങൾ അനിവാര്യമാകും. നിലവിലെ നിരക്കുകളിൽ വർധന വരുത്തുന്നത് ഉപഭോക്താക്കൾക്ക് മേൽ ജി എസ് ടിയുടെ ഭാരം ആനുപാതികമായി വർധിപ്പിക്കും. ഇത് എല്ലാ വരുമാന വിഭാഗങ്ങൾക്കും ബാധകമാകും. ഒന്നുകിൽ അവശ്യ സാധനങ്ങളെ ജി എസ് ടിയിൽ നിന്ന് ഒഴിവാക്കുകയോ,

അല്ലെങ്കിൽ അതിന് പ്രത്യേകം കുറഞ്ഞ നിരക്ക് ഏർപ്പെടുത്തുകയോ ആകും അഭികാമ്യമാവുക. എന്നാൽ സബ്സിഡികൾ പ്രത്യേകം ലക്ഷ്യം വച്ച് നല്കുന്നില്ലെങ്കിൽ അത് ഒരു അസന്തുലിതാവസ്ഥക്ക് വഴി തുറക്കും. അല്ലെങ്കിൽ സബ്സിഡികൾ പ്രത്യേകം കണക്കാക്കി താഴ്ന്ന വരുമാനക്കാർക്ക് മാത്രമായി അത് പരിമിതപ്പെടുത്തുക എന്ന നയത്തിലേക്ക് മാറുന്നതാകും കരണീയം.

■

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖിക)

[1] Inverted duty structure occurs when input tax rates are higher than rate of taxes on output supplies. The GST Law permits refund of unutilised ITC under two scenarios, if ITC accumulation is on account of zero rated supplies or on account of inverted duty structure.

[2] Rates on goods having larger share of expenditure of poorer households are known as merit rates. The rates on such goods will either be exempted or be kept at lower rate category according to the Report on the Revenue Neutral Rate (RNR) and Structure of Rates for the Goods and Services Tax (2015). In the report, standard rate is to be applied to all goods and services (majority of the base) whose taxation is not explicitly specified.

References

Chakravartti. P and Z. Siddiqui (2022), "*Burden of Uniform Tax Rate by Household Consumption Expenditure Class: A Study of GST in India*" GIFT Discussion Paper, Gulati Institute of Finance and Taxation, 2022/01

Mukherjee, S. (2021), "*Revenue Implications of GST Rates Restructuring in India: An Analysis*," NIPFP Working Paper Series No. 358, 15-November-2021

Government of India (2015), "*Report on the Revenue Neutral Rate and Structure of Rates for the Goods and Services Tax (GST)*," GST Council

Government of India (2020), *Fifteen Finance Commission Report*

Government of India (2021), *Recommendation of 45th GST Council Meeting*, 17th September 2021

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# ജി എസ് ടിയും സംസ്ഥാനങ്ങളുടെ കടബാധ്യതയും

പി. എസ് രഞ്ജിത്ത്

### ആമുഖം

ധനസ്ഥിതി നിയന്ത്രണം കർക്കശമാക്കുന്നതിന്റെ ആദ്യ ഘട്ടത്തിൽ (2003-04 മുതൽ 2010–11) സംസ്ഥാനങ്ങളുടെ കടബാധ്യതയുടെ കാര്യത്തിൽ സ്ഥിതി കാര്യമായ തോതിൽ മെച്ചപ്പെടുകയുണ്ടായി. ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നിയമനിർമാണവും മാറി വന്ന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തിരുത്തൽ നടപടികളുമാണ് ഇതിന് കാരണമായത്. എന്നാൽ മിക്ക സംസ്ഥാനങ്ങളും ഈ ഘട്ടത്തിനുശേഷം അതേ സ്ഥിതി തുടരുന്ന കാര്യത്തിൽ പരാജയമായി മാറുകയാണ് ഉണ്ടായത്. കട-ധനകമ്മി സൂചകങ്ങൾ പലപ്പോഴും നിർദിഷ്ട പരിധി കടക്കുകയും ചെയ്തു. സംസ്ഥാനങ്ങളുടെ കടബാധ്യത ഉയരുന്ന സാഹചര്യത്തിൽ വരുമാനം ഉയർത്തുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈയടിസ്ഥാനത്തിൽ സമീപ കാലത്തായി നികുതി, നികുതിയേതര പരിഷ്കാര നടപടികൾക്ക് വേഗതയേറിയിട്ടുണ്ട്. ജി എസ് ടി ഇക്കാര്യത്തിൽ ഒരു സുപ്രധാന റോൾ നിർവഹിക്കുന്നു.[1]

ജി എസ് ടി വന്നതോടെ സംസ്ഥാനങ്ങളുടെ വരുമാനം കാര്യമായി ഉയരുമെന്ന പ്രതീക്ഷ ഉണ്ടായിരുന്നു. ഇത് സംസ്ഥാനങ്ങളുടെ ഡെബ്റ്റ് -ജി എസ് ഡി പി അനുപാതത്തിന്റെ കാര്യത്തിൽ അനുകൂലമായ പ്രതികരണം ഉളവാക്കുമെന്നും അതുവഴി കടബാധ്യത നിയന്ത്രണ വിധേയമാക്കാൻ കഴിയുമെന്ന വിലയിരുത്തലും ശക്തമായിരുന്നു. സംസ്ഥാനങ്ങളുടെ നിലവിലെ കടബാധ്യതകളെ നേരിടുന്നതിന് ജി എസ് ടി വരുമാനം ഉതകുമെങ്കിൽ മറ്റ് വരുമാനങ്ങൾ പ്രാഥമിക ചെലവുകൾക്ക് വിനിയോഗിക്കുന്ന സാഹചര്യം സംജാതമാകുമായിരുന്നു. എന്നാൽ ഈ രീതിയിലല്ല കാര്യങ്ങൾ നീങ്ങുന്നതെങ്കിൽ നിലവിലെ ബാധ്യതകൾ കുറയ്ക്കുന്നതിന് വീണ്ടും കടമെടുപ്പ് ആവശ്യമായി വരുന്നു (ഉദാഹരണം പോൺസി പദ്ധതി). സംസ്ഥാന ജി എസ് ടിയിൽ നിന്ന് മതിയായ വരുമാനം ഉണ്ടാകുന്നതായാൽ സംസ്ഥാനങ്ങൾക്ക് പോൺസി സാഹചര്യം ഒഴിവാക്കാൻ കഴിയുകയും ധനശ്രംഖലയിലെ കണ്ണികൾ തടസം കൂടാതെ ചലിക്കുകയും ചെയ്യുമായിരുന്നു (രഞ്ജിത്ത്, ഷൺമുഖം – 2018).

എടുത്തുപറയേണ്ട ഒരു കാര്യം, 2017–18 ൽ 42924.95 ബില്യൺ രൂപയായിരുന്ന സംസ്ഥാനങ്ങളുടെ മൊത്തം കടബാധ്യത 2019–20 ൽ 53430.22 ബില്യൺ രൂപയായി ഉയർന്നു. ഡെബ്റ്റ് – ജി എസ് ഡി പി അനുപാതം 2019 –20 ൽ 27 ശതമാനമായിരുന്നു. മഹാരാഷ്ട്രയുടെ 17.84 ശതമാനം മുതൽ പഞ്ചാബിന്റെ 41.32 ശതമാനം വരെ ഈ തോത് ഉയർന്ന് പോകുന്നു (ആർ ബി ഐ –2021). മിക്കവാറും സംസ്ഥാനങ്ങളുടെ പ്രാഥമിക ബാലൻസ് ഈ ഘട്ടത്തിൽ നെഗറ്റീവായിരുന്നു എന്ന് കാണാൻ കഴിയും.[2] ആസൂത്രണം, നടപ്പാക്കൽ, ഭരണപരമായ പ്രശ്നങ്ങൾ തുടങ്ങി

നിരവധി കാരണങ്ങളാൽ ജി എസ് ടി വരുമാനം പ്രതീക്ഷിച്ചിരുന്നതിനേക്കാൾ വളരെ കുറവായിരുന്നു. ഇത്തരം പ്രശ്നങ്ങൾ ധനപരമായ വലിയ പ്രതിസന്ധിയിലേക്ക് നയിക്കുന്ന വരുമാനക്കുറവിന് കാരണമാകുന്നു. കടബാധ്യതകൾ കുതിച്ചുയരുന്നതും സംസ്ഥാനങ്ങളുടെ ധനസ്ഥിതി മോശമാകുന്നതുമാണ് ഇത്തരമൊരു വൈതരണിയിലേക്ക് നയിക്കുന്നത്. രണ്ട് സുപ്രധാന ചോദ്യങ്ങളാണ് ഇത് ഉയർത്തുന്നത്, 1) ജി എസ് ടി നടപ്പാക്കിയതിന് ശേഷം കടത്തിന്റെ സ്ഥിതി സംസ്ഥാനങ്ങൾക്ക് നിലനിൽക്കാവുന്ന തരത്തിലുള്ളതാണോ? 2) കടത്തിന്റെ നിയന്ത്രണ കാര്യത്തിൽ ജി എസ് ടി നിരാശാജനകമായ ഉത്തരമാണോ നൽകുന്നത്?

2017-18 മുതൽ 2019-20 വരെയുള്ള 22 സംസ്ഥാനങ്ങളുടെ ദ്വിതീയ വിവരങ്ങളാണ് ജി എസ് ടിയിൽ സംസ്ഥാനങ്ങൾക്ക് കടബാധ്യത നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞുവോ എന്ന ഈ പഠനത്തിനായി ഉപയോഗിച്ചരിക്കുന്നത്. ഈ സൂചകങ്ങൾ പ്രയോജനപ്പെടുത്തി ഈ പഠനം അന്വേഷിക്കുന്നത്, ജി എസ് ടി വന്നതോടെ സംസ്ഥാനങ്ങളുടെ കടബാധ്യതയെ കാര്യമായി പരിഗണിക്കാതെ പോയിട്ടുണ്ടോ എന്നതാണ്. രണ്ടു പ്രധാന സ്രോതസ്സുകളിൽ നിന്നാണ് ഇതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്. ധനസ്ഥിതി സംബന്ധിച്ച വിവരങ്ങൾക്കായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയെയും സംസ്ഥാനതല ജി എസ് ടി വരുമാനം, ഐ ജി എസ് ടി സെറ്റിൽമെന്റ് എന്നിവക്കായി ജി എസ് ടി നെറ്റ് വർക്കിനെയുമാണ് ആധാരമാക്കിയിട്ടുള്ളത്.

### ജി എസ് ടിയുടെ ഘട്ടത്തിൽ കടമെടുപ്പ് നിയന്ത്രണവിധേയമോ?

ഒരു ആശയമെന്ന നിലയിൽ, സർക്കാരിന് സർവീസ് ചെയ്യാൻ കഴിയുന്ന പരിധി ലംഘിക്കാതിരിക്കുന്ന സാഹചര്യത്തിൽ പൊതുകടം നിയന്ത്രണ വിധേയമാകുന്ന ഒന്നാണ് എന്നാണ് കരുതപ്പെടുന്നത് (ഐ എം എഫ് - 2011). നിയന്ത്രണവിധേയമല്ലാത്ത വിധത്തിലേക്ക് കടത്തിന്റെ സ്ഥിതി മാറുമ്പോൾ സാമ്പത്തിക രംഗത്തെ അത് താറുമാറാക്കുന്നു. മുൻഗണനകളുടെ കാര്യത്തിൽ ഒരു പുനർവിചിന്തനത്തിലേക്കും ഇത് നയിക്കുന്നു. ജി എസ് ടി സംവിധാനം സംസ്ഥാനങ്ങളുടെ വരുമാനം ഉയർത്തുമെന്നും ഇത് കടബാധ്യതകളെ നിയന്ത്രണ വിധേയമാക്കുന്ന തരത്തിൽ സഹായകരമാകുമെന്നുമായിരുന്നു പൊതുവിലയിരുത്തൽ. ജി എസ് ടി വരുമാനം മതിയായ വിധത്തിൽ ഉയരുന്നില്ലെങ്കിൽ സാമ്പത്തിക ശ്രംഖലയെ ഗുരുതരമായി ബാധിക്കുന്ന ഒന്നായി അത് മാറും. കൂടുതൽ കടമെടുപ്പിലേക്കാണ് ഇത് സ്വാഭാവികമായും നയിക്കുക. അതുകൊണ്ട് കടത്തിന്റെ വളർച്ചയിൽ ഉണ്ടാകുന്ന വർധനയുടെ തോതിനെക്കാൾ ഉയർന്നതായിരിക്കണം ജി എസ് ടി വരുമാനത്തിന്റെ വളർച്ച. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ജി എസ് ടി വരുമാനത്തിലെ വളർച്ചയുടെ തോത് പൊതുവിൽ സംസ്ഥാനങ്ങളുടെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നു എന്നർത്ഥം.

അതായത്, സംസ്ഥാനങ്ങൾക്ക് വായ്പയുടെ പലിശ അടയ്ക്കാനും മുതൽ അടച്ചു തീർക്കുന്നതിനുമുള്ള സാമ്പത്തികമായ ശേഷി അനിവാര്യമാണ്. വായ്പകൾ കാലാവധി പൂർത്തീകരിക്കുമ്പോൾ തനത് വരുമാന സ്രോതസ്സുകളിൽ നിന്ന് അത് തിരിച്ചടക്കാനും കഴിയണം. ജി എസ് ടി വരുമാനം സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ കാര്യമായി പ്രതിനിധീകരിക്കുന്ന ഒന്നാണ്. ജി എസ് ടി വരുമാനത്തിലെ വളർച്ച പലിശ ബാധ്യതയേക്കാൾ കൂടുതലാണെങ്കിൽ വായ്പയുടെ തിരിച്ചടവ് സുഗമമാവുകയും ഭാവിയിൽ അത് സുഗമമായ രീതിയിൽ നീങ്ങുന്നതിനും സഹായകമാവുകയും ചെയ്യുന്നു.[3]

'ഫിസ്കൽ പോളിസി റെസ്പോൺസ് ഫങ്ഷൻ' അനുസരിച്ച് പ്രാഥമിക ബാലൻസ് - ജി എസ് ഡി പി അനുപാതം പോസിറ്റീവാ

***22 സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ എട്ടെണ്ണത്തിൽ വായ്പാ കേന്ദ്രീകരണത്തിലെ വളർച്ചയേക്കാൾ കൂടുതലായിരുന്നു ജി എസ് ടി വരുമാനത്തിലെ വളർച്ച***

യിരിക്കണം. വായ്പ-ജി എസ് ഡി പി അനുപാതം ഒരേ ദിശയിൽ സഞ്ചരിക്കുന്ന തരത്തിലുള്ളതാകണമെന്നർത്ഥം. വായ്പകളുടെ തോത് പ്രഥമിക മിച്ചങ്ങളുടെ ഡിസ്കൗണ്ട് ചെയ്ത മൂല്യത്തിന് തുല്യമായിരിക്കണം. അങ്ങനെ വരുമ്പോൾ ഇന്റർ ടെംപോറൽ ബഡ്ജറ്റ് കൺസ്ട്രയ്ന്റുമായി (ഐ ബി സി)[4] അത് ചേർന്ന് പോകുന്നു (ബോൺ - 1998). കടങ്ങൾ നിയന്ത്രണ വിധേയമാണെന്ന് ഇതിൽ നിന്ന് മനസിലാക്കാം. അതുകൊണ്ട് പ്രാഥമിക ബാലൻസ് പോസിറ്റീവായി മുന്നോട്ട് പോകണം.[5] ജി എസ് ടി ഇവിടെ വളരെ നിർണ്ണായകമായ ഒരു ഘടകമാണ്. പ്രൈമറി ബാലൻസ് പോസിറ്റീവായി തുടർന്നാൽ അത് ഭാവിയിൽ പ്രാഥമിക മിച്ചത്തിലേക്ക് നയിക്കുന്നു. ഇത് നെഗറ്റീവാണെങ്കിൽ ഗുരുതരമായ കമ്മിയിലേക്ക് നയിക്കുകയും ദീർഘകാലാടിസ്ഥാനത്തിൽ ധനസ്ഥിതിയുടെ സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു.

കടത്തിന്റെ സ്ഥിതി നിയന്ത്രണ വിധേയമായി നിലനിർത്തുന്നതിന് മൂന്ന് പ്രധാന കാര്യങ്ങൾ പാലിക്കേണ്ടതുണ്ട്. ഒന്ന്, കടത്തിന്റെ വളർച്ചയുടെ തോത് (ഡി) ജി എസ ടി വരുമാന വളർച്ചയുടെ (ആർ) തോതിൽ താഴെയായിരിക്കണം. പലിശ ബാധ്യത നിർണ്ണയിക്കുന്ന പലിശയുടെ തോത് (ഐ) ജി എസ ടി വളർച്ച തോതിലും (ആർ) താഴെയായിരിക്കണം എന്നതാണ് രണ്ടാമത്തെ കാര്യം. മൂന്ന്, പ്രാഥമിക ബാലൻസ് (പി) കാലാന്തരത്തിൽകൂടി വരണം. ചുരുക്കത്തിൽ ജി എസ് ടി വരുമാന വളർച്ചയുടെ ഉയർന്ന തോത്, കടങ്ങളുടെ കാര്യത്തിലെ കുറഞ്ഞ വളർച്ചാ നിരക്ക്, ഇവയ്ക്ക് പുറമെ തുടർച്ചയായി ഉയരുന്ന പ്രാഥമിക ബാലൻസ് എന്നിവ നല്ല രീതിയിലുള്ള വായ്പ സ്ഥിതിക്ക് ആവശ്യമായ ഘടകങ്ങളാണ്. ഇത് മൂന്നും ഒരു സംസ്ഥാനം നന്നായി മുന്നോട്ട് കൊണ്ടു പോകുന്നുണ്ടെങ്കിൽ അത് കൃത്യമായ വായ്പാ മാനേജ്മെന്റ് രീതിയാണെന്ന് പറയാം. ഇതിൽ ഒരു കാര്യം മാത്രമാണ് സാധിക്കുന്നതെങ്കിൽ അത് താരതമ്യേന ദുർബലമായ ഒരു വായ്പാ സാഹചര്യമാണ്. ഇവിടെ പ്രാഥമിക ബാലൻസിലെ വളർച്ച നെഗറ്റീവാണെങ്കിൽ കാലാന്തരത്തിൽ നിയന്ത്രണ വിധേയമാകാത്ത കടബാധ്യതകൾക്ക് അത് വഴി തുറക്കുന്നു. അതായത്, പ്രാഥമിക കമ്മിയിലേക്ക് നയിക്കുന്നു എന്നർത്ഥം. പ്രാഥമിക ബാലൻസാണ് എല്ലാ തരത്തിലുമുള്ള

Strongly sustainable:(i) $\Delta\tau - \Delta d > 0;\ \Delta\tau - \Delta i > 0;\ \Delta p = +ve$

***Weakly Sustainable:*** *(i)* $\Delta\tau - \Delta d < 0;\ \Delta\tau - \Delta i > 0;\ \Delta p = +ve$

*(ii)* $\Delta\tau - \Delta d > 0; \Delta\tau - \Delta i < 0; \Delta p = +ve$

*(iii)* $\Delta\tau - \Delta d < 0; \Delta\tau - \Delta i < 0; \Delta p = +ve$

*(iv)* $\Delta\tau - \Delta d < 0; \Delta\tau - \Delta i > 0; \Delta p = -ve$

*(v)* $\Delta\tau - \Delta d > 0; \Delta\tau - \Delta i < 0;\ \Delta p = -ve$

*(vi)* $\Delta\tau - \Delta d > 0; \Delta\tau - \Delta i > 0; \Delta p = -ve$

***Not Sustainable:*** (i) $\Delta\tau - \Delta d < 0; \Delta\tau - \Delta i < 0; \Delta p = -ve$

***വായ്പാ നിയന്ത്രണത്തിനായുള്ള മൂന്ന് സുപ്രധാന കാര്യങ്ങൾ പാലിക്കാൻ അഞ്ച് സംസ്ഥാനങ്ങൾക്ക് കഴിഞ്ഞു. എന്നാൽ ആറ് സംസ്ഥാനങ്ങൾക്ക് ഇതിൽ ഒരു കാര്യം പോലും പാലിക്കാൻ കഴിഞ്ഞില്ല.***

കമ്മിക്കും കാരണമായി മാറുന്നത്. അത് ആവശ്യമായ വായ്പയുടെ തോതിനെയും സൂചിപ്പിക്കുന്നു. ഒരു രാജ്യം കടത്തെ നിയന്ത്രണ വിധേയമാക്കുന്ന തരത്തിലുള്ള പ്രഥമിക ബാലൻസ് കൈവരുത്തുന്നുവെങ്കിൽ ആ രാജ്യത്തിന്റെ നിലവിലെ കടത്തിന്റെ സ്ഥിതിയും നിയന്ത്രണ വിധേയമായിരിക്കും. അതുകൊണ്ട് പ്രാഥമിക ബാലൻസിലെ മികച്ച വളർച്ച തന്നെയാണ് വായ്പാ നിയന്ത്രണത്തിൽ ഏറ്റവും നിർണ്ണായകം.[6] (ഫോർമുല കാണുക)

ഒന്നാമത്തെ പട്ടികയിൽ നൽകിയിരിക്കുന്ന വിധത്തിൽ ഈ പഠനം ജി എസ് ടി നടപ്പാക്കിയ ഘട്ടത്തിലെ വിവിധ സൂചകങ്ങൾ താരതമ്യം ചെയ്യുന്നു. ആസാം, ബീഹാർ, ഹിമാചൽപ്രദേശ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ് (ഗ്രൂപ്പ് എ) എന്നീ സംസ്ഥാനങ്ങൾ മേൽപ്പറഞ്ഞ മൂന്ന് കാര്യങ്ങളും പാലിക്കുന്നതായി കാണാം. അതുകൊണ്ട് അവ ശക്തമായി കടത്തെ നിയന്ത്രിക്കുന്നു എന്ന് നമുക്ക് അനുമാനിക്കാം. പോൺസി സാഹചര്യം ഒഴിവാക്കുന്നതിനുള്ള ഭദ്രത ഇവയ്ക്കുണ്ട്. എന്നാൽ ആന്ധ്രപ്രദേശ്, കർണ്ണാടക, കേരളം, മധ്യപ്രദേശ്, മഹാരാഷ്ട്ര, ത്രിപുര, ഉത്തർ പ്രദേശ്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങൾ ഒരു കാര്യം മാത്രമാണ് പാലിക്കുന്നത്. അതുകൊണ്ട് അവ വായ്പാ മാനേജ്മെന്റിന്റെ കാര്യത്തിൽ ദുർബലമാണെന്ന് വിലയിരുത്താം. കേരളം, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ആവശ്യം വേണ്ടുന്ന കാര്യങ്ങൾ (പ്രൈമറി ബാലൻസിലെ പോസിറ്റീവായ വളർച്ച) പാലിക്കുന്നതിനാൽ ദീർഘകാലാടിസ്ഥാനത്തിൽ ഇവയുടെ സ്ഥിതി ഭയപ്പെടുത്തുന്ന നിലയിലല്ല (ഗ്രൂപ്പ് ബി). ഒട്ടേറെ പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും പ്രൈമറി ബാലൻസിന്റെ കാര്യത്തിൽ വളർച്ച കൈവരിക്കാൻ കഴിഞ്ഞ ഏക സംസ്ഥാനം കേരളമാണ്. പ്രൈമറി ബാലൻസിലെ അനുകൂലമായ വളർച്ച കടബാധ്യത കുറച്ചുകൊണ്ട് വരും. അതുകൊണ്ട് പ്രാഥമിക ബാലൻസ് ഉയരുന്ന ഒരു സംസ്ഥാനത്തിന്റെ കാര്യത്തിൽ വായ്പയെ വലിയൊരു പ്രതികൂല ഘടകം എന്ന് വിലയിരുത്താൻ കഴിയില്ല.

എന്നാൽ പ്രൈമറി ബാലൻസിന്റെ കാര്യത്തിൽ നെഗറ്റീവ് വളർച്ചയുള്ള സംസ്ഥാനങ്ങളുടെ (ആന്ധ്രപ്രദേശ്, കർണാടക, മധ്യപ്രദേശ്, ഒഡിഷ, പഞ്ചാബ്, രാജസ്ഥാൻ, ത്രിപുര, പശ്ചിമ ബംഗാൾ) ദീർഘകാലാടിസ്ഥാനത്തിൽ വായ്പാ സ്ഥിതി ദോഷകരമായി പരിണമിക്കാൻ സാധ്യതയുണ്ട് (ഗ്രൂപ്പ് സി). അതുകൊണ്ട് ഈ എട്ട് സംസ്ഥാനങ്ങളുടെ കാര്യത്തിൽ ധനസ്ഥിതിയുടെ കാര്യത്തിൽ ആശങ്ക കനക്കുന്നുണ്ട്.

***കേരളം, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ വായ്പാ നിയന്ത്രണ കാര്യത്തിൽ താരതമ്യേന ദുർബലമാണ്. എന്നാൽ പോസിറ്റീവായ പ്രാഥമിക ബാലൻസ് ഈ സംസ്ഥാനങ്ങൾക്ക് സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. മറ്റൊരു വിഭാഗം സംസ്ഥാനങ്ങൾ പ്രാഥമിക ബാലൻസിന്റെ കാര്യത്തിൽ നെഗറ്റീവ് വളർച്ചയാണ് കാഴ്ച വയ്ക്കുന്നത്. അതുകൊണ്ട് ഈ സംസ്ഥാനങ്ങളുടെ വായ്പകൾ നിയന്ത്രണ വിധേയമല്ലാത്ത സ്ഥിതിയിലേക്ക് പോകുമോ എന്ന ആശങ്ക ഉയർത്തുന്നുണ്ട്.***

**Table 1**. Select sustainability indicators

| State | △r - △d > 0 | △r - △i > 0 | $\Delta p$ (+/-) | Sustainability? |
|---|---|---|---|---|
| | | Group (A) | | |
| Assam | 4.46 | 4.54 | + | Strongly Sustainable |
| Bihar | 20.22 | 18.85 | + | Strongly Sustainable |
| Himachal Pradesh | 10.32 | 12.14 | + | Strongly Sustainable |
| Jharkhand | 8.35 | 12.29 | + | Strongly Sustainable |
| Uttarakhand | 3.87 | 9.14 | + | Strongly Sustainable |
| | | Group (B) | | |
| Kerala | -5.50 | -7.02 | + | Weakly Sustainable |
| Maharashtra | -0.94 | 6.26 | + | Weakly Sustainable |
| Uttar Pradesh | -0.01 | 4.20 | + | Weakly Sustainable |
| | | Group (C) | | |
| Andhra Pradesh | -2.61 | 0.81 | - | Weakly Sustainable |
| Karnataka | -2.67 | 0.03 | - | Weakly Sustainable |
| Madhya Pradesh | 0.30 | 3.67 | - | Weakly Sustainable |
| Odisha | 1.56 | 8.44 | - | Weakly Sustainable |
| Punjab | -0.42 | 1.02 | - | Weakly Sustainable |
| Rajasthan | 0.47 | 2.98 | - | Weakly Sustainable |
| Tripura | 4.54 | 9.55 | - | Weakly Sustainable |
| West Bengal | 2.36 | 6.06 | - | Weakly Sustainable |
| | | Group (D) | | |
| Chhattisgarh | -10.90 | -15.10 | - | Not Sustainable |
| Goa | -1.92 | -0.56 | - | Not Sustainable |
| Gujarat | -4.18 | -2.11 | - | Not Sustainable |
| Haryana | -3.51 | -3.03 | - | Not Sustainable |
| Tamil Nadu | -4.88 | -4.38 | - | Not Sustainable |
| Telangana | -5.95 | -2.85 | - | Not Sustainable |

ഛത്തീസ്ഗഡ്, ഗോവ, ഗുജറാത്ത്, ഹരിയാന, തമിഴ്നാട്, തെലങ്കാന എന്നീ സംസ്ഥാനങ്ങൾ ഒരു കാര്യവും പാലിക്കുന്നതായി കാണാൻ കഴിയില്ല (ഗ്രൂപ്പ് - ഡി). ഈ ആറു സംസ്ഥാനങ്ങളുടെ കാര്യത്തിൽ വായ്പാനയം ഒട്ടും തന്നെ പര്യാപ്തമല്ല. 13 സംസ്ഥാനങ്ങളുടെ (ഗ്രൂപ്പ് സി, ഡി) പ്രധാന പ്രതിസന്ധി അവ നിർണ്ണായകമായ കാര്യങ്ങൾ പാലിക്കുന്നില്ല എന്നതാണ്. ഇക്കാര്യത്തിൽ ഇവയുടെ എസ് ജി എസ് ടി വരുമാനം ഒട്ടും തന്നെ പര്യാപ്തവുമല്ല. അതുകൊണ്ട് നയപരമായ ഇടപെടലുകൾ അനിവാര്യമാണ്. (പട്ടിക - 1)

**ജി എസ് ടി സംസ്ഥാനങ്ങളുടെ കടബാധ്യത ഉയർത്തിയിട്ടുണ്ടോ?**

ജി എസ് ടി സമ്പ്രദായം സംസ്ഥാനങ്ങളുടെ കടബാധ്യത ഉയർത്തുന്നതിന് കാരണമായിട്ടുണ്ടോ എന്ന് അന്വേഷിക്കുമ്പോൾ ഈ പഠനം ഇതിന് മുൻപ് നടത്തിയിട്ടുള്ള ചില പഠനങ്ങളിലെ കണ്ടെത്തലുകളുമായി താരതമ്യം ചെയ്യുകയാണ് (കൗർ - 2017, രഞ്ജിത്ത്, ഷൺമുഖം - 2018). ജി എസ് ടി വരുന്നതിന് മുൻപ് സംസ്ഥാനങ്ങളുടെ കടബാധ്യതയെ കുറിച്ചാണ് ഈ രണ്ട് പഠനങ്ങളും നടത്തിയിരിക്കുന്നത്. സൂചക രീതി ഉപയോഗിച്ച് കൗർ നടത്തിയ പഠനം ഇന്ത്യൻ സംസ്ഥാനങ്ങളുടെ 1981-82 കാലഘട്ടം മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ അഞ്ചു ഘട്ടങ്ങളുടെ കടബാധ്യതയാണ് നിരീക്ഷിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ 2012-13 മുതൽ 2015-16 വരെയുള്ള ഘട്ടത്തിൽ ആന്ധ്രപ്രദേശ്, ബീഹാർ, ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒഡിഷ, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിൽ കടത്തിന്റെ സ്ഥിതി നിയന്ത്രണ വിധേയമാണെന്നാണ് വിലയിരുത്തുന്നത്. എന്നാൽ ഇപ്പോഴത്തെ പഠനം കാണിക്കുന്നത് ബീഹാർ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങൾ ഒന്നുകിൽ നിയന്ത്രണ വിധേയമാകാത്തവയോ അല്ലെങ്കിൽ മോശമായ സ്ഥിതിയിലുള്ളവയോ ആണെന്നാണ്. ജി എസ് ടി നടപ്പാക്കിയ ഘട്ടത്തിൽ നിരവധി സംസ്ഥാനങ്ങളുടെ കാര്യത്തിൽ വായ്പാ സ്ഥിതി കൂടുതൽ മോശമായ നിലയിലേക്കുമാറി എന്ന വിലയിരുത്തലിലേക്കാണ് ഇത് നമ്മെ എത്തിക്കുന്നത്.

രഞ്ജിത്, ഷൺമുഖം എന്നിവർ 2018 ൽ നടത്തിയ പഠന പ്രകാരം ജി എസ് ടി ക്ക് മുൻപുള്ള ഘട്ടത്തിൽ 20 സംസ്ഥാനങ്ങളുടെ കാര്യത്തിൽ കടബാധ്യത നിയന്ത്രണ വിധേയമാണ് എന്നാണ് കാണുന്നത്. ഇവരുടെ നിഗമന പ്രകാരം ഇതിൽ 12 സംസ്ഥാനങ്ങൾ (ആസാം, ബീഹാർ, ഛത്തീസ്ഗഡ്, ഹരിയാന, ഹിമാചൽ പ്രദേശ്, ജമ്മു-കാശ്മീർ, ജാർഖണ്ഡ്, കേരളം, ഒഡിഷ, പഞ്ചാബ്, തമിഴ്നാട്, ഉത്തരാഖണ്ഡ് എന്നിവ) പൊതുകടത്തെ നിയന്ത്രണ വിധേയമാക്കുന്നു എന്നാണ്. എന്നാൽ പുതിയ പഠനം കാണിക്കുന്നത് ആസാം, ബീഹാർ, ഹിമാചൽ പ്രദേശ്, ജാർഖണ്ഡ് എന്നിവ ഒഴികെയുള്ള സംസ്ഥാനങ്ങളുടെ സ്ഥിതി ഇക്കാര്യത്തിൽ മോശമാണ് എന്നാണ്. ജി എസ് ടി പല സംസ്ഥാനങ്ങളുടെയും കടത്തിന്റെ സ്ഥിതിയെ ദോഷകരമായി ബാധിച്ചു എന്ന വിലയിരുത്തലമുണ്ട്. അതുകൊണ്ട് ഈ സംസ്ഥാനങ്ങൾ തിരുത്തൽ നടപടികൾക്കു മുതിരേണ്ടത് അനിവാര്യമാണ്.

**രത്നച്ചുരുക്കം**

ജി എസ് ടി ഘട്ടത്തിലെ സംസ്ഥാനങ്ങളുടെ പൊതുകടത്തിന്റെ നയപരമായ വശങ്ങളാണ് ഈ പഠനം വിലയിരുത്തിയത്. 23 സംസ്ഥാനങ്ങളിൽ എട്ടെണ്ണത്തിന് മാത്രമാണ് വായ്പാ സ്ഥിതിയെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിഞ്ഞത്. ഇതിൽ അഞ്ചെണ്ണം മാത്രമാണ് സുസ്ഥിരവും ശക്തമായ നിലയിലുള്ളതും. മികച്ച ധനപരമായ നയങ്ങൾക്ക് പുറമെ, ജി എസ് ടി വരുമാനവും ഇക്കാര്യത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നുവെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രധാന

നിർദേശം സി, ഡി വിഭാഗങ്ങളിൽ പെടുന്ന സംസ്ഥാനങ്ങൾ അടിയന്തിരമായി നയ പരമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് എന്നാണ്. വായ്പയെടുത്ത പണം ഓരോ സംസ്ഥാനവും തിരുത്തൽ പാക്കേജുകൾ ക്കായി ഉപയോഗിക്കണം എന്നാണ് നിർദേശിക്കാനുള്ളത്. ഒരേ അളവുകോൽ എല്ലാവർക്കും ബാധകമാകും എന്ന ധാരണ തിരുത്തണം. അതുകൊണ്ട് തങ്ങളുടെ സാദ്ധ്യതകൾ വിലയിരുത്തി സംസ്ഥാനങ്ങൾ റവന്യു വരുമാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നടപടികൾ പാലിക്കുന്നതിലെയും ഭരണപരമായ കാര്യ ങ്ങളിലെയും വീഴ്ചകൾ പരിഹരിക്കുന്നതിന് അതാത് സംസ്ഥാനങ്ങളിലെ ജി എസ് ടി വകുപ്പ് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കണം. വായ്പയെടുക്കുന്ന പണം തിരിച്ചടവിന് ഉപയോഗിക്കാതെ ജി എസ് ടി അടിസ്ഥാനമാക്കിയുള്ള സംസ്ഥാനങ്ങളുടെ തനത് വരുമാനം ഇതിനായി ഉപയോഗിക്കാൻ കഴിയണം. വായ്പാനിയന്ത്രണ കാര്യത്തിൽ ജി എസ് ടി സമ്പ്രദായം ഒരു വിജയമാണോ എന്ന് വിലയിരുത്തുന്നതിന് ഇനിയും സമയമായിട്ടില്ലെങ്കിലും ഈ പഠനം വ്യക്ത മാക്കുന്ന പ്രധാന കാര്യം പല സംസ്ഥാന ങ്ങളും ഇക്കാര്യത്തിൽ ഏറെ പിന്നോക്കമാ ണെന്നാണ്. ജി എസ് ടി വരുമാനം ഉയർത്തു ന്നതടക്കമുള്ള തിരുത്തൽ നടപടികൾ ഈ സംസ്ഥാനങ്ങൾ സ്വീകരിക്കണം. ഒപ്പം, തനത് വരുമാനം ഉയർത്തുന്നതിനും പ്രാഥമിക മിച്ചം വർധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ചില പരിമിതികളുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെ കുറിച്ച് ഈ പഠനം അർത്ഥവത്തായ ഉൾകാഴ്ച നൽകുന്നുണ്ട്.

■

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖകൻ)

[1] See Mukharjee (2020) for details of GST framework

[2] The primary balance is the root cause of all types of deficits. It is basically the amount of borrowings that are required to meet expenses other than the interest payments (primary deficit) or the pressure of the government on the interest commitments on previous borrowings (primary surplus).

[3] See Grainer and Fincke (2015) for details.

[4] The outstanding debt today must be equal to the present value of future primary surpluses of a government.

[5] Since this test maps the response of the primary balance to change in public debt, conditional on the control variables this is often referred as the fiscal reaction function or the fiscal policy response function in most of the literature D 'Erasmo et al. (2016).

[6] See Rangarajan and Srivastava (2005) for details

References

Bohn, H. (1998). "*The Behavior of US Public Debt and Deficits.*" The Quarterly Journal of Economics 113(3):949-963. doi:10.1162/003355398555793..

D'Erasmo, P., Mendoza, E. G., & Zhang, J. (2015). *What is a sustainable public debt?*. In Handbook of Macroeconomics (Vol. 2, pp. 2493-2597) Elsevier.

Fincke, B., and A. Greiner. (2011). *"Debt Sustainability in Germany: Empirical*

*Evidence for Federal States."* International Journal of Sustainable Economy 3(2):235-254. doi:10.1504/IJSE. 2011.039442.

Greiner, A., and B. Fincke. (2015). *Public debt, sustainability, and economic growth.* Switzerland: Springer International Publishing Media.

IMF (International Monetary Fund). 2011. *"Modernizing the Framework for Fiscal Policy and Public Debt Sustainability Analysis."* Policy Paper. https://www.imf.org/external/np/pp/eng/ 2011/080511.pdf

Kaur, B., Mukherjee, A., & Ekka, A. P. (2018). *Debt sustainability of states in India: An assessment.* Indian Economic Review, 53(1-2), 93-129

Mukherjee, S. (2020). *Goods and services tax efficiency across Indian states: Panel stochastic frontier analysis.* Indian Economic Review, 1-27,

RBI (2013). State Finances: *A study of budgets -2020- 21.*

Rangarajan, C., and D. K. Srivastava. 2005. *"Fiscal Deficits and Government Debt: Implications for Growth and Stabilization."* Economic and Political Weekly 40(27): 2919-2934

Renjith, P. S., & Shanmugam, K. R. (2018). *Sustainable debt policies of Indian state governments.* Margin: The Journal of Applied Economic Research, 12(2), 224-243.

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# ജി എസ് ടി പണപ്പെരുപ്പത്തിൽ ഉളവാക്കിയ ആഘാതം

അനൂപ് എസ്. കുമാർ, സന്തോഷ് കുമാർ ഡാഷ്

## ആമുഖം

ജി എസ് ടി നടപ്പാക്കുന്നതിന് മുൻപ് വിവിധ നികുതി നിയമങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും നികുതികൾ പിരിക്കുന്ന ഒരു സംവിധാനമാണ് ഇന്ത്യയിൽ ഉണ്ടായിരുന്നത്. ജി എസ് ടിയുടെ മുൻഗാമിയെന്ന് വിശേഷിപ്പിക്കാവുന്ന വാറ്റ് സമ്പ്രദായത്തിലും ബഹുവിധ നികുതികളാണ് നിലവിലുണ്ടായിരുന്നത്. ഇത് ജനങ്ങളുടെ മേൽ നികുതി ആഘാതം വർധിപ്പിക്കുന്നതിന് പുറമെ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സൗകര്യം ദുരുപയോഗം ചെയ്യുന്നതിനും വഴിയൊരുക്കിയിരുന്നു. ഇത്തരം പ്രശ്നങ്ങൾ പരമാവധി ലഘൂകരിക്കുക എന്നത് ജി എസ് ടി നടപ്പാക്കിയതിന്റെ ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ജി എസ് ടി നടപ്പാക്കിയത് വിലനിലവാരത്തെ എങ്ങനെ സ്വാധീനിച്ചു എന്നാണ് ഈ ലേഖനം പരിശോധിക്കുന്നത്.

രൂപകല്പനയുടെ അടിസ്ഥാനത്തിൽ തന്നെ ജി എസ് ടി സമ്പ്രദായം പകുതിയോളം ഉത്പന്നങ്ങളെ ഉപഭോക്തൃ വില സൂചികയുടെ സഞ്ചികയിൽ നിന്ന് ഒഴിവാക്കുന്നുണ്ട്. ഇതിനു പുറമെ, അവശ്യ സാധനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന നിരവധി സാധനങ്ങൾക്ക് അഞ്ചു ശതമാനം മാത്രമാണ് നികുതി. വാറ്റ് സമ്പ്രദായത്തിൽ കുറഞ്ഞ നികുതി ചുമത്തിയിരുന്ന ഉത്പന്നങ്ങൾക്ക് ജി എസ് ടി നടപ്പാക്കിയപ്പോൾ ഉയർന്ന നികുതി ഏർപ്പെടുത്തിയതിനാൽ വില ഉയരുന്നതിന് സാധ്യതയുണ്ട്. മറിച്ചാണെങ്കിൽ വില കുറയേണ്ടതുമാണ്. അതുകൊണ്ട് ചില സാധനങ്ങളുടെ വില കൂടുന്നതിനും വേറെ ചിലവയുടെ വില താഴുന്നതിനും സാധ്യതയുണ്ട്. അതായത് വിലനിലവാരത്തെ ഇത് എങ്ങനെ സ്വാധീനിക്കുന്നു എന്നത് പല ഘടകങ്ങളെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. 1) ജി എസ് ടി നിരക്കുകൾ വാറ്റിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. 2) ജി എസ് ടി റവന്യു ന്യൂട്രലാണോ. 3) ഉപഭോക്തൃ വില സൂചിക സഞ്ചയികക്ക് പുറത്തുള്ള ഉത്പന്നങ്ങളുടെ എണ്ണം. 4) മാർക്കറ്റിൽ കമ്പനികൾക്കുള്ള സ്വാധീനം, 5) ജി എസ് ടിക്ക് പുറത്തുള്ള സാധനങ്ങളുടെ വിലയിലെ വ്യതിയാനം തുടങ്ങിയവ അവയിൽ ചിലതാണ്.

നിരവധിയായ പരോക്ഷ നികുതികൾ സമന്വയിപ്പിക്കുന്നതിനാലും നികുതിയുടെ ആഘാതത്തിന്റെ ഇരട്ടിപ്പിക്കൽ ഒഴിവാകുന്നതിനാലും ജി എസ് ടി പൊതുവിൽ വിലകൾ കുറയ്ക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ നടപ്പാക്കിയതിന് ശേഷം വ്യാപകമായി വ്യത്യസ്ത അഭിപ്രായങ്ങൾക്ക് വഴി തുറന്നിരുന്നു. 2003 ൽ ആസ്ട്രേലിയൻ കോമ്പറ്റീഷൻ ആൻഡ് കൺസ്യൂമർ കമ്മീഷൻ നടത്തിയ പഠനത്തിൽ ആദ്യഘട്ടത്തിൽ പണപ്പെരുപ്പം കുറയ്ക്കുന്നതിന് ജി എസ് ടി സഹായകമായെന്ന് വ്യക്തമായിട്ടുണ്ട്.

എന്നാൽ ഇതിനു വിരുദ്ധമായ റിപ്പോർട്ടുകളും കാണാം (വെല്ധഖാനി 2005). ഇന്ത്യയിൽ ഇത് സംബന്ധിച്ച് നടന്ന ഏക പഠനം ദാസിന്റേതാണ് (2019). 'ഡിഫറൻസ് ഇൻ ഡിഫറൻസ്' (ഡി ഐ ഡി) എന്ന രീതി ഉപയോഗിച്ച് അദ്ദേഹം നടത്തിയ പഠനത്തിൽ ജി എസ് ടി ക്ക് പൊതു വിലനിലവാരത്തിൽ കാര്യമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നാണ് വ്യക്തമാകുന്നത്.

എന്നാൽ താഴെപറയുന്ന കാരണങ്ങളാൽ ഈ കണ്ടെത്തലുകളിൽ ഒരു പുനഃപരിശോധന ആവശ്യമാണ്. ഒന്ന്, ഡി ഐ ഡി രണ്ടു കാര്യങ്ങളിൽ മാത്രം ഊന്നൽ നൽകുന്ന ഒരു 'സ്റ്റാറ്റിക് റിഗ്രെഷൻ' മോഡലാണ്. നമുക്ക് വേണ്ടത് കൂടുതൽ സജീവമായ ഇടപെടലാണ്. രണ്ട്, പൊതുവിലനിലവാരത്തെ കുറിച്ചാണ് ദാസ് നടത്തിയ പഠനം. ഉപഭോഗത്തെ സ്വാധീനിക്കുന്ന രണ്ടു പ്രധാന കാര്യങ്ങൾ ഭക്ഷണവും ഇന്ധനവുമാണെന്ന് കാണാം. പക്ഷെ, ഭക്ഷ്യ ഉത്പന്നങ്ങളിൽ ഭൂരിഭാഗവും ഇന്ധനവും ജി എസ് ടിക്ക് പുറത്താണ്. അതിനാൽ പൊതുവിലനിലവാരം കണക്കിലെടുക്കുന്നത് കൃത്യമായ ഫലം ലഭ്യമാക്കണമെന്നില്ല. മൂന്ന്, വിവരങ്ങളുടെ അപര്യാപ്തത മൂലം ഈ വിശകലനം 2018 ൽ അവസാനിപ്പിക്കുകയായിരുന്നു. വിലനിലവാരത്തെ സ്വാധീനിക്കുന്ന ഇതര ഘടകങ്ങളെ ഇവിടെ കണക്കിലെടുത്തിട്ടില്ല. ആഘാതത്തെ അളക്കുന്നതിന് ഇത്തരം ഘടകങ്ങൾ ഉൾപ്പെടുത്തേണ്ടത് ഏറെ അനിവാര്യമാണ്.

ജി എസ് ടി നടപ്പാക്കിയിട്ട് നാല് വർഷം പിന്നിടുമ്പോഴും വിലനിലവാരത്തിൽ ഇത് ഉണ്ടാക്കിയ ആഘാതത്തെ കുറിച്ച് കൃത്യമായ ഒരു പഠനം ഇനിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തെ കുറിച്ച് ഇനിയും കാര്യമായി മനസിലാക്കേണ്ടതുണ്ട്. ഗവേഷണപരമായ ഈ ശൂന്യത ഒഴിവാക്കുകയും വിലകളിൽ ജി എസ് ടി ഉളവാക്കിയ ആഘാതത്തെ കുറിച്ച് പരിശോധിക്കുകയുമാണ് ഈ ലേഖനം.

ബ്രോഡ്സൺ 2015 ൽ വികസിപ്പിച്ച 'ബയേഷ്യൻ സ്ട്രക്ചറൽ ടൈം സീരീസ് മോഡലിനെ' അടിസ്ഥാനമാക്കിയുള്ള 'കോസൽ ഇമ്പാക്ട് മെത്തോഡോളജിയാണ്' ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അടിസ്ഥാന ഘടകങ്ങളുടെ വിപരീതങ്ങളായ അനുമാനങ്ങൾ ഇവിടെ പരിഗണിക്കുന്നു. ഇവ തമ്മിലുള്ള അന്തരത്തിൽ നിന്ന് സാധാരണ ആഘാതമെന്തെന്ന അനുമാനത്തിലേക്ക് എത്തുകയും ചെയ്യുന്നു. വിനിമയ നിരക്ക്, ഇന്ധന വില, പലിശ നിരക്ക് എന്നിവയുടെ കൂടി അടിസ്ഥാനത്തിൽ വിലനിലവാരത്തിന്മേൽ ജി എസ് ടി വരുത്തുന്ന ആഘാതം എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നു.

**രീതിശാസ്ത്രവും വിവരങ്ങളും**

വിലകളിൽ ജി എസ് ടി ഉളവാക്കുന്ന ആഘാതത്തെ കണക്കാക്കുക എന്നത് തന്ത്രപരമായ ഒരു കാര്യമാണ്. ഇതിനായി ഈയിടെ ബ്രോഡർസെൻ വികസിപ്പിച്ചെടുത്ത 'കോസൽ ഇന്റർഫെറൻസ് അനാലിസിസാണ്' പ്രയോജനപ്പെടുത്തിയിരിക്കുന്നത്. ഈ നിരീക്ഷണങ്ങളുടെ മാറ്റം വിശകലനം ചെയ്യുന്നതിന് 'കോസൽ ഇമ്പാക്ട് മെത്തേഡിൽ ബയേഷ്യൻ സ്ട്രക്ചറൽ ടൈം സീരീസ്' മോഡലാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ രീതിശാസ്ത്രം സിന്തറ്റിക് കൺട്രോൾ മെത്തേഡിന് (അബാദി, ഗാർഡസബൽ- 2003) സമാനമാണ്.

സിന്തറ്റിക് കൺട്രോൾ, കോസൽ ഇമ്പാക്ട് എന്നിവ തമ്മിലുള്ള വ്യത്യാസം സിന്തറ്റിക് കൺട്രോളിൽ മാച്ചിങ്ങിനായി പ്രീ ട്രീറ്റ്മെന്റ് വേരിയബിൾ മാത്രം ഉപയോഗിക്കുന്നു എന്നതാണ്. എന്നാൽ ഇതിനു വിപരീതമായി കോസൽ ഇമ്പാക്ട് രീതിയിൽ മാച്ചിങ്ങിനായുള്ള പ്രെഡിക്റ്റർ വേരിയബിൾസായി ട്രീട്മെന്റിന് മുൻപും പിൻപുമുള്ള ടൈം സീരീസുകൾ ഉപയോഗിക്കുന്നു. കോസൽ ഇമ്പാക്റ്റിൽ സെറ്റ് ചെയ്യപ്പെട്ട ടൈം

കൺട്രോൾ സീരീസ് ഉപയോഗിക്കുന്നു. ഈ വേരിയബിൾസിനെ ചില ഇടപെടലുകൾ സ്വാധീനിക്കുന്നു എന്ന് കരുതുക. ഇത്തരം കേസിൽ യഥാർത്ഥ ആഘാതത്തെ തെറ്റായ രീതിയിൽ കുറച്ചു കാണിക്കുകയോ, പർവ്വതീകരിക്കുകയോ ചെയ്യുന്നു എന്ന പ്രശ്നം ഉത്ഭവിക്കുന്നു. ഇവിടെ യാതൊരു ഫലവും ഉണ്ടാക്കാത്ത കാര്യങ്ങൾക്ക് യഥാർത്ഥത്തിൽ ഇഫക്ട് ഉണ്ടെന്ന അനുമാനത്തിലെത്തുന്നു. മാത്രവുമല്ല, അനുബന്ധ ഘടകങ്ങളും ടൈം സീരീസും തമ്മിലുള്ള ബന്ധം സ്ഥിരമാണെന്ന നിഗമനം ഈ മോഡൽ സ്വീകരിക്കുന്നു.

കോസൽ എസ്റ്റിമേറ്റ് മോഡലിൽ 9 ഘടകങ്ങളാണ് ഞങ്ങൾ പരിഗണിച്ചത്. ഇവിടെ ഡിപെൻഡന്റ് വെരിയെബിൾസ് ഇവയാണ്: സി പി ഐ (മൊത്തത്തിൽ), സി പി ഐ (കോർ), സി പി ഐ (ഭക്ഷണം), സി പി ഐ (ഫുഡ്, ബീവറേജ്), സി പി ഐ (പാൻ, പുകയില തുടങ്ങിയവ) സി പി ഐ (വസ്ത്രം, പാദരക്ഷകൾ), സി പി ഐ (ഭവനം), സി പി ഐ (പലവക), സി പി ഐ (ഒഴിവാക്കിയിട്ടില്ലാത്ത ഫുഡ്, ബീവറേജ്). വിനിമയ നിരക്ക്, റീപോ നിരക്ക്, ഇന്ധന വില എന്നിവയാണ് അനുബന്ധ ഘടകങ്ങൾ.

**വിവര സ്രോതസുകൾ**

മാതൃക ആവശ്യങ്ങൾക്കായി പ്രതിമാസ സി പി ഐ വളർച്ചയെയാണ് ട്രീറ്റ്മെന്റ് വേരിയബിളായി എടുത്തിരിക്കുന്നത്. രൂപ, ഡോളർ വിനിമയ നിരക്കിലെ പ്രതിമാസ വിവരങ്ങൾ, ഇന്ധന വില സൂചിക, റീപോ നിരക്കുകൾ എന്നിവയാണ് അനുബന്ധ ഘടകങ്ങളായി എടുത്തിരിക്കുന്നത്. ഇവ മൂന്നും പണപ്പെരുപ്പത്തെ സ്വാധീനിക്കുന്ന കാര്യങ്ങളാണ്. എന്നാൽ ജി എസ് ടി നടപ്പാക്കിയത് തിരിച്ച് ഇവയെ സ്വാധീനിക്കില്ല എന്ന നിഗമനമാണ് ഞങ്ങൾ എടുത്തിരിക്കുന്നത്. 2011 ജനുവരി മുതൽ 2020 ഡിസംബർ വരെയുള്ള കാലഘട്ടത്തിലെ വിവരങ്ങളാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്. പലിശ നിരക്കിനെ ആധാരമാക്കിയുള്ള വിലയെ സ്വാധീനിക്കുന്ന പ്രാഥമിക ഘടകമാണ് ഇത്. പുതിയ സി പി ഐ ഉപയോഗിച്ചാണ് വില / പണപ്പെരുപ്പം കണക്കാക്കിയിരിക്കുന്നത്. വിലകളിൽ ജി എസ് ടിയുടെ ആഘാതം കണക്കാക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ അടിസ്ഥാനം സി പി ഐ ആണ്. കാരണം, നികുതികൾ ഉൾപ്പടെ ഉപഭോക്താവ് നൽകേണ്ടിവരുന്ന അന്തിമ വിലയാണ് ഇതിൽ വരുന്നത് എന്നതാണ്.

സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇമ്പ്ളിമെന്റേഷൻ മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (സി എസ് ഒ) 2011 ജനുവരി മുതൽക്കാണ് അഖിലേന്ത്യ ഉപഭോക്തൃ വില സൂചിക നടപ്പിലാക്കിയത്. 2012 = 100 എന്നതാണ് ഇതിന്റെ അടിസ്ഥാന വർഷം. ഗ്രാമീണ മേഖലക്കായുള്ള സി പി ഐ (ആർ), അർബൻ (യു), സംയുക്തം (സി) എന്നിങ്ങനെ ഇത് പ്രസിദ്ധീകരിക്കുന്നു. 2015 ജനുവരിയിൽ സി എസ് ഒ അടിസ്ഥാന വർഷം 2012 = 100 എന്നാക്കി മാറ്റി. ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രതിമാസ സി പി ഐ പണപ്പെരുപ്പ വിവരങ്ങളാണ് ഈ പഠനത്തിനായി ഉപയോഗിച്ചത്.

$$g = \frac{Y_t - Y_{(t-12)}}{Y_{(t-12)}} * 100.$$

വില സൂചികകളുടെ അളവുകോലായി സംയുക്ത സി പി ഐയാണ്, അതായത് സി പി ഐ-സി, ആണ് പഠനത്തിനായി എടുത്തിരിക്കുന്നത്.

സി പി ഐ സൂചികകൾ 2012 = 100 എന്ന അടിസ്ഥാന വർഷത്തെ അടിസ്ഥാനമാക്കി തിരിച്ചിരിക്കുന്നു. 2011 ജനുവരി മാസം മുതൽ 2020 ഡിസംബർ വരെ സി പി ഐ വിവരങ്ങൾ ലഭ്യമാണ്. കാഷ്വൽ ഇമ്പാക്ട് രീതിയിൽ, വിശകലനത്തിന് കൂടുതൽ വിശാലമായ കാലഘട്ടം ആവശ്യമാണ്. എന്നാൽ സി പി ഐയുടെ ഏറ്റവും പുതിയ വിവരങ്ങൾ ഇതിന് സഹായകമല്ല. കാരണം,

2011 ജനുവരി മുതൽക്ക് മാത്രമേ ഇത് ലഭ്യമാവുന്നുള്ളൂ എന്നതാണ്.

**പഠനത്തിന്റെ ഫലവും വിശകലനവും**

ജി എസ് ടി, വിലനിലവാരത്തിൽ ഉണ്ടാക്കുന്ന ആഘാതത്തെ കുറിച്ച് പഠനം കൗതുക കരമായ വിവരങ്ങളാണ് ലഭ്യമാക്കുന്നത്. ആദ്യം നമുക്ക് പൊതു വിലസൂചിക (സി പി ഐ) നോക്കാം. ജി എസ് ടി നടപ്പായ കാലഘട്ടത്തിലെ സി പി ഐ 4.61 ശതമാനമാണ്. എന്നാൽ ഇതിന്റെ എതിർ വാദം 3.24 ശതമാനമാണ്. ജി എസ് ടി ഇല്ലാതിരുന്നെങ്കിൽ സി പി ഐ 3.24 ശതമാനം മാത്രമായി ചുരുങ്ങുമായിരുന്നു എന്നതാണ് ആ വാദം. അതായത് ജി എസ് ടി നടപ്പാക്കിയതോടെ സി പി ഐ 1.37 ശതമാനം കണ്ട് വർധിച്ചു. കോർ സി പി ഐ യുടെ കാര്യത്തിൽ 1.04 ശതമാനവും വളർച്ച രേഖപ്പെടുത്തി. പാൻ, പുകയില, വസ്ത്രങ്ങൾ, പാദരക്ഷകൾ, ഭവനനിർമാണം തുടങ്ങിയ മേഖലകളിൽ ജി എസ് ടി പോസിറ്റീവായ ആഘാതമാണ് ഉളവാക്കിയത്. എന്നാൽ ഒഴിവാക്കിയിട്ടില്ലാത്ത ഭക്ഷ്യവസ്തുക്കൾ, ബീവറേജ് എന്നിവയുടെ കാര്യത്തിൽ 4.42 ശതമാനത്തിന്റെ നെഗറ്റീവ് ആഘാതവുമാണ് ഇത് ഉളവാക്കിയത്. ഭക്ഷ്യ വസ്തുക്കളുടെ കാര്യത്തിൽ വിലനിലവാരം കുറയുന്നതിന് ജി എസ് ടി സഹായകമായതായി വിലയിരുത്താൻ കഴിയും. എന്നാൽ പാൻ, പുകയില, വസ്ത്രങ്ങൾ, പാദരക്ഷകൾ എന്നിവയുടെ മേഖലയിൽ വില ഉയരുന്ന പ്രവണതയും ഉളവാക്കിയതായി കാണാം.

ജി എസ് ടി നടപ്പാക്കിയത് ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരത്തിൽ ഇടിവ് വരുത്തിയതായാണ് പഠനത്തിൽ നിന്ന് വ്യക്തമായിരിക്കുന്നത്. പാൻ പുകയില , വസ്ത്രങ്ങൾ, പാദരക്ഷകൾ, ഭവന നിർമാണം, മറ്റു പലവക ഉത്പന്നങ്ങൾ, ഒഴിവാക്കിയിട്ടില്ലാത്ത ഭക്ഷണ സാധനങ്ങൾ, ബീവറേജ് തുടങ്ങിയ ഉത്പന്ന ഗ്രൂപ്പുകളെ ഇത് ശക്തമായി സ്വാധീനിക്കുന്നുണ്ട്. എന്നാൽ ഭക്ഷണ സാധനങ്ങൾ, ബീവറേജ് എന്നിവയുടെ കാര്യത്തിൽ ജി എസ് ടി കാര്യമായ സ്വാധീനം ഉളവാക്കിയിട്ടില്ലെന്നും പഠനം വ്യക്തമാക്കുന്നു.

**രത്നച്ചുരുക്കം**

വിനിമയ നിരക്ക്, പലിശ നിരക്ക്, ഇന്ധന വില എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ജി എസ് ടി വിലനിലവാരത്തിൽ ഏല്പിച്ച ആഘാതത്തെ കുറിച്ചാണ് ഈ ലേഖനം വിശകലനം ചെയ്യുന്നത്. ഭക്ഷ്യ സാധനങ്ങളുടെ വിലയിൽ കുറവുണ്ടാകുന്നതിന് ജി എസ് ടി കാരണമായിട്ടുണ്ടെന്ന് ഞങ്ങൾ കണ്ടെത്തി. എന്നാൽ പാൻ, പുകയില, വസ്ത്രങ്ങൾ, പാദരക്ഷകൾ, ഭവന നിർമാണം, ഒഴിവാക്കപ്പെടാത്ത ഫുഡ്, ബീവറേജ് എന്നിവയുടെ കാര്യത്തിൽ ഇത് പോസിറ്റീവായ ആഘാതമാണ് ഉണ്ടാക്കിയിരിക്കുന്നത്.

ഭക്ഷ്യേതര ഉത്പന്നങ്ങളുടെ കാര്യത്തിൽ വില ഉയരുന്നതിന് ജി എസ് ടി കാരണമായതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യ ഉത്പന്നങ്ങളുടെ കാര്യത്തിൽ വില കുറയാനും ഇത് ഇടയാക്കിയിട്ടുണ്ട്. എന്നാൽ മുഖ്യമായ ചോദ്യം ഇതാണ് ഈ മാറ്റം സ്ഥിരമാണോ അത് മാറി കൊണ്ടിരിക്കുന്നതാണോ എന്നതാണ്. വിലനിലവാര ത്തിൽ ജി എസ് ടി സ്ഥിരമായ ആഘാതം ഉളവാക്കുന്നുണ്ടെങ്കിൽ അത് ആശങ്കാജനകമായ ഒരു കാര്യമാണ്. ജി എസ് ടി അടുത്ത കാലത്ത് നടപ്പാക്കിയ ഒന്നായതിനാൽ വിലയുടെ കാര്യത്തിൽ ഇത് ഉണ്ടാക്കുന്ന ദീർഘകാല ആഘാതം വിശകലനം ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമല്ല എന്നതും പ്രശ്നമാണ്.

■

(ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസർമാരാണ് ലേഖകർ)

*Note*: This article is a non-technical abridged version of our forthcoming GIFT Discussion Paper titled "Impact of GST on Inflation: Evidence from Causal Analysis."

## References

Abadie A, Gardeazabal J. (2003). *The economic costs of conflict: A case study of the Basque Country.* American Economic Review, 93: 113-132.

Australian Competition and Consumer Commission (2003), *GST Final Report: ACCC Oversight of Pricing Responses to the Introduction of the New Tax System*, Australian Competition and Consumer Commission, Canberra.

Brodersen KH, Gallusser F, Koehler J, Remy N, Scott SL. (2015). *Inferring causal impact using Bayesian structural time-series models*. Annals of Applied Statistics, 9(1), 247-274.

Das, D. (2018). *GST Pass-through Across Indian Sates: Evidence from Difference-in-Differences.* The Indian Economic Journal, 66(1-2), 42-49.

Valadkhani, A. (2005) *Pre- and Post-Dynamic GST Effects on Goods and Services Included in the CPI Basket,* Department of Economics, University of Wollongong.

# പൊതുവായ ലേഖനങ്ങൾ

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള സമ്പദ്ഘടനയുടെ വീണ്ടെടുപ്പ്

ജോസഫ് കെ വി

ലോകത്തെയാകെ പിടിച്ചുലച്ച കോവിഡ് മഹാമാരി 2020 ജനുവരി മാസത്തിലാണ് കേരളത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഇന്ത്യയിൽ എവിടെയും എത്തുന്നതിന് മുൻപായി ഇത് കേരളത്തിലാണ് പ്രകടമായത്.[1] ആദ്യഘട്ട തരംഗം അത്രകണ്ട് രൂക്ഷമായി ബാധിച്ചില്ലെന്ന് മാത്രമല്ല, അതിനെ നിയന്ത്രണ വിധേയമാക്കുന്നതിനും സംസ്ഥാനത്തിന് കഴിഞ്ഞു. എന്നാൽ 2021 മാർച്ചിൽ മഹാമാരി കൂടുതൽ രൂക്ഷമായി തന്നെ കേരളത്തെ ആക്രമിച്ചു. മെയ് മധ്യത്തോടെ പ്രതിദിന കോവിഡ് കേസുകളുടെ എണ്ണം 43529 ആയി ഉയർന്നു. 2022 ജനുവരി 14 ലെ കണക്കുകൾ പ്രകാരം 50568 പേർ രോഗത്തിന് കീഴടങ്ങി. കോവിഡിന്റെ ഏറ്റവും പുതിയ വകഭേദമായ ഒമിക്രോൺ സംസ്ഥാനത്ത് ഇപ്പോൾ വലിയ ഭീഷണിയായി ഉയർന്നു വന്നിരിക്കുന്നു.

ലോകത്തെ മറ്റു പല ഭാഗങ്ങളെ അപേക്ഷിച്ച് കോവിഡ് പ്രതിസന്ധിയുടെ ആഘാതം പല കാരണങ്ങളാൽ കേരളത്തിൽ കൂടുതൽ രൂക്ഷമായിരിക്കും. എന്നാൽ ഇതിന്റെ വൈപുല്യം എത്രകണ്ട് ശക്തമാണെന്ന് വിലയിരുത്തുക അത്ര എളുപ്പമായ ഒന്നല്ല. സംസ്ഥാന ആസൂത്രണ ബോർഡിന്റെ അനുമാനപ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം 80000 കോടി രൂപയാണ്.[2] 2021-22 ൽ ഈ നഷ്ടം കൂടുതൽ രൂക്ഷമാകുന്നതിനാണ് സാധ്യത. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2020-21 ൽ 11.2 ശതമാനം നെഗറ്റീവ് വളർച്ചയാണ് കണക്കാക്കുന്നത്.[3] ഇതിനേക്കാളെല്ലാം രൂക്ഷമായ പ്രതിസന്ധി വലിയൊരു വിഭാഗം ആളുകൾക്ക് ജോലി നഷ്ടമായി എന്നതാണ്. ഇപ്രകാരം തൊഴിൽ നഷ്ടമായ ആട്ടോ, ടാക്സി ഡ്രൈവർമാർ, ബ്യൂട്ടീഷ്യന്മാർ, കടകളിൽ ജോലി ചെയ്യുന്നവർ, ചെറുകിട കച്ചവടക്കാർ, നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവർ തുടങ്ങിയവരുടെ എണ്ണം ആയിരക്കണക്കിന് വരും. വിദേശത്ത് നിന്ന് ജോലി നഷ്ടമായി എത്തിയ 14 ലക്ഷത്തോളം പേർ ഇതിനുപുറമെയാണ്.[4] ഇവരിൽ ബഹുഭൂരിപക്ഷവും പിടിച്ചു നിന്നത് സർക്കാർ നൽകിയ സൗജന്യ റേഷനും ഭക്ഷ്യകിറ്റും കൊണ്ടാണ്.

മൂന്നാം തരംഗം എന്ന ഭീഷണി തലയ്ക്ക് മുകളിലുണ്ടെങ്കിലും മഹാമാരിയെ ഒരു പരിധി വരെ തടഞ്ഞു നിർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വീണ്ടെടുപ്പ് എന്നത് സംസ്ഥാനം ഇന്ന് നേരിടുന്ന ഒരു വലിയ പ്രശ്നമാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് അമ്പരപ്പുളവാക്കുന്ന ഒരു പ്രഹേളികയാണ്. ഉയർന്ന തോതിലുള്ള ഉപഭോഗം കേരളത്തിന്റെ ഒരു

മുഖമുദ്രയാണ്. ആഡംബര സൗധങ്ങളും വാഹനങ്ങളുടെ പെരുപ്പവും വീതി കുറഞ്ഞ റോഡുകളും അത്യാധുനികമായ ഉപകരണങ്ങളുടെ ഉപയോഗവുമെല്ലാം റോസ്റ്റോ പറയുന്നതു പോലുള്ള ഉയർന്ന തോതിലുള്ള ഉപഭോഗത്തിന്റെ ഒരു കേന്ദ്രമെന്ന വിശേഷണത്തിന് സംസ്ഥാനത്തെ അർഹമാക്കുന്നു. ഇത്തരത്തിൽ ഉയർന്ന തോതിലുള്ള ഉപഭോഗത്തിലേക്ക് ഒരു സമ്പദ്ഘടന എത്തിപെടുന്നതിനുമുൻപ് പല ഘട്ടങ്ങളിലൂടെ അത് കടന്നുപോകുന്നുണ്ട്. എന്നാൽ കാര്യമായ പുരോഗതി നേടാതിരുന്ന കാർഷിക മേഖലയിൽ നിന്നും ഏറെക്കുറെ നിശ്ചലമായ ഒരു വ്യാവസായിക അടിത്തറയിലൂടെയാണ് കേരളം ഇത്തരത്തിലേക്ക് മാറിയത് എന്നതാണ് ശ്രദ്ധേയമായ കാര്യം. അതായത് നേരത്തെ പറഞ്ഞ വിവിധ ഘട്ടങ്ങളിലൂടെ കേരളം കടന്നു പോയിട്ടില്ല എന്ന് സാരം. പിന്നോക്കം നിൽക്കുന്ന ഒരു സമ്പദ്ഘടന എന്ന നിലയിൽനിന്നും പെട്ടെന്നുള്ള ഈ കുതിച്ചുചാട്ടം എങ്ങനെ എന്നത് കൗതുകരമായ കാര്യമാണ്. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾ നാട്ടിലേക്ക് നല്ല തോതിൽ പണമയക്കുന്നതാണ് ഇതിന് മുഖ്യകാരണം. കേരളത്തിന്റെ ജി എസ് ഡി പിയുടെ 20 ശതമാനത്തോളം വരുന്ന ഈ തുക ഈ മാറ്റത്തിന് പിന്നിലെ ചാലകശക്തിയാണ്. ഇത്തരത്തിൽ എത്തുന്ന പണം ഉയർന്ന തോതിലുള്ള ഉപഭോഗത്തിന് കാരണമാകുന്നു എന്നും വിലയിരുത്താം.

സാമ്പത്തിക മാന്ദ്യം നേരിടുന്ന ഒരു സമ്പദ്‌വ്യവസ്ഥയെ ഉണർത്തുന്നതിനും അതുവഴി ഉല്പാദന മേഖലകളെ സജീവമാക്കുന്നതിനും ഉപഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുക എന്ന തന്ത്രം കേരളത്തെ സംബന്ധിച്ചടത്തോളം അത്ര ഫലപ്രദമായ ഒന്നല്ല. വിദേശത്തു നിന്നുള്ള പണത്തിന്റെ കരുത്തിൽ ചലിക്കുന്ന ഒരു സമ്പദ്ഘടനയിൽ ചെറിയ മാത്രകളിലുള്ള ആനുകൂല്യങ്ങൾ അത്ര പ്രയോജനപ്രദമാകില്ല. വിദേശത്തു നിന്നുള്ള വരുമാനത്തിൽ ഉണ്ടായ ഇടിവിന് ആനുപാതികമായ പാക്കേജുകൾ നല്കാൻ പര്യാപ്തമായ സാമ്പത്തിക നില സംസ്ഥാനത്തിനില്ല. കേരളീയർ ഉപയോഗിക്കുന്ന ഉത്പന്നങ്ങളുടെ വലിയൊരു പങ്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നതാണ്. അരി, ഗോതമ്പ് തുടങ്ങിയവ ഉൾപ്പടെ ഭക്ഷ്യസാധനങ്ങളുടെ 80 ശതമാനവും എത്തുന്നത് ആന്ധ്രപ്രദേശ്, പശ്ചിമ ബംഗാൾ, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നാണ്.

വ്യാപാരവും ഗതാഗതവും പൊതുവിൽ ഉൽപ്പാദന പ്രക്രിയയ്ക്ക് ഉത്തേജനമാകുന്ന സേവന മേഖലകളാണ്. ഉപഭോക്താവിന്റെ വീട്ടുപടിക്കൽ ഉത്പന്നങ്ങൾ എത്തിക്കുന്നതിൽ ഇതിന് നിർണ്ണായകമായ പങ്കുണ്ട്. തൊഴിലാളികൾ ഉൾപ്പടെയുള്ള നിർമാണത്തിനാവശ്യമായ ഘടകങ്ങൾ എത്തിക്കുന്നതിന് ഇവയ്ക്ക് വലിയ പങ്ക് നിർവ്വഹിക്കാനുണ്ട്. അതിഥി തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്നതിനാൽ ഈ മേഖലയിലെ ഉത്തേജന നടപടികളുടെ പ്രതികരണം സ്വാഭാവികമായും മറ്റു സംസ്ഥാനങ്ങളിലെ ഉൽപ്പാദന മേഖലയിലും പ്രകടമാകുന്നു. അതുകൊണ്ട് ഉപഭോഗം ഉയർന്ന തലത്തിൽ നിലനിർത്തുന്നതിനായുള്ള ചെലവഴിക്കൽ അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നതിനാൽ ഇതിന് മൾട്ടിപ്ലയർ ഫലം ഇല്ലായെന്ന് എന്നു വിലയിരുത്തേണ്ടതായി വരുന്നു.

പ്രാഥമികമായി വിലയിരുത്തുമ്പോൾ, മഹാമാരി ശക്തമായി പിന്നോട്ടടിപ്പിച്ച സമ്പദ്‌വ്യവസ്ഥയെ തിരിച്ചു കൊണ്ടുവരികയെന്നത് സമയമെടുക്കുന്ന ഒരു പ്രക്രിയയാണ്. ഇതിനുള്ള അടിസ്ഥാനപരമായ ഒരു ഉപാധി വിദേശത്തു നിന്നുള്ള പണത്തിന്റെ ഒഴുക്ക് വർധിക്കുക എന്നതാണ്. ഇതിന്, എവിടെ നിന്നാണോ പണം എത്തുന്നത് ആ രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിലും ഒരു

തിരിച്ചുവരവ് ഉണ്ടാകേണ്ടത് അനിവാര്യമാണ്. പുറമെ നിന്നുള്ള ഇത്തരം ഘടകങ്ങളെ മാത്രം ആശ്രയിക്കുന്നതിന് പകരം സമ്പദ് മേഖലയുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള തിരിച്ചുവരവിനായി മുൻഗണനാക്രമത്തിൽ ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ മഹാമാരി സൃഷ്ടിച്ച സന്നിഗ്ദാവസ്ഥ നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഒരു രാജ്യമെന്ന നിലയിൽ മഹാമാരിയെ നമുക്ക് തടഞ്ഞു നിർത്താൻ കഴിഞ്ഞത് ഭക്ഷ്യഉൽപാദനത്തിൽ ആർജിക്കാൻ കഴിഞ്ഞ സ്വയംപര്യാപ്തത കൊണ്ടാണ്. ഇതേ രീതിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നടപടികൾ കേരളവും കൈക്കൊള്ളേണ്ടത് പ്രധാനമാണ്.

ഉപഭോക്തൃ തൃഷ്ണ വളർത്തിയെടുക്കുന്ന വിധത്തിൽ വലിയ മാളുകളും ഷോറൂമുകളും മറ്റും പടുത്തുയർത്തുന്നതിന് പകരം ഉല്പാദന മേഖലകളെ കൂടുതൽ സജീവമാക്കുന്നതിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. പലവിധ കാരണങ്ങളാൽ ഉല്പാദന മേഖലകളിൽ പ്രഥമ പരിഗണന നൽകേണ്ടത് കാർഷിക മേഖലക്കാണ്. പോയ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങൾവരെ കേരളത്തിൽ കാർഷിക മേഖലക്ക് ശ്രദ്ധേയമായ ഒരു സ്ഥാനമുണ്ടായിരുന്നു. എന്നാൽ വിദേശത്തു നിന്നുള്ള പണത്തിന്റെ ആധിക്യം ഇതിന് കാര്യമായ മാറ്റം വരുത്തി. അതിനെ തുടർന്ന് കാർഷികോത്പന്നങ്ങളുടെ വിലയിൽ ഇടിവ് പ്രകടമാവുകയും ഉല്പാദന ചെലവ് കാര്യമായി ഉയരുകയും ചെയ്തു. ഇത് പരിഹരിക്കുന്നതിന് കാർഷിക വിഭവങ്ങൾക്ക് ന്യായമായ വില ഉറപ്പ് വരുത്തുകയാണ് സർക്കാർ ചെയ്യേണ്ടത്. ഇതിനായി മിൽമ മാതൃകയിൽ വിപണന സ്ഥാപനങ്ങൾ തുറക്കണം. ഉപഭോക്താവിനെയാണ് സർക്കാർ ഇതഃപര്യന്തം പരിഗണിച്ചു പോന്നത്. അതിനിടയിൽ പലപ്പോഴും ഉൽപ്പാദകരുടെ താല്പര്യങ്ങൾ അവഗണിക്കുകയും ചെയ്തതായി കാണാം. സബ്സിഡികളും പ്രോത്സാഹനങ്ങളും നൽകി സർക്കാർ ഉൽപ്പാദകരുടെ ആവശ്യങ്ങൾ നല്ല നിലയിൽ പരിഗണിക്കണം. കാർഷിക മേഖലയിലെ ഉൽപ്പാദനത്തിന് ഉത്തേജനം നൽകുന്ന വിധത്തിൽ വായ്പയടക്കമുള്ള നടപടികൾ സ്വീകരിക്കണം.

കാർഷിക മേഖലയുടെ ഗതകാല പ്രൗഢി വീണ്ടെടുക്കുക പ്രയാസമേറിയ ഒരു കാര്യമാണ്. വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇക്കാര്യത്തിൽ സ്വീകരിക്കാവുന്ന ഒരു മർമ്മപ്രധാന മാർഗം. സംസ്ഥാനത്തിന്റെ ജി ഡി പിയിൽ നൽകുന്ന സംഭാവനയുടെ കാര്യത്തിൽ വ്യവസായങ്ങൾ ഏറെക്കുറെ നിശ്ചലമാണെന്ന് പറയാം.സംസ്ഥാനത്ത് ബാങ്ക് നിക്ഷേപം വലിയ തോതിലുണ്ട്. വിദേശത്തു നിന്നുള്ള പണവരവും കാര്യമായുണ്ട്. പ്രാവീണ്യമുള്ള ജോലിക്കാരുടെ എണ്ണവും കുറവല്ല. എന്നിരുന്നാലും വ്യവസായ മേഖലയിൽ നേരിയ തോതിലുള്ള വളർച്ച മാത്രമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. നിക്ഷേപ സൗഹൃദമായ ഒരു അന്തരീക്ഷത്തിന്റെ കുറവ് സംസ്ഥാനത്തെ വ്യവസായ മേഖലയിൽ മുതൽമുടക്കുന്നതിൽ നിന്ന് വ്യവസായികളെ നിരുത്സാഹപ്പെടുത്തുന്നു. കേരളത്തിൽ നിന്നുള്ള വ്യവസായികൾ അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും മികച്ച വിജയങ്ങൾ കൈവരിച്ചതായി കാണാൻ കഴിയും. തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന മർക്കടമുഷ്ടി നിക്ഷേപ സൗഹൃദ അന്തരീക്ഷം മോശമാക്കുന്നതിന് ഒരു പ്രധാന കാരണമാണ്.[5] സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഇത്തരത്തിലുള്ള മനോഭാവം തൊഴിലാളികൾക്കിടയിൽ ശക്തമായുണ്ട്. പിന്നീട് ഇത്തരം പ്രവണതകൾ കാര്യമായി കുറഞ്ഞിട്ടുണ്ടെങ്കിലും 'ഒരാൾ ചെയ്യുന്ന മോശം പ്രവൃത്തികൾ അയാളുടെ മരണശേഷവും ജീവിക്കുന്നു'

എന്ന് പറയുന്നതുപോലെ കേരളത്തെ കുറിച്ച് ഇത്തരമൊരു ചിത്രം ഇന്നും മായാതെ നിൽക്കുകയാണ്. സമീപകാലത്തായി നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സർക്കാർ കാര്യമായി തന്നെ യത്നിക്കുന്നുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ ഇത് സംബന്ധിച്ച നിലപാടുകളിലും ഗുണപരമായ മാറ്റം കാണാം.

കേരളത്തിലെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ മേഖലകളിൽ പഴയ രീതിയിലുള്ള ഉല്പാദന രീതികൾ മൂലം ഉല്പാദനക്ഷമത കുറവാണ്. ഇതിന് പകരം സംസ്ഥാനത്തിന്റെ വ്യവസായ ഘടനയിൽ അടിമുടി അഴിച്ചുപണി നടത്താൻ കഴിയുന്ന ഐ ടി അടക്കമുള്ള പുതിയ വ്യവസായങ്ങൾ ഉയർന്നു വരേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. കേരളത്തിൽ നിന്നുള്ള ഐ ടി പ്രഫഷനലുകൾ ലോകത്തിന്റെ പല ഭാഗത്തും വലിയ നേട്ടങ്ങൾ കൊയ്തിട്ടുണ്ട്. കോവിഡ് കാലത്ത് വീട്ടിലിരുന്ന് ജോലി ചെയ്യാമെന്ന കമ്പനികളുടെ നിലപാട് വലിയ അവസരമാണ് സംസ്ഥാനത്തിന് നൽകിയത്. ഇതിൽ നിന്ന് നേട്ടമുണ്ടാക്കുന്നതിനും ഒരു ഐ ടി ഹബ്ബായി മാറുന്നതിനും കേരളത്തിന് കഴിയുമോ എന്നതാണ് കാതലായ ചോദ്യം. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടലാണ് ഇക്കാര്യത്തിൽ നിർണ്ണായകമാവുക. മലിനീകരണം കുറയ്ക്കുന്ന വ്യവസായം എന്ന നിലയിൽ ടൂറിസവും ഉചിതമായ പ്രോത്സാഹനം അർഹിക്കുന്ന രംഗമാണ്.

കോവിഡ് മഹാമാരി മൂലം വലിയ തകർച്ചയിലായ സമ്പദ്‌വ്യവസ്ഥയുടെ തിരിച്ചുവരവാണ് ഇപ്പോഴത്തെ അടിയന്തിര ദൗത്യം. ഒപ്പം തന്നെ സ്വയംപര്യാപ്തത എന്ന തലത്തിൽ സംസ്ഥാനം വലിയ വിചിന്തനം നടത്തേണ്ടതുമുണ്ട്. തൊഴിൽ, വരുമാനം തുടങ്ങിയ കാര്യങ്ങളിൽ വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് ദീർഘകാലടിസ്ഥാനത്തിൽ രാജ്യത്തിന് ഗുണകരമല്ല. ഈയടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ കോവിഡ് മഹാമാരി സ്വയംപര്യാപ്തത എന്ന പ്രധാനപ്പെട്ട മുൻഗണനയിലേക്ക് വെളിച്ചം വീശുന്ന ഒന്നാണെന്ന് പറയാം.

■

(കേരള പബ്ലിക് എക്സ്പെൻഡിച്ചർ കമ്മറ്റിയുടെ മുൻ അംഗവും നിലവിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ മൈഗ്രേഷന്റെ ഡയറക്ടറുമാണ് ലേഖകൻ.)

[1] W W Rostow(1960):The Five Stages of Growth: A Summary (Cambridge University Press)pp4-16
[2] Economic Times : ' Fall in income' ; 07-May 2020
[3] Malayala Manorama Dated 04-01-2022
[4] New Indian Express Feb 28, 2022
[5] K.V.Joseph(2004):Culture and Industrial Development; The Indian Experience (New delhi, Anmol Publications)see pps111-118

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# കൈത്തറിയുടെ നാദം നിലയ്ക്കുമ്പോൾ : മേഖലയുടെ വികാസ, പരിണാമത്തെക്കുറിച്ച് ഒരു വീക്ഷണം

എ സി കെ നമ്പ്യാർ

*സംഗ്രഹം*

ഇന്ത്യയിലെ അതിപുരാതനവും തൊഴിലിന്റെ കാര്യത്തിൽ ഏറ്റവും പ്രധാനപെട്ടതുമായ ഒരു വ്യവസായമാണ് കൈത്തറി മേഖല. ഇന്ത്യ സ്വാതന്ത്രമായതിന് ശേഷം സ്വീകരിച്ച സംരക്ഷണപരവും വികസനപരവുമായ സമീപനങ്ങളും ഒപ്പം ഈ മേഖലയുടെ തനതായ ശേഷിയും മൂലം നിരവധി പ്രതിസന്ധികളെ മറികടക്കാൻ കൈത്തറി മേഖലക്ക് കഴിഞ്ഞു. മാത്രവുമല്ല, കഴിഞ്ഞ ഏതാനും ദശകങ്ങളായി വികസന രംഗത്ത് അർത്ഥവത്തായ ഒരു പങ്ക് നിർവഹിക്കാനും അതിന് കഴിഞ്ഞിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ഈ മേഖലയുടെ സമകാലിക വികസനം താഴോട്ടാണ് എന്നത് ഗൗരവമേറിയ ഒരു പ്രശ്നമാണ്. അതേസമയം, ഉത്പാദനം, കയറ്റുമതി എന്നിവ മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ കാര്യമായ പിന്തുണ നൽകുന്നുമുണ്ട്. ഈ സാഹചര്യത്തിൽ കണ്ണൂർ മേഖലയിലെ കൈത്തറി വ്യവസായത്തിന് പ്രാമുഖ്യം നൽകി കൈത്തറി മേഖലയിൽ താഴെ തട്ടിൽ എന്താണ് നടക്കുന്നത് എന്നതിലേക്കുള്ള ഒരു എത്തിനോട്ടമാണ് ഈ പ്രബന്ധം ലക്ഷ്യം വയ്ക്കുന്നത്. 1977-78, 1990 എന്നീ വർഷങ്ങളിൽ കണ്ണൂർ ജില്ലയിലെ കൈത്തറി യൂണിറ്റുകളെ കുറിച്ച് നടന്ന പഠനങ്ങളിലെ വിവരങ്ങളാണ് ഇതിന്റെ പ്രാഥമിക ഡേറ്റ. ഇതിനു പുറമെ, 2017 ൽ ജില്ലയിലെ എടക്കാട് ഗ്രാമത്തിലെ ഈ മേഖലയെ കുറിച്ച് നടത്തിയ ആധികാരിക പഠനത്തിലെ വിവരങ്ങളും ഇതിനായി സ്വീകരിച്ചിട്ടുണ്ട്. ജില്ലയിലെ കൈത്തറി വ്യവസായം സ്വകാര്യ മേഖലയുടെ നിയന്ത്രണത്തിലായിരുന്നു ആദ്യഘട്ടത്തിൽ. പിന്നീട് അതിന് ഘടനാപരമായ മാറ്റം വരികയും ഫാക്ടറി അടിസ്ഥാനമായി അത് മാറുകയും ചെയ്തു. 1970 ആയപ്പോൾ മൂന്ന് തട്ടുകളിലായുള്ള ഉല്പാദന യൂണിറ്റുകൾ ഇവിടെ നിലവിൽ വന്നു. ഫാക്ടറികൾക്കു വേണ്ടി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സംവിധാനമായിരുന്നു ഇത്. എഴുപതുകളിൽ കണ്ണൂരിലെ കൈത്തറി വസ്ത്രങ്ങൾ പാശ്ചാത്യ ലോകത്ത് വലിയ വിജയമായി മാറുകയും ചെയ്തു. എന്നാൽ പിന്നീട് ഈ മുന്നേറ്റം നിലയ്ക്കുകയും വ്യവസായം തകർച്ചയിലേക്ക് നീങ്ങുകയും ചെയ്തു. ഇതിനുള്ള കാരണങ്ങൾ അന്വേഷിക്കുമ്പോൾ കുറഞ്ഞ വേതനവും തൊഴിലാളികളുടെ ക്ഷാമവും കരാർ അടിസ്ഥാനത്തിൽ ജോലികൾ നിർവഹിക്കുന്ന യൂണിറ്റുകളുടെ എണ്ണത്തിൽ ഉണ്ടായ കുറവും പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള സാമ്പത്തിക തകർച്ചയും വിപണിയിലെ പ്രതിസന്ധിയും അതിന് കാരണമായതായി കാണാം. എന്നാൽ ഈ വ്യവസായത്തിന്റെ തകർച്ച ഒരു പ്രാദേശിക വിഷയമായി മാത്രം ഒതുങ്ങുന്നതല്ല. സംസ്ഥാനതലത്തിലും ദേശീയ തലത്തിലും അതിന് പ്രത്യാഘാതമുണ്ടായി. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ വിഭാവനം ചെയ്യുന്ന വിധത്തിൽ, ഉല്പാദനത്തിൽ വലിയ കുതിപ്പുണ്ടാക്കുന്ന തരത്തിൽ മുന്നേറ്റമുണ്ടാക്കാൻ കൈത്തറി മേഖലക്ക് കഴിയുമോ എന്ന സംശയം ന്യായമായി ഉയരുന്നുണ്ട്.

**ആമുഖം**

കണ്ണൂരിലെ കൈത്തറി വ്യവസായത്തിന് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. ജില്ലയിലെ വലിയ വിഭാഗം ജനങ്ങൾക്ക് ജീവസന്ധാരണത്തിന് സൗകര്യം നൽകിയ ഏറ്റവും പ്രധാനപ്പെട്ട വ്യസായമായിരുന്നു ഇത്. മികച്ച ഗുണമേന്മ, മനോഹരമായ ഡിസൈനുകൾ, തനത് മേന്മയോട് കൂടിയ നെയ്ത്ത് എന്നിവയ്ക്ക് പുറമെ, സർക്കാർ നൽകിയ ശക്തമായ പിന്തുണയും വ്യവസായത്തെ നിലനിർത്തുന്നതിനും പലവിധ പ്രതിസന്ധികൾക്കിടയിലും തഴച്ച് വളരുന്നതിനും സഹായകമായി. 1960 മുതൽക്കുള്ള രണ്ടു ദശകങ്ങൾ കണ്ണൂർ കൈത്തറിയുടെ കാര്യത്തിൽ സവിശേഷതകൾ നിറഞ്ഞ് ഒരു കാലഘട്ടമാണ്. എന്നാൽ പിന്നീടുള്ള ദശകങ്ങളിൽ ഈ വ്യവസായം തളർച്ച നേരിട്ടു എന്നത് വ്യക്തമാണ്. അറുപതുകളിൽ ജില്ലയിലെ ഒരു ഗ്രാമത്തിൽ തൊഴിലാളികളുടെ ജീവിതത്തിൽ അത്താണിയായിരുന്ന ഈ വ്യവസായം ഇന്ന് അന്യംനിന്നു എന്ന് പറയാവുന്ന സ്ഥിതിയുണ്ട്. ഈയിടെ കൈത്തറി ഉത്പാദനം നിലവിലെ 60000 കോടി രൂപയിൽ നിന്ന് ഇരട്ടിയാക്കുന്നതിനാവശ്യമായ ബ്ലൂപ്രിന്റ് തയാറാക്കുന്നതിന് ഒരു വർക്കിങ് ഗ്രൂപ്പിനെ കേന്ദ്ര സർക്കാർ നിയോഗിക്കുകയുണ്ടായി. കൈത്തറിയുടെ കയറ്റുമതി നിലവിലെ 2500 കോടി രൂപയിൽ നിന്നും മൂന്നു വർഷം കൊണ്ട് 10000 കോടി രൂപയായി ഉയർത്തുക എന്നതും സമിതിയുടെ രൂപീകരണ ലക്ഷ്യമാണ് (മലയാള മനോരമ–2021). ഇത്തരമൊരു സാഹചര്യത്തിൽ ഈ മേഖലയുടെ ഇന്നത്തെ അവസ്ഥ എന്തെന്ന് അന്വേഷിക്കുന്നത് പ്രസക്തമായ ഒരു കാര്യമാണ്. ഈ പ്രബന്ധത്തിന്റെ പ്രധാന ലക്ഷ്യം അതാണ്.

**വിവരശേഖരണം**

പ്രാഥമിക, ദ്വിതീയ വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പഠനം നടത്തിയത്. ആഴത്തിലുള്ള പഠനത്തിനായി കണ്ണൂർ ജില്ലയിലെ എടക്കാട് എന്ന ഗ്രാമമാണ് തിരഞ്ഞെടുത്തത്. ഇതിന് ചില കാരണങ്ങളുണ്ട്. അറുപതുകളിൽ ഈ പ്രദേശത്തിന്റെ സാമ്പത്തിക, തൊഴിൽ മേഖലകളിൽ അതിനിർണായകമായ പങ്കാണ് കൈത്തറി വ്യവസായം നിർവഹിച്ചത്. സെൻസസ് ഓർഗനൈസേഷന്റെ പ്രസിദ്ധീകരണത്തിൽ നിന്ന് അറുപതുകളിൽ ഈ ഗ്രാമത്തിന്റെ സാമൂഹ്യ, സാമ്പത്തിക സാഹചര്യം ഉൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമായി. ഈ കാലഘട്ടത്തിലെ വ്യവസായത്തിന്റെ സ്ഥിതിയെകുറിച്ചുള്ള പ്രധാന വിവരങ്ങൾ ഈ റിപ്പോർട്ടിൽ നിന്ന് ലഭിച്ചു. 1977–78 കാലയളവിൽ കണ്ണൂർ ജില്ലയിൽ കൈത്തറി വ്യവസായത്തിന്റെ സ്ഥിതിയെ കുറിച്ച് ഒരു പഠനം നടന്നിരുന്നു.[1] എടക്കാടിന് [2] പുറമെ കൈത്തറി യുണിറ്റുകൾ കൂടുതലായി കേന്ദ്രീകരിച്ചിട്ടുള്ള നാലു പഞ്ചായത്തുകൾ ഉൾപ്പടെ അഞ്ചു പഞ്ചായത്തുകൾ പഠനത്തിനായി തിരഞ്ഞെടു

***തൊഴിൽ നൽകുന്ന കാര്യത്തിൽ ഇന്ത്യയിലെ ഏറ്റവും പുരാതനവും പ്രാധാന്യമുള്ളതുമായ വ്യവസായങ്ങളിൽ ഒന്നാണ് കൈത്തറി. തൊള്ളായിരത്തി എഴുപതുകളിൽ കേരളം ഈ മേഖലയിലെ ഒരു പ്രധാന കേന്ദ്രമായി മാറുകയുണ്ടായി. ആ ഘട്ടത്തിൽ രാജ്യത്തെ മൊത്തം ഉല്പാദനത്തിന്റെ 10 ശതമാനവും കയറ്റുമതിയുടെ മൂന്നിലൊന്നും കേരളത്തിൽ നിന്നായിരുന്നു. ഇതിന്റെ സിംഹഭാഗവും കണ്ണൂർ ജില്ലയിൽ നിന്നായിരുന്നു. എന്നാൽ പിന്നീടുള്ള ദശകങ്ങളിൽ കൈത്തറി വ്യവസായം ക്ഷീണിക്കുന്ന സ്ഥിതി ഉണ്ടായി. ഇത് പ്രാദേശികമായി മാത്രം സംഭവിച്ച ഒരു കാര്യമല്ല, മറിച്ച് ദേശീയ തലത്തിലുള്ള ഒരു പ്രതിസന്ധിയായിരുന്നു.***

ത്തിരുന്നു. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നിന്നായി 182 യൂണിറ്റുകളെ സാമ്പിൾ എന്ന നിലയിൽ തിരഞ്ഞെടുത്തു. തറികളുടെ എണ്ണം, സ്വകാര്യ, സഹകരണ മേഖലകളിൽ പ്രവർത്തിക്കുന്നവ എന്നിവ അടിസ്ഥാനമാക്കി യൂണിറ്റുകളുടെ തിരഞ്ഞെടുപ്പിനായി റാൻഡം സാംപ്ലിങ് രീതിയാണ് അവലംബിച്ചത്. ചോദ്യാവലി മുഖേന ഒരു വർഷക്കാലത്തെ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ശേഖരിച്ചു. യൂണിറ്റുകളിൽ ഇടയ്ക്കിടെ നടത്തിയ വ്യക്തിഗത സന്ദർശനങ്ങൾ ഇതിന് ഏറെ സഹായകമായി. തൊണ്ണൂറുകളിൽ ഈ യൂണിറ്റുകളിൽ വീണ്ടും സന്ദർശനം നടത്തി മാറ്റങ്ങൾ അവലോകനം ചെയ്തു.[3] 2017 ൽ എടക്കാട് ഗ്രാമത്തിന്റെ സാമൂഹ്യ- സാമ്പത്തിക സ്ഥിതി വിലയിരുത്തുന്നതിനായി ഞങ്ങൾ ഒരു പഠനം നടത്തുകയുണ്ടായി. ഇതിനായി 361 സാമ്പിൾ കുടുംബങ്ങളെ തിരഞ്ഞെടുക്കുകയും വ്യക്തിപരമായ സന്ദർശന വേളയിൽ അഭിമുഖം നടത്തിയും ചോദ്യാവലി മുഖേനയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.[4] കുടുംബങ്ങളെ കുറിച്ചും സ്ഥാപനങ്ങളെ കുറിച്ചും വിശദമായ വിവരശേഖരണം നടത്തുകയും ചെയ്തു. ഇത് തയ്യാറാക്കിയ ലേഖകൻ പ്രസ്തുത പ്രദേശത്തെ താമസക്കാരനായതിനാൽ കഴിഞ്ഞ ആറ് ദശകകാലത്തെ ഈ ഗ്രാമത്തിന് ഉണ്ടായ മാറ്റങ്ങളെ കുറിച്ച് നേരിട്ടുള്ള അനുഭവമുണ്ട്. ഇത് ഏറെക്കുറെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി. അപ്രകാരം പ്രാഥമിക വിവരങ്ങളും ഗ്രാമത്തെ കുറിച്ചുള്ള പൊതുചിത്രവും നേരിട്ടുള്ള അറിവുകളും ദ്വിതീയ വിവരങ്ങൾക്ക് അനുബന്ധമായി മാറിയിട്ടുണ്ട്. പ്രവർത്തന മേഖലയിലെ സന്ദർശനം വഴിയായുള്ള നേരിട്ടുള്ള ചർച്ചകളും ഇതിന് സഹായകമായി വർത്തിച്ചു.

**കൈത്തറി മേഖലയുടെ ഉത്ഭവവും വികാസവും**

ചാലിയ വിഭാഗത്തിൽപെട്ടവരാണ് ഈ മേഖലയിലെ നെയ്ത്തുകാർ. ഇവരുടെ ഉത്ഭവത്തെ കുറിച്ച് പല കഥകൾ പ്രചാരത്തിലുണ്ട്. എന്നാൽ ഇവിടത്തെ ജനങ്ങൾ അവകാശപ്പെടുന്നത് ഇവർ മഹാമുനിയായിരുന്ന ശല്യരുടെ പിന്മുറക്കാരാണ് എന്നാണ് (1966 ലെ സെൻസസ് ഓപ്പറേഷൻ സൂപ്രണ്ട്). കുട്ടികൾ ഇല്ലാതിരുന്ന ശല്യർ ശിവഭഗവാനോട് പ്രാർത്ഥിച്ചു. ഇരു കൈകളിലും ഓരോ കുട്ടിയുമായി ഭഗവാൻ പ്രത്യക്ഷനായി. ഇതിൽ ഇടതു കയ്യിലെ കുട്ടി ഇടംകൈ വിഭാഗത്തിന്റെയും വലത് കൈയിലെ കുട്ടി വലംകൈ വിഭാഗത്തിന്റെയും ആദിപിതാക്കന്മാരായി എന്നാണ് കഥ. കിഴക്കൻ തീരമേഖലയിലെ പല വിഭാഗങ്ങൾക്കിടിയിലും ഇത്തരം രണ്ടു ചേരികൾ കാണാമെങ്കിലും പശ്ചിമ തീര മേഖലയിൽ ചാലിയ വിഭാഗക്കാർക്കിടയിൽ മാത്രമാണ് ഇത് കാണുന്നത്. ആദിമ കാലങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള പരുത്തി കയറ്റുമതി ശക്തമായിരുന്നവെന്നതിന് ധാരാളം തെളിവുകളുണ്ട് (ബുഷ് 1979 : 11). റെനഡോട്ട് എന്ന പുരാതന എഴുത്തുകാരൻ കോഴിക്കോട് മേഖലയിലെ (കോഴിക്കോടും കണ്ണൂരും പണ്ട് മലബാർ മേഖലയുടെ ഭാഗമായിരുന്നു) വസ്ത്രനിർമ്മാണ ചാതുരിയെ കുറിച്ച് പറയുന്നുണ്ട്. അദ്ദേഹം പറയുന്നത് ഇവിടത്തെ വസ്ത്രങ്ങൾ മറ്റെങ്ങും കാണാൻ കഴിയില്ല എന്നാണ്. ഏറ്റവും മികച്ച രീതിയിൽ നെയ്തെടുത്ത വസ്ത്രങ്ങളാണ് അവ എന്നതാണ് അവയുടെ പ്രത്യേകത (കൃഷ്ണമൂർത്തി ഒ എസ് 1971 : 72). എ ഡി 1290 ൽ ഏഷ്യയിൽ വ്യാപകമായി യാത്ര ചെയ്ത മാർക്കോപോളോ എന്ന സഞ്ചാരി പ്രസ്താവിച്ചിരിക്കുന്നത് കുടുംബാംഗങ്ങളുടെ സഹകരണത്തോടെ ഈ പ്രദേശത്തെ നിരവധി കുടുംബങ്ങൾ വസ്ത്രങ്ങൾ തയാറാക്കിയിരുന്നുവെന്നാണ്. എന്നാൽ പ്രാകൃതമായ ഉപകരണങ്ങളാണ് ഇതിനായി ഉപയോഗിച്ചിരുന്നതെന്നും അദ്ദേഹം പറയുന്നു. ബാസൽ മിഷന്റെ വരവോടെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഇത്തരത്തിലുള്ള നിർമ്മാണ രീതിക്ക് മാറ്റം

സംഭവിച്ചു. 1844 ൽ ജർമനയിൽ നിന്ന് ഫ്രെയിം തറികൾ ഇവിടേക്ക് എത്തിക്കുകയും 1852 ൽ ഏതാനും കൈത്തറി ഫാക്ടറികൾ ആരംഭിക്കുകയും ചെയ്തു. ശ്രീനാരായണ ഗുരുവിന്റെ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനവും വാഗ്ഭടാനന്ദന്റെ പ്രവർത്തനങ്ങളും വഴിയായി മറ്റു സമുദായങ്ങളും വ്യവസായികമായ പ്രവർത്തനങ്ങളിലേക്ക് വഴിമാറി. പ്രധാനമായും തിയ്യ സമുദായത്തിൽപെട്ടവർ ഇത്തരത്തിൽ തൊഴിലാളികളും തൊഴിലുടമകളുമായി മാറി. ചാലിയ സമുദായത്തിന് പിന്നാലെ തിയ്യ സമുദായക്കാരും ഫാക്ടറി അടിസ്ഥാനത്തിലുള്ള ഉല്പാദന യൂണിറ്റുകൾ ആരംഭിച്ചു.[5] മുന്നൂറിലധികം തറികളുള്ള യൂണിറ്റുകൾ കണ്ണൂർ ജില്ലയിൽ അക്കാലത്ത് ഉണ്ടായിരുന്നു. ചെറിയ കുടുംബ യൂണിറ്റുകളും വലിയ ഫാക്ടറി യൂണിറ്റുകൾക്കൊപ്പം തന്നെ ഇവിടെ പ്രവർത്തനക്ഷമമായിരുന്നു. 1948 ൽ പാസാക്കിയ ഫാക്ടറി നിയമം ഇത്തരത്തിലുള്ള ഫാക്ടറി അധിഷ്ഠിത ഉല്പാദനത്തിന് വലിയ തിരിച്ചടിയായി. ആയിരത്തി തൊള്ളായിരത്തി അമ്പതുകളിൽ നടപ്പാക്കിയ കുറഞ്ഞ വേതനം ഫാക്ടറി ഉല്പാദന രീതിയെ വീണ്ടും മന്ദീഭവിപ്പിച്ചു. അറുപതുകളുടെ അന്ത്യത്തോടെ ഈ പ്രക്രിയ ഏറെക്കുറെ പൂർണമായി എന്ന് വിലയിരുത്താൻ കഴിയും. പരമ്പരാഗത വ്യവസായങ്ങളുടെ കാര്യത്തിൽ നിയമങ്ങൾ കർക്കശമാക്കിയതാണ് ഇതിന് നിദാനം. തുടർന്നുള്ള വർഷങ്ങളിൽ ഫാക്ടറി അധിഷ്ഠിത ഉല്പാദനത്തിൽ ഇടിവുണ്ടായി. അതിന് ബദലായി ചെറുകിട, സൂക്ഷ്മ യൂണിറ്റുകൾ കൂടുതൽ സജീവമായി. തൊഴിൽ മേഖലയിലെ ചൂഷണത്തിന് അറുതി വരുത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ 1968 ൽ കേരള സംസ്ഥാന കൈത്തറി വികസന കോർപറേഷന് രൂപം നൽകി. ഇതിനിടയിൽ പിടിച്ചുനിൽക്കാനാകാതെ സ്വകാര്യ ഉത്പാദകർ തങ്ങളുടെ ഉല്പാദന പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തി.

1977-78 ലെ പഠനത്തിൽ പറയുന്നതുപോലെ വൈൻഡിങ്, വാർപ്പിങ്, നെയ്ത്ത് എന്നിങ്ങനെ മൂന്ന് തട്ടുകളിലായി സ്വകാര്യ മേഖലയിലെ ഉത്പാദനം വികേന്ദ്രീകൃതമായി. ഏറ്റവും മേലെ തട്ടിലായി സംഘടിത ഫാക്ടറി യൂണിറ്റുകളും ഏതാനും കയറ്റുമതി യൂണിറ്റുകളും. ഈ യൂണിറ്റുകൾ ഉല്പാദനത്തിനായി വിദേശത്ത് നിന്ന് നേരിട്ട് ഓർഡറുകൾ നേടുകയോ, ഇന്ത്യയിലെ പ്രധാന നഗരങ്ങളിലുള്ള എക്സ്പോർട്ട് ഹൗസുകൾ മുഖേനയോ, കമ്മീഷൻ ഏജന്റുമാർ മുഖേനയോ ഓർഡറുകൾ കാൻവാസ് ചെയ്യുകയോ ചെയ്തു. ഇത്തരത്തിലുള്ള വമ്പൻ ഓർഡറുകൾ, വസ്ത്രങ്ങളുടെ മാതൃകകൾ സഹിതമോ അല്ലെങ്കിൽ പകുതി പ്രോസസ് ചെയ്ത അസംസ്കൃത വസ്തുക്കളായോ ചെറുകിട യൂണിറ്റുകൾക്ക് കൈമാറി. നിറം കലർത്തിയ നൂലുകളായിരുന്നു ഇത്തരം അസംസ്കൃത വസ്തുക്കളിൽ മുഖ്യം. ഇതിൽ ചില യൂണിറ്റുകൾക്ക് ഡൈയിങ് മുതൽ വസ്ത്രം നെയ്യൽ വരെ നിർവഹിക്കാൻ കഴിയുമായിരുന്നു. ചില യൂണിറ്റുകളാകട്ടെ വാർപ്പിങ്, വൈൻഡിങ്, നെയ്ത്ത് ജോലികൾ തുടങ്ങിയവ നിർവഹിച്ചു. മറ്റു ചിലവയാകട്ടെ പിൻ വൈൻഡിങ്, വീവിങ് എന്നീ ജോലികളും നിർവഹിച്ചു. കുടുംബങ്ങൾ അടിസ്ഥാനമായുള്ള സൂക്ഷ്മ യൂണിറ്റുകളാണ് അവസാനമായി വരുന്നത്. ഇവ പലതരം ജോലികൾ ശേഖരിച്ച് നിർവഹിച്ചു പോന്നു. ഇപ്രകാരം പിന്നീടുള്ള വർഷങ്ങളിൽ നാല് തട്ടുകളായുള്ള ഉല്പാദന സംവിധാനം നിലവിൽ വന്നു. ഇത്തരത്തിലുള്ള ഘട്ടത്തിലും അറുപതുകളുടെ ഒടുവിൽ ഈ വ്യവസായത്തിന് ഉണർവ് നൽകുന്ന ഒരു ഉത്പന്നം വിപണിയിൽ അവതരിപ്പിക്കാൻ കഴിഞ്ഞു. 'കണ്ണൂർ ക്രേപ്പ് ' എന്ന് ഖ്യാതി നേടിയ ഉല്പന്നമാണ് ഇത്. വിദേശ മാർക്കറ്റുകളിൽ പ്രചുര പ്രചാരം നേടിയ ഇത് ഈ മേഖലക്ക് വൻ നേട്ടമായി മാറി. കണ്ണൂർ കൈത്തറി വ്യവസായത്തിന്റെ പ്രശസ്തി ഇതുവഴിയായി അതിന്റെ പരമോന്നതിയിലെത്തി. ഉല്പാദന യൂണിറ്റുകൾ തങ്ങളുടെ

ഉൽപ്പാദനശേഷി വർധിപ്പിച്ചു. കയറ്റുമതി ആവശ്യം ഉയർന്ന സാഹചര്യത്തിൽ പുതിയ നിർമ്മാണ യൂണിറ്റുകൾ ഉയർന്നുവന്നു. ഇത് തൊഴിലാളികളുടെ ക്ഷാമത്തിനും വേതന വർദ്ധനവിനും കാരണമായി. വിവിധ മേഖലകളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾ കൈത്തറി നെയ്ത്തിലേക്ക് മാറി. യൂണിറ്റുകളുടെ ലാഭത്തിലും ഇത് നേട്ടമുണ്ടാക്കി. വ്യവസായത്തിന്റെ എല്ലാ മേഖലകളിലുള്ളവർക്കും ഇത് ഗുണകരമായി. ഹോട്ടലുകൾ, റസ്റ്ററന്റുകൾ, ഗതാഗതം, നിർമ്മാണ മേഖല തുടങ്ങിയ രംഗങ്ങൾക്കും ഇത് ഉണർവ് നൽകുകയുണ്ടായി.

കണ്ണൂർ ജില്ലയെടുത്താൽ ഏറ്റവും കൂടുതൽ തറികളും യൂണിറ്റുകളുമുള്ളത് കണ്ണൂർ താലൂക്കിലാണ്. മൊത്തം യൂണിറ്റുകളുടെ 46.29 ശതമാനവും തറികളുടെ 56.67 ശതമാനവും ഈ താലൂക്കിലാണ് (ഹാൻഡ്‌ലൂം ഡയറക്ടറേറ്റ് 1976 :85-86).[6] അതായത് മൊത്തം ഉല്പാദനത്തിന്റെയും കയറ്റുമതിയുടെയും സിംഹഭാഗവും കണ്ണൂർ താലൂക്കിലാണ് എന്നർത്ഥം. ഇംഗ്ലണ്ട്, അമേരിക്ക, ജർമ്മനി, ഇറ്റലി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലേക്കായിരുന്നു കൂടുതൽ കയറ്റുമതിയും. അമേരിക്കൻ പ്രസിഡന്റിന്റെ കിടക്ക വിരികളുടെ കൂട്ടത്തിൽ പോലും കണ്ണൂരിലെ കൈത്തറി സ്ഥാനം പിടിച്ചു (ടൈംസ് ഓഫ് ഇന്ത്യ- 2014). കരൂർ, പാനിപ്പത്ത്, വാരണാസി എന്നീ ഇന്ത്യയിലെ പ്രമുഖ കയറ്റുമതി ടൗണുകളുടെ കൂട്ടത്തിൽ കണ്ണൂരും സ്ഥാനം പിടിച്ചു. കേന്ദ്ര സർക്കാർ കണ്ണൂരിന് ടൌൺ ഓഫ് എക്സ്പോർട്ട് എക്സലൻസ് എന്ന പദവി നൽകുകയും ചെയ്തു.

ഈ പ്രദേശത്ത് സ്ഥാപിതമായ അടിസ്ഥാന സൗകര്യങ്ങൾ ഒരു പരിധി വരെ കൈത്തറി വ്യവസായത്തിന്റെ കുതിപ്പിന് കാരണമായി തീർന്നു. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ തന്നെ ടെക്സ്റ്റൈൽ സാങ്കേതിക വിദ്യ അടക്കമുള്ള കോഴ്സുകൾ പഠിപ്പിക്കുന്ന ഒരു പോളിടെക്നിക്കും സഹകരണ മേഖലയിൽ ഒരു സ്പിന്നിങ് മില്ലും ഇവിടെ സ്ഥാപിതമായി. 1968 ൽ കണ്ണൂർ ആസ്ഥാനമായി കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപറേഷനും ആരംഭിച്ചു. നിരവധി പ്രാഥമിക സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് നെയ്ത്തുകാരെ സഹകരണ മേഖലയുടെ കുടക്കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഇതിന്റെ അപ്പക്സ് സ്ഥാപനമായി ഹാൻടെക്സ് നിലവിൽ വന്നു. കണ്ണൂർ താലൂക്കിൽ തന്നെ രണ്ടു വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ചത് ശ്രദ്ധേയമായി. ഹാൻഡ്‌ലൂം ടെക്നോളജി ഇൻസ്റ്റിട്യൂട്ട്, വീവേഴ്സ് സർവീസ് സെന്റർ എന്നിവയാണ് താലൂക്കിൽ പ്രവർത്തനക്ഷമമായ മറ്റു സ്ഥാപനങ്ങൾ. എന്നാൽ തുടർന്നുള്ള ദശകങ്ങളിൽ ഈ മുന്നേറ്റം നിലനിർത്താൻ കഴിയാതെ പോവുകയും വ്യവസായം തളർച്ചയിലേക്ക് പോവുകയും ചെയ്തു.

**തകർച്ചയുടെ ഘട്ടം**

കൈത്തറി വ്യസായത്തിന്റെ തകർച്ച പരിശോധിക്കുമ്പോൾ 1977-78, 1990 എന്നീ വർഷങ്ങളിലെ പാനൽ ഡേറ്റയാണ് ആദ്യം പരിഗണിക്കുന്നത്. പ്രവർത്തനക്ഷമമായ 182 യൂണിറ്റുകളുടെ വിവരങ്ങളാണ് 1977-78 ലെ ഡേറ്റ വെളിപ്പെടുത്തുന്നത്. 1990 ൽ അടച്ചു പൂട്ടപ്പെട്ട 44 സ്വകാര്യ യൂണിറ്റുകളുമാണ് (24.18 ശതമാനം) ഇതിനായി പരിഗണിക്കപ്പെട്ടത്. ഇവയുടെ വിൽക്കാവുന്ന ആസ്തികൾ വിൽക്കുകയും മരങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്തു. 1980 നു ശേഷമാണ് മൂന്നിലൊന്ന് യൂണിറ്റുകളും അടച്ചുപൂട്ടിയത്. ഇപ്രകാരം അടച്ചുപൂട്ടപ്പെട്ട യൂണിറ്റുകൾ മറ്റുള്ളവയെ ആശ്രയിച്ച് നിലകൊണ്ടവയാണ്. പ്രവർത്തനക്ഷമമായിരുന്ന യൂണിറ്റുകളിൽ തറികളുടെ എണ്ണം കുറഞ്ഞു. തറികളുടെ എണ്ണത്തിൽ 23.64 ശതമാനം കുറവുണ്ടായി. സ്വകാര്യ യൂണിറ്റുകളിൽ മിക്കവയിലും ഇത്തരത്തിൽ തറികളുടെ എണ്ണം കുറഞ്ഞു. എന്നാൽ രണ്ട്, മൂന്ന് തട്ടുകളിലുള്ള പീസ് വർക്കായി ജോലി

ചെയ്തിരുന്ന യൂണിറ്റുകളുടെ കാര്യത്തിൽ വലിയ തോതിലുള്ള ഇടിവ് സംഭവിച്ചതായി കാണാം. സഹകരണ മേഖലയിൽ 0. 86 ശതമാനം മാത്രമായിരുന്നു ഇടിവ്. ഫാക്ടറി യൂണിറ്റുകളുടെ കാര്യത്തിൽ ശരാശരി 15.6 ശതമാനം കുറവുണ്ടായി. ഗ്രാമതലത്തിൽ നടത്തിയ പഠനത്തിൽ എണ്ണം കുറയുന്ന പ്രവണത കൂടുതൽ വ്യക്തമായി മനസിലാക്കാം.

എടക്കാട് ഗ്രാമത്തിന്റെ സാമ്പത്തിക, തൊഴിൽ മേഖലയിൽ കൈത്തറി നിർണ്ണായക പങ്ക് വഹിച്ചിരുന്നു. ഈ ഗ്രാമത്തിലെ കുറ്റിക്കകം ദേശം ഒരു പ്രധാന ചാലിയ തെരുവായിരുന്നു. നിരവധി കൈത്തറി യൂണിറ്റുകളും നെയ്ത്ത് തൊഴിലാളികളുടെ ഭവനങ്ങളും ഇവിടെ ഉണ്ടായിരുന്നു. ചരിത്രപരമായി തന്നെ ഇത് ഒരു പ്രധാനപ്പെട്ട കൈത്തറി മേഖലയായിരുന്നു. എല്ലാ ശനിയാഴ്ചകളിലുമാണ് ഇവിടെ ശമ്പളം കുടിശിക തീർത്ത് വിതരണം ചെയ്തിരുന്നത്. ഈ ദിവസം ഒരു ഉത്സവ പ്രതീതിയാണ് ഇവിടങ്ങളിൽ ഉണ്ടായിരുന്ന തത്രെ. ശനിയാഴ്ചകളിൽ ഒരു താത്കാലിക മാർക്കറ്റും ഇവിടെ പ്രവർത്തിച്ചിരുന്നു. ഇതിനു പുറമെ, ഈഴവ സമുദായക്കാരുടെ ഉടമസ്ഥതയിലുള്ള യൂണിറ്റുകളും ഗ്രാമത്തിൽ പരക്കെ ഉണ്ടായിരുന്നു. പകൽസമയം ഇവിടം തറികളുടെ ശബ്ദത്താൽ മുഖരിതമായിരുന്നു. ഇതിൽ മിക്കവയും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയായിരുന്നു. രണ്ട് അല്ലെങ്കിൽ മൂന്ന് മുതൽ 100 തൊഴിലാളികൾ വരെ ജോലി ചെയ്തിരുന്ന യൂണിറ്റുകളായിരുന്നു ഇവ. 1961 ലെ കാനേഷുമാരി കണക്കുകളനുസരിച്ച്, ഈ ഗ്രാമത്തിൽ ഉണ്ടായിരുന്ന 52 യൂണിറ്റുകളിൽ 22 എണ്ണം പത്തോ അതിലധികമോ തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ നൽകിയിരുന്നു. അഞ്ചു മുതൽ ഒൻപത് വരെ പേർക്ക് തൊഴിൽ നൽകിയിരുന്നത് 24 സ്ഥാപനങ്ങളായിരുന്നു. മറ്റുള്ളവ അഞ്ചിൽ കുറവ് ആളുകൾക്കും ജോലി നല്കിയിരുന്നതായാണ് കണക്ക്. ഏതാനും കുടുംബങ്ങളാണ് ഈ വ്യവസായത്തെ നിയന്ത്രിച്ചിരുന്നത് എന്ന് കാണാൻ കഴിയും. വലിയ യൂണിറ്റുകൾ ജോലികൾ, ചെറുകിട യൂണിറ്റുകൾക്ക് കരാറടിസ്ഥാനത്തിൽ നൽകിയിരുന്നു. ഒന്നോ, രണ്ടോ തറികളുള്ളവർ വീടുകളിൽ തന്നെയാണ് പ്രവർത്തിപ്പിച്ചിരുന്നത്. ഇവയിൽ അധികവും ഫ്ളൈ ഷട്ടിൽ തറികളായിരുന്നു. പിറ്റ് ലൂമുകളും കുറഞ്ഞ തോതിൽ ഇവിടെ ഉണ്ടായിരുന്നു. നിറമുള്ള ലുങ്കികൾ, ഷർട്ടിന് ആവശ്യമായ തുണികൾ, മികച്ചയിനം കിടക്ക വിരികൾ, ഫർണിഷിങ്ങിന് ആവശ്യമായ തുണികൾ എന്നിവയാണ് ഇവിടെ പ്രധാനമായും ഉത്പാദിപ്പിച്ചിരുന്നത്. ഇവയ്ക്ക് തുണി മില്ലുകളിൽ ഉത്പാദിപ്പിക്കുന്ന തുണികളേക്കാൾ ഗുണമേന്മ ഉണ്ടായിരുന്നതു മൂലം കേരളത്തിന് പുറത്തും വിദേശത്തും വിപണികൾ കണ്ടെത്താൻ കഴിഞ്ഞിരുന്നു. ബംഗാൾ, ആസാം തുടങ്ങിയ സംസ്ഥാനങ്ങളിലെ തോട്ടം തൊഴിലാളികൾക്കിടിയിൽ ഇവിടെ നിന്നുള്ള ചില ഉത്പന്നങ്ങൾക്ക് നല്ല ആവശ്യക്കാരുണ്ടായിരുന്നു. വിപണനത്തിന്റെ കാര്യത്തിൽ കമ്മിഷൻ ഏജന്റുമാർ ഇടനിലക്കാരായി വർത്തിച്ചിരുന്നു. ഈ ഗ്രാമത്തിലെ വരുമാനത്തിന്റെ നാലിൽ മൂന്ന് ഭാഗവും ലഭ്യമാക്കിയിരുന്നത് കൈത്തറി മേഖലയാണ്. ഗ്രാമത്തിലെ തൊഴിലാളികളുടെ 50 ശതമാനവും ഈ മേഖലയിലാണ് ജോലി ചെയ്തിരുന്നത് (സെൻസസ് ഓപ്പറേഷൻസ് സപ്ലിമെന്റ്- 1966:127). അമ്പതുകളുടെ മധ്യത്തോടെ സഹകരണ മേഖലയിൽ രണ്ടു യൂണിറ്റുകൾ സ്ഥാപിതമായി. ഇതിൽ ഒരെണ്ണം 127 തറികളുള്ള ഒരു വ്യവസായ യൂണിറ്റായിരുന്നു. ഇതിനു പുറമെ ഹാൻഡ്‌ലൂം ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടും പോളിടെക്നിക്കും ഇവിടെ സ്ഥാപിതമായി. 1961 ലെ ഈ ഗ്രാമത്തിന്റെ വ്യാവസായിക ഭൂപടം കൈത്തറിക്ക് ഇവിടെയുള്ള പ്രാധാന്യം എടുത്തു കാട്ടുന്നതാണ് (പട്ടിക- 1). ഇവിടെ ഉണ്ടായിരുന്ന മൊത്തം യൂണിറ്റുകളുടെ 55.32 ശതമാനവും കൈത്തറി യൂണിറ്റുകളായിരുന്നു. 21.28 ശതമാനം പുകയില

അധിഷ്ഠിത യൂണിറ്റുകളും 9.57 ശതമാനം കോട്ടൺ സ്പിന്നിംഗ് യൂണിറ്റുകളുമായിരുന്നു. മൊത്തത്തിലെടുത്താൽ ടെക്സ്റ്റൈൽ, പുകയില അധിഷ്ഠിത വ്യവസായങ്ങൾ ഈ മേഖലയിൽ 86.17 ശതമാനമായിരുന്നു എന്ന് കാണാൻ കഴിയും. (പട്ടിക- 1 )

ഈ പശ്ചാത്തലത്തിൽ പിന്നീട് സംഭവിച്ച മാറ്റങ്ങൾ വിലയിരുത്തുമ്പോൾ ഈ ഗ്രാമത്തിൽ കൈത്തറി മേഖലയ്ക്ക് സംഭവിച്ച തകർച്ചക്ക് ആക്കം കൂടിയതായി കാണാം. 1977–78 ആകുമ്പോഴേക്ക് ഒരേയൊരു ഫാക്ടറി മാത്രമാണ് ഇവിടെ പ്രവർത്തിച്ചിരുന്നത്. കയറ്റുമതി യൂണിറ്റുകൾ മറ്റു സ്ഥലങ്ങളിലേക്ക് ചേക്കേറിയിരുന്നു. 1996 ൽ ബീഡി തെറുപ്പ് നല്ല നിലയിലുള്ള ഒരു തൊഴിൽ മേഖലയായി മാറിയിരുന്നു. മൊത്തം തൊഴിലിന്റെ അഞ്ചിൽ മൂന്ന് ഭാഗം ഈ മേഖലയിലായിരുന്നു. പവർലൂമുകളും സ്റ്റീൽ മില്ലുകളുമായിരുന്നു തൊട്ടടുത്ത സ്ഥാനത്ത് (പട്ടിക- 2). അതോടെ കൈത്തറി വ്യവസായം തൊഴിലിന്റെ കാര്യത്തിൽ പരിമിതമായി. 4.29 ശതമാനം പേർ മാത്രമാണ് ഈ രംഗത്ത് പണിയെടുത്തിരുന്നത്. സഹകരണ മേഖലയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ സ്ഥിതിയും ഭിന്നമായിരുന്നില്ല. ഒരു സഹകരണ നെയ്ത്ത് സൊസൈറ്റി പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തു. വ്യാവസായിക മാതൃകയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമാകട്ടെ, ഉത്പാദനം കാര്യമായി വെട്ടി കുറയ്ക്കുകയും ചെയ്തു. 2017 ൽ ഞങ്ങളുടെ സംഘം ഈ മേഖലയിലെ കൈത്തറി യൂണിറ്റുകളെ കുറിച്ച് വിപുലമായ പഠനം നടത്തുകയുണ്ടായി. കൈത്തറി മേഖല ഏറെക്കുറെ അന്യം നിന്നതായി അതിൽ നിന്ന് മനസിലാക്കാൻ കഴിഞ്ഞു. രണ്ടേ രണ്ട് യൂണിറ്റുകൾ മാത്രമാണ് ഞങ്ങൾക്ക് അവിടെ കണ്ടെത്താൻ കഴിഞ്ഞത്. അതിൽ ഒന്ന് സ്വകാര്യ മേഖലയിലും മറ്റൊന്ന് സഹകരണ മേഖലയിലുമായിരുന്നു. അഞ്ചു തറികളാണ് ഈ സ്വകാര്യ സ്ഥാപനത്തിൽ പ്രവർത്തിച്ചിരുന്നത്. ഇത് ഖാദി ബോർഡിന് വേണ്ടിയാണ് പ്രവർത്തിച്ചിരുന്നത്. സഹകരണ യുണിറ്റിലും അഞ്ചു തറികളായിരുന്നു പ്രവർത്തനക്ഷമമായിരുന്നത്. അതായത് ആ ഗ്രാമത്തിൽ കേവലം അഞ്ച് തറികൾ മാത്രമാണ് പൊതുവിപണിക്കായി വസ്ത്രങ്ങൾ ഉണ്ടാക്കിയിരുന്നത് എന്നർത്ഥം. മൊത്തം 81 വിവിധ വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. ഇതിൽ രണ്ടെണ്ണം മാത്രമായിരുന്നു കൈത്തറി ഉത്പാദന യൂണിറ്റുകൾ. ഞങ്ങൾ എടുത്ത കുടുംബങ്ങളുടെ സാമ്പിളിൽ ഒന്നു പോലും കൈത്തറി മേഖലയിൽ നിന്ന് ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. അറുപതുകളിൽ ഗ്രാമത്തിലെ മഹാഭൂരിപക്ഷം തൊഴിലാളികളുടെയും ജീവിതം നിലനിർത്തിയ ഈ മേഖല ഇപ്പോൾ മിക്കവാറും

**Table 1.** Industrial profile of Edakkad village in 1961

| Type of industry | No | % |
|---|---|---|
| Food processing | 2 | 2.13 |
| Edible fats and oils | 3 | 3.19 |
| Tobacco products | 20 | 21.28 |
| Cotton spinning | 9 | 9.57 |
| Handloom | 52 | 55.32 |
| Textile garment | 3 | 3.19 |
| Hardware, engg. products | 1 | 1.06 |
| Jewellery | 4 | 4.26 |
| Total | 94 | 100.00 |

*Source: Superintendent of Census Operations (1966:136)*

**Table 2:** Distribution of units and workers by nature of industry in 1996

| Type of industry | No of units | % | No. of workers | % |
|---|---|---|---|---|
| Flower mills | 14 | 5.02 | 14 | 0.90 |
| Powerlooms | 93 | 33.33 | 161 | 10.31 |
| Handlooms (private) | 1 | 0.36 | 5 | 0.32 |
| Handloom cooperatives | 1 | 0.36 | 62 | 3.97 |
| Hosiery | 9 | 3.22 | 20 | 1.28 |
| Welding | 9 | 3.22 | 30 | 1.92 |
| Workshops | 7 | 2.51 | 98 | 6.27 |
| Leather | 2 | 0.72 | 40 | 2.56 |
| Steel company | 1 | 0.36 | 85 | 5.44 |
| Beedi rolling centres | 119 | 42.65 | 925 | 59.22 |
| Others | 23 | 8.24 | 122 | 7.81 |
| Total | 279 | 100.00 | 1562 | 100.00 |

*Source: Edakkad Panchayat (1996:21)*

ഇല്ലാതായിക്കഴിഞ്ഞു എന്ന് പറയാം. (പട്ടിക-2 )

**കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങൾ**

ഈ വ്യവസായത്തിന്റെ പ്രശ്നങ്ങൾ പൊതുവിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് പ്രാദേശികമായ ചില പ്രത്യേക പ്രശ്നങ്ങളാണ് ഇവിടെ പരാമർശിക്കുന്നത്.

തൊഴിൽ മേഖലയിൽ സംഭവിച്ച മാറ്റങ്ങളാണ് കണ്ണൂർ മേഖലയിൽ കൈത്തറി രംഗത്തിന്റെ തകർച്ചക്ക് കാരണമായ ഒരു ഘടകം. പരമ്പരാഗത വ്യവസായങ്ങളിൽ പ്രത്യേകിച്ച്, കൈത്തറി മേഖലയിൽ തൊഴിലാളി ക്ഷാമം രൂക്ഷമാവുകയുണ്ടായി. കൂലി നിരക്കിലെ വ്യത്യാസമാണ് ഇതിന് ഒരു കാരണം. ഈ വ്യത്യാസം വളരെ പ്രകടമാവുകയും 2017 ൽ കാർഷിക മേഖലയിൽ പണിയെടുക്കുന്ന ഒരു പുരുഷന് 850 രൂപയും സ്ത്രീ തൊഴിലാളിക്ക് 500 രൂപയുമായി പ്രതിദിന വേതനം ഉയർന്നു. നിർമ്മാണ മേഖലയിൽ പുരുഷ തൊഴിലാളിക്ക് 1000 രൂപയാണ് വേതനം. മറ്റു മേഖലകളെടുത്താലും കാർഷിക മേഖലയെക്കാൾ കുറവായിരുന്നില്ല വേതന നിരക്കുകൾ. എന്നാൽ 2017 ൽ എട്ട് മണിക്കൂർ ജോലി ചെയ്യുന്ന ഒരു കൈത്തറി തൊഴിലാളിയുടെ വേതനം 150 രൂപയായിരുന്നു. സബ് കോൺട്രാക്ട് മേഖലയിൽ ജോലി ചെയ്യുന്ന ഈ തൊഴിലാളിയാണ് ഉല്പാദനത്തിലെ മിക്ക ചുമതലകളും നിർവഹിച്ചിരുന്നത്. സഹകരണ, ഫാക്ടറി മേഖലയിലായാലും വേതന നിരക്കുകൾ ഇതര മേഖലകളെ അപേക്ഷിച്ച് കുറവായിരുന്നു. ബീഡി തെറുപ്പ് മേഖല മാത്രമാണ് കൈത്തറിക്ക് ഒപ്പമുണ്ടായിരുന്നതെന്ന് പറയാം. ഇതുമൂലം പുരുഷ ജോലിക്കാർ കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നതിന് താല്പര്യം പ്രകടമാക്കിയിരുന്നില്ല. പരമ്പരാഗതമായി നെയ്ത്ത് ജോലി ചെയ്തിരുന്നത് പുരുഷന്മാരാണ്. കുറഞ്ഞ ഒരു കാലയളവിൽ സ്ത്രീകൾ ഈ ജോലി ചെയ്തിരുന്നു. പിന്നീട് ഇവരും പിൻവാങ്ങുകയായിരുന്നു. ഞങ്ങൾ കണ്ടെത്തിയ കാര്യം പുരുഷജോലിക്കാരിൽ അധികവും 65 വയസിന് മുകളിൽ പ്രായമുള്ളവരും സ്ത്രീകൾ മധ്യവയസ്സിൽ പെട്ടവരുമായിരുന്നുവെന്നതാണ്. ഇതിനു പുറമെ, പുതുതായി തൊഴിലെടുക്കാൻ എത്തിയ പുരുഷന്മാർക്ക് കഠിനാധ്വാനം ആവശ്യമുള്ള ജോലികളിൽ താത്പര്യമുണ്ടായിരുന്നില്ല. ഇതെല്ലം പരമ്പ

രാഗത മേഖലകളിൽ തൊഴിലാളി ക്ഷാമം രൂക്ഷമാക്കിയെന്ന് പറയാം. ഗൾഫ് മേഖലയിലേക്കുള്ള ആളുകളുടെ കുടിയേറ്റവും ഇതിന് ആക്കം കൂട്ടിയെന്ന് പറയാം. ഇത്തരം കുടിയേറ്റം തീർച്ചയായും നേട്ടം കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഇതിന് വിപരീത ഫലങ്ങളുമുണ്ട്. ഇതിനെല്ലാം പുറമെ വിദേശത്ത് നിന്നെത്തുന്ന പണം നിർമ്മാണ മേഖലയിൽ കാര്യമായി ചെലവഴിക്കപ്പെട്ടപ്പോൾ അവിടെ കൂലി നിരക്കുകൾ ഉയരുകയും ചെയ്തു. അതുകൊണ്ട് പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ നിർമ്മാണ മേഖലയിലേക്ക് ചുവടു മാറി. ഇത് കൂലി നിരക്കുകളിലെ വ്യത്യാസം വീണ്ടും വർധിപ്പിച്ചു. നെൽകർഷകർ ആദ്യം കൂലി വർദ്ധനയുടെ ആഘാതം ഏറ്റുവാങ്ങുകയും എന്നാൽ പിന്നീട് കൃഷി തന്നെ ഉപേക്ഷിക്കുകയും ചെയ്തു. എന്നാൽ കൈത്തറിപോലുള്ള പരമ്പരാഗത മേഖലകൾക്ക് ഈ ആഘാതം ഏറ്റുവാങ്ങാൻ കഴിയുമായിരുന്നില്ല, കാരണം മറ്റു സ്ഥലങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുമായി അവർക്ക് മത്സരിക്കേണ്ടതുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ ലഭ്യതക്കനുസരിച്ച് പ്രവർത്തനം ചുരുക്കുകയും പിന്നീട് രംഗം വിടുകയും മാത്രമായിരുന്നു അവയ്ക്ക് മുന്നിലുണ്ടായിരുന്ന ഒരേയൊരു മാർഗം. ഈ മാറ്റം കണ്ണൂരിലെ ഈ ഗ്രാമത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല, കേരളത്തിൽ എല്ലായിടത്തും ഏറിയും കുറഞ്ഞും ഇതായിരുന്നു സ്ഥിതി.

സബ്കോൺട്രാക്റ്റ് നൽകുന്ന രീതി ലാഭകരമല്ലാതായി മാറിയതാണ് മറ്റൊരു കാരണം. തമിഴ്നാട് ഉൾപ്പടെയുള്ള സംസ്ഥാനങ്ങളിൽ നിന്നും ഉയർന്ന ശക്തമായ മത്സരം ഇവരുടെ മാർജിനിൽ വലിയ തോതിൽ കുറവ് വരുന്നതിന് കാരണമായി. തമിഴ്നാട്ടിൽ നിലവിലിരുന്ന അതേ നിരക്കിൽ സബ് കോൺട്രാക്ടർമാർക്ക് ഇവിടെയും ജോലി നിർവഹിക്കേണ്ട സാഹചര്യമുണ്ടായി. ഇത് കൂലി നിരക്കുകളിലും ഒത്തുതീർപ്പ് ഉണ്ടാകുന്നതിന് കാരണമായി മാറി. നിയമപ്രകാരമുള്ള വേതനം നൽകുന്നതിന് ബാധ്യതയുണ്ടായിരുന്ന സഹകരണ, ഫാക്ടറി യുണിറ്റുകൾ പോലും 1990 ൽ നൽകിയ ശരാശരി കൂലി 32 രൂപ മാത്രമായിരുന്നു. എന്നാൽ സബ് കോൺട്രാക്റ്റ് തൊഴിലാളികളുടെ കാര്യത്തിൽ ഇത് കേവലം 15 രൂപ മാത്രമായിരുന്നു. ഇത് ഒരു ഭാഗത്ത് തൊഴിലാളികളുടെ ക്ഷാമം രൂക്ഷമാക്കുകയും മറു വശത്ത് യുണിറ്റുകൾ ലാഭകരമല്ലാത്ത അവസ്ഥയിൽ രംഗം വിടാൻ ഉടമകളെ നിർബന്ധിതരാക്കുകയും ചെയ്തു. പാനൽ ഡേറ്റ പ്രകാരം അടച്ചുപൂട്ടപ്പെട്ട എല്ലാ യൂണിറ്റുകളും സബ്കോൺട്രാക്റ്റ് മേഖലയിലാണെന്ന് കാണാം.

ഒരു യൂണിറ്റിന്റെ കാര്യം ഉദാഹരണമായി ചൂണ്ടിക്കാണിക്കാം. മുഴുപ്പിലങ്ങാട് പഞ്ചായത്തിലെ എലിമ്പൻ ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം ഒരു കൂട്ടുസംരംഭമായി 1971 ൽ പ്രവർത്തനമാരംഭിച്ചതാണ്. 9 തറികളും അനുബന്ധ ഉപകരണങ്ങളുമാണ് ഈ സ്ഥാപനനത്തിൽ ഉണ്ടായിരുന്നത്. 1977–78 ഘട്ടത്തിലാണ് ഈ സ്ഥാപനത്തെക്കുറിച്ച് പഠനം നടത്തിയത്. അന്ന് സ്ഥാപനത്തിന്റെ ഒരു പാർട്ണറായിരുന്ന 29 കാരനായ ദാസൻ എന്ന വ്യക്തിയാണ് ഡൈയിങ്ങിന് നേതൃത്വം നൽകിയിരുന്നത്. മറ്റു പ്രധാന ജോലികൾക്കായി പുറമെ നിന്നുള്ള തൊഴിലാളികളെ നിയോഗിച്ചു. കുടുംബത്തിലെ സ്ത്രീ തൊഴിലാളികളാണ് വൈൻഡിങ് പോലുള്ള ജോലികൾ നിർവഹിച്ചിരുന്നത്. എന്നാൽ ദാസൻ എല്ലാ പ്രധാന ജോലികളിലും വ്യാപൃതനായി. 1990 ൽ നടത്തിയ പഠനത്തിൽ വ്യക്തമായ കാര്യം, 1985 ൽ ഈ സ്ഥാപനം പൂർണ്ണമായും പ്രവർത്തനം നിർത്തിയെന്നതാണ്. എല്ലാ തറികളും നാശോന്മുഖമാവുകയും അവ തടി ആവശ്യത്തിനായി പിന്നീട് വിനിയോഗിക്കുകയും ചെയ്തു. ദാസൻ ഒരു സ്വകര്യ ബസിൽ ഡ്രൈവറായി ജോലി ചെയ്തു. കുടുംബത്തിലെ സ്ത്രീ തൊഴിലാളികൾ മറ്റു സ്ഥാപനങ്ങളിൽ

ലഭ്യമായ വൈൻഡിങ് ജോലികൾ ചെയ്ത് വരുമാനം നേടി. ലാഭകരമല്ലാത്ത വിലയും സബ്കോൺട്രാക്റ്റുമാണ് ഈ സ്ഥാപനത്തെ അടച്ചുപൂട്ടലിലേക്ക് നയിച്ചത്. പ്രകൃതി ദുരന്തവും വ്യവസായത്തെ ഏറെ ദോഷകരമായി ബാധിച്ചു. പല ഫാക്ടറി യൂണിറ്റുകൾക്കും മുംബയിലെ കയറ്റുമതി സ്ഥാപനങ്ങളിൽ നിന്നുള്ള ഓർഡറുകൾ വളരെ നിർണായകമായിരുന്നു. എൺപതുകളിൽ പല യൂണിറ്റുകളും കയറ്റുമതി ചെയ്ത ഉത്പന്നങ്ങൾ വെള്ളപ്പൊക്കത്തിൽ നശിക്കാനിടയായി. ഇത് യൂണിറ്റുകൾക്ക് കനത്ത നഷ്ടം വരുത്തി. നഷ്ടം കുമിഞ്ഞതോടെ പല സ്ഥാപനങ്ങളും എന്നെന്നേക്കുമായി അടച്ചുപൂട്ടി. ചിലത് ആശ്രിത യൂണിറ്റുകളായി പിടിച്ചുനിന്നു. കാഞ്ഞിരോട് പഞ്ചായത്തിലെ വിനായക ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം 1980 വരെ സ്വതന്ത്രമായി, നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. മുംബൈ ആസ്ഥാനമായ കയറ്റുമതി സ്ഥാപനങ്ങളുടെ കമ്മീഷൻ ഏജന്റുമാർ മുഖേന ഇവർക്ക് ഓർഡറുകൾ ലഭ്യമായിരുന്നു. എന്നാൽ 3.5 ലക്ഷം രൂപ വില വരുന്ന ഉത്പന്നങ്ങൾ കയറ്റുമതി സ്ഥാപനം ഡെലിവറി എടുക്കുന്നതിന് മുൻപ് മോശമായി മാറി. അതുകൊണ്ട് അവർ അത് തിരസ്കരിക്കുകയും സ്ഥാപനത്തിന് അത് തിരിച്ചെടുക്കേണ്ടതായി വരികയും ചെയ്തു. ഇത് ഇൻഷുറൻസ് സ്ഥാപനത്തെ അറിയിക്കാതെ തുറക്കുകയും ചെയ്തു. ഇത് ഇൻഷുറൻസ് തുക നിഷേധിക്കപെടുന്നതിന് കാരണമായി. പ്രാദേശിക വിപണിയിൽ കിട്ടിയ വിലക്ക് അവർക്ക് ഉത്പന്നങ്ങൾ വിൽക്കേണ്ടതായി വന്നു. ഇതുമൂലം ബാങ്കിന്റെ വായ്പ തിരിച്ചടക്കാൻ കഴിയാതെ വന്നു. പ്രശ്നം കോടതി കയറി. സ്ഥാപനത്തിന്റെ സ്വത്തുക്കൾ കോടതി അറ്റാച്ച് ചെയ്തു. ബാങ്കുമായി ഉണ്ടാക്കിയ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം പ്രതിമാസം 2000 രൂപ വീതം അടക്കാൻ ധാരണയായി. നഷ്ടബാധ്യത താങ്ങാനാകാതെ ഒടുവിൽ സബ്കോൺട്രാക്റ്റ് സ്ഥാപനങ്ങളുടെ കൂട്ടത്തിലേക്ക് ഇത് മാറി.

വ്യവസായത്തിന്റെ നല്ലകാലത്ത് ഉടലെടുത്ത അമിതമായ ലാഭേച്ഛ ഉത്പന്നങ്ങളുടെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. പവർ ലൂമിൽ ഉല്പാദിപ്പിച്ച് വസ്ത്രങ്ങൾ കൈത്തറി എന്ന വ്യാജേന മാർക്കറ്റ് ചെയ്യുക എന്നതായിരുന്നു ഒരു തന്ത്രം. കൂലിച്ചെലവിലെ കുറവ് മൂലം നിരവധി യൂണിറ്റുകൾ ഉത്പാദനം തമിഴ്നാട്ടിലേക്ക് മാറ്റി. ഇത് ഗുണമേന്മയിൽ വിട്ടുവീഴ്ച ചെയ്യുന്നതിന് കാരണമായി. ഗുണമേന്മയിലെ പോരായ്മമൂലം ഓർഡറുകൾ കാൻസൽ ചെയ്ത നിരവധി സംഭവങ്ങൾ ഫീൽഡ് ജോലികൾക്കിടയിൽ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. ഇത് സബ് കോൺട്രാക്റ്റ് സ്ഥാപനങ്ങളെയും ബാധിക്കുന്ന സ്ഥിതിയുണ്ടായി.

ഉത്പന്നങ്ങളുടെ ഗുണമേന്മക്ക് അനുസൃതമായി പ്രത്യേകം മാർക്കറ്റുകൾ കണ്ണൂർ കൈത്തറി ഉത്പന്നങ്ങൾക്ക് ഉണ്ടായിരുന്നു. ക്രേപ്പ് തുണി വന്നതോടെ സ്വകാര്യ സ്ഥാപനങ്ങൾ പരമ്പരാഗത കൈത്തറി വിട്ട് ഇതിന്റെ ഉല്പാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു. തുടർന്നുള്ള വർഷങ്ങളിൽ പരമ്പരാഗത തുണിത്തരങ്ങളുടെ വിപണിക്ക് ഇടിവുണ്ടായി. കാലാന്തരത്തിൽ ക്രേപ്പും വിപണിയിൽ നിന്ന് അപ്രത്യക്ഷമായി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി, വീവേഴ്സ് സർവീസ് സെന്റർ, കോമൺ ഫെസിലിറ്റി സെന്റർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വഴിയായി നൈപുണ്യ വികസനം, സാങ്കേതിക വിദ്യയുടെ കൈമാറ്റം തുടങ്ങിയ കാര്യങ്ങൾ കൂടുതൽ എളുപ്പമായി. ഇതും വികേന്ദ്രീകൃത മാർക്കറ്റ് നഷ്ടപെടുന്നതിന് വഴിയൊരുക്കി.

**വ്യവസായത്തിന്റെ സാദ്ധ്യതകൾ**

ഹാൻഡ്‌ലൂം ഉത്പന്നങ്ങളുടെ ഉല്പാദനത്തിന്റെ കാര്യത്തിലെ കേന്ദ്ര സർക്കാരിന്റെ നിർദിഷ്ട ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ ഈ മേഖലയുടെ സാധ്യതകളെ കുറിച്ചുള്ള

ചില നിരീക്ഷണങ്ങൾ അവതരിപ്പിക്കുകയാണ്. ചില അടിസ്ഥാന വസ്തുതകൾ വ്യക്തമാക്കുന്നത് മേൽപ്രസ്താവിച്ച പ്രശ്നങ്ങൾ ഒരു പ്രദേശത്തിന്റെ മാത്രം ഒറ്റപ്പെട്ട പ്രശ്നങ്ങളല്ല, പ്രത്യുത ഇത് സംസ്ഥാന, ദേശീയതലത്തിലുള്ള പ്രശ്നമാണ് എന്നതാണ്. തകർച്ചയുടെ വ്യാപ്തത്തിൽ മാത്രമാണ് അന്തരമുള്ളത്. കേരളത്തിലാണ് തകർച്ച ഏറ്റവും രൂക്ഷമായത്. 1984 ൽ സംസ്ഥാനത്ത് ആകെയുണ്ടായിരുന്ന കൈത്തറികളുടെ എണ്ണം 95000 ആയിരുന്നു (ഹാൻഡ്‌ലൂം ഡയറക്ടർ 1976:4). എന്നാൽ 2019 ആയപ്പോൾ ഇത് 10728 ലേക്ക് താഴ്ന്നു; 88.71 ശതമാനം ഇടിവ് (ഹാൻഡ്‌ലൂം ഡെവലപ്മെൻറ് കമ്മീഷണർ- 2019 : 143). 2019 ലെ കൈത്തറി സെൻസസ് പ്രകാരം തറികൾ, ജോലിക്കാർ എന്നിവരുടെ കാര്യത്തിൽ ദേശീയതലത്തിൽ കേരളത്തിന്റെ പങ്ക് യഥാക്രമം 0.32 ശതമാനവും 0.62 ശതമാനവുമായി കുറഞ്ഞു. ഫലത്തിൽ കൈത്തറി ഉല്പാദനത്തിന്റെ കാര്യത്തിൽ കേരളം ഒരു പ്രധാന സംസ്ഥാനമല്ലാതായി മാറി.

ദേശീയതലത്തിലെ സ്ഥിതി കണക്കിലെടുക്കുമ്പോൾ തൊണ്ണൂറുകളുടെ പ്രാരംഭ ഘട്ടത്തിൽ ഇന്ത്യയിലാകെ 39 ലക്ഷം തറികളിലായി 84 ലക്ഷം പേർക്ക് ജോലി ഉണ്ടായിരുന്നു (ഹിന്ദു-1993). എന്നാൽ ഏറ്റവും ഒടുവിൽ ലഭ്യമായ കൈത്തറി സെൻസസ് അനുസരിച്ച് മൊത്തം 27.01 ലക്ഷം തറികളും 35.22 ലക്ഷം തൊഴിലാളികളുമാണ് ഉള്ളത്. തറികളുടെ കാര്യത്തിൽ 30.74 ശതമാനവും ജോലിക്കാരുടെ കാര്യത്തിൽ 58.07 ശതമാനവും ഇടിവ് രേഖപ്പെടുത്തി. ഭൂരിഭാഗം വരുന്ന കൈത്തറി കുടുംബങ്ങളുടെ (67.1 ശതമാനം) ശരാശരി മാസവരുമാനം 5000 രൂപയാണെന്ന്സെൻസസ് വ്യക്തമാക്കുന്നു. ഒരു വർഷത്തിൽ ഇവർക്ക് ലഭിക്കുന്ന ശരാശരി തൊഴിൽ ദിനങ്ങൾ 206 എണ്ണമാണ്. ഒരു കുടുംബത്തിൽ ശരാശരി 1.12 പേരാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നതെന്നും കണക്കുകൾ വ്യക്തമാക്കുന്നു (ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കമ്മീഷണർ- 2019- 17,18).[7] അതായത് ഒരു കൈത്തറി ജീവനക്കാരന്റെ ശരാശരി പ്രതിദിന വേതനം 170 രൂപ മാത്രമാണ്. അതുകൊണ്ട് ഈ മേഖലയിലേക്കു പുതിയതായി തൊഴിലാളികൾ കടന്ന് വരുമോ എന്ന കാര്യം സംശയകരമാണ്. നിലവിലെ ശരാശരി വാർഷിക തൊഴിൽ ദിനങ്ങൾ കണക്കിലെടുക്കുമ്പോൾ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനുള്ള സാദ്ധ്യതകൾ പരിമിതമാണ്. മാത്രവുമല്ല, കൂടുതൽ മൂലധന നിക്ഷേപം ഇതിന് അനിവാര്യമാണ്. എന്നാൽ ഈ മേഖലയിലെ നിക്ഷേപം സ്വകാര്യ മേഖലക്ക് ആകർഷകമല്ല. അതുകൊണ്ട് നിലവിലെ സാഹചര്യത്തിൽ ഉല്പാദന രംഗത്ത് ഒരു വമ്പൻ മുന്നേറ്റത്തിനുള്ള സാദ്ധ്യതകൾ വിരളമാണെന്ന് കാണാം.

**ഉപസംഹാരം**

തൊഴിലിന്റെ കാര്യത്തിൽ ഇന്ത്യയിലെ അതിപുരാതനവും പ്രാധാന്യമേറിയതുമായ ഒരു രംഗമാണ് കൈത്തറി. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഇതിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികളുടെ ഫലമായി ദശകങ്ങളോളം ഈ വ്യവസായ മേഖല അർത്ഥവത്തായ ഒരു പങ്ക് നിരവഹിക്കുകയുണ്ടായി. എന്നിരുന്നാലും നിലവിലെ സാഹചര്യങ്ങൾ ഈ വ്യവസായത്തിന്റെ തകർച്ചയിലേക്ക് നയിക്കുന്നതാണ്. കേരളത്തിൽ കൈത്തറി വ്യവസായത്തിന്റെ ഏറ്റവും ശക്തമായ സ്വാധീന മേഖലകളിലൊന്നായ കണ്ണൂരിന് പ്രാമുഖ്യം നൽകി ഈ മേഖലയുടെ വികാസ, പരിണാമങ്ങളെ പ്രതിപാദിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. എന്നാൽ സ്വാതന്ത്ര്യത്തിന് ശേഷം ഫാക്ടറി നിയമം, കുറഞ്ഞ കൂലി നിയമം തുടങ്ങിയ നിയമങ്ങൾ നടപ്പിലായതോടെ ഈ വ്യവസായ മേഖല കൂടുതൽ അസംഘടിതമായി മാറുകയായിരുന്നു. അതോടെ സ്വകാര്യ മേഖല ഒരു നിർണ്ണായക കണ്ണിയായി മാറുന്ന സ്ഥിതി സംജാതമായി. എന്നിരുന്നാലും

ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ ഉത്പാദനത്തിലും കയറ്റുമതിയിലും അതിനിർണായകമായ ഒരു പങ്ക് ഈ ജില്ലയിലെ കൈത്തറി മേഖല നിർവഹിച്ചു. മൊത്തം കയറ്റുമതിയുടെ മൂന്നിലൊന്ന് കണ്ണൂർ ജില്ലയിൽ നിന്നായിരുന്നു. പിന്നീട് ഈ വ്യവസായം തളർച്ചയിലേക്ക് നീങ്ങുകയാണുണ്ടായത്. ഇത് പ്രാദേശികമായി മാത്രം ഒതുങ്ങുന്ന ഒരു കാര്യമല്ല, മറിച്ച് രാജ്യവ്യാപകമായി കാണുന്ന ഒരു കാര്യമാണ്. കേരളത്തിൽ ഇത് കൂടുതൽ തീവ്രമാണെന്ന് മാത്രവുമല്ല, സംസ്ഥാനം ഇന്ന് ദേശീയ തലത്തിൽ ഒരു പ്രധാന കൈത്തറി ഉല്പാദന കേന്ദ്രവുമല്ല. തൊഴിലാളികളുടെ എണ്ണത്തിൽ ഉണ്ടായ ഇടിവ്, കുറഞ്ഞ വേതനം, പ്രവർത്തനക്ഷമമായ യൂണിറ്റുകളുടെ കുറവ്, അപ്രതീക്ഷിത സാമ്പത്തിക നഷ്ടം, വിപണികൾ നഷ്ടമായത് തുടങ്ങിയ നിരവധി ഘടകങ്ങളാണ് പ്രാദേശികമായ ദുരവസ്ഥക്ക് കാരണമായി തീർന്നത്. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്ന തരത്തിൽ ഉല്പാദനത്തിൽ ഒരു വൻ കുതിച്ചുചാട്ടത്തിന് കൈത്തറി മേഖലക്ക് കഴിയുമോ എന്ന കാര്യത്തിൽ ആശങ്ക ശക്തമാണ്.

(ഈ പ്രബന്ധത്തിന്റെ മുഖ്യഭാഗം ഈ ലേഖകൻ, ന്യൂഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ച് സീനിയർ ഫെലോഷിപ്പിന്റെ ഭാഗമായി നടത്തിയ പഠനത്തിൽ നിന്നെടുത്തതാണ്. ബംഗളുരുവിലെ സോഷ്യൽ ആൻഡ് ഇക്കണോമിക് ചേഞ്ച് എന്ന സ്ഥാപനത്തിലാണ് ഫെലോഷിപ്പ് അഫിലിയയേറ്റ് ചെയ്തിട്ടുള്ള സ്ഥാപനമാണ് ഇത്. കൗൺസിൽ നൽകിയ സാമ്പത്തിക സഹായവും ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ അക്കാദമിക പിന്തുണയും നന്ദിപൂർവം സ്മരിക്കുന്നു.)

■

(കോഴിക്കോട് സർവകലാശാല സാമ്പത്തിക ശാസ്ത്ര വിഭാഗം മേധാവിയും പ്രഫസറുമായിരുന്നു ലേഖകൻ)

## Notes

[1] The study was carried out in connection with the doctoral research work of the author.

[2] The Panchayat area corresponds with the village area.

[3] The study was sponsored by the Indian Council of Social Science Research, New Delhi to assess the growth of handloom industry with reference to the panel data.

[4] The study was conducted with the Senior Fellowship of the Indian Council of Social Science Research, New Delhi which was affiliated with the Institute for Social and Economic Change, Bengaluru.

[5] In the total looms of the state under cooperative fold in 1984 the share of Kannur district where concentration of looms was highest was only 9.18 per cent (See Director of Handloom 1986:8).

[6] This includes the looms of present Kasargod and part of Wayanad districts which were carved out of the Kannur district later.

[7] In the list of significant handloom production states in 2019 Handloom Census Report Kerala state is not included.

## References

Buch. M.A. (1979), *Economic Life in Ancient India*, R. S. Publishing House, Allahabad.

Development Commissioner for Handlooms (2019), *Fourth All India Handloom Census 2019-20*, Office of the Development Commissioner for Handlooms, Ministry of Textiles, Govt. of India, New Delhi.

Director of Handlooms (1986), *Report of the Survey on Primary Handloom Workers Cooperative Societies in Kerala*, Govt. of Kerala, Trivandrum.

Directorate of Industries and Commerce (1976), *Report on Census on Handlooms*, Govt. of Kerala, Trivandrum.

District Planning Office (1990), *Status Paper for Cannanore District*, Cannanore.

Edakkad Panchayat (1996), *Development Record*, Thottada.

Hindu (1993), A National Daily in English, June 29.

http//:dsource.in/resource/land-looms-and-lore-kannur/introduction.

http//:filmingindi.com/blog-post/Kannur-the-handloom-city-of- Kerala-India/

http:/www.thenewsminutes.com/article/once-admired-kerala-dyinghandloom trditionbadly-need-revival-76073.

Indian Institute of Foreign Trade (1975), *Export Potential Survey of Kerala*, New Delhi.

Krishnamoorthy O.S. (1971), *The Cotton Handloom Industry in India 1951-66*, A Ph. D Thesis Submitted to the University of Bombay, Bombay.

Malayala Manorama (A National Daily in Malayalam) (2021), 21 August.

Nair Ramakrishnan P. K. (1977), *Need for Establishing a Handloom International*, Mathrubhumi (A National Daily in Malayalam), April 27.

Superintendent of Census Operations (1966), *Census of India 1961- Village Survey Monographs:* Cannanore and Kozhikode Districts, Vol. VII, Part B VI A, Trivandrum.

Times of India (2014), A National aily in English, April 26.

7th Estimates Committee (1977-78), *Handloom and Powerloom Industries Part – II* Handloom Industry, Sixth Loksabha Report, New Delhi.

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# ഉപഭോക്തൃ സംരക്ഷണം ഡയറക്റ്റ് സെല്ലിംഗ് മേഖലയിൽ

ഐഷ ഇബ്രാഹിം മുഹമ്മദ്, തോമസ് ജോസഫ് തൂങ്കുഴി

**ആമുഖം**

ഇന്ത്യയിലെ ഡയറക്റ്റ് സെല്ലിങ് വ്യവസായത്തെ സംബന്ധിച്ചിടത്തോളം 2021 ഡിസംബർ 28 വളരെ പ്രധാനപ്പെട്ട ഒരു ദിനമാണ്. കാരണം, അന്നാണ് കൺസ്യൂമർ പ്രൊട്ടക്ഷൻ (ഡയറക്റ്റ് സെല്ലിങ്) ചട്ടങ്ങൾ സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചത്. 2019 ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമത്തിലെ വകുപ്പുകൾ പ്രകാരമായിരുന്നു ഈ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഡയറക്റ്റ് സെല്ലിങ് മേഖലയെ നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്ന സുപ്രധാന നിയമമായ ഇത്, ഈ മേഖലക്ക് പുറമെ ഇ - കൊമേഴ്സ് മേഖലക്കും വലിയ കുതിപ്പിന് വഴിയൊരുക്കുന്നതായിരുന്നു. ഇതും കേരളത്തിൽ നേരത്തെ നിലവിലിരുന്ന നിയമങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളും പുതിയ നിയമം ഡയറക്റ്റ് സെല്ലിങ് മേഖലയിൽ ഉണ്ടാക്കുന്ന ഫലങ്ങളുമാണ് ഈ ലേഖനത്തിൽ വിശകലനം ചെയ്യുന്നത്.

ഇന്ത്യക്ക് പുറമെ വിദേശത്തും ഡയറക്റ്റ് സെല്ലിങ് എന്ന വില്പന രീതി പൊതുസമൂഹത്തിനിടയിൽ വലിയ തോതിലുള്ള സംശയത്തിന് വഴിയൊരുക്കിയിരുന്നു. ഡയറക്റ്റ് സെല്ലിങ് എന്നാൽ ഒരു ഉത്പന്നം അല്ലെങ്കിൽ സേവനം അത് ആവശ്യമുള്ള ഉപഭോക്താവിന് നേരിട്ട് എത്തിക്കുന്ന ഒരു രീതിയാണ് (പീറ്റേഴ്സൺ, വോട്ടറുബ - 1996). വ്യവസായ വിപ്ലവ കാലഘട്ടത്തിന് മുൻപ് തന്നെ ഈ സമ്പ്രദായം നിലനിന്നിരുന്നു. വ്യവസായ വിപ്ലവ ഘട്ടത്തിലെ മാറ്റങ്ങൾക്കൊപ്പം ജോലിയിലെ പ്രത്യേക പ്രാവീണ്യത്തിന്റെ വളർച്ചക്കനുസരിച്ച് ഉത്പന്നങ്ങളുടെ മൊത്ത വിതരണക്കാർ, ചില്ലറ വിൽപനക്കാർ എന്നിങ്ങനെയുള്ള രണ്ട് വിഭാഗങ്ങളുടെ ആവിർഭാവവും ഉണ്ടായി. ഡയറക്റ്റ് സെല്ലിങ്ങിലെ ഇന്ന് കാണുന്ന പ്രധാന മാറ്റം അത് ഒരു സംഘടിത രീതിയായി മാറി എന്നതാണ് (ചു, സിഗ്രി - 2010). ഡയറക്റ്റ് സെല്ലിങ് സ്ഥാപനങ്ങളുടെ ചുമതലയിലേക്ക് ഈ രീതി മാറുകയാണുണ്ടായത്. ഏകതാനമായ മാർക്കറ്റിംഗ് എന്നതിന് പുറമെ, മൾട്ടി ലെവൽ മാർക്കറ്റിംഗ് അഥവാ നെറ്റ്‌വർക് മാർക്കറ്റിംഗ് എന്നിങ്ങനെ രണ്ടു രീതികളായി അത് മാറി. ഇതിനെ സംബന്ധിച്ച പല ലേഖനങ്ങളിലും കാണുന്ന ഒരു പ്രധാന പ്രത്യേകത ഇത് ഒരു ഉത്പന്നം / സേവനം ഉപഭോക്താക്കൾക്ക് നൽകുന്ന ഒരു വില്പന രീതി മാത്രമല്ല, പ്രത്യുത വരുമാനം ഉണ്ടാക്കാൻ കഴിയുന്ന അവസരം അത് പ്രദാനം ചെയ്യുന്നു എന്നതാണ്. എന്നാൽ വരുമാനം ഉണ്ടാക്കാൻ അവസരമൊരുക്കുന്നു എന്ന ഘടകമാണ് ഈ വില്പന രീതിയുടെ സുതാര്യതയിലും ധാർമ്മികതയിലും നിരവധിയായ ചോദ്യങ്ങൾ ഉയർത്തുന്നത്.

മൾട്ടി ലെവൽ മാർക്കറ്റിംഗിനെ കുറിച്ച് പറയുമ്പോൾ പിരമിഡ് സ്കീം, പോൺസി സ്കീം, മണി സർക്കുലേഷൻ സ്കീം എന്നിങ്ങ

***2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന് മുൻപ് കേരളത്തിലെ ഡയറക്റ്റ് സെല്ലിംഗ് മേഖലയുടെ നിയമസംവിധാനത്തിലേക്ക് ഒരു ഉൾകാഴ്ച. മുൻപത്തെ നിയമത്തിൽ നിന്നും 2019 ലെ നിയമം എങ്ങനെ വ്യതിരിക്തമായിരിക്കുന്നു, ഇത് ഡയറക്ട് സെല്ലിംഗ് മേഖലയിൽ ഉണ്ടാക്കുന്ന ആഘാതം - ഇവയിലേക്ക് ഒരു എത്തിനോട്ടം.***

നെയുള്ള പല രീതികളും ഇതിനോട് ചേർത്ത് പറയാറുണ്ട്. ഇവ തമ്മിലുള്ള പ്രധാന വ്യത്യാസം ഡയറക്ട് സെല്ലിങ് മേഖലയിലുള്ളവർക്ക് ലഭിക്കുന്ന കമ്മിഷനാണ്. മൾട്ടി ലെവൽ മാർക്കറ്റിങ്ങിൽ ഈ കമ്മീഷൻ നേരിട്ട് ഉപഭോക്താവിന് ലഭിക്കുന്നു. ഇതിനെ 'ചില്ലറ വില്പന ലാഭം' എന്നാണ് പറയുന്നത്. വില്പനക്ക് ആനുപാതികമായി ഈ ലാഭത്തിന്റെ ഒരു ഭാഗം താഴെ തട്ടിലുള്ള ഉപഭോക്താക്കൾക്കും ലഭിക്കുന്നു. എന്നാൽ തട്ടിപ്പ് പദ്ധതികളിൽ നെറ്റ് വർക്കിലേക്ക് കൂടുതൽ ആളുകളെ ചേർക്കുന്നതിനനുസരിച്ചാണ് കമ്മീഷൻ വിതരണം ചെയ്യപ്പെടുന്നത്. ഇവിടെ ഒരു ഉത്പന്നമോ, സേവനമോ യഥാർത്ഥത്തിൽ ഉണ്ടാകണമെന്ന് പോലുമില്ല.

പ്രത്യേകമായ മൂലധന മുടക്ക് ഇല്ലാതെ തന്നെ വരുമാനം ലഭിക്കുന്നതിന് അവസരമൊരുക്കുന്നു എന്നതാണ് ഡയറക്ട് സെല്ലിങ്ങിനെ പ്രസക്തമാക്കുന്നത്. അധിക വരുമാനം ലഭിക്കുന്നു എന്നതിന് പുറമെ, ഇത് ജോലിയിൽ ഫ്ലെക്സിബിലിറ്റി നൽകുകയും ചെയ്യുന്നു. പരിശീലന പരിപാടികളും ഓറിയെന്റേഷൻ പദ്ധതികളും ഇതിനാവശ്യമായ നൈപുണ്യം സൃഷ്ടിക്കുന്നതിന് വഴിയൊരുക്കുന്നു. ഡയറക്റ്റ് സെല്ലിങ്ങിൽ ഏർപെടുന്നവരുടെ എണ്ണം വർധിക്കുകയും അവരുടെ വരുമാനം ഉയരുകയും ചെയ്തിട്ടുണ്ട്. ഐ സി ആർ ഐ ഇ ആർ നടത്തിയ സർവെ അനുസരിച്ച് ജോലിയിലെ സംതൃപ്തിയുടെ കാര്യത്തിൽ ഡയറക്ട് സെല്ലിങ്ങിൽ ഏർപ്പെട്ടിരിക്കുന്നവർ സന്തോഷവാന്മാരാണ് എന്നാണ് വ്യക്തമായത്. സാമ്പത്തിക സ്വാതന്ത്ര്യം, ഉയർന്ന വരുമാനം, വൈയക്തികവും ബിസിനസ് സംബന്ധവുമായ നൈപുണ്യ വികസനം, സൗകര്യപ്രദമായ ജോലി സമയം, കുടുംബ കാര്യങ്ങൾക്കായി സമയം കണ്ടെത്താൻ കഴിയുക തുടങ്ങിയ കാര്യങ്ങൾ ഡയറക്റ്റ് സെല്ലിംഗിന്റെ മേന്മയായി മുഖർജി (2010) ചൂണ്ടിക്കാട്ടുന്നു. ആത്മവിശ്വാസം, അഭിമാനം, തൊഴിൽ നൈപുണ്യം തുടങ്ങിയ കാര്യങ്ങളിലും വരുമാനം ഉയർത്തുന്ന കാര്യത്തിലും ഇത് സഹായകമാണെന്ന വിലയിരുത്തലുണ്ട്. സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനും സാമ്പത്തികമായി അവർക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനും സമ്പത്ത് നേടുന്നതിനുള്ള കഴിവു വർദ്ധിപ്പിക്കുന്നതിനും ഇത് കാരണമാകുന്നുണ്ടെന്നും പഠനം വ്യക്തമാക്കുന്നു.

ഈ പഠനം താഴെ പറയുന്ന വിവിധ ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആമുഖം, 2019 ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിന് മുൻപുള്ള സ്ഥിതി, കൺസ്യൂമർ പ്രൊട്ടക്ഷൻ (ഡയറക്റ്റ് സെല്ലിങ്) 2021, പുതിയ നിയമവും പഴയ നിയമവും തമ്മിലുള്ള വ്യത്യാസം, ഡയറക്റ്റ് സെല്ലിങ് ബിസിനസിൽ പുതിയ കൺസ്യൂമർ പ്രൊട്ടക്ഷൻ ചട്ടങ്ങളുടെ പ്രത്യാഘാതം, രത്നച്ചുരുക്കം എന്നിവയാണ് അവ.

**2019 ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമത്തിന് മുൻപുള്ള ഘട്ടം**

ശക്തമായ നിയമത്തിന്റെ അഭാവം വ്യാപകമായ അറസ്റ്റുകൾക്കും പിഴകൾക്കും മറ്റും വഴി തുറന്നിരുന്നു. 2003 ലെ കേരള വാറ്റ് നിയമമാണ് ഡയറക്റ്റ് സെല്ലിങ്ങിന് നിയമപരമായ അടിത്തറ നൽകിയ ആദ്യത്തെ നിയമം. പ്രസ്തുത നിയമം ഇവയ്ക്ക് പ്രത്യേക

രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം നൽകി. കേന്ദ്രതലത്തിൽ പുതിയ മാർഗ നിർദേശങ്ങൾ കൊണ്ട് വരുന്നതിന് ഈ നിയമം വഴിയൊരുക്കി. 2016 ൽ പുറത്തു വന്ന കേന്ദ്ര മാർഗനിർദേശം ഈ രംഗത്തെ മറ്റൊരു സുപ്രധാന ചുവടുവയ്പാണ്. ഇത് യഥാർത്ഥ ത്തിലുള്ള നേരിട്ടുള്ള വിപണന സ്ഥാപന ങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതാ യിരുന്നു. 2016 ലെ മാർഗനിർദേശങ്ങൾ പൊതുവിൽ നോക്കുമ്പോൾ സംസ്ഥാന സർക്കാരുകൾക്കുള്ള ഉപദേശ രൂപേണ ഉള്ളവയായിരുന്നു എന്ന് കാണാം. നേരിട്ടുള്ള വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾ അനുവർത്തിക്കേണ്ട ചില കാര്യങ്ങളാണ് ഇതിൽ പറഞ്ഞിരുന്നത്. ഇതിന്റെ ഒമ്പതാം ചട്ടം അനുസരിച്ച് സംസ്ഥാന സർക്കാരുകൾ ഒരു മോണിറ്ററിങ് സംവിധാനത്തിന് രൂപം നൽകേണ്ടതുണ്ട്. ഇതനുസരിച്ച് ആദ്യം അതിന് രൂപം നൽകിയ സംസ്ഥാനം കേരളമാണ്. 2018 ജൂൺ നാലിന് പുറപ്പെടുവിച്ച ജി ഒ (പി) നമ്പർ 8 /2018 / സി എ ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ഇത് നിലവിൽ വന്നത്. കേരളത്തിന്റെ ഈ മാതൃക പിന്തുടർന്ന് പതിനഞ്ചിലധികം സംസ്ഥാനങ്ങൾ ഇത്തരം സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. സമീപ കാലത്ത് ഉണ്ടായ നിയമനിർമാണം രാജ്യത്ത് ഡയറക്ട് സെല്ലിങ് സ്ഥാപനങ്ങൾക്ക് ആവശ്യം വേണ്ടുന്ന നിയമ പിൻബലം നൽകുന്നതായി മാറി. അതിന്റെ വെളിച്ചത്തിൽ 2016 ൽ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ, 2022 ജനുവരി 21 ന് ജി എസ് ആർ 37 (ഇ) എന്ന ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ പിൻവലിച്ചു. (രേഖാചിത്രം - 1)

താഴെ കാണിച്ചിരിക്കുന്ന രേഖാചിത്രത്തിൽ നിന്ന് ഓരോ വർഷവും ആരംഭിച്ച ഡയറക്റ്റ് സെല്ലിങ് സ്ഥാപനങ്ങളുടെ എണ്ണം വ്യക്തമാകുന്നു. 2003 ൽ വാറ്റ് നടപ്പാക്കിയതിന് ശേഷവും 2015 ലെ കേരള ധനകാര്യ നിയമത്തിനും[1] 2016 ലെ കേന്ദ്ര മാർഗ്ഗനിർദേശങ്ങൾക്കും ശേഷവും ഇത് കൂടുതൽ ശക്തമായതായി കാണാം. കോവിഡ് മഹാമാരിയും ഈ വളർച്ചയെ കൂടുതൽ സഹായിച്ചതായി 2020 ലെ കണക്കുകളിൽനിന്ന് വ്യക്തമാകുന്നുണ്ട്. അതായത്, ശക്തമായ നിയമ പിൻബലം യഥാർത്ഥത്തിലുള്ള ഡയറക്ട്




*Source: Compiled from the Department of Consumer Affairs, Government of Kerala*

***2003 ൽ പാസാക്കിയ കേരള വാറ്റ് നിയമമാണ് ഡയറക്ട് സെല്ലിംഗ് മേഖലയിലെ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അനുവദിച്ച ഇന്ത്യയിലെ ആദ്യത്തെ നിയമം. പിന്നീട് കേന്ദ്ര സർക്കാർ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഈ നിയമം വഴിയൊരുക്കുകയും ചെയ്തു.***

സെല്ലിങ് സ്ഥാപനങ്ങൾക്ക് ആത്മവിശ്വാസം പകരുന്നതായി മാറി എന്ന് രേഖാചിത്രത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

### 3. 2021 ലെ ഉപഭോക്തൃ സംരക്ഷണ (ഡയറക്റ്റ് സെല്ലിങ്) ചട്ടങ്ങൾ

1986 ൽ പാസാക്കിയ ഉപഭോക്തൃ സംരക്ഷണ നിയമം 2019 ൽ ഭേദഗതി ചെയ്യുകയുണ്ടായി. ഇതിന്റെ ഭാഗമായി ഡയറക്ട് സെല്ലിങ്, മൾട്ടി ലെവൽ മാർക്കറ്റിംഗ്, ടെലിമാർക്കറ്റിംഗ്, ഇ - കോമേഴ്സ് തുടങ്ങിയ മേഖലകളെ നിയന്ത്രിക്കുന്നതിനായി പുതിയ ചട്ടങ്ങൾ ഇതിൽ ഉൾപ്പെടുത്തി. ഭക്ഷ്യ - പൊതുവിതരണ മന്ത്രാലയം ഈ നിയമം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു. ഈ വിഭാഗങ്ങളിൽ വരുന്ന സ്ഥാപനങ്ങൾ നിയമം പ്രാബല്യത്തിൽ വന്ന് 90 ദിവസത്തിനകം ഇതിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കണമെന്നാണ് ഇതിൽ വ്യക്തമാക്കിയിരിക്കുന്നത്.

ഡയറക്ട് സെല്ലിങ്ങിൽ ഉപയോഗിക്കുന്ന പദാവലികളെ നിയമം വ്യക്തമായി നിർവചിച്ചിട്ടുണ്ട്. കൂളിംഗ് ഓഫ് പീരീഡ്, ഡയറക്റ്റ് സെല്ലർ, ഡയറക്റ്റ് സെല്ലിങ് എന്റിറ്റി, മണി സർക്കുലേഷൻ സ്കീം, മിസ് സെല്ലിങ്, പ്രോസ്പെക്റ്റ്, പിരമിഡ് സ്കീം, സെയ്ലബിൾ, സെൻസിറ്റീവ് പേർസണൽ ഡേറ്റ, സ്റ്റേറ്റ് തുടങ്ങിയ നിരവധി വാക്കുകളുടെ നിർവചനമാണ് ഇതിലുള്ളത്. എന്നാൽ വ്യത്യസ്തത രീതിയിലുള്ള ഡയറക്റ്റ് സെല്ലിംഗ് തമ്മിൽ വേർതിരിച്ച് നിർവ്വചിച്ചിട്ടില്ല. എല്ലാ രീതിയിലുമുള്ള ഡയറക്റ്റ് സെല്ലിംഗ് എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. ഉപഭോക്തൃ നിയമം പക്ഷെ ഇതിന് വ്യക്തമായ നിർവചനം നൽകിയിരിക്കുന്നു. സ്ഥിരമായ ഒരു നിശ്ചിത കേന്ദ്രത്തിൽ നിന്നല്ലാതെ വില്പനക്കാരുടെ ശൃംഖല വഴി നടത്തുന്ന വിപണനം, വിതരണം, ഉത്പന്നങ്ങളുടെ അല്ലെങ്കിൽ സേവനങ്ങളുടെ വില്പന എന്നതാണ് ഡയറക്റ്റ് സെല്ലിംഗ് എന്നാണ് നിർവ്വചിച്ചിരിക്കുന്നത്. ഈ നിയമം കൃത്യമായി ഒരു പിരമിഡ് പദ്ധതിയെ കുറിച്ചും പരാമർശിക്കുന്നു. ഒരു ടീമിലേക്ക് അംഗങ്ങളെ മാത്രം ചേർക്കുകയും ഉപരി ഘടനയോട് കൂടിയതുമായ ഒരു സംവിധാനം എന്നതാണ് ഇത്.

ഡയറക്റ്റ് സെല്ലിംഗ് സ്ഥാപനങ്ങൾ അവയുടെ പ്രവർത്തനങ്ങളെ കുറിച്ച് കൃത്യമായ വെളിപ്പെടുത്തലുകൾ നടത്തേണ്ടതുണ്ട്. മെമ്മോറാണ്ടം, ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ, പെർമനെന്റ് അക്കൗണ്ട് നമ്പർ, നികുതി ഇളവ്, കളക്ഷൻ അക്കൗണ്ട് നമ്പർ, ജി എസ് ടി രജിസ്ട്രേഷൻ, റിട്ടേൺ എന്നിവക്ക് പുറമെ ആഡിറ്റ് റിപ്പോർട്ട്, ട്രേഡ് മാർക്ക് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഡയറക്റ്റ് സെല്ലേഴ്സ് രജിസ്റ്റർ, ലൈസൻസ് സർട്ടിഫിക്കറ്റ് എന്ന് തുടങ്ങി സർക്കാർ കാലകാലങ്ങളിൽ നിഷ്കർഷിക്കുന്ന കാര്യങ്ങളാണ് ഇപ്രകാരം സമർപ്പിക്കേണ്ടത്.

2016 ൽ ഇറങ്ങിയ മാർഗ്ഗനിർദേശ തത്വങ്ങളിൽ ഡയറക്ട് സെല്ലിംഗ് സ്ഥാപനങ്ങളുടെ വരുമാനം, കമ്മീഷൻ, ബോണസ്, മറ്റു വിധത്തിലുള്ള ഇൻസെന്റീവ് തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്.എന്നാൽ പുതിയ നിയമത്തിൽ ഇത് കൃത്യമായി വ്യക്തമാക്കിയിട്ടില്ല. നേരത്തേയുള്ളതിൽ നിന്നും വ്യത്യസ്തമായി പുതിയ നിയമത്തിൽ യഥാർത്ഥ ഡയറക്ട് സെല്ലിംഗിനെക്കുറിച്ച് വ്യക്തമായി വിശദീകരിച്ചിട്ടുള്ളതിനാൽ യഥാർത്ഥ സ്ഥാപനങ്ങളെയും തട്ടിപ്പ്

***ഡയറക്റ്റ് സെല്ലിംഗ് മേഖലയിൽ ഉത്പന്നങ്ങൾക്ക് പലപ്പോഴും ഉയർന്ന വില ഈടാക്കിയിരുന്നു. ഉപഭോക്താക്കൾക്ക് സഹായകരമാകുന്ന വിധത്തിൽ വില നിയന്ത്രിക്കുന്നതിന് ഒരു സംവിധാനം ഉണ്ടായിരുന്നില്ല എന്നതാണ് പ്രശ്നം.***

സ്ഥാപനങ്ങളെയും വേർതിരിച്ച് മനസിലാക്കാൻ ഇത് സഹായിക്കുന്നു. ഇതിലെ 5 (ഇ) എന്ന വകുപ്പ് വില്പന നടത്താവുന്ന ഒരു ഉത്പന്നം / സേവനം എന്നിവയുടെ പ്രാധാന്യത്തെ കുറിച്ച് പരാമർശിക്കുന്നു. ഈ വകുപ്പ് ഇത്തരം സ്ഥാപനങ്ങളെ സംബന്ധിച്ച് സംശയങ്ങൾ ദൂരീകരിക്കുന്നതിന് സഹായകമാണ്.

ഡയറക്റ്റ് സെല്ലിംഗ് നടത്തുന്ന വിവിധ സ്ഥാപനങ്ങൾ തമ്മിലുള്ള വിനിമയം സംബന്ധിച്ച കരാറിനെ കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. ഇത് എഴുതി തയാറാക്കിയ ഒരു കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും. വിൽക്കുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും കാര്യത്തിൽ ഉണ്ടാകുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനും ഇത് കമ്പനികളെ ഉത്തരവാദപെടുത്തുന്നു. ഇത്തരം സ്ഥാപനങ്ങൾ പ്രസക്തമായ വിവരങ്ങൾ അടങ്ങുന്ന ഒരു വെബ് സൈറ്റ് പ്രവർത്തിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇതിൽ സ്ഥാപനത്തിന്റെ പേര്, മേൽ വിലാസം, ശാഖകൾ, ബന്ധപ്പെടുന്നതിനുള്ള നമ്പറുകൾ, പരാതികളുടെ ടിക്കറ്റ് നമ്പർ, ഉത്പന്നം തിരികെ നൽകുന്നതിനുള്ള വിവരങ്ങൾ, വാറന്റി, ഗ്യാരന്റി ഇവ സംബന്ധിച്ച വിശദാംശങ്ങൾ, ഡെലിവറി സംവിധാനം, പണം നൽകുന്നതിനുള്ള രീതികൾ, പരാതി പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയ കാര്യങ്ങൾ വെബ് സൈറ്റിൽ ഉൾപ്പെടുത്തണം. കമ്പനി ഒഴിവാക്കിയ ഡയറക്റ്റ് സെല്ലർമാരുടെ വിശദാംശങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണം.

പരാതികൾ ലഭിച്ചതായി 48 മണിക്കൂറിനുള്ളിൽ രേഖകൾ നൽകുന്നതിന് കമ്പനിക്ക് ബാധ്യതയുണ്ട്. രണ്ടു മാസത്തിനകം പരാതിക്ക് പരിഹാരം കാണണമെന്നും നിയമം അനുശാസിക്കുന്നു.

കമ്പനികൾക്ക് പുറമെ ഡയറക്റ്റ് സെല്ലർമാർക്കും ഉത്തരവാദിത്വങ്ങളുണ്ട്. വില്പന നടത്തുന്ന സമയത്ത് തിരിച്ചറിയൽ വിവരങ്ങൾ വെളിപ്പെടുത്തണം. ഓർഡർ ഫോമിൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തണം. അതുപോലെ ജി എസ് ടി, പാൻ തുടങ്ങിയ വിവരങ്ങളും വ്യക്തമായി നൽകേണ്ടതാണ്. വിശദാംശങ്ങൾ അടങ്ങുന്ന പുസ്തകങ്ങൾ വിൽക്കാനോ, ഇത്തരം കാര്യങ്ങൾ മാർക്കറ്റ് റിസർച്ചിന്റെ ഭാഗമായി ഉപയോഗിക്കാനോ പാടുള്ളതല്ല.

### 4. മുൻപുള്ള നിയമങ്ങളിൽ നിന്ന് 2019 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിനുള്ള വ്യത്യാസങ്ങൾ

പുതിയ ഡയറക്റ്റ് സെല്ലിങ് ചട്ടങ്ങൾ ഉപഭോക്തൃ കാര്യ വകുപ്പിന്റെ കീഴിലോ, ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രീസ് ആൻഡ് ഇന്റേണൽ ട്രേഡിന്റെ കീഴിലോ രജിസ്ട്രേഷൻ ചെയ്യുന്നതിന് വേണ്ട സംവിധാനം നൽകുന്നില്ല. എന്നാൽ ഡയറക്റ്റ് സെല്ലിങ് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും, പരിശോധിക്കുന്നതിനും അതാത് സർക്കാരുകൾക്ക് അധികാരം നൽകുന്നു. എല്ലാ ഡയറക്റ്റ് സെല്ലിങ് സംവിധാനങ്ങളും ജി എസ് ടി രെജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട് എന്നും നിഷ്‌ക്കർഷിക്കുന്നു. എന്നാൽ മാർഗ്ഗനിർദേശങ്ങളിൽ വില്പന പരിധി കടന്നാൽ മാത്രമേ രജിസ്ട്രേഷൻ നിർബന്ധമാക്കിയിരിക്കുന്നു.

***പിരമിഡ്, പോൺസി, മണിസർക്കുലേഷൻ തുടങ്ങിയ രീതികളിൽ ഏർപ്പെടുന്നതിൽ നിന്നും ഡയറക്റ്റ് സെല്ലിംഗ് സ്ഥാപനങ്ങളെ വിലക്കിയിട്ടുണ്ട്.***

2016 ലെ കേന്ദ്ര ഗൈഡ്‌ലൈനും 2021 ലെ പുതിയ ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങളും (ഡയറക്റ്റ് സെല്ലിങ്) തമ്മിലുള്ള വ്യത്യാസങ്ങൾ ഒന്നാമത്തെ പട്ടികയിൽ നൽകിയിരിക്കുന്നു. (പട്ടിക നോക്കുക)

### 5. 2021 ലെ ഉപഭോക്തൃ സംരക്ഷണ നിയമം ഡയറക്ട് സെല്ലിംഗ് ബിസിനസിൽ ഉളവാക്കുന്ന ആഘാതം

ഈ നിയമം ഡയറക്ട് സെല്ലിംഗ് ബിസിനസിന് ശക്തമായ ഉത്തേജനം നൽകുന്നതാണ്. ഡയറക്ട് സെല്ലിംഗ് ബിസിനസിനെ കുറിച്ച് നിലനിന്നിരുന്ന സംശയങ്ങൾക്ക് വലിയൊരളവോളം വിരാമമിടാൻ ഇതിന് കഴിഞ്ഞു. നിയമത്തിൽ പറയുന്ന സുതാര്യമല്ലാത്ത വ്യാപാര രീതികൾ എന്നത് ഡയറക്ട് സെല്ലിംഗ് ബിസിനസിന്റെ കാര്യത്തിലും ബാധകമാണ്. എന്നാൽ ആശയകുഴപ്പം പൂർണ്ണമായും ഒഴിവായി എന്ന് പറയാവുന്ന സ്ഥിതി ഉണ്ടായിട്ടില്ല. കാരണം, നിയമം വ്യക്തമാക്കുന്നത് സുതാര്യമല്ലാത്ത വ്യാപാര രീതി എന്നത് നിയമപാലന ഏജൻസികളുടെ ഇടപെടൽ ഉണ്ടാക്കുന്ന വിധത്തിലുള്ള നടപടികൾ എന്നാണ്. 1978 ലെ പ്രൈസ് ചിറ്റ് മണി സർക്കുലേഷൻ സ്കീം (നിരോധന) നിയമ പ്രകാരമുള്ള നടപടികൾ ആണ് ഇത്.

2019 ലെ നിയമത്തിൽ പറയുന്നത് ഒരു ഉല്പന്നത്തിന്റെ വില്പന വഴി ലഭിക്കുന്ന ഏതെങ്കിലും വിധത്തിലുള്ള ബോണസ്, ഇൻസെന്റീവ്, കമ്മീഷൻ തുടങ്ങിയ കാര്യങ്ങൾ നൽകുമ്പോൾ അത് കമ്പനിയുടെ അംഗീകാരത്തോടെയും, തിരിച്ചറിയുന്നതിനുള്ള അടയാളങ്ങളോടെയും വേണം എന്നാണ്. ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന കമ്പനികളെയും തട്ടിപ്പ് സ്ഥാപനങ്ങളെയും തിരിച്ചറിയുന്നതിന് ഇത് സഹായകമാണ്. ബൈനറി പ്ലാൻ, യൂണിലെവൽ പ്ലാൻ, ഹൈബ്രിഡ് പ്ലാൻ തുടങ്ങിയ വരുമാന പദ്ധതികളുടെ നിയന്ത്രണവും പുതിയ ചട്ടങ്ങളിലൂടെ സാധ്യമാകും.

ഉപഭോക്താക്കൾക്ക് നൽകുന്ന വില അതിന്റെ എല്ലാ വിശദാംശങ്ങളും സഹിതം അവരെ അറിയിക്കുന്ന കാര്യത്തിൽ കൃത്യമായ സുതാര്യത വേണമെന്നും നിയമം അനുശാസിക്കുന്നു. ഡയറക്റ്റ് സെല്ലിംഗ് എന്നാൽ ഇടനിലക്കാർ, മൊത്ത വ്യാപാരികൾ, ചില്ലറ വിൽപനക്കാർ തുടങ്ങിയവരെ ഒഴിവാക്കി ഉത്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കുന്ന രീതിയാണ്. അതുകൊണ്ട് അന്തിമ ഉപഭോക്താവിനാണ് കൂടുതൽ നേട്ടം. എന്നാൽ പൊതുവിൽ ഇത്തരം ഉത്പന്നങ്ങളുടെ വില കൂടുതലാണെന്നും വില നിയന്ത്രണത്തിന് ആവശ്യമായ സംവിധാനമില്ലെന്നുമുള്ള പൊതുധാരണ നിലവിലുണ്ട്.

### 6. ഉപസംഹാരം

ചില്ലറ വില്പന രംഗം വികസിതമാകുന്ന ഒരു പ്രതിഭാസമാണ്. ഉപഭോക്താക്കളുടെ താല്പര്യങ്ങൾ, വിവര സാങ്കേതിക വിദ്യ, വിദേശ നിക്ഷേപ നയത്തിലെ മാറ്റം തുടങ്ങിയ ഘടകങ്ങൾക്ക് അനുസൃതമായി പുതിയ വില്പന രീതികൾ ഉടലെടുക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ ഈ കാലഘട്ടം കൂടുതൽ സുതാര്യത വ്യാപാരത്തിൽ ഉറപ്പ് വരുത്തുന്നു. ബിസിനസിൽ ഉപഭോക്തൃ താല്പര്യ സംരക്ഷണവും ഉത്തരവാദിത്വവും അടിസ്ഥാന കാര്യങ്ങളായി മാറുകയും ചെയ്യുന്നു.

2019 ൽ പാസാക്കിയ ഉപഭോക്തൃ സംരക്ഷണ നിയമവും അനുബന്ധമായ 2021 ലെ ഉപഭോക്തൃ സംരക്ഷണം (ഡയറക്ട് സെല്ലിംഗ്) ചട്ടങ്ങൾ, 2020 ലെ ഉപഭോക്തൃ സംരക്ഷണം (ഇ-കൊമേഴ്സ്) എന്നീ ചട്ടങ്ങളും

**Table 1.** Demarcation of the consumer protection act, 2019 to the previous legislations

| Points of difference | Direct Selling guidelines 2016 | Consumer protection (direct selling) rules 2021 |
|---|---|---|
| Legal Enforceability & Reliefs | Advisory in nature - Civil remedy only for breach of contract | Legally enforceable through consumer courts for reliefs including product compensation. |
| Registration of direct selling entities | Mandatory to Register in the online portal maintained by the Consumer Affairs Department(CAD) | No registration before the CAD or the DPIIT. Only self-declaration by the entity and certification by a qualified cost accountant |
| Remuneration plan and income / commission distribution | Explains the modalities of payment of remunerations | Remuneration is limited to goods and services sold or supplied with distinct identification mark. |
| Involvement of department other than CAD | Functioning under the CAD with separate monitoring mechanism | Involvement of department of legal metrology and Food safety dept. are incorporated in the rules |
| Direct selling & Ecommerce | No provision for e-commerce | Separate legislation for direct selling (DS rules,2021) and E-COMMERCE (e-Commerce Rules, 2020) were notified |
| GST registration | Provision for registration is stipulated only if the turnover crosses the threshold limit | All direct sellers and direct selling entities are required to obtain a GST registration, irrespective of threshold limit. |

| Points of difference | Direct Selling guidelines 2016 | Consumer protection (direct selling) rules 2021 |
|---|---|---|
| Dispute settlement | Provision for Redressal mechanism is mandated | Apart from consumer redressal & nodal officers, specific provisions for product liability and penalty are also incorporated in the rules for the protection of consumers |
| Regulator | State government to set up monitoring and regulatory authority to regulate activities of direct selling | The rules provide for the setting up of a monitoring and regulatory authority at the state level. The Act also provides for a central & regional consumer protection authority to regulate this sector. |
| Provision for approaching consumer courts | No provision to consumers to approach Consumer Courts | Since direct selling & network of direct sellers are included in the CP Act, the consumers under direct selling & MLM are entitled to approach consumer courts |
| Provision for mediation for the settlement | No provision for mediation. Guideline provide for the execution of the contract with direct sellers. | Consumer Court can refer the cases for settlement through mediation process |

*Source: Prepared by the Authors based on Direct Selling guidelines 2016 and Consumer protection (direct selling) rules 2021*

***ഡയറക്റ്റ് സെല്ലിംഗ് സ്ഥാപനങ്ങളെ നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം സംസ്ഥാന സർക്കാരുകൾക്കാണ്.***

വ്യാപാരത്തിലെ സാദ്ധ്യതകൾ വർധിപ്പിച്ചു. ഇ - കൊമേഴ്സ്, ഡയറക്റ്റ് സെല്ലിംഗ് തുടങ്ങിയ പുതിയ രീതികൾ ഇതുവഴി വിപുലമായി. ഇത് തുടർന്നുള്ള നിയമനിർമ്മാണത്തിൽ കൂടുതൽ വ്യക്തത വരുത്തി. ഉല്പന്നത്തിന്റെ ഗുണമേന്മ, വാറന്റി, റീഫണ്ട് തുടങ്ങിയ കാര്യങ്ങളിൽ ഉപഭോക്താക്കൾക്ക് കൂടുതൽ സംരക്ഷണം ഇതുവഴി ഉറപ്പാക്കുകയും ചെയ്തു.

ഡയറക്ട് സെല്ലിംഗ് മേഖലയെ സർക്കാർ നിയമവിധേയമായി പ്രഖ്യാപിച്ചതോടെ ഈ മേഖലയുടെ ആവശ്യകതയിലും വർധനയുണ്ടായി. ഭൗതികവും ഡിജിറ്റലുമായ വ്യാപാര രീതികളുടെ സമന്വയത്തോടെ വ്യാപാരത്തിൽ പുതുരീതികൾക്ക് വഴിയൊരുക്കി. കേരളത്തിലും ഈ മേഖല കൂടുതൽ ഊർജ്ജസ്വലമായി. അതുകൊണ്ട് പരാതി പരിഹാര സംവിധാനം ഉണ്ടാകുന്നതോടെ യഥാർത്ഥത്തിലുള്ള ഡയറക്ട് സെല്ലിംഗ് സ്ഥാപനങ്ങളുടെ വളർച്ചക്ക് അത് വഴിയൊരുക്കുകയും നിയമ വിരുദ്ധമായ പ്രവണതകളെ തടയാനും കഴിയും.

■

(ഐഷ ഇബ്രാഹിം മുഹമ്മദ് ഗിഫ്റ്റിലെ ഗവേഷക വിദ്യാർത്ഥിയും ഡോ.തോമസ് ജോസഫ് തൂംകുഴി അസോസിയേറ്റ് പ്രൊഫസറുമാണ്)

[1] Sec 8 (i) was inserted through Kerala Finance Act 2015 w.e.f. 1.4.2015

## References

Albaum, G., & Peterson, R.A. (2011). *Multilevel (network) marketing: An objective view*. The Marketing Review, 11(4), 347-361.

Chu, M., and Segre, J. (2010). *A note on direct selling in developing economies*, Harvard Business School General Management Unit Case, No. 310-068.

Government of Kerala(2021) Department of Consumer Affairs,, DSC. (n.d.). Retrieved February 4, 2022, from https://mlm.kerala.gov.in/

Government of India(2021). *Consumer Protection (Direct Selling) Rules, 2021, Ministry of Consumer Affairs Food And Public Distribution*, Department of Consumer Affairs, Tuesday, December 28, 2021, New Delhi.

Government of India(2021). *Draft Consumer Protection (Direct Selling) Rules, 2021*, Department of Consumer Affairs, Ministry of Consumer Affairs, Food and Public Distribution, July 21, 2021, New Delhi.

Government of India(1978). *The prize chits and money circulation schemes (banning) act 1978*, Ministry of Law and Justice, legislative department, 9th August, Act no. 43 of 1978, New Delhi.

Government of India(2016). *Model framework for guidelines of direct selling 2016*, Ministry of Consumer Affairs, Food and Public Distribution, Department of Consumer Affairs, September 9, 2016, New Delhi.

Government of India,(2019). *The Consumer Protection Act, 2019*, Ministry of Law and Justice, legislative department, 9th August, 2019, New Delhi.

Mukherjee, A., Goyal, T. M., Satija, D., Soundararajan, N., Mishra, P. R., Partner, R., & Gupta, A. (2010). *Socio-Economic Impact of Direct Selling: Need for a Policy Stimulus*, Indian Council for Research on International Economic Relations.

Peterson, R. A., & Wotruba, T. R. (1996), *What is direct selling?-Definition, perspectives, and research agenda*, Journal of Personal Selling & Sales Management, 16(4), 1-16.

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021



# ദാരിദ്ര്യരേഖ നിർണ്ണയത്തിൽ കലോറി ഘടകത്തിന്റെ പ്രാധാന്യം

മുഹമ്മദ് സക്കറിയ സിദ്ദിഖി, ആതിര കരുണാകരൻ, വിപാഷ റേ ഹജോങ്

ദാരിദ്ര്യത്തിന്റെ അളവുകോൽ സംബന്ധിച്ച കാര്യങ്ങളായിരുന്നു ഒരു ഘട്ടത്തിൽ ഇന്ത്യയിലെ സാമ്പത്തിക വിദഗ്ധർക്കിടയിലെ ചർച്ചകളുടെ കേന്ദ്രബിന്ദു. എന്നാൽ ഇന്ന് അതിൽ മാറ്റം സംഭവിച്ചിരിക്കുന്നു. ആവശ്യമായ വിവരങ്ങളുടെ അപര്യാപ്തതയാണ് ഇതിന് ഒരു പ്രധാന കാരണം. ഇക്കാര്യത്തിലെ ഒരു മുഖ്യസ്രോതസ്സ് നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷന്റെ (എൻ എസ് എസ് ഒ) ഉപഭോക്തൃ സർവേയാണ്. എന്നാൽ 2017 –18 വർഷത്തിൽ നടത്തിയ സർവെയുടെ വിവരങ്ങൾ ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. ഈ വിഷയം സവിശേഷമായ താല്പര്യം ഉണർത്തുന്നതിന് മറ്റൊരു കാരണം കൂടിയുണ്ട്. ദാരിദ്ര്യത്തിന്റെ അളവ് സംബന്ധിച്ച ഏറ്റവും ഒടുവിൽ രൂപീകൃതമായ സമിതി ഡോ. സി. രംഗരാജന്റെ നേതൃത്വത്തിലുള്ളതാണ്. 2011–12 വർഷത്തിൽ കേരളത്തിന്റെ ഗ്രാമീണ മേഖലയിലെ ദാരിദ്ര്യത്തിന്റെ അളവ് 7.3 ശതമാനമാണ് എന്നാണ് ഈ കമ്മറ്റി കണ്ടെത്തിയിരിക്കുന്നത്. ഇത് വളരെ കുറവാണ് എന്നാണ് കേരളത്തിലെ ദൈനംദിന ജീവിത സാഹചര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്നത്. ഈ വിഷയത്തിൽ ഒരു പുനർവായനയാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്. രംഗരാജൻ കമ്മറ്റി (ആസൂത്രണ കമ്മീഷൻ – 2014) സ്വീകരിച്ച രീതിശാസ്ത്രത്തെ വിമർശനാത്മകമായി സമീപിക്കുകയാണിവിടെ. ദേശീയതലത്തിൽ ദാരിദ്ര്യത്തെ അളക്കുന്നതിന് ഈ കമ്മിറ്റി ഒരു ഫോർമുല നിർദ്ദേശിച്ചിരുന്നു. എന്നാൽ ദേശീയ ദാരിദ്ര്യ രേഖയെ സംസ്ഥാന ദാരിദ്ര്യ രേഖയായി പരിവർത്തനം ചെയ്യുന്നതിന് സംസ്ഥാനതല വില സൂചികയെ ഉപയോഗപ്പെടുത്തുകയാണ് ഈ സമിതി ചെയ്തത്. തെണ്ടുൽക്കർ കമ്മിറ്റിയും ഇതേ രീതി തന്നെയാണ് സ്വീകരിച്ചത്.

ഈ ദേശീയതല ഫോർമുല സംസ്ഥാന തലത്തിൽ പ്രവർത്തികമാക്കിയപ്പോൾ സംസ്ഥാനങ്ങൾ തമ്മിൽ സ്ഥിരതയില്ലാത്തതും വ്യത്യസ്തവുമായ റാങ്കിങ്ങിന് അത് ഇടയാക്കി. കേരളം, തമിഴ്നാട് തുടങ്ങിയ ഉയർന്ന വരുമാനക്കാരായ സംസ്ഥാനങ്ങളുടെയും കുറവ് വരുമാനമുള്ള ബീഹാർ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളുടെയും താരതമ്യത്തിൽ നിന്ന് ഇത് വ്യക്തമാകുന്നുണ്ട്. ദേശീയതലത്തിലെ 'മണിമെട്രിക് പോവർട്ടി ലൈൻ' അധിഷ്ഠിതമാക്കി സംസ്ഥാനതല ദാരിദ്ര്യ രേഖ നിർണ്ണയിക്കുന്ന രീതി വിമർശനത്തിന് വിധേയമാണ്. ഈ വിമർശനം പ്രധാനമായും മൂന്ന് കാര്യങ്ങളിലാണ് ഊന്നുന്നത്. പണാധിഷ്ഠിതമായ ദാരിദ്ര്യരേഖ നിർണ്ണയരീതിയുടെയും അത് ഉപയോഗിക്കുന്നതിലെ യുക്തിരാഹിത്യ പ്രശ്നങ്ങളുടെയും പൊതുവിലുള്ള പ്രശ്നങ്ങളാണ് അവ (റേ, സിൻഹ 2014, അറോറ, സിങ് 2022, മിശ്ര 2014).

എന്നാൽ ഇന്ത്യൻ സാഹചര്യത്തിലെ എല്ലാ രീതിയിലുമുള്ള ദാരിദ്ര്യ മാനദണ്ഡങ്ങൾ

സംബന്ധിച്ച ഏറ്റവും അടിസ്ഥാനപരമായ വിമർശനമാണ് ഈ ലേഖനം ഉന്നയിക്കുന്നത്. വിവിധ സംസ്ഥാനങ്ങൾ തമ്മിൽ കലോറി ആവശ്യകത സംബന്ധിച്ച കാര്യങ്ങൾ വ്യത്യസ്തമാണ് എന്നിടത്ത് നിന്നാണ് ഈ വിമർശനം ആരംഭിക്കുന്നത്. പട്നായിക്ക് (2004), ഡീറ്റൻ, ഡ്രീസ് (2009) എന്നിവർ തുടക്കമിട്ട ചർച്ചകളാണ് ഇതിന് ആധാരം. ദേശീയ തലത്തിൽ കലോറി, ദാരിദ്ര്യ നിർണയത്തിന്റെ കാര്യത്തിലെ ഒരു പ്രധാന അളവുകോലാണെങ്കിലും ഇക്കാര്യത്തിലെ പ്രാദേശിക വ്യതിയാനങ്ങൾ ഔദ്യോഗിക കമ്മറ്റികളോ, വർക്കിങ് ഗ്രൂപ്പുകളോ കാര്യ മായി പരിഗണിച്ചിട്ടില്ല എന്നതാണ് കാതലായ പ്രശ്നം. പോഷകാവശ്യങ്ങളാണ് ദാരിദ്ര്യ രേഖയുടെ ഒരു അടിസ്ഥാന ഘടകമെങ്കിൽ ഇക്കാര്യം കൂടുതൽ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. ഇന്ത്യയെ പോലെ ഏറെക്കുറെ ഒരു ഭൂഖണ്ഡത്തിന്റെയത്ര വലുപ്പമുള്ളതും, വൈവിധ്യങ്ങൾ നിറഞ്ഞു നിൽക്കുന്നതുമായ ഒരു രാജ്യത്ത് പ്രാദേശിക ദാരിദ്ര്യ രേഖ നിർണ്ണയിക്കുന്നതിന് കലോറി പോലുള്ള ചില ഘടകങ്ങൾ മാത്രമായി വിശകലനം ചെയ്യുക വഴി പ്രാദേശിക മേഖല കൾ തമ്മിൽ ഒരു ഐകരൂപ്യം ഉണ്ട് എന്ന അനുമാനത്തിൽ എത്തുന്നുവെന്നാണ് അർഥം. അതായത്, ഒരേ രീതിയിലുള്ള യന്ത്രവത്കരണം, ആരോഗ്യ മേഖലയിൽ ഒരേ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ തുട ങ്ങിയ കാര്യങ്ങളുണ്ടെന്ന് അനുമാനിക്കുക യാണ് ചെയ്യുന്നത്. അതുപോലെ ഉപഭോക്തൃ ചെലവുകളുടെ ഘടനയിലും കാര്യമായ വ്യത്യാസമില്ല എന്നുമുള്ള അനുമാനവും സ്വീകരിക്കുന്നു. ഉദാഹരണത്തിന്, ലക്കടവാല കമ്മറ്റി കലോറി ആവശ്യത്തിൽ പ്രാദേശി കമോ താല്കാലികമോ ആയ വ്യത്യാസമില്ലെ ന്നാണ് അനുമാനിക്കുന്നത്. 1973 -74 ലെ മണി മെട്രിക് പോവർട്ടി ലൈനിനെ വിലകളിലെ പ്രാദേശിക വ്യതിയാനവുമായി യാന്ത്രികമായി ക്രമീകരിക്കുക മാത്രമാണ് ഈ സമിതി ചെയ്തിരിക്കുന്നത്.

ഇത്തരം അനുമാനങ്ങൾ യോജിക്കാൻ കഴിയാത്തവയാണ്, ഉദാരവത്കരണ കാല ഘട്ടത്തിൽ പ്രത്യേകിച്ച്. ഇന്ത്യയുടെ വളർച്ചയും വികസനവും പ്രാദേശികാടി സ്ഥാനത്തിൽ വ്യത്യസ്ത മാതൃകകളാണെന്ന് പല പഠനങ്ങളും വ്യക്തമാക്കുന്നുണ്ട് (അലുവാലിയ 2000 ; ബാഡ്സ്ലി 2006 ; സാങ്ക , ഷബാൻ – 2017). എന്നാൽ രംഗരാജൻ കമ്മിറ്റി കാലാനുസൃതമായി കലോറി ആവശ്യങ്ങൾ വ്യത്യസ്തമായിരിക്കുമെന്ന നിലപാട് സ്വീകരിക്കുന്നുണ്ട്. എന്നിരുന്നാലും ഒരു നിശ്ചിത സമയപരിധിയിൽ കലോറി ആവശ്യങ്ങളിൽ പ്രാദേശികമായ മാറ്റം ഉണ്ടാകുന്നില്ലെന്ന അനുമാനമാണ് ഈ കമ്മറ്റിയും സ്വീകരിച്ചത്.

### രംഗരാജൻ കമ്മറ്റി ഫോർമുലയുടെ അസ്ഥിരത

ഐ സി എം ആറിന്റെ 2010 ലെ കലോറി സംബന്ധിച്ച നിർദേശങ്ങളുടെ അടിസ്ഥാന ത്തിൽ, സംസ്ഥാനങ്ങൾ തമ്മിൽ വിലനിലവാ രത്തിലുള്ള വ്യത്യാസത്തെ ഇതിൽ ഉൾക്കൊള്ളിക്കുന്നതിനാണ് രംഗരാജൻ കമ്മറ്റി ശ്രമിച്ചത്. 'മോഡിഫൈഡ് മിക്സഡ് റീകാൾ പീരീഡ് (എം എം ആർ പി) എന്ന രീതി ഉപയോഗിച്ച് ശേഖരിച്ച ഉപഭോക്തൃ ചെലവുകൾ സംബന്ധിച്ച വിവരങ്ങളാണ് ഇതിനായി അവർ പ്രയോജനപ്പെടുത്തിയത്. ഒപ്പം സംസ്ഥാനതലത്തിലെ ദാരിദ്ര്യ രേഖ കണ്ടെത്തുന്നതിന് തെണ്ടുൽക്കർ കമ്മറ്റി പിന്തുടർന്ന രീതിശാസ്ത്രത്തിൽ നിന്ന് കാര്യമായ വ്യതിചലനം വരുത്തിയതുമില്ല. ഈ ഡേറ്റ അനുസരിച്ച് പല ഉത്പന്ന ങ്ങളുടെയും ഉത്പന്ന ബാസ്കറ്റുകളുടെയും വിലനിർണ്ണയം നടത്തിയത് ഉപഭോഗത്തിന്റെ വ്യാപ്തത്തെയും മൂല്യത്തെയും ആധാരമാ ക്കിയായിരുന്നു. ഫിഷർ സൂചിക ആധാരമാ ക്കിയാണ് അന്തർ സംസ്ഥാന വില വ്യത്യാസം കണക്കാക്കിയത്. അങ്ങനെ ദേശീയ ദാരിദ്ര്യ രേഖയെ സംസ്ഥാനതല ദാരിദ്ര്യ രേഖയിൽ നിന്ന് വേർതിരിക്കുകയാണ് ചെയ്തതെന്ന്

കാണാം.

ഗ്രാമീണ മേഖലയിൽ ഒരു വ്യക്തിക്ക് പ്രതിദിനം 2155 കിലോ കലോറിയും നഗര പ്രദേശങ്ങളിൽ 2090 കിലോ കലോറിയുമാണ് ആവശ്യമെന്നാണ് രംഗരാജൻ സമിതി കണക്കാക്കിയിരിക്കുന്നത്. ഇതിൽ കൊഴുപ്പ്, പ്രോട്ടീൻ എന്നിവയുടെ കാര്യത്തിൽ ചില അനുബന്ധ നിബന്ധനകളും ഉൾപ്പെടുത്തിയിരുന്നു (ആസൂത്രണ കമ്മീഷൻ, 2014–57, 58 പേജുകൾ). വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ദാരിദ്ര്യ രേഖ മൂന്ന് ഘടകങ്ങളുടെ ആകത്തുകയാണ്. കലോറി നിബന്ധനകൾ പാലിക്കുന്ന പ്രതിശീർഷ ഭക്ഷ്യ ചെലവുകളുടെ മധ്യമത്തെ അടിസ്ഥാനമാക്കിയാണ് ഇതിൽ ഒന്നാമത്തെ ഘടകം കണക്കാക്കുന്നത്.[1] വസ്ത്രങ്ങൾ, വാടക, വിദ്യാഭ്യാസം തുടങ്ങിയ ഭക്ഷ്യേതര കാര്യങ്ങളിലെ ചെലവുകളുടെ മധ്യമമാണ് രണ്ടാമത്തെ ഘടകം (45–50 ശതമാനം). മൂന്നാമത്തെ ഘടകം ഇതര ഭക്ഷ്യേതര ഉത്പന്നങ്ങളുടെ ചെലവിന്റെ മധ്യമവുമാണ്. പണത്തിന്റെ മെട്രിക് അടിസ്ഥാനമാക്കിയുള്ള ദാരിദ്ര്യ രേഖ കണ്ടെത്തുന്നതിന് ഈ മൂന്ന് ഘടകങ്ങളും സംയോജിപ്പിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ ഒരു പുതിയ ദാരിദ്ര്യ രേഖ ഉടലെടുത്തു. ഇതനുസരിച്ച് 2011–12 സാമ്പത്തിക വർഷത്തിൽ ഗ്രാമീണ മേഖലയിലെ എം പി സി ഇ 972 രൂപയും നഗര പ്രദേശങ്ങളിൽ 1407 രൂപയുമാണ്. അതുകൊണ്ട് കുടുംബാംഗങ്ങളുടെ എണ്ണം കണക്കാക്കി അവരുടെ എം പി സി ഇ ദാരിദ്ര്യ രേഖക്ക് താഴെയാണെങ്കിൽ അവരെ ദരിദ്രരായി കണക്കാക്കുക എന്നതാണ് ഇതിലെ രീതി. ഇക്കാര്യത്തിൽ അവരുടെ കലോറി ഉപയോഗം, ഭക്ഷ്യേതര ഉത്പന്നങ്ങളുടെ ഉപഭോഗം എന്നിവ കണക്കിലെടുക്കുന്നില്ല.

ദാരിദ്ര്യത്തിന്റെ തോത് അളക്കുന്നതിന് കലോറി ഘടകത്തെ ആധാരമാക്കാൻ രംഗരാജൻ കമ്മറ്റി കാര്യമായ ശ്രമം നടത്തിയെങ്കിലും ഇതിനും ചില കുറവുകൾ പ്രകടമായിരുന്നു. കലോറി അടിസ്ഥാനമാക്കി, ദേശീയ ഫോർമുല ഉപയോഗിച്ച് സംസ്ഥാന തല ദാരിദ്ര്യ രേഖ തയാറാക്കുമ്പോൾ ഈ രീതിശാസ്ത്രത്തിന്റെ അസ്ഥിരത വ്യക്തമായി പ്രകടമാകുന്നുണ്ട്. ഇത് പട്ടിക ഒന്നിലെ 4, 5 കോളങ്ങളിൽ ചേർത്തിരിക്കുന്നു. രംഗരാജൻ സമിതിയുടെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ ദാരിദ്ര്യ രേഖയുടെ തോത് 1054 രൂപയാണ്. ദാരിദ്ര്യത്തിന്റെ ആഘാതം 7.3 ശതമാനമാണ്. എന്നാൽ കലോറി അടിസ്ഥാനമാക്കുന്ന രംഗരാജൻ കമ്മറ്റിയുടെ ദേശീയ ഫോർമുലയുടെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ ഇത് 2087 രൂപയാണ്. ഇവിടെ ദാരിദ്ര്യത്തിന്റെ ആഘാതം 53 ശതമാനവുമാണ്. എന്നാൽ ഇതേ രീതിയിൽ ബീഹാറിന്റെ ദാരിദ്ര്യ രേഖ കണക്കാക്കുമ്പോൾ 949 രൂപയാണ് ദാരിദ്ര്യ രേഖ (ദാരിദ്ര്യ ആഘാതം 37 ശതമാനം). ഇത്തരത്തിലുള്ള വൈരുധ്യം തമിഴ്നാട്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിലും കാണാം. ഉത്തർപ്രദേശിന്റെ ദാരിദ്ര്യ ആഘാതം തമിഴ്നാടിനേക്കാൾ കുറവാണ് എന്നാണ് കാണുന്നത്.

അതായത്, മുൻകൂട്ടി നിശ്ചയിച്ച പ്രകാരം കലോറി അടിസ്ഥാനമാക്കി പ്രാദേശികമായ വ്യതിയാനങ്ങൾ കണക്കാക്കാതെ എടുക്കുന്ന വിവരങ്ങളിൽ ഇത്തരം തെറ്റായ കണക്കുകൾ കാണാം.

### കലോറി ചർച്ചകളിൽ നിന്നുള്ള പാഠം

ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിന് ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന കലോറി ഉപയോഗ ക്രമത്തെ കുറിച്ച് കാര്യമായി മനസിലാക്കേണ്ടതുണ്ട്. യന്ത്രവത്കരണം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യ അടിസ്ഥാന സൗകര്യ മേഖലകളിലെ സ്ഥിതി തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള വൈജാത്യമാണ് ഇതിന് അടിസ്ഥാനം. കലോറി ഉപയോഗത്തിലെ സംസ്ഥാനങ്ങൾ തമ്മിലുള്ള ഈ

വ്യതിയാനം ഉൾപ്പെടുത്താൻ കഴിയുന്ന ഒരു രീതിശാസ്ത്രം രൂപീകരിക്കാൻ കഴിഞ്ഞാൽ ദാരിദ്ര്യം കണക്കാക്കുന്നതിനെ കൂടുതൽ യാഥാർഥ്യ ബോധത്തോടെ സമീപിക്കാൻ കഴിയും.

നിലവിൽ ലഭ്യമായ ചില വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ പോഷകാഹാര കാര്യത്തിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന സംസ്ഥാനങ്ങൾ പലതും കുറഞ്ഞ കലോറി ഉപഭോഗമുള്ളവയാണ്. അതുകൊണ്ട് ഈ സംസ്ഥാനങ്ങളിലെ ജനസംഖ്യയുടെ വലിയൊരു വിഭാഗം പോഷകാഹാരക്കുറവുമൂലം വലയുന്നവരുടെ കണക്കിൽ ഉൾപ്പെടുന്നു. അതിനാൽ ദാരിദ്ര്യം കണക്കാക്കുന്നതിന് 1973-74 വർഷത്തെ സമവാക്യത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോഴും സംസ്ഥാനതലത്തിൽ പ്രയോഗക്ഷമമാകുന്ന രംഗരാജൻ സമിതിയുടെ ദേശീയ ഫോർമുലയുടെ അടിസ്ഥാനത്തിലും ഈ സംസ്ഥാനങ്ങൾ ദരിദ്ര സംസ്ഥാനങ്ങളാണ് എന്ന വിലയിരുത്തലിലേക്ക് വരുന്നു.

ദേശീയതലത്തിൽ ഏകീകൃതമായ കലോറി മാനദണ്ഡങ്ങൾ കൊണ്ടുവരുമ്പോൾ അത് സംസ്ഥാനങ്ങളുടെ ദാരിദ്ര്യ സ്ഥിതിയെ ഒന്നുകിൽ കുറച്ച് കണക്കാക്കുന്നതിനോ, അതല്ലെങ്കിൽ ഉയർത്തി കണക്കാക്കുന്നതിനോ സാധ്യത ഒരുക്കുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ സാമ്പത്തിക വളർച്ച, മാനുഷിക വികസനം, പൊതുജനാരോഗ്യം, രോഗങ്ങളുടെ സ്ഥിതി തുടങ്ങിയ ഒട്ടേറെ കാര്യങ്ങളിൽ വൈജാത്യം പുലർത്തുന്നു എന്നതാണ് ഇതിന് കാരണം. കലോറി ആവശ്യകതയും രോഗമില്ലാത്ത അവസ്ഥയും തമ്മിൽ ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു. രോഗഗ്രസ്തമായ അന്തരീക്ഷം ആരോഗ്യാവസ്ഥ മോശമാക്കുകയും പോഷകങ്ങൾ കുറഞ്ഞ അളവിൽ മാത്രം ശരീരം ആഗിരണം ചെയ്യുന്ന അവസ്ഥയിലേക്ക് നയിക്കുകയും ചെയ്യുന്നു. അതിനാൽ പിന്നീട് പോഷകാഹാരങ്ങൾ കൂടുതൽ ആവശ്യമായി വരികയും ചെയ്യുന്നു. ഉദാഹരണത്തിന്, കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ കലോറി ആവശ്യങ്ങൾ കുറഞ്ഞ തോതിലാണെങ്കിലും പൊതുവിൽ പോഷണം, ആരോഗ്യം എന്നിവയുടെ കാര്യത്തിൽ മികച്ച നിലവാരം പുലർത്തുന്നു. എന്നാൽ ബീഹാർ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ കലോറി ആവശ്യം ഉയർന്നതാണ്. ഇതിന് കാരണം കേരളവും തമിഴ്നാടും മെച്ചപ്പെട്ട പൊതുജനാരോഗ്യ സംവിധാനവും രോഗാതുരമല്ലാത്ത സാഹചര്യവും മികച്ച യന്ത്രവത്കരണവും ഉള്ളവയാണ് എന്നതാണ്. കലോറി ആവശ്യങ്ങളുടെ 10 ശതമാനം വ്യതിയാനത്തിന് കാരണം ആ സംസ്ഥാനത്തെ പൊതുവായ രോഗാവസ്ഥയാണെന്ന് സിദ്ദിഖിയുടെ പഠനം (2019) വ്യക്തമാക്കുന്നു. അതുപോലെ ഏലി, ലി എന്നിവരുടെ പഠനം (2021) വെളിവാക്കുന്നത് യന്ത്രവത്കരണത്തിന്റെ ആധിക്യം കലോറി ഉപഭോഗം കുറിക്കുന്നു എന്നാണ്. യന്ത്രവത്കരണത്തിന്റെ തോത് ഇക്കാര്യത്തിൽ താത്കാലികമായ മാറ്റം വരുത്തുന്നു എന്നതിന് പുറമെ പ്രാദേശിക തലത്തിലും വ്യതിയാനം വരുത്തുന്നുണ്ട്. സിദ്ദിഖിയുടെ പഠനം (2019) ഉപയോഗിച്ച് സംസ്ഥാനതല കലോറി മാനദണ്ഡത്തിന് ഞങ്ങൾ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ദാരിദ്ര്യരേഖയുടെയും അനുബന്ധ ആഘാതത്തിന്റെയും പുനർനിർണയം നടത്തിയിരിക്കുന്നു. ഇത് ഒന്നാം പട്ടികയിൽ 3, 6 കോളങ്ങളിൽ കാണാം.

1973-74 ലെ ലക്കടവാല സമവാക്യത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ കലോറി മാനദണ്ഡം 2155 കെ സി എ എൽ ആണ്. ദാരിദ്ര്യ രേഖ 2223 രൂപയും ദാരിദ്ര്യത്തിന്റെ ആഘാതം 57 ശതമാനവുമാണ്. ബിഹാറാണ് ഏറ്റവും കുറവ് ദാരിദ്ര്യ ആഘാതം രേഖപെടുത്തിയിരിക്കുന്നത്. തമിഴ്നാടിനെയും ഉത്തർപ്രദേശിനെയും താരതമ്യം ചെയ്യുമ്പോഴും

സമാനമായ സ്ഥിതി കാണാം. എന്നാൽ യഥാർത്ഥ അവസ്ഥയുടെ അടിസ്ഥാനത്തിൽ ഇത് അസ്ഥിരമാണെന്നും കാണാം. ഈ പ്രവണതയുടെ അടിസ്ഥാന കാരണം ബിഹാറിന്റെയും ഉത്തർപ്രദേശിന്റെയും ശരാശരി കലോറി ഉപഭോഗം കേരളം, തമിഴ്നാട് എന്നിവയുടേതിൽ നിന്ന് വളരെ ഉയർന്നതാണ് എന്നതാണ്. ബിഹാറിലെയും ഉത്തർപ്രദേശിലെയും പകർച്ചവ്യാധികളുടെ കാര്യത്തിലെ മോശം സ്ഥിതി ഇതിന് കാരണമാകുന്നുണ്ട്. ഈ കലോറി വ്യതിയാനത്തെ ക്രമീകരിക്കാൻ കഴിഞ്ഞാൽ കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ദേശീയ ശരാശരി (2155 കലോറി) ആവശ്യത്തേക്കാൾ യഥാക്രമം 461, 274 കലോറി വീതം കുറവ് മതി എന്നതാണ് വ്യക്തമാകുന്നത്. എന്നാൽ ബീഹാർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്ക് യഥാക്രമം 190, 175 വീതം അധിക കലോറി ആവശ്യമാണ് എന്നും കാണാം. (പട്ടിക - 1)

കലോറി ആവശ്യം സംസ്ഥാനതലത്തിൽ ക്രമീകരിക്കുമ്പോൾ 1973–74 ലെ സമവാക്യങ്ങൾ അനുസരിച്ച് ഗ്രാമീണ കേരളത്തിന്റെ ദാരിദ്ര്യ രേഖ 2223 രൂപയിൽ നിന്ന് 1278 രൂപയിലേക്ക് താഴുന്നു. തൽഫലമായി ദാരിദ്ര്യ ആഘാതം 40 ൽ നിന്നും 17 ശതമാനമായും കുറഞ്ഞു. ഇതിന് വിരുദ്ധമായി ബീഹാറിന്റെ ദാരിദ്ര്യ രേഖ 948 രൂപയിൽ നിന്ന് 1142 രൂപയിലേക്ക് ഉയരുകയും ആഘാതം 26 ശതമാനം ഉയർന്ന് 63 ശതമാനമാവുകയും ചെയ്തു (പട്ടിക 1 : 2 ,3 കോളങ്ങൾ). കലോറി ആവശ്യകതയുടെ ക്രമീകരണം വഴിയായി തമിഴ്നാട്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ കാര്യത്തിലും ഇത്തരത്തിൽ മാറ്റങ്ങൾ പ്രകടമായി. ഈ കണക്കുകൾ ആ സംസ്ഥാനങ്ങളുടെ യഥാർത്ഥ സ്ഥിതിയുമായി പൊരുത്തപ്പെട്ട് പോകുന്നതാണ്. രംഗരാജൻ സമിതിയുടെ ദേശീയ സമവാക്യത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം താരതമ്യ കണക്കുകൾ പട്ടിക ഒന്നിലെ 5, 6 കോളങ്ങളിൽ കാണാം. ഉദാഹരണത്തിന്, ഗ്രാമീണ കേരളത്തിന്റെ ദാരിദ്ര്യ ആഘാതം 53 ശതമാനത്തിൽ നിന്ന് 17 ശതമാനമായി കുറഞ്ഞപ്പോൾ ബീഹാറിന്റേത് 37 ൽ നിന്ന് 63 ശതമാനമായി ഉയർന്നു.

ഈ നിരീക്ഷണങ്ങളിൽ നിന്ന് പൊതുവിൽ വ്യക്തമാകുന്ന കാര്യം പ്രാദേശിക തലത്തിൽ കലോറി ആവശ്യങ്ങൾ നിർണ്ണയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ യുക്തിഭദ്രമായ ഒരു ദാരിദ്ര്യ രേഖ നിർണ്ണയിക്കുകയും ചെയ്യുന്നത് ഒരു വെല്ലുവിളിയാണ് എന്നതാണ്. ഇത് യാഥാർഥ്യവുമായി പൊരുത്തപ്പെടുന്നതല്ല എന്ന മുൻവിധിയും പലപ്പോഴും പ്രകടമാണ്. പ്രാദേശിക തലത്തിലെ വില വ്യതിയാനങ്ങൾ ക്രമപ്പെടുത്തി പ്രത്യേക ജനവിഭാഗങ്ങൾക്കായുള്ള ദാരിദ്ര്യ രേഖയിലേക്ക് എത്തുകയും ചെയ്യുക എന്നതും പലപ്പോഴും പ്രയാസമേറിയ കാര്യമാണ്.

**ഉപസംഹാരം**

ഇന്ത്യൻ സംസ്ഥാനങ്ങളുടെ പ്രകടമായ വൈജാത്യം അവയുടെ പല തലങ്ങളിലുള്ള വികസനത്തിന് വഴിയൊരുക്കുകയും കേരളവും തമിഴ്നാടും പൊതുജനാരോഗ്യ രംഗത്തും മാനവശേഷി വികസന സൂചികകളിൽ മുന്നോക്കം പോവുകയും ചെയ്തു. ജനങ്ങളുടെ തൊഴിൽ രീതികളിൽ മാറ്റം പ്രകടമാവുകയും ചെയ്തു. ഇത് പക്ഷെ പ്രദേശങ്ങൾക്കനുസരിച്ച് മാറ്റത്തിന് വിധേയമാവുകയും ചെയ്തു. പൊതുജനാരോഗ്യ രംഗത്തെ മുന്നേറ്റവും രോഗാതുരമായ അവസ്ഥകളിലെ മാറ്റവും ജനങ്ങളുടെ കലോറി ആവശ്യങ്ങളിലും മാറ്റം വരുത്തി. ബീഹാർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്ന് വ്യതിരിക്തമായി കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ കലോറി ആവശ്യത്തിൽ കുറവ് വന്നു. ചെലവുകൾ താങ്ങാനാകാത്തതല്ല ഇതിന് കാരണം മറിച്ച് രോഗാതുര സാഹചര്യം ഇല്ലാതായതാണ്. എന്നാൽ സംസ്ഥാനങ്ങളുടെ ദാരിദ്ര്യ രേഖ

**Table 1.** Poverty line and corresponding incidence rates based different formulas for 2011-12

| STATE | Poverty line as per Lakdawala formula | | Poverty line as per Rangarajan formula | | |
|---|---|---|---|---|---|
| | National Calorie Norm | State Adjusted calorie norm | Reported as per State Formula | National Formula with National Calorie | National Formula with State Adjusted |
| 1 | 2 | 3 | 4 | 5 | 6 |
| Kerala | 2223.29 (57%) | 1278.78 (17%) | 1054.03 (7.3%) | 2086.97 (53%) | 1269.94 (17%) |
| Tamil Nadu | 1567.37 (57%) | 1281.78 (37%) | 1081.94 (24.3%) | 1477.89 (53%) | 1269.94 (37%) |
| Bihar | 949.01 (37%) | 1142.50 (63%) | 971.28 (40.1%) | 949.01 (37%) | 1142.50 (63%) |
| Uttar Pradesh | 929.82 (43%) | 1195.87 (67%) | 889.82 (38.1%) | 929.82 (43%) | 1138.59 (63%) |

Source: Computed from NSS CES, 2011-12; Planning Commission, 2014
Note: incidence of poverty is given within parenthesis (in %)

കണക്കാക്കിയപ്പോൾ ഈ വ്യത്യാസങ്ങൾ കണക്കിലെടുത്തിട്ടില്ല എന്നതാണ് പ്രശ്നം.

ദേശീയതലത്തിൽ ഐ സി എം ആർ ശുപാർശ ചെയ്ത ഭക്ഷ്യ അലവൻസിന്റെ അടിസ്ഥാനത്തിൽ രംഗരാജൻ സമിതി മിനിമം പോഷക ആവശ്യങ്ങൾ തയാറാക്കുകയുണ്ടായി. സംസ്ഥാനതലത്തിൽ വില വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യരേഖ തയ്യാറാക്കുന്നതിനായി ഇത് ക്രമീകരിക്കുകയുണ്ടായെങ്കിലും സംസ്ഥാനങ്ങൾ തമ്മിലെ കലോറി ആവശ്യകതയിലെ വ്യത്യാസം കണക്കാക്കുന്നതിൽ അത് പരാജയമായി മാറി.

ഭക്ഷ്യേതര അവശ്യ വസ്തുക്കളുടെ ചെലവുകൾ കൂടി കണക്കാക്കി ഇക്കാര്യത്തിൽ ഒരു പുനർവിചിന്തനം ആവശ്യമാണ്. ബീഹാർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളെടുത്താൽ മധ്യവർഗ വിഭാഗം പോലും ദാരിദ്ര്യരേഖക്ക് താഴെയാണെന്ന് കാണാം. അതിനാൽ ദാരിദ്ര്യ വിഭാഗത്തിൽ ഉൾപ്പെടുന്ന ഗ്രൂപ്പിന്റെ ഭക്ഷ്യേതര ഉത്പന്നങ്ങളുടെ ആവശ്യകത കണക്കിലെടുക്കുമ്പോൾ അത്, ദാരിദ്ര്യത്തിൽ നിന്ന് ഒഴിവാക്കുന്നതിനായി ഭക്ഷ്യേതര ഉത്പന്നങ്ങളുടെ അലവൻസുകളെ കുറച്ചു കാണിക്കുന്നതിലേക്ക് നയിക്കും.

■

(മുഹമ്മദ് സക്കറിയ സിദ്ദിഖി, ഗിഫ്റ്റിലെ അസോസിയറ്റ് പ്രൊഫസറും ആതിര കരുണാകരൻ, വിപാഷ റേ ഹജോങ് എന്നിവർ ഗിഫ്റ്റിലെ ഗവേഷക വിദ്യാർത്ഥികളുമാണ്)

[1] Fractile refers to 20 divisions of equal proportion in the data based on MPCE ranking, therefore each class will have 5% of the total observation in the data. Fractile one is seen as the lowest economic class while fractile 20 is seen as the richest economic class.

## References

Ahluwalia, M. S. (2000). *Economic Performance of States in Post-reforms Period*. Economic and Political Weekly, 35(19), 1637-1648.

Arora, A., & Singh, S. P. (2022). *Questioning the Poverty Line Aggregation Approach in India: Issues of Mismatches and Overlaps*. Poverty & Public Policy, (Forthcoming).

Baddeley, M., McNay, K., & Cassen, R. (2006). *Divergence in India: Income Differentials at the State Level, 1970-97*. The Journal of Development Studies, 42(6), 1000-1022.

Deaton, A., & Drèze, J. (2009). *Food and Nutrition in India: Facts and Interpretations.* Economic and Political Weekly, 44(7), 42-65.

Duh, J., & Spears, D. (2017). *Health and Hunger: Disease, Energy Needs, and the Indian Calorie Consumption Puzzle.* The Economic Journal, 127(606), 2378-2409.

Eli, S., & Li, N. (2021). *Caloric Intake and Energy Expenditures in India*. The World Bank Economic Review, 35(4), 1057-1075.

Katayama, Roy & Wadhwa, Divyanshi. (2019). *Half of the world's poor live in just 5 countries.* World Bank Blogs, URL: https://blogs.worldbank.org/opendata/half-world-s-poor-live-just-5-countries

Mishra, S. (2014). *Reading between the Poverty Lines*. Economic and Political Weekly, 49(39), 123-127

Planning Commission. (2014). *Report of the Expert Group to Review the Methodology for Measurement of Poverty*.

Ray, R., & Sinha, K. (2014). *Rangarajan Committee Report on Poverty Measurement Another Lost Opportunity.* Economic & Political Weekly, 49(32), 43-48.

Sanga, P., & Shaban, A. (2017). *Regional Divergence and Inequalities in India*. Economic and Political Weekly, 52(1), 102-110.

Siddiqui, M. Z., Donato, R., & Jumrani, J. (2019). *Looking Past the Indian Calorie Debate: What is Happening to Nutrition Transition in India*. The Journal of Development Studies, 55(11), 2440-2459.

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

# കോവിഡ് ഘട്ടത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വായ്പാ - നിക്ഷേപ അനുപാതത്തിലെ പ്രവണതകൾ

ലക്ഷ്മി പ്രസാദ്, കിരൺ കുമാർ കക്കർലപുടി

ആരോഗ്യ രംഗത്തെ പ്രതിസന്ധി എപ്രകാരം ഒരു സാമ്പത്തിക പ്രതിസന്ധിയായി പരിണമിക്കും എന്നതിന് 2019 ൽ കോവിഡ് വൈറസ് പടർന്ന സാഹചര്യത്തിൽ, ലോകം സാക്ഷിയായി. ഈ ആരോഗ്യ അടിയന്തിരാവസ്ഥ സമ്പദ്ഘടനക്കുമേൽ ഉണ്ടാക്കിയ പ്രത്യാഘാതത്തെ രണ്ട് വിധത്തിൽ കാണാം. ആരോഗ്യ സംവിധാനങ്ങൾക്ക് മേൽ ഇതേൽപ്പിക്കുന്ന സമ്മർദ്ദമാണ് ഇതിൽ ഒന്നാമത്തെ കാര്യം. പകർച്ചവ്യാധി പടരുന്നതിനെ തടയുന്നതിന് സ്വീകരിച്ച നടപടികളാണ് രണ്ടാമത്തേത്. ഇന്ത്യയുടെ കാര്യത്തിലും സ്ഥിതി ഭിന്നമായിരുന്നില്ല. നമ്മുടെ പൊതുജനാരോഗ്യ രംഗത്ത് കോവിഡ്-19 ശക്തമായ സമ്മർദ്ദമാണ് ഏൽപ്പിച്ചത്. മരണ സംഖ്യ വലിയ തോതിൽ ഉയരുകയും ചെയ്തു. വൈറസ് ബാധയുടെ വ്യത്യസ്ത തരംഗങ്ങൾ സംഭവിച്ചപ്പോൾ തുടർച്ചയായുണ്ടായ ലോക്ക് ഡൗണുകൾ സമ്പദ്ഘടനക്ക് വലിയ ആഘാതമായി മാറി. സാധാരണ രീതിയിലുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ സ്തംഭനാവസ്ഥയിലായി. ഉല്പാദന യൂണിറ്റുകൾ, കോർപറേറ്റ് ഓഫിസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാ കേന്ദ്രങ്ങൾ തുടങ്ങിയവ പൂർണ്ണമായും അടഞ്ഞു കിടന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അവശ്യ സേവന മേഖലകൾ മാത്രമാണ് ഈ ഘട്ടത്തിൽ പ്രവർത്തിച്ചത്. ഇത് തൊഴിൽ നഷ്ടപ്പെടൽ അടക്കമുള്ള ശക്തമായ ആഘാതം സാമ്പത്തിക മേഖലയിൽ ഉളവാക്കി. ആയിരക്കണക്കിന് ആളുകൾക്ക് വരുമാനം നഷ്ടമായി. സംസ്ഥാനനന്തര യാത്രകൾക്ക് വിലക്കുകൾ വന്നതോടെ അതിഥി തൊഴിലാളികളുടെ കാര്യത്തിൽ അനിശ്ചിതാവസ്ഥ സംജാതമായി. സംസ്ഥാനങ്ങൾ തമ്മിലുള്ള ചരക്ക് നീക്കം നിയന്ത്രിതമായ അളവിൽ മാത്രമായിരുന്നു. സപ്ളൈ സൈഡിലും ഡിമാൻഡ് സൈഡിലും ഇത് കനത്ത ആഘാതമാണ് ഏല്പിച്ചത്.

ഇന്ത്യയിലെ വ്യാവസായിക, ബിസിനസ് മേഖലകൾക്ക് ലോക്ക്ഡൗൺ കനത്ത ആഘാതമാണ് ഏല്പിച്ചത്. ഈ ഘട്ടത്തിൽ ഇന്ത്യയിലെ 71.31 ശതമാനം ബിസിനസുകൾക്കും പണത്തിന്റെ ഒഴുക്കിൽവന്ന ഇടിവാണ് ഗുരുതരമായ പ്രതിസന്ധിയായി മാറിയത്. നിർമ്മാണ മേഖലകളെയാണ് ഇത് ഏറ്റവും പ്രതികൂലമായി ബാധിച്ചത് (ഇക്കണോമിക് ടൈംസ്-20-09-2020). ബിസിനസ്, വ്യവസായ മേഖലകളിലെ ഈ മാന്ദ്യം വൻതോതിലുള്ള തൊഴിൽ നഷ്ടത്തിനും വരുമാനത്തിലെ ഇടിവിനും വഴിയൊരുക്കി. ഇത് ദശലക്ഷക്കണക്കിനാളുകളുടെ ഉപഭോഗ ചെലവുകളെ പ്രതികൂലമായി ബാധിച്ചു. ലക്ഷക്കണക്കിനാളുകൾക്ക് വീട്ടിൽ തന്നെ കഴിയേണ്ടി വന്നതും കുടുംബങ്ങൾ അത്ര അത്യാവശ്യമല്ലാത്ത സാധനങ്ങൾ വാങ്ങുന്നത് മാറ്റി വച്ചതും ഉപഭോഗ ഡിമാന്റിൽ വൻ തകർച്ചക്ക് വഴിയൊരുക്കി (ദേവ്, സെൻഗുപ്ത -2020). കുടുംബങ്ങ

***കർണ്ണാടക ഒഴികെയുള്ള എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും 2020-21 സാമ്പത്തിക വർഷത്തിൽ ബാങ്ക് നിക്ഷേപം പോസിറ്റീവ് വളർച്ച പ്രകടമാക്കിയപ്പോൾ 2021 -22 ൽ നെഗറ്റീവ് വളർച്ചയാണ് കണ്ടത്. 2020 -21 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ഏറ്റവും കുറവ് നിക്ഷേപ വളർച്ച പ്രകടമാക്കിയ സംസ്ഥാനം കേരളമാണ്.***

ളുടെയും സ്ഥാപനങ്ങളുടെയും വായ്പാ ലഭ്യത ഉയർത്തുക വഴി ധനകാര്യ മേഖലക്ക് ഇക്കാര്യത്തിൽ ഒരു വലിയ പങ്ക് നിർവഹിക്കാൻ കഴിയും. സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഉത്പാദനം ത്വരിതപ്പെടുത്തുന്നതിനും കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഉപഭോഗവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും ഇത് സഹായകമാകും. അതായത് സപ്ലൈ - ഡിമാൻഡ് സൈഡുകളെ ഒരു പോലെ ഉത്തേജിപ്പിക്കുന്നതിന് ആവശ്യമായ അളവിൽ വായ്പ ലഭ്യമാകുന്നത് സഹായകമാകും.

കോവിഡ് ആശ്വാസ നടപടികളുമായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഈ ഘട്ടത്തിൽ ശരിയായ വിധത്തിൽ ഇടപെടുകയുണ്ടായി. കോവിഡിന്റെ ആദ്യ തരംഗത്തിന്റെ ഘട്ടത്തിൽ വ്യക്തികളുടെയും ചെറുകിട സ്ഥാപനങ്ങളുടെയും വായ്പകൾക്ക് ഏർപ്പെടുത്തിയ മൊറട്ടോറിയവും രണ്ടാം തരംഗത്തിൽ ഇത് നീട്ടിയ നടപടിയും ഇതിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ, ചെറുകിട ബിസിനസ് സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന സഹായവും അനുവദിച്ചു. സമ്പദ്ഘടനയിൽ പണത്തിന്റെ ഒഴുക്ക് ഉറപ്പ് വരുത്തുക എന്നതായിരുന്നു ഇത്തരം നടപടികളുടെ ലക്ഷ്യം.

ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധി സമ്പദ്ഘടനക്കുമേൽ ഏൽപ്പിക്കുന്ന ആഘാതം വിലയിരുത്തുന്നതിനുള്ള പ്രധാന അളവുകോലാണ് മൊത്തം ആഭ്യന്തര ഉത്പാദനം (ജി ഡി പി). എന്നാൽ, ജി എസ് ഡി പിയെ ഇതിനായി പരിഗണിക്കുന്നതിൽ

**Table 1.** Quarterly bank deposit (Credit) growth rate (%) from the previous year, 2019-20 to 2021-22

| STATES | 2020-21 | | | | 2021-22 | |
|---|---|---|---|---|---|---|
| | Q1 | Q2 | Q3 | Q4 | Q1 | Q2 |
| Andhra Pradesh | 9.34<br>(-4.59) | 8.77<br>(-1.64) | 5.10<br>-2.91 | 2.75<br>-5.36 | -7.92<br>-3.07 | -10.88<br>-0.62 |
| Karnataka | -1.46<br>(-3.31) | 1.63<br>(-1.06) | -1.95<br>-0.43 | -2.03<br>(-0.37) | 0.17<br>-2.52 | -1.90<br>-1.5 |
| Kerala | 2.93<br>(-8.58) | 2.69<br>(-7.58) | 3.97<br>(-6.24) | 1.01<br>(-1.46) | -3.16<br>-0.64 | -4.05<br>-0.54 |
| Tamil Nadu | 3.62<br>(-4.18) | 2.42<br>(-4.20) | 0.75<br>(-3.12) | 0.63<br>(-2.92) | -6.77<br>(-1.68) | -3.82<br>(-1.81) |
| Telangana | 6.38<br>(-1.81) | 3.98<br>-0.78 | 6.79<br>-3.64 | 15.54<br>-3.96 | -2.07<br>-2.18 | -1.93<br>-4.46 |
| **All India** | **1.35<br>(-5.34)** | **0.98<br>(-3.1)** | **1.06<br>(-1.14** | **2.8<br>(-0.82)** | **-1.49<br>(-0.4)** | **-0.95<br>-1.2** |

*Source*: Own calculation based on Basic Statistical Returns of Scheduled Commercial Banks in India
*Note*: The figures in the brackets are Quarterly Bank Credit Growth Rate (%) from the previous year 2019-20 to 2020-21

ചില പ്രശ്നങ്ങളുണ്ട്. ചില കീഴ്വഴങ്ങൾക്ക് വിധേയമായി തയാറാക്കുന്നതാണ് ഇത് എന്നതാണ് ഒരു പ്രധാന പ്രശ്നം. ചെറിയ ഇടവേളകളിൽ ഇത് ലഭ്യമാകുന്നില്ല എന്ന പ്രശ്നവുമുണ്ട്. ഇന്ത്യയിൽ മൂന്ന് മാസത്തിലൊരിക്കലാണ് ജി ഡി പി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നത്. മാത്രവുമല്ല, ദേശീയ തലത്തിലുള്ള കണക്കുകൾ മാത്രമാണ് ഇങ്ങനെ ലഭ്യമാകുന്നത്. അതുകൊണ്ട് വായ്പാ-നിക്ഷേപ അനുപാതം (സി ഡി റേഷ്യോ) പോലുള്ള മാസംതോറും ലഭ്യമായ ചില സൂചകങ്ങളെ ഇക്കാര്യത്തിൽ നമുക്ക് കൂടുതലായി ആശ്രയിക്കാൻ കഴിയും. ഇത് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ലഭ്യവുമാണ്. വായ്പാ-നിക്ഷേപ അനുപാതം സാമ്പത്തിക പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഒരു പ്രധാന സൂചകമാണ്.

ഈ കുറിപ്പ് 2018-19 സാമ്പത്തിക വർഷത്തെ എല്ലാ പാദങ്ങളിലെയും 2021 -22 ലെ രണ്ടാം പാദം വരെയുമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സി ഡി അനുപാതത്തെക്കുറിച്ചാണ്. കേരളം, തമിഴ്നാട്, കർണ്ണാടക, തെലങ്കാന, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ വിവരങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സ്ഥിതി പരിശോധിച്ചാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വ്യവസായങ്ങളുള്ള സംസ്ഥാനമാണ് തമിഴ്നാട്. ഇക്കാര്യത്തിൽ അഞ്ചാം സ്ഥാനത്താണ് ആന്ധ്രപ്രദേശ്. ഗുലാത്തി ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ റിപ്പോർട്ട് (2013) അനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്ന സംസ്ഥാനം കേരളമാണ്. ഇന്ത്യയുടെ ജി ഡി പിയിൽ ഏറ്റവും കൂടുതൽ സംഭവനയർപ്പിക്കുന്ന രണ്ടാമത്തെ സംസ്ഥാനമാണ് തമിഴ്നാട്. കർണ്ണാടക അഞ്ചാം സ്ഥാനത്തുമാണ്. അതുകൊണ്ട് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ കോവിഡ് കാലത്തെ ബാങ്ക് വായ്പ, നിക്ഷേപം എന്നിവയുടെ പ്രകടനം വിലയിരുത്തുന്നത് ദുരന്ത സമയത്തെ സാമ്പത്തിക നിലയുടെ പൾസ് മനസ്സിലാക്കുന്നതിന് സഹായകമാണ്. റിസർവ് ബാങ്കിന്റെ ഈ വിഷയത്തിലുള്ള ത്രൈമാസ റിപ്പോർട്ടുകളിൽ നിന്നാണ് ഇതിനാവശ്യമായ വിവരങ്ങൾ എടുത്തിരിക്കുന്നത്. (രേഖാചിത്രം 1)

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ജി എസ് ഡി പി-വായ്പാവിതരണ അനുപാതമാണ് ഒന്നാം രേഖാചിത്രത്തിൽ കാണിച്ചിരിക്കുന്നത്. ഇതിൽ നിന്നും വ്യക്തമാകുന്ന കാര്യം തെലങ്കാന ഏറ്റവും ഉയർന്ന സ്ഥാനത്തും ആന്ധ്രാപ്രദേശ് ഏറ്റവും താഴ്ന്ന നിലയിലുമാണ് എന്നാണ്. എന്നാൽ 2017 മുതൽ മോശം പ്രകടനം കാഴ്ച വച്ച സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഒരു യോജിപ്പ് പ്രകടമാകുന്നത് കാണാം. കർണാടകയുടെ പ്രകടനം തിളങ്ങുമ്പോൾ, കേരളവും ആന്ധ്രപ്രദേശും ഈ അനുപാതത്തിന്റെ വളർച്ചയുടെ കാര്യത്തിൽ വ്യാപനം കൈവരിക്കുന്നത് കാണാം.

അവലോകനം ചെയ്യുന്ന കാലയളവിൽ വിതരണം ചെയ്ത വായ്പയും ബാങ്കുകൾക്ക് ലഭിച്ച നിക്ഷേപവും വിശകലന വിധേയമാക്കുന്നതിന് പലിശ, സി ഡി അനുപാതം എന്നിവയുടെ പ്രകടനം കണക്കിലെടുക്കുന്നത് അർത്ഥവത്താകുമെന്ന് കരുതുന്നു. അതുകൊണ്ട് ഈ സംസ്ഥാനങ്ങളുടെ വായ്പ, നിക്ഷേപം എന്നിവയുടെ വാർഷികാടിസ്ഥാനത്തിലുള്ള വളർച്ചയിലെ വ്യത്യാസം ഇവിടെ പരിഗണിച്ചിരിക്കുന്നു. (പട്ടിക - 1)

പട്ടിക ഒന്ന് സൂക്ഷമമായി പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകുന്നുണ്ട്.

***വായ്പയുടെ കാര്യത്തിൽ 2020-21 ലെ എല്ലാ പാദത്തിലും വൻ ഇടിവാണ് കേരളം രേഖപ്പെടുത്തിയത്. ഇതിൽ തന്നെ ആദ്യ പാദത്തിലാണ് ഏറ്റവും രൂക്ഷമായ ഇടിവ് സംഭവിച്ചത്.***

**Figure 2.** Credit-deposit ratio of south Indian states




Source: RBI, 2021-22

***വായ്പാ-നിക്ഷേപ അനുപാതത്തിന്റെ കാര്യത്തിൽ ഏറ്റവും താഴെ നിൽക്കുന്നത് കേരളമാണ്. ആന്ധ്രപ്രദേശ് ഒഴികെയുള്ള എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ വായ്പാ-നിക്ഷേപ അനുപാതം കുറഞ്ഞു.***

2020–21 ലെ വിവിധ പാദങ്ങളിൽ മുൻ വർഷവുമായി തട്ടിച്ചു നോക്കുമ്പോൾ എല്ലാ പാദങ്ങളിലും നിക്ഷേപ വർധനയുടെ കാര്യത്തിൽ പോസിറ്റീവായ വളർച്ച കാണാൻ കഴിയും. കർണാടകം മാത്രമാണ് ഇതിന് ഒരപവാദം. കർണാടകയുടെ കാര്യത്തിൽ ഇക്കാര്യത്തിൽ ശക്തമായ ചാഞ്ചാട്ടം പ്രകടമായി കാണാൻ കഴിയും. ഒന്നിടവിട്ടുള്ള പാദങ്ങളിൽ നെഗറ്റീവ് വളർച്ചാ നിരക്ക് രേഖപെടുത്തുന്നതായി കാണാം. വായ്പ യിലെ ഒഴുക്ക് സാമ്പത്തിക രംഗം ചലനാത്മകമാകുന്നതിന്റെ ഒരു സൂചനയാണ്. എന്നാൽ ഇത് സംഭവിക്കണമെങ്കിൽ നിക്ഷേ പത്തിലും വളർച്ച സംഭവിക്കേണ്ടതുണ്ട്. പട്ടിക ഒന്നിൽ നിന്ന് വ്യക്തമാകുന്ന കാര്യം തൊട്ടു തലേ വർഷത്തെ പാദങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ സംസ്ഥാന ങ്ങളുടെ കാര്യത്തിലും നെഗറ്റീവായ വളർച്ച പ്രകടമാണ് എന്നതാണ്. ഈ അഞ്ചു സംസ്ഥാനങ്ങളിൽ ഏറ്റവും കുറവ് വളർച്ച രേഖപ്പെടുത്തിയത് ആന്ധ്രപ്രദേശാണ്. തൊട്ടടുത്ത് തമിഴ്നാടാണ്. അഖിലേന്ത്യ തലത്തിലുള്ള കണക്കുകളും സമാനമായ ചിത്രമാണ് നൽകുന്നത്. കർണ്ണാടക ഒഴികെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാന ങ്ങൾ പോസിറ്റീവായ വളർച്ചയാണ് കാഴ്ച വയ്ക്കുന്നതെങ്കിലും ഓരോ പാദം കഴിയു മ്പോഴും ഇത് കുറയുന്ന പ്രവണതയാണ് സംഭവിച്ചിട്ടുള്ളത്. (പട്ടിക 2)

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വായ്പാ തോതിലെ വാർഷികാടിസ്ഥാനത്തിലുള്ള വളർച്ചാ നിരക്കാണ് രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിക്ഷേ പത്തിന്റെ കാര്യത്തിലെ ട്രെൻഡിന് നേർവിപ രീതമായി, 2020–21 സാമ്പത്തിക വർഷത്തിലെ

ആദ്യ പാദം മുതൽ തന്നെ വായ്പാ വളർച്ചാ നിരക്കുകൾ കുറയുകയായിരുന്നു. 2020 -21 സാമ്പത്തിക വർഷത്തിൽ എല്ലാ പാദങ്ങളിലും ഇടിവ് രേഖപ്പെടുത്തിയ സംസ്ഥാനങ്ങൾ കേരളവും തമിഴ്നാടുമാണ്. 2021-22 സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടു പാദങ്ങളിൽ കേരളം പോസിറ്റീവായ മാറ്റം പ്രകടമാക്കിയപ്പോൾ, ഇന്ത്യയിലെ ഏറ്റവും വ്യവസായവൽകൃതമായ സംസ്ഥാനമായ തമിഴ്നാട് നെഗറ്റീവ് വളർച്ചയാണ് പ്രകടമാക്കിയത്.

ഇത് തമിഴ്നാടിന്റെ കാര്യത്തിൽ മാത്രം സംഭവിച്ച ഒരു പ്രത്യേക കാര്യമാണ്. ഈ രണ്ടു പട്ടികകളിലും കാണുന്ന കൗതുകകരമായ ഒരു കാര്യം വളർച്ചാ നിരക്കിലെ മാറ്റത്തിലെ സൂചനകൾ മിക്കവാറും നിരകളിലും നേർവിപരീതമാണ് എന്നതാണ്. 2020-21 ലെ എല്ലാ പാദങ്ങളിലും നെഗറ്റീവായ സൂചനകളാണ് ലഭിക്കുന്നതെങ്കിലും അത് മെച്ചപ്പെട്ടു വരുന്നത് കാണാനാകും.

നമുക്ക് ഇനി ഈ സംസ്ഥാനങ്ങളുടെ വായ്പാ -നിക്ഷേപ അനുപാതം എങ്ങനെയെന്ന് നോക്കാം. (രേഖാചിത്രം 1 )

അഞ്ചു സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ആന്ധ്രപ്രദേശ് മാത്രം വേറിട്ട് നിൽക്കുന്നു. 2017-18 സാമ്പത്തിക വർഷത്തെ ആദ്യ പാദം മുതൽ ഈ അനുപാതം ഉയരുന്ന സ്ഥിതിയാണ്. 2020-21 ലെ ഒന്ന്, രണ്ട് പാദങ്ങളിൽ മാത്രമാണ് നേരിയ ഇടിവ് കാണുന്നത്. 2021-22 ലെ രണ്ടാം പാദത്തിൽ ഇത് 131 ശതമാനമെന്ന ഏറ്റവും ഉയർന്ന നിരക്കിലെത്തുന്നു. 2018-19 സാമ്പത്തിക വർഷത്തിലെ രണ്ട്, മൂന്ന് പാദങ്ങളിൽ തെലങ്കാന, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ അനുപാതം ഏറ്റവും ഉയർന്ന തോതിലാണ്. എന്നാൽ 2018 -19 ലെ നാലാം പാദം മുതൽ ഇത് താഴുകയാണ്. 2021 -22 സാമ്പത്തിക വർഷത്തെ രണ്ടാം പാദം വരെ ഈ പ്രവണത തുടർന്നു. ഇതിൽ തെലങ്കാന 2020-21 സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ നാല് ശതമാനം ഇടിവ് രേഖപ്പെടുത്തി. ജി ഡി പിയിൽ 2019-20 ൽ ഉണ്ടായ കുറഞ്ഞ വളർച്ചാ നിരക്കും 2020-21 ലെ വൻ തകർച്ചയും ഇതിന് ആധാരമായിട്ടുണ്ട്. തമിഴ്നാടും കേരളവും ഇക്കാര്യത്തിൽ പ്രത്യേക വിഭാഗമായി നിൽക്കുന്നു. ഇരു സംസ്ഥാനങ്ങളുടെ കാര്യത്തിലും 2019 -20 ലെ മൂന്നാം പാദം വരെ ഉയർന്ന അനുപാതമാണ് രേഖപ്പെടുത്തിയത്. 2019 -20 സാമ്പത്തിക വർഷത്തിലെ നാലാം പാദത്തിൽ നേരിയ ഇടിവും 2020-21 വർഷത്തെ ഒന്നാം പാദത്തിൽ (ദേശീയ ലോക്ക്ഡൗൺ ഘട്ടം) വലിയ തകർച്ചയും ഈ സംസ്ഥാനങ്ങൾ രേഖപ്പെടുത്തി. 2020 -21 ലെ രണ്ടാം പാദത്തിൽ നേരിയ മുന്നേറ്റം പ്രകടമായിരുന്നപ്പോൾ അത് ആ വർഷത്തിലെ തുടർന്നുള്ള പാദങ്ങളിലും തുടർന്നു. എന്നാൽ രണ്ടാം തരംഗത്തിന്റെ ഘട്ടത്തിൽ, 2021-22 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ വായ്പാ - നിക്ഷേപ അനുപാതം ഇടിയുകയും ചെയ്തു.

**ഉപസംഹാരം**

വായ്പാ - നിക്ഷേപ അനുപാതം പണത്തിന്റെ ആവശ്യകതയെ കാണിക്കുന്ന ഒരു സൂചകമാണ്. ഉയർന്ന വായ്പാ-നിക്ഷേപ അനുപാതം എന്നാൽ വായ്പക്കുള്ള ആവശ്യം വർധിക്കുന്നു എന്നാണ് അർഥം. കുറഞ്ഞ തോതിലുള്ള നിക്ഷേപ വളർച്ചയെയും ഇത് സൂചിപ്പിക്കുന്നു. മഹാമാരിയുടെ ഘട്ടത്തിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വായ്പാ-നിക്ഷേപ അനുപാതം അവലോകനം ചെയ്യുകകയായിരുന്നു നാം. എന്നാൽ മഹാമാരിക്കു മുൻപ് തന്നെ കേരളത്തിന്റെ കാര്യത്തിൽ ഇത് ഏറെ താഴെയായിരുന്നു. വായ്പാ - ജി എസ് ഡി പി അനുപാതത്തിന്റെ കാര്യത്തിലും സമാനമായ സ്ഥിതിയാണ് ഉള്ളത്.

■

(ലക്ഷ്മി പ്രസാദ് ഗിഫ്റ്റിലെ ഗവേഷക വിദ്യാർത്ഥിയും കിരൺ കുമാർ കക്കർലപുടി ഗിഫ്റ്റിലെ അസിസ്റ്റന്റ് പ്രൊഫസറുമാണ്)

## References

Das, A., Senapati, M., & John J. (2009). *Impact of Agricultural Credit on Agriculture Production: An Empirical Analysis in India.* Reserve Bank of India Occasional Paper, 30(2).

Dev, S.M., & Sengupta, R. (2020). *Covid-19: Impact on the Indian Economy.* IGIDR Working paper No: 2020-013.

Kapoor, A., Sampriti, M., & Nair, J. (2020, Sept 20). *How have Indian businesses been impacted during and after the lockdown?* Economic Times. https://economictimes.indiatimes.com/news/economy/indicators/how-have-indian-businesses-been-impacted-during-and-after-the-lockdown/articleshow/78382728.cms?from=mdr

Naidu, V.B., Siva Sankar, A., Surya Kumar, P. (2013). *Impact of Agricultural Credit on Agricultural Production and Productivity.* Asia-Pacific Journal of Social Sciences, 1, 173-179.

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 10,11&12
ഒക്ടോബർ, നവംബർ, ഡിസംബർ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

**GST updates**

Relfi Paul

# Highlights of 46th GST council meeting

**GST Council decided to defer the rate hike on textiles that were to be implemented from 1st January 2022**

The 46th GST Council was held on 31stDecember 2021 at Vigyan Bhavan, New Delhi. It was chaired by the Union Finance Minister Smt. Nirmala Sitaraman. The meeting was also attended by the Union Ministers of State for Finance Shri Pankaj Chowdhary and Dr. Bhagwat Kishanrao Karad, besides the finance ministers of the States and UTs and other senior officers of tax administration. This meeting was called under the emergency provisions with just two days notice to exclusively discuss the GST hike on textiles. The State of Gujarat requested to reconsider the 45th GST Council decision to correct inversion in the tax structure of the textiles sector which prompted the 46th GST Council to keep the GST hike on textiles from 5% to 12% on hold that were to take effect from 1st January 2022.Also, the Council informed the Group of Ministers to include the GST rate on textiles in their study and submit the report by February 2022. The Finance Minister clarified that the GST hike on footwear was not on the Council's agenda and it was not up for discussion. Hence, the new GST rate of 12% will apply to footwear from 1st January 2022.

# GST revenue performance for 3rd quarter of FY 2021-22

The gross GST collection for the third quarter (October-December) of the current FY was Rs. 3,91,433 which is 17% higher than the revenue collected in the same period last year FY 2020-21. The average monthly gross GST collection for this third quarter has been Rs. 1.30 lakh crore against the average monthly collection of Rs. 1.10 lakh crore and Rs. 1.15 lakh crore in the first and second quarter, respectively. The gross GST revenue collected in the month of October was Rs. 130127, November was Rs.131526 and December 2021 was Rs. 1,29,780 crore. This growth and consistency indicates that the economy is recovering gradually from the impact of second and third wave of Covid-19 pandemic.It is also the result of various policy and administrative measures that have been taken in the past to improve compliance. A large number of initiatives undertaken in the last one year, like the enhancement of system capacity, nudging non-filers after last date of filing of returns, auto-population of returns, blocking of e-way bills and passing of input tax credit for non-filers etc has led to consistent improvement in the filing of returns over the last few months. Moreover, the CGST enforcement agencies, along with the State counterparts have detected large tax evasion cases, mainly cases relating to fake invoices, with the help of various IT tools developed by GSTN that use the return, invoice and e-way bill data to find suspicious taxpayers. The improvement in revenue has also been due to various rate rationalization measures undertaken by the Council to correct inverted duty structure. Considering all the above initiatives, it is expected that this positive trend in the revenues will continue in the last quarter as well.

The two charts (Fig 1 & 2) below show trends in monthly gross GST revenues during the third quarter of FY 2021-22 compared with the same period FY 2020-21:

The gross GST revenue collected in the month of December 2021was Rs. 1,29,780 crore of which, CGST was Rs. 22,578 crore, SGST was Rs. 28,658crore, IGST was Rs. 69,155 crore (including Rs. 37,527 crore collected on import of goods) and cess was Rs. 9,389 crore (including Rs. 614 crore collected on import of goods).The government has settled Rs. 25,568 crore to CGST and Rs. 21,102 crore to SGST from IGST as regular settlement. The total

**Fig.1.** Gross GST collection for 3rd quarter 2021-22 (Rs. Crore)




Source: Compiled from various PIB Press Releases dated 1.11.2021, 1.12.2021&1.1.2022

**Fig.2.** GSTcollection 3rd quarter 2021-22 (in Rs. Crores)




Source: Compiled from various PIB Press Releases dated 1.11.2021, 1.12.2021&1.1.2022

revenue of Centre and the States in the month of December 2021 after settlement was Rs. 48,146 crore for CGST and Rs. 49,760 crore for the SGST. The revenues for the month of December 2021 are 13% higher than the GST revenues in the same month last year and 26% higher than the GST revenues in December 2019. During the month, revenues from import of goods were 36% higher and the revenues from domestic transaction (including import of services) are 5% higher than the revenues from these sources during the same month last year. The GST collection in the month was close to Rs. 1.30 lakh crore despite reduction of 17% in the number of e-way bills generated in the month of November, 2021 (6.1 crore) as compared to the month of October, 2021 (7.4 crore) due to improved tax compliance and better tax administration by both Central and State Tax authorities.

In November 2021 the gross GST collection was Rs. 1,31,526 crore of which CGST was Rs. 23,978 crore, SGST was Rs. 31,127 crore, IGST was Rs. 66,815 crore (including Rs. 32,165 crore collected on import of goods) and Cess is Rs. 9,606 crore (including Rs. 653 crore collected on import of goods). The government has settled Rs. 27,273 crore to CGST and Rs. 22,655 crore to SGST from IGST as regular settlement. The total revenue of Centre and the States after regular settlements in the month of November 2021 was Rs. 51251 crore for CGST and Rs. 53,782 crore for the SGST. The revenues for the month of November 2021 are 25% higher than the GST revenues in the same month last year and 27% over 2019-20. During the month, revenues from import of goods were 43% higher and the revenues from domestic transaction (including import of services) are 20% higher than the revenues from these sources during the same month last year.

Rs. 1,30,127 crore was collected in October 2021, of which CGST was Rs. 23,861 crore, SGST was Rs. 30,421 crore, IGST was Rs. 67,361 crore (including Rs. 32,998 crore collected on import of goods) and Cess was Rs. 8,484 crore (including Rs. 699 crore collected on import of goods). The government has settled Rs. 27,310 crore to CGST and Rs. 22,394 crore to SGST from IGST as regular settlement. The total revenue of Centre and the States after regular settlements in the month of October 2021 was Rs. 51171 crore for CGST and Rs. 52,815 crore for the SGST. The revenues for the month of October 2021 are 24% higher than the GST revenues in the same month last year and 36% over 2019-20. During the month, revenues from import of goods were 39% higher and the revenues from domestic transaction (including import of services) are 19% higher than the revenues from these sources during the same month last year.

# State wise GST collected during third quarter of FY 2021-22

The State wise GST collection was Rs.96430 crore in October, Rs.98708 crore in November and Rs. 91639 crore in December 2021. When we look at the revenue performance of the states during this third quarter of 2021-22, total Rs. 286777 crore collected which is 13 % higher than the same period in the last financial year. It is important to note that in this period, the gross GST revenue collection has achieved 17% growth. It is clear from the given table that, almost all States has achieved positive growth except the State of Uttarakhand in this third quarter compared to the same period in last financial year. Around 14 States has achieved 13% or above growth rate. This shows that the States are slowly recovering from the second wave and third wave of Covid-19 pandemic. The State of Odisha shows the highest growth rate of 34%.

Table 1 shows the state-wise details of monthly GST collected ( in Rs. Crore) in 3rd quarter of FY 2021-22 and its comparison with the same quarter in last FY 2020-21:

The State of Kerala has collected Rs.1932 crore in October, Rs.2129 crore in November and Rs. 1895 crore in December 2021. The total collection in this third quarter was Rs.5956 crore which is 16% higher compared to the same period in the last financial year. This amount includes the SGST collected by the States and share of IGST. Apart from this, the State has received Rs.5290.89 crore as GST compensation in three instalments in this period. The State can claim moderate growth in GST collection only if it includes the amount received on account of GST compensation.

***Kerala has collected Rs.5956 crore in the third quarter of FY 2021-22, which is 16% higher than the GST collection in the same period last year.***

**Table 1.** State-wise details of monthly GST collected in 3rd quarter of FY 2021-22 and its comparison with the same quarter in last FY 2020-21: *(in Rs. Crores)*

| States/UTs | Oct.2021 | Nov.2021 | Dec.2021 | (3rd Qtr 2020-21) | (3rd Qtr 2021-22) | Change (%) |
|---|---|---|---|---|---|---|
| J&K | 648 | 383 | 320 | 1055 | 1351 | 22 |
| Himachal Pradesh | 689 | 762 | 662 | 2119 | 2113 | 0 |
| Punjab | 1595 | 1845 | 1573 | 4125 | 5013 | 18 |
| Uttarakhand | 1259 | 1263 | 1077 | 3804 | 3599 | -5 |
| Haryana | 5606 | 6016 | 5873 | 17108 | 17495 | 3 |
| Delhi | 4045 | 4387 | 3754 | 10075 | 12186 | 18 |
| Rajasthan | 3423 | 3698 | 3058 | 9231 | 10179 | 10 |
| Uttar Pradesh | 6775 | 6636 | 6029 | 16936 | 19440 | 13 |
| Bihar | 1351 | 1030 | 963 | 3047 | 3344 | 9 |
| Assam | 1425 | 992 | 1015 | 2947 | 3432 | 15 |
| West Bengal | 4259 | 4083 | 3707 | 11599 | 12049 | 4 |
| Jharkhand | 2370 | 2337 | 2206 | 5828 | 6913 | 16 |
| Odisha | 3593 | 4136 | 4080 | 7807 | 11809 | 34 |
| Chhattisgarh | 2392 | 2454 | 2582 | 6477 | 7428 | 13 |
| Madhya Pradesh | 2666 | 2808 | 2533 | 7511 | 8007 | 7 |
| Gujarat | 8497 | 9569 | 7336 | 21822 | 25402 | 15 |
| Maharashtra | 19355 | 18656 | 19592 | 48499 | 57603 | 16 |
| Karnataka | 8259 | 9048 | 8335 | 21372 | 25642 | 17 |
| Goa | 317 | 518 | 592 | 952 | 1427 | 34 |
| Kerala | 1932 | 2129 | 1895 | 5009 | 5956 | 16 |
| Tamil Nadu | 7642 | 7795 | 6635 | 20890 | 22072 | 6 |
| Telangana | 3854 | 3931 | 3760 | 10101 | 11545 | 13 |
| Andhra Pradesh | 2879 | 2750 | 2532 | 7568 | 8161 | 8 |
